അധികാരം ജനങ്ങളിലേക്ക്

കോട്ടൂർ ഗ്രാമപഞ്ചായത്ത്

ജനകീയാസൂത്രണം

സമഗ്രവികസനരേഖ


കേരളം
കോട്ടൂർ
കോഴിക്കോട് ജില്ല

ഒൻപതാംപദ്ധതി ജനകീയപദ്ധതി

കോട്ടൂർ ഗ്രാമപഞ്ചായത്ത്

സമഗ്രവികസനരേഖ



എഡിറ്റോറിയൽ ബോർഡ്

1. ഇ. പത്മനാഭൻ നായർ (ചീഫ് എഡിറ്റർ)
2. എം. ചന്ദ്രൻ
3. എ. ദിവാകരൻ
4. എം. മജീദ്
5. പി. മുരളീധരൻ നമ്പൂതിരി
6. ഇ. പി. വിജയൻ
7. വി. പി. സുരേന്ദ്രൻ

Type setting and lay out:

EM VEE Advertising , Calicut-1 Ph: 722317 722417
&
EDLIN DTP Centre, Calicut

കോട്ടൂർ ഗ്രാമപഞ്ചായത്ത്



മുൻ പ്രസിഡണ്ട്
Late ആർ.കെ. ഗോവിന്ദൻ മാസ്റ്റർ



മുൻ പ്രസിഡണ്ട്
ടി.കെ. ശ്രീധരൻ

ഇപ്പോഴത്തെ പ്രസിഡണ്ട്
എൻ. ശങ്കരൻമാസ്റ്റർ

വൈസ് പ്രസിഡണ്ട്
കെ.പി. കുമാരൻ



സ്റ്റാന്റിംഗ് കമ്മറ്റി
ചെയർമാൻ
വി.വി. രാഘവൻ

ഭരണസമിതി അംഗങ്ങൾ



ഇരിക്കുന്നവർ: ഇടത്തു നിന്ന്: സുഹറ രാരോത്ത്, അനിത മേപ്പാടി, എൻ. ശങ്കരൻ മാസ്റ്റർ (പ്രസിഡണ്ട്), കെ.പി. കുമാരൻ (വൈ.പ്രസി), സി.പി. ഗീത, ഗിരിജ കല്പളളി

നിൽക്കുന്നവർ: സി.എച്ച്. സുരേന്ദ്രൻ, വി.വി. രാഘവൻ (ചെയർമാൻ, സ്റ്റാന്റിംഗ് കമ്മറ്റി,) പി. ബാലൻ, അശോകൻ കുന്നത്ത്, വി.പി. പോക്കർ കുട്ടി.

അനുസ്മരണം

വർദ്ധിച്ചു ജനപങ്കാളിത്തത്തോടെ ഇദംപ്രഥമായി ആസൂത്രണ പ്രക്രിയക്ക് സമാരംഭം കുറിക്കുകയായി. കഴിഞ്ഞ നാളുകളിൽ നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ വികസന മേഖല കരുപിടിപ്പിക്കുന്നതിൽ ഗണനീയമായ പങ്കു വഹിച്ചവരിൽ പലരും ഇന്ന് നമ്മോടൊപ്പമില്ല 1963 മുതൽ 79 വരെ പ്രസിഡൻറായിരുന്ന ശ്രീ. ആർ. കെ. ഗോവിന്ദൻ മാസ്റ്റർ, വൈസ് പ്രസിഡൻറായിരുന്ന ശ്രീ. ടി. എച്ച്. നാരായണൻ നായർ, മെമ്പർ ശ്രീ. പേരേച്ചയിൽ ഗോപാലൻ നായർ 1963മുതൽ 84 വരെ മെമ്പറായിരുന്ന ശ്രീ മങ്ങാടൻ കണ്ടി ഗോവിന്ദൻ കുട്ടി നായർ കോട്ടൂരിലെ രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരീക മണ്ഡലങ്ങളിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച ഈ സ്നേഹധനന്മാരുടെ പാവന സ്മരണകൾക്ക് മുമ്പിൽ ആദരാജ്ഞലികൾ അർപ്പിക്കുന്നു.

സ്ഥാപന വിവരം

1. കോട്ടൂർ ഗ്രാമപഞ്ചായത്ത് ഓഫീസ്
2. വില്ലേജ് ഓഫീസ് കോട്ടൂർ
3. വില്ലേജ് ഓഫീസ് അവിടനല്ലൂർ
4. പ്രാധമീകാരോഗ്യ കേന്ദ്രം
5. സബ് സെൻറർ അവിടനല്ലൂർ
6. ,, തൃക്കുറ്റിശ്ശേരി
7 ,, പുനത്ത്
8 ,, മൂലാട്
9. മൃഗാശുപത്രി കോട്ടൂർ
10. സബ് സെൻറർ പുനത്ത്
11. കൃഷിഭവൻ കോട്ടൂർ
12 ടെലിവിഷൻ എക്സ്ചേഞ്ച് തിരുവോട്
13. എ. യു. പി. സ്കൂൾ. കോട്ടൂർ
14 ,, നരയംകുളം
15. ജി. യു. പി. സ്കൂൾ തൃക്കുറ്റിശ്ശേരി
16. എ. യു. പി. സ്കൂൾ പുനത്ത്
17. ,, വാകയാട്
18. എ. എൽ. പി. സ്കൂൾ അവിടനല്ലൂർ
19. ,, തിരുവോട്
20. ജി. എൽ. പി. സ്കൂൾ നീറോത്ത്
21. എ. എം. എൽ. പി സ്കൂൾ പാലോളി
22. എം. സി. എൽ. പി. സ്കൂൾ പുനത്ത്
23. ജി. എൽ. പി. സ്കൂൾ പെരവച്ചേരി
24. എ. എൽ. പി. സ്കൂൾ മൂലാട്
25. എ. എം. എൽ. പി. സ്കൂൾ മൂലാട്
26. ജി. എൽ. പി. സ്കൂൾ വാകയാട്
27. ജി. എച്ച്. എസ്സ്. അവിടനല്ലൂർ
28. എൻ. എച്ച്. എസ്സ്. വാകയാട്
29. പോസ്റ്റാപ്പീസ് കോട്ടൂർ
30. ,, മൂലാട്
31 ,, അവിടനല്ലൂർ
32 ,, പുനത്ത്
33 ,, വാകയാട്
34, ,, തിരുവോട്
35. കോട്ടൂർ സർവ്വീസ് കോ-ഓപ്പറേറ്റിവ് ബേങ്ക്
36. സൗത്ത് മലബാർ ഗ്രാമീണ ബാങ്ക്, കൂട്ടാലിട

കോട്ടൂർ ഗ്രാമപഞ്ചായത്ത്

വിഷയവിവരം

I a. ആമുഖം

b. ഗ്രാമ പഞ്ചായത്ത്

II **ഭരണചരിത്രം**

ചരിത്ര സാമൂഹ്യ പശ്ചാത്തലം

ഭൂപ്രകൃതിയും വിഭവങ്ങളും

ജലലഭ്യത, കാലാവസ്ഥ, മണ്ണ്

മനുഷ്യ വിഭവം

IV **കൃഷിയും ജലസേചനവും**

മൃഗപരിപാലനം

വ്യവസായം

വിദ്യാഭ്യാസം

കുടിവെള്ളം

പൊതുജനാരോഗ്യം

ഗതാഗതം

ഊർജ്ജം

മാർക്കറ്റ്

പാർപ്പിടം

സംസ്കാരം

വനിതാക്ഷേമം

സഹകണം

പട്ടിക ജാതി വികസനം

സാമൂഹ്യ ക്ഷേമം

വിഭവസമാഹരണം

I (a) ആമുഖം

ഇന്ത്യ സ്വതന്ത്രമായതിനുശേഷം രാഷ്ട്രപുരോഗതി ലക്ഷ്യമാക്കി 1951 മുതൽ പഞ്ചവൽസര പദ്ധതി നടപ്പാക്കിത്തുടങ്ങി. ആസൂത്രണമില്ലാതെ ഒരു ദരിദ്ര രാജ്യത്തിന് പുരോഗമനം സാധ്യമാവുകയില്ല എന്ന് മനസ്സിലാക്കിയാണ് പ്രഥമപ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് സോവിയറ്റ് യൂനിയന്റെ അനുഭവപാഠങ്ങൾ വിലയിരുത്തിക്കൊണ്ട് പദ്ധതികൾക്ക് രൂപം നൽകിയത്. എട്ടു പദ്ധതികൾ ഇതിനകം നടപ്പിലാക്കിക്കഴിഞ്ഞു. പല കാരണങ്ങളാൽ ഒരു പദ്ധതിക്കാലം (അഞ്ചുവർഷം) ഇല്ലാതെ പോയി. അതിനാലാണ് 97 ഏപ്രിൽ 1ന് ആരംഭിക്കേണ്ട പദ്ധതി 9-ാം പദ്ധതി ആയി മാറിയത്. 10-ാം പദ്ധതി 96 ഏപ്രിൽ 1ന് തുടങ്ങേണ്ടതായിരുന്നു. ആസൂത്രണം മുകളിൽ നിന്ന് താഴോട്ട് എന്ന വ്യവസ്ഥാപിത രൂപത്തിലായിരുന്നതിനാൽ ജനപങ്കാളിത്തം പദ്ധതി പ്രവർത്തനങ്ങളിൽ പരിമിതമായിരുന്നു. തൽഫലമായി അഴിമതിയും കാലതാമസവും ചോർച്ചയും പദ്ധതിയുടെ മുഖമുദ്രയായി മാറി.

1993-ലെ 73, 74 ഭരണഘടനാ ഭേദഗതിമൂലം പഞ്ചായത്തിരാജ് നഗരപാലികാനിയമം നടപ്പിലായതോടെ ഗ്രാമസ്വരാജ് എന്ന ഗാന്ധിയൻ സ്വപ്നം പുവണിയുന്നതിന് കളമൊരുങ്ങി. ത്രിതല പഞ്ചായത്തുകളും, മുനിസിപ്പൽ / കോർപ്പറേഷൻ ഭരണസംവിധാനവും നടപ്പിലാവുന്നതോടെ അധികാരവികേന്ദ്രീകരണത്തിന്റെ പ്രസക്തി വർധിച്ചു. പഞ്ചായത്തുകൾക്ക് അധികാരം കൈമാറ്റം ചെയ്യപ്പെടുമ്പോൾ സാധാരണക്കാർക്ക് ഭരണസംവിധാനം തൊട്ടറിയാവുന്ന അവസ്ഥ സംജാതമാകുന്നതിനാൽ ജനപങ്കാളിത്തം ഒരു സാധാരണ സംഭവമാകുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. ഗ്രാമസഭകളിൽ ഉയരുന്ന നിർദ്ദേശങ്ങളും സാധ്യതകളുമൊക്കെ ആസൂത്രണത്തിന്റെ അടിത്തറയാവുകയാണെങ്കിൽ ആസൂത്രണം വികേന്ദ്രീകരിക്കപ്പെടുമെന്ന് പറയാം.

1996 ജൂലായ് 14ന് ചേർന്ന സംസ്ഥാന പ്ലാനിംഗ് ബോർഡാണ് ആസൂത്രണ വികേന്ദ്രീകരണം സംബന്ധിച്ച തീരുമാനമെടുത്തത്. അങ്ങനെ കേരളത്തിൽ 9-ാം പദ്ധതി ജനകീയ പദ്ധതിയായി മാറുന്നു. ആസൂത്രണ ബോർഡിനെ ഉപദേശിക്കുവാൻ ശ്രീ. ഇ.എം.എസ് നമ്പൂതിരിപ്പാട് അധ്യക്ഷനായി ഒരു ഉന്നതതല മാർഗ്ഗനിർദ്ദേശകസമിതിയും രൂപം കൊള്ളുകയുണ്ടായി. ജനകീയ ആസൂത്രണ പ്രസ്ഥാനം പ്രാവർത്തികമാക്കുന്നതിന് ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് വേണ്ടി സംസ്ഥാന പരിശീലനം (കീറിസോർസ് പേർസൺസ്) ജില്ലാതല പരിശീലനം, (ജിലലാ റിസോർസ് പേർസൺസ്) പഞ്ചായത്ത് തല പരിശീലനം (പ്രാദേശിക റിസോർസ് പേർസൺസ്) എന്നിവ രണ്ടു വട്ടം വീതം നടത്തപ്പെട്ടു. ഭരണസമിതികളും ആസൂത്രണബോർഡും ജില്ലാ പ്ലാനിംഗ് സമിതിയും നിർദ്ദേശിച്ചവരാണ് പരിശീലനത്തിൽ പങ്കെടുത്തത്. ഒന്നാം ഘട്ട പരിശീലനത്തിൽ സംസ്ഥാനതലത്തിൽ 370 പേരും ജില്ലാതലത്തിൽ 11628 പേരുമാണ് (ഉദ്യോഗസ്ഥരടക്കം) പരിശീലനം നേടിയത്. പഞ്ചായത്ത് മുനിസിപ്പൽ തലത്തിൽ ഓരോ പഞ്ചായത്തിൽ നിന്നും 40 മുതൽ 70 പേർ വരെ പരിശീലനം നേടി. ഈ പഞ്ചായത്തിൽ ഒന്നാം ഘട്ടത്തിൽ 63 പേരും രണ്ടാം ഘട്ടത്തിൽ 59 പേരും പിരശീലകരായി വരികയുണ്ടായി

ഇതേ തുടർന്ന് വിപുലമായ പ്രചാരണത്തോടെ ഗ്രാമസഭ / വാർഡ് സഭകൾ 96 ഒക്ടോബർ 2ന് അകം ചേർന്നു. പല വാർഡുകളിലും വിളംബര ജാഥകളും മൈക്ക് പ്രചാരണങ്ങളും നടക്കുകയുണ്ടായി. കോഴിക്കോട് ജില്ലയിൽ മാത്രം 970 വാർഡുകളിലായി 206861 പേർ സഭാപങ്കാളികളായി. സ്ത്രീപങ്കാളിത്തവും പ്രോത്സാഹജനകമായിരുന്നു. സഭാചർച്ചകൾ സജീവമായിരുന്നു.1100 ൽ അധികം പേർ പങ്കെടുത്ത ചാത്തമംഗലം പഞ്ചായത്തിലെ 8-ാം വാർഡ് ഗ്രാമസഭ ഒരു അവിസ്മരണീയ സംഭവമായി. അതേപോലെ നമ്മുടെ പഞ്ചായത്തിലെ 9-ാംവാർഡ് ഗ്രാമസഭയിൽ മൊത്തം ജനങ്ങളുടെ 23.76 ശതമാനം പേർ പങ്കെടുത്തു എന്നതും ശ്രദ്ധാവ്യമാണ്. ഗ്രാമസഭകൾക്കുശേഷം രണ്ടാം ഘട്ടപരിശീലനം (വികനറിപ്പോർട്ട് തയ്യാറാക്കുന്നതിനെക്കുറിച്ച്) മൂന്നു തലത്തിലും കൂടുതൽ ഉദ്യോഗസ്ഥ പങ്കാളിത്തത്തോടെ നടന്നു. ഇതിനകം തന്നെ ഓഫീസുകളിൽ നിന്നുള്ള വിവരശേഖരണവും നടക്കുന്നുണ്ടായിരുന്നു.

ഒക്ടോബർ 29ന് വാർഡ്- മെമ്പർമാരടക്കം 23ഉം 14ഉം അംഗങ്ങളുള്ള രണ്ടു ടീമുകൾ പഞ്ചായത്തിന് തലങ്ങും വിലങ്ങും നടന്ന് വിവരങ്ങൾ ശേഖരിക്കുകയുണ്ടായി. കിഴക്ക് കുന്നിക്കൂട്ടം മലകളിൽ നിന്ന് പടിഞ്ഞാറ് വല്ലോറ മലയുടെ മുകളിലേക്കും, വടക്ക് കാപ്പുമലയിൽ നിന്ന് തെക്കു ഇടിഞ്ഞകടവുപുഴ വരെയുമാണ് വിവരശേഖരണം നടത്തിയത്. ഒക്ടോബർ 30ന് ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്ത് നടപ്പു

വാർഡ് നമ്പർ	ഗ്രാമസഭ ചേർന്ന തിയ്യതി	പങ്കെടുത്തവർ		ആകെ	ശതമാനം	പരിശീലനം നേടിയവർ	പങ്കെടുത്ത പരിശീലകർ	ആകെ വോട്ടർമാർ		
		പു	സ്ത്രീ					പു	സ്ത്രീ	ആകെ
1	14-9-96	212	49	261	12.5	6	17	1029	1059	2088
2	29-2-96	267	79	346	16.17	9	24	1068	1071	2139
3	15-9-96	100	11	111	9.87	4	17	557	567	1124
4	15-9-96	82	13	95	9.69	5	20	493	487	980
5	29-9-96	125	20	145	11.91	4	14	607	610	1217
6	21-9-96	204	69	273	16.85	4	25	779	841	1620
7	21-9-96	178	47	225	7.49	8	19	1481	1522	3003
8	21-2-96	154	37	191	12.74	4	21	740	759	1499
9	22-9-96	259	68	327	23.76	4	17	673	703	1376
10	2-10-96	392	132	524	16.35	9	25	1571	1653	3204
11	22-9-96	219	89	308	17.5	6	16	870	880	1753
	ആകെ	2192	614	2806	14.02	63	215	9871	10132	20003

പദ്ധതികളെക്കുറിച്ചും 9-ാം പദ്ധതിയുടെ വകുപ്പുനിർദ്ദേശങ്ങളെക്കുറിച്ചും ചർച്ച നടത്തി. കൂടാതെ പഞ്ചായത്തിലെ പ്രായം ചെന്നവരിൽ നിന്ന് പഞ്ചായത്തിന്റെ ചരിത്രം ചികഞ്ഞെടുക്കുകയുണ്ടായി. നവംബർ 20ന് നടക്കുന്ന വികസന സെമിനാറിന്റെ പ്രചരണാർത്ഥം ഓരോ വാർഡിലും ഓരോ വിശദീകരണ പൊതുയോഗം ചേരുന്നതിനും ഭരണസമിതി തീരുമാനമെടുത്തു. നവംബർ 1 പുനരർപ്പണ ദിനമായി ആചരിക്കാനും അന്നേ ദിവസം ഓരോ വാർഡിലും ഓരോ സന്നദ്ധ പ്രവർത്തനമെങ്കിലും നടത്തുവാനും തീരുമാനിച്ചു. കക്ഷിരാഷ്ട്രീയത്തിന് അതീതമായി വികസനപ്രവർത്തനങ്ങളെ സമീപിക്കുവാനുള്ള ഒരു പുതിയ കാഴ്ചപ്പാട് ഉടലെടുത്തുവരുന്നത് എടുത്തു പറയേണ്ടതുണ്ട്.

കേരളപ്പിറവി ദിനമായ നവംബർ 1ന് എല്ലാ വാർഡുകളിലും സന്നദ്ധ പ്രവർത്തനങ്ങൾ നടന്നു. ഒരൊറ്റ ദിവസം പഞ്ചായത്തിലാകെ സന്നദ്ധ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് ഒരു പുതിയ വികസന തന്ത്രം പ്രാവർത്തികമാക്കി. കുട്ടായ്മയുടെ മാസ്മരികത താഴെ കൊടുത്ത പട്ടികയിൽ നിന്നും വ്യക്തമാവും.

1996 നവംബർ 1 സന്നദ്ധ പ്രവർത്തനം

വാർഡ് നമ്പർ	ചെയ്ത സന്നദ്ധ പ്രവർത്തനത്തിന്റെ വിവരം	പങ്കെടുത്ത ആളുകളുടെ എണ്ണം	പൂർത്തിയായ പ്രവൃത്തിയുടെ മൂല്യം	റിമാർക്സ്
1	കിഴക്കൻ മുലാടി നരയംകുളം റോഡിന്റെ വികസനം പ്രവർത്തനം	42	4000	
2	കോട്ടൂർ അംഗനവാടി റോഡ് നിർമ്മാണം 92 ലോഡ് കല്ല് + 1 ലോഡ് മണ്ണ്)	43	5500	
3	തിരുവോട് പടികണ്ടി റോഡിന്റെ വികസന പ്രവർത്തനം (8 ലോഡ് കല്ല്)	50	6500	
4	തൃക്കുറ്റിശ്ശേരി പാലോളിറോഡിന്റെ പേച്ച് വർക്ക്	25	2000	
5	ഉണ്യാടിമുക്ക് കോറോത്ത് മല റോഡ് നിർമ്മാണം 30 മീറ്റർ	30	5000	
6	ജി.എൽ.പി. സ്കൂൾ താഴത്ത് കടവ് റോഡ് റിപ്പേയർ	48	5000	
7	കടുളിത്താഴ അറപ്പീടിക റോഡ് പേച്ച് വർക്കും 92-ാം നമ്പർ അംഗനവാടി കെട്ടിടത്തിന്റെ തറനികത്തലും	40	5750	
8	അംഗനവാടി തറനികത്തൽ	6	600	
9	കടുളിത്താഴ അറപ്പീടിക റോഡ് പേച്ച്വർക്ക്	20	3750	
10	പൂത്തിപ്പാറ തുരുത്തമല റോഡ് നിർമ്മാണം	61	6500	
11	കോളിക്കടവ് - പുതിയോട്ടും കുഴി റോഡ് നിർമ്മാണം	40	4000	
		405	48600	

I(2) പഠനപര്യടനം പട്ടിക ഒന്ന്



ഭൂപ്രകൃതി	സാമാന്യം ചെരിവുള്ളത്	സമതലം	അൽപം ഉയർന്ന തലം	സമതലം	അൽപം ഉയർന്ന തലം	സമതലം	സാമാന്യം ചെരിവ്	കുത്തനെ ചെരിവ്	കുന്നിൻ മണ്ട
മൺതരം	കരിങ്കല്ല് ധാരാള മുള്ള പശിമരാ ശിമണ്ണ്	അടിയിൽ വെട്ടുകല്ല് പശിമരാശി	പാറയും വെട്ടുകല്ലും പശി മരാശി	വയൽ ചുവന്ന മണ്ണ്	ചുവന്ന മണ്ണ്	വയൽ വളക്കൂ റുള്ള പാറ പൂഴികലർന്നത്	കറുത്ത മണ്ണ് കരിങ്കല്ലു ള്ളത്	കറുത്തമണ്ണ് പാറ പൂഴി യുള്ളത് പാറയുള്ളത്	പാറ
സസ്യാ വരണം	തെങ്ങ് കമുക്, കുരുമുളക്, ഫലവൃക്ഷങ്ങൾ, വാഴ	തെങ്ങ് കമുക് ഫലവൃക്ഷ ങ്ങൾ	തെങ്ങ് കമുക് ഫലവൃക്ഷ ങ്ങൾ	തെങ്ങ് കമുക്, ഫലവൃക്ഷ ങ്ങൾ നെല്ല്	തെങ്ങ്, കമുക്, ഫലവൃക്ഷ ങ്ങൾ ഇടവി ളകൾ	നെല്ല്, തെങ്ങ്, കമുക്, ഫലവൃക്ഷ ങ്ങൾ കുരുമുളക്	തെങ്ങ്, ഇഞ്ചിപ്പുല്ല്, ഔഷധസ സ്യങ്ങൾ	റബ്ബർ, ഇഞ്ചിപ്പുല്ല്, കാട്	കാട്
പരിസ്ഥിതി	വരൾച്ച	വയൽനികത്തി പുരയിട ങ്ങളായ ചെങ്കൽ ഖനനം	കാറി ചെങ്കൽ ഖനനം	വയൽ നികത്തി, ചെങ്കൽ ഖനനം	വരൾച്ച	വയൽ നികത്തി	മണ്ണൊലിപ്പ് വനനാശം	വനനാശം	

പഠന പര്യടനം 2

I (3)

N — S

കാപ്പുമല <——> പറമ്പിൻ തോട്

NORTH



ഭൂപ്രകൃതി	ചെരിവ്	സമതലം	ചെറിയ ചെരിവ്	ചെറിയ ചെരിവ്	സമതലം	ചെറിയ ചെരിവ്	സമതലം	കുത്തനെയുള്ള ചെരിവ്	കുത്തനെയുള്ള ചെരിവ്	സമതലം
മൺതരം	ചെമ്മണ്ണ്	ചതുപ്പ്	ചെമ്മണ്ണ് കൃഷ്ണ ശിലയും	ചെമ്മണ്ണ് കൃഷ്ണ ശിലയും	ചതുപ്പ്	കൃഷ്ണശിലാ മണ്ണും	പാറപൂഴി കറുപ്പ് മണ്ണ്	പാറ വന മണ്ണ്	പാറ വന മണ്ണ്	ചതുപ്പ് പശിമയുള്ള വയൽമണ്ണ്
സസ്യാ വരണം	തെങ്ങ് ഫല വൃക്ഷങ്ങൾ	കവുങ്ങ് തെങ്ങ്	തെങ്ങ്, കവുങ്ങ്, ഫല വൃക്ഷം കുരുമുളക വള്ളി	കവുങ്ങ്, തെങ്ങ്	തെങ്ങ്, നെല്ല്, കവുങ്ങ്	കവുങ്ങ് തെങ്ങ്	തെങ്ങ് ഫല വൃക്ഷങ്ങൾ	തെങ്ങ്കവുങ്ങ് ഫലവൃക്ഷം	തെങ്ങ് കവുങ്ങ് കാട്ടുമരങ്ങൾ	നെല്ല് കവുങ്ങ് തെങ്ങ് വാഴ
പരിസ്ഥിതി പ്രശ്നങ്ങൾ	മണ്ണൊലിപ്പ്	വേനലിൽ വറ്റി വരളുന്ന തോടുകൾവയൽ കുന്നിയാക്കുന്നു			വയൽ കുന്നിയാക്കുന്നു, കവുങ്ങ് തെങ്ങ്			പാറ പൊട്ടിക്കൽ വനനശീകരണം ഉരൾപൊട്ടൽ മണ്ണൊലിപ്പ്	പാറ പൊട്ടിക്കൽ വനനശീകരണം ഉരൾപൊട്ടൽ മണ്ണൊലിപ്പ്	വയൽനികത്തിതെങ്ങ് ഇവകൃഷിചെയ്യുന്നു. നീർകെട്ട്. സംരംക്ഷിക്കപ്പെടാത്ത ജലനിർഗമനതോടുകൾ

കോട്ടൂർ ഗ്രാമപഞ്ചായത്ത്
ഒറ്റനോട്ടത്തിൽ

പഞ്ചായത്തിന്റെ പേര്	:	കോട്ടൂർ ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ	:	കോട്ടൂർ, അവിടനല്ലൂർ, കുരാച്ചുണ്ട്, (ഭാഗികം) വില്ലേജുകൾ
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	:	അവിടനല്ലൂർ, കോട്ടൂർ
ബ്ലോക്ക് പഞ്ചായത്ത്	:	ബാലുശ്ശേരി
താലൂക്ക്	:	കൊയിലാണ്ടി
അസംബ്ലി നിയോജ കമണ്ഡലം	:	പേരാമ്പ്ര
വിസ്തീർണ്ണം	:	28.98 ച.കി.മി
അതിരുകൾ	:	വടക്ക് നൊച്ചാട്, കായണ്ണ, കുരാച്ചുണ്ട് പഞ്ചായത്തുകൾ
കിഴക്ക്	:	കുന്നിക്കുട്ടം, തുരുത്തമല, പനങ്ങാട് പഞ്ചായത്ത്
തെക്ക്	:	കോരപ്പുഴയുടെ ഉത്ഭവപോഷകതോടുകൾ
പടിഞ്ഞാറ്	:	നടുവണ്ണൂർ, നൊച്ചാട് പഞ്ചായത്തുകൾ
ജനസംഖ്യ	:	27682 (1991-ലെ സെൻസസ്) (14026 പു - 13656 സ്ത്രീ)
വാർഡുകൾ	:	1
പ്രസിഡണ്ട്	:	എൻ. ശങ്കരൻ മാസ്റ്റർ
വൈസ്പ്രസിഡൻറ്	:	കെ.പി. കുമാരൻ
സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻ	:	വി.വി. രാഘവൻ
സിക്രട്ടറി	:	എം. പാർവതിക്കുട്ടി

ഭരണചരിത്രം

1961 ഡിസംബർ 12-ാം തിയതിയിലെ G.O. Rt. 6206 2/91 നമ്പ്രു ഉത്തരവു പ്രകാരം രൂപം കൊള്ളുമ്പോഴുണ്ടായ ഭൂവിഭാഗം തന്നെയാണ് ഈ പഞ്ചായത്തിൽ ഇപ്പോഴുമുള്ളത്. സഹ്യപർവത നിരകളുടെ ഭാഗമായ തുരത്തമലയും കുന്നിക്കുട്ടം മലയും കിഴക്ക് അതിരിടുമ്പോൾ കോരപ്പുഴയായി രൂപം കൊള്ളുന്ന ഇടിഞ്ഞ കടവ് പുഴയും കൈവഴിയുമാണ് തെക്കുഭാഗത്തുള്ളത്. പാടിക്കുന്ന്, കാപ്പുലകൾ വടക്കെ അതിരിൽ ഉയർന്നുനില്ക്കുമ്പോൾ വല്ലോറക്കുന്ന് പടിഞ്ഞാറ് ഭാഗത്ത് അതിരിട്ടുകൊണ്ട് നിലകൊള്ളുന്നു. ചെങ്ങോട്ടുമല പഞ്ചായത്തിനെ മുറിച്ചുകൊണ്ട് വിലങ്ങനെ കിടക്കുന്നു. രമണീയമായ ഒരു ഭൂവിഭാഗമാണിത്. കാട്ടാനകളും, പുലികളും വിഹരിക്കുന്ന കാടുകൾ ആയിരുന്നു 40 കൾ വരെ ഈ പ്രദേശങ്ങൾ. 40കളിൽ കുടിയേറ്റ മാരംഭിച്ചപ്പോൾ കിഴക്കൻ മലയോരം നാണ്യവിള ഉല്പാദന മേഖലയായി മാറി. വന്യജീവിസമ്പത്ത് നാമാവശേഷമായി.

1963 - ലെ പഞ്ചായത്ത് ഇലക്ഷൻ നടക്കുമ്പോൾ ആകെ 7 വാർഡുകളാണുണ്ടായിരുന്നത് (ഹരിജൻ സംവരണമുള്ള ഒരു ദ്വയാംഗമണ്ഡലമടക്കം) 1. മൂലാട് 2. കോട്ടൂർ 3. തിരുവോട് 4. വാകയാട് (ദ്വയാംഗം) 5. തൃക്കുറ്റിശ്ശേരി 6. അവിടനല്ലൂർ 7. പുനത്ത് എന്നിവയായിരുന്നു വാർഡുകൾ. ഒരു ഹരിജൻ സ്ത്രീയായ കല്യാണിയെ നോമിനേറ്റ് ചെയ്തുകൊണ്ട് പഞ്ചായത്ത് ഒരു പുതിയ ചരിത്രത്തിനു തുടക്കമിട്ടു. ആർ.കെ. ഗോവിന്ദൻ മാസ്റ്റർ (പ്രസിഡൻറ്) ടി.എച്ച് നാരായണൻനായർ (വൈസ്പ്രസിഡണ്ട്) എം.പി. ഗോപാലൻ, എൻ. നാരായണൻ നായർ, പി. ഗോപലൻനായർ, എം.കെ. ഗോവിന്ദൻ കുട്ടിനായർ, ടി.എം. രാമൻ, ടി. മൊയ്തി എന്നിവരായിരുന്നു തെരഞ്ഞെടുക്കപ്പെട്ട ആദ്യബോർഡിലുണ്ടായിരുന്നത്. ആരംഭത്തിൽ വിദ്യാലയങ്ങളും വില്ലേജ് ആപ്പീസുകളുമല്ലാതെ പൊതുസ്ഥാപനങ്ങൾ ഒന്നുമുണ്ടായിരുന്നില്ലെങ്കിലും ഇപ്പോൾ ഒരു പ്രൈമറി ഹെൽത്ത് സെൻററും, അഞ്ച് ഉപസെൻററുകളും, ഒരു മൃഗാശുപത്രി, പഞ്ചായത്ത് ആപ്പീസ് കൃഷിഭവൻ എന്നീ സ്ഥാപനങ്ങളും ഉണ്ട്.

തുടക്കത്തിൽ കോട്ടൂരിലെ ഒരു വാടക കെട്ടിടത്തിൽ (പോസ്റ്റാഫീസിന് മുകളിൽ) ആരംഭിച്ച പഞ്ചായത്ത് ആപ്പീസ് ചുരുങ്ങിയ ദിവസങ്ങൾക്കകം പടിയക്കണ്ടിയിലുള്ള മറ്റൊരു കെട്ടിടത്തിൻെറ മുകളിലേയ്ക്കു മാറ്റുകയുണ്ടായി. തുടർന്ന് കുട്ടാലിടയിലെ ഒരു സ്വകാര്യ കെട്ടിടത്തിലേയ്ക്കും 1984 സപ്തംബർ 22ന് ഇപ്പോഴത്തെ പുതിയ സ്വന്തം കെട്ടിടത്തിലേക്കും ആപ്പീസ് മാറ്റി. ആദ്യത്തെ ബോർഡ് നീണ്ട 16 വർഷം ഭരിച്ചു. അതിനുശേഷം നടന്ന തെരഞ്ഞെടുപ്പിൽ 10 വാർഡുകളാണ് ഉണ്ടായിരുന്നത്. രണ്ടു കക്ഷികൾക്ക് തുല്യമായ സ്ഥാനങ്ങൾ ലഭിച്ചതിനാൽ നറുക്കെടുപ്പിലൂടെ ശ്രീ. ടി.കെ. ശ്രീധരൻ പ്രസിഡണ്ടായി. അന്നത്തെ ബോർഡിലെ ഭരണസമിതി അംഗങ്ങൾ ശ്രീ. ടി.കെ. ശ്രീധരൻ (പ്രസിഡണ്ട്) ഇ.പി. വിജയൻ (വൈസ്പ്രസിഡണ്ട്) കെ.എം. ഗോവിന്ദക്കുറുപ്പ്, വി.ടി. രാഘവൻ, സി. മമ്മുക്കുട്ടി, കെ. കുഞ്ഞിക്കണാരൻ, എം.കെ. ഗോവിന്ദൻകുട്ടിനായർ, ഇ.എം.ലീല അന്തർജ്ജനം, പി.പി. കുട്ട്യേക്കിണി, എ. ദിവാകരൻ എന്നിവരായിരുന്നു. തുടർന്നു നടന്ന തെരഞ്ഞെടുപ്പിലും രണ്ടാംതവണ ശ്രീ ടി.കെ. ശ്രീധരൻ തന്നെ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു. അപ്പോഴേക്കും വാർഡുകൾ പതിനൊന്ന് ആയിക്കഴിഞ്ഞിരുന്നു. അന്നത്തെ ബോർഡിലെ ഭരണസമിതി അംഗങ്ങൾ ശ്രീ ടി.കെ. ശ്രീധരൻ,(പ്രസിഡണ്ട്) ഒ.എം. കൃഷ്ണകുമാർ (വൈസ്പ്രസിഡണ്ട്) എൻ. കേളപ്പൻ, ഇ. ഗോവിന്ദൻനമ്പീശൻ, സി. മമ്മുക്കുട്ടി, സി. കരുണാകരൻ (വൈസ് പ്രസിഡണ്ട്) പി. ഇന്ദിര, വത്സല വി.പി., വി.പി. പോക്കർകുട്ടി, പി.കെ. ഗംഗാധരൻ, എ. ദിവകാരൻ എന്നിവരായിരുന്നു.

വനിതാപ്രാതിനിധ്യം രണ്ടു മാത്രമായിരുന്നു അവസ്ഥയിൽ നിന്ന് പുതിയ പഞ്ചായത്തീരാജ് നിയമം നടപ്പിലായതോടെ നാലു വനിതകൾ മെമ്പർമാരായി. 1995 ഒക്ടോബർ രണ്ടാം തിയ്യതി ഗാന്ധിജയന്തി ദിനത്തിലാണ് 5-മത്തെ ബോർഡ് അധികാരമേറ്റത്. എൻ. ശങ്കരൻ മാസ്റ്റർ (പ്രസിഡണ്ട്) കെ.പി. കുമാരൻ (വൈസ് പ്രസിഡണ്ട്) അശോകൻ കുന്നത്ത്, സുഹറ രാരോത്ത്, ബാലൻ പി., ഗിരിജ കല്ലള്ളി, വി.വി. രാഘവൻ (സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ) വി.പി. പോക്കർ കുട്ടി, അനിത മേപ്പാടി, സി.എച്ച്. സുരേന്ദ്രൻ, സി.പി. ഗീത എന്നിവരാണ് ഇപ്പോഴത്തെ ഭരണസമിതി അംഗങ്ങൾ.

96 ഒക്ടോബർ 2 ആകുമ്പോഴേയ്ക്കും ജനകീയ ആസൂത്രണപ്രസ്ഥാനം വേര് പിടിക്കുന്നതിനാവശ്യമായ ഗ്രാമസഭകൾ ചേരുവാൻ കഴിഞ്ഞത് അധികാരവികേന്ദ്രീകരണവും ജനപങ്കാളിത്തവും സാർത്ഥമാകുന്നതിൻെറ ആദ്യപടിയായി. വികസനസെമിനാറുകൾ പൂർത്തിയാകുന്നതോടെ ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങൾക്ക് മൂർത്തമായ രൂപം കൈവരുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. 3-ാം ഘട്ട പരിശീലനം, വിക

സന സാധ്യത രൂപം പ്രാപിക്കൽ എന്നിവ കഴിയുമ്പോൾ 9-10 പദ്ധതി ജനകീയ പദ്ധതിയാകുമെന്ന് നമുക്ക് ഉറപ്പിക്കാം. പദ്ധതിയുടെ നിർവഹണവും മോണിറ്ററിംഗും ജനപങ്കാളിത്തത്തോടെ നടപ്പിലാവുമ്പോൾ അഴിമതി, കാലതാമസം ചോർച്ച ഇവ ലഘൂകരിക്കപ്പെടുമെന്ന വിശ്വാസം ഉടലെടുത്തുവരുന്നതും ശ്രദ്ധേയമാണം. ഇതേവരെ നടന്ന എല്ലാ പ്രവർത്തനങ്ങളിലും എല്ലാ തുറകളിലും പെട്ട ആളുകളുടെ നിർലോഭമായ സഹായസഹകരണങ്ങൾ ലഭിച്ചുവെന്നതും എടുത്തുപറയേണ്ടതുണ്ട്. എല്ലാ വികസനപ്രവർത്തനവും സർക്കാർ സൗജന്യമായിരിക്കണം എന്ന നിലപാട് വേരുറച്ചുവരുന്ന ഘട്ടത്തിലാണ് ജനകീയാസൂത്രണപ്രസ്ഥാനം രൂപംകൊള്ളുന്നത്. നമ്മുടെ നാട്ടിൽ നടന്ന വികസനപ്രവർത്തനങ്ങൾ

പരിശോധിച്ചാൽ അത്തരമൊരു ധാരണയ്ക്ക് അടിസ്ഥാനമില്ലെന്ന് കാണുവാനും പ്രയാസമില്ല. നമ്മുടെ പഞ്ചായത്തിലുള്ള എല്ലാ റോഡുകളും നാട്ടുകാർ ചേർന്ന് വെട്ടിയതാണ്. അതിന്റെ നവീകരണ പ്രവർത്തനവും കലുങ്ക് നിർമ്മാണവും സൈഡു കെട്ടലും മാത്രമേ മറ്റു ഫണ്ടുകളുടെ വിനിയോഗം മൂലം നടത്തപ്പെട്ടിട്ടുള്ളു എന്നത് സത്യം മാത്രം. പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ സ്ഥലസമ്പാദനം, അവിടനല്ലൂർ ഗവൺമെൻറ് ഹൈസ്കൂളിന്റെ അപ്ഗ്രഡേഷന്നാവശ്യമായ പ്രവർത്തനം, വാകയാട് ഹൈസ്കൂളിന്റെ സ്ഥാപനം തുടങ്ങിയ പ്രവർത്തനങ്ങളിൽ കക്ഷിരാഷ്ട്രീയം മറന്ന കൂട്ടായ്മയുടെ പത്തരമാറ്റ് തിളക്കം ദൃശ്യമാണ്. ഏത് സർക്കാരിന്റെ കാലമാണ് എന്ന് നോക്കിയല്ല ഈ ദൃശപ്രവർത്തനങ്ങൾ നടത്തിയത് എന്ന് വ്യക്തമാവും. ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്ന കാര്യത്തിലും ഇത്തരമൊരു കൂട്ടായ്മയ്ക്ക് കളമൊരുങ്ങിയാൽ ഈ നാടിന്റെ മുഖഛായ മാറ്റാൻ കഴിയുമെന്ന ആത്മവിശ്വാസമേ നമുക്കിനു വേണ്ടതുള്ളുവെന്ന് കാണാവുന്നതാണ്.



III (1) ചരിത്ര സാമൂഹ്യപശ്ചാത്തലം

20-ാ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങൾക്ക് അറിയപ്പെടുന്ന ഒരു ചരിത്രമില്ല. തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും ഈ ഗ്രാമത്തിന്റെ മുഖമുദ്രയായിരുന്നു. ഹരിജനങ്ങൾ ഒരു തരം അടിമകളായിരുന്നു; ഏതെങ്കിലും ഒരു കൃഷിക്കാരന്റെ പൈതൃക സ്വത്തുപോലെ. സാംബവരാകട്ടെ തികച്ചും അകറ്റി നിർത്തപ്പെട്ടവരും. വയലിൽ താഴ്ന്ന ജാതിക്കാർ ജോലി ചെയ്യുമ്പോൾ കുളത്തിൽ കുളിയ്ക്കുന്നത് വിലക്കപ്പെട്ടിരുന്നു; ജലത്തിലൂടെ തീണ്ടൽ വരാതിരിക്കുവാൻ. ഇതിനുവേണ്ടി കുളക്കരയിൽ 'കട്ടയും തോലും' വയ്ക്കുക പതിവായിരുന്നുവത്രേ! ബ്രാഹ്മണർ സഞ്ചരിക്കുമ്പോൾ പ്രത്യേക ശബ്ദമുണ്ടാക്കിതാണ ജാതിക്കാർക്ക് മുന്നറിവ് കൊടുത്തിരുന്നു. ബ്രാഹ്മണ ഗൃഹങ്ങളും അമ്പലങ്ങളുമല്ലാതെ മറ്റു കെട്ടിടങ്ങൾക്ക് ഓടുമേയുന്നതുപോലും വിലക്കപ്പെട്ടിരുന്നു. തേക്കുമരവും കരിങ്കല്ലും ബ്രാഹ്മണഗൃഹങ്ങൾക്ക് മാത്രം അവകാശപ്പെട്ടതായിരുന്നു. ബ്രാഹ്മണരും നായന്മാരും ആയിരുന്നു ജന്മികൾ; ഏതാനും അപവാദങ്ങളുണ്ടെങ്കിലും. കോട്ടൂർ, അവിടനല്ലൂർ, തൃക്കുറ്റിശ്ശേരി എന്നീ മൂന്നു അംശങ്ങളുടെയും (വില്ലേജ്) അധികാരിമാർ നമ്പൂതിരിമാരായിരുന്നു. ജന്മിമാരും പ്രബലരുമായിരുന്നതിനാൽ നാടിനെ 'ശരിയ്ക്കും' ഭരിയ്ക്കുന്നതിന് അവർക്ക് സാധിച്ചിരുന്നു. അധികാരിമാരുടെ യാദാസ്ഥ അത്യന്താപേക്ഷിതമായിരുന്നതിനാലും അധികാരിമാർ വില്ലേജ് മുനിസിഫുമാരായിരുന്നതിനാലും കേസുകളുടെ നടത്തിപ്പിന്റെ നിർണായക ഘടകമായിരുന്നു; തദ്വാരാ ഭരണത്തിന്റെ ശക്തി കേന്ദ്രവും.

ഫ്യൂഡൽ ജന്മിത്തം അതിന്റെ വ്യാപകാർത്ഥത്തിൽ ഇല്ലായിരുന്നുവെങ്കിലും കർഷകത്തൊഴിലാളികൾ ഭൂവുടമകളായിരുന്നില്ല. ജന്മിമാർക്ക് കുടിയാന്മാരെ ഏതവസരത്തിലും കുടിയൊഴിപ്പിക്കാവുന്ന വിധത്തിൽ മേൽച്ചാർത്ത് സമ്പ്രദായം നിലവിലുണ്ടായിരുന്നു. തൽഫലമായി ജന്മിമാരെ സന്തോഷിപ്പിക്കേണ്ടത് കുടിയാന്റെ കടമയായി. കൃഷിഭൂമി കൃഷിക്കാരന് എന്ന മുദ്രാവാക്യം ആദ്യദശകങ്ങളിൽ അന്യമായിരുന്നെങ്കിലും പുരോഗമന പ്രസ്ഥാനങ്ങളുടെ കടന്നുവരവോടെ, ഒഴിപ്പിക്കൽ നിരോധം നിയമമായതോടെ അവകാശബോധം കർഷകരിൽ ഉടലെടുക്കുകയുണ്ടായി. 1957 ഏപ്രിൽ 11ന് പുറപ്പെടുവിച്ച ഒഴിപ്പിക്കൽ നിരോധന ഓർഡിനൻസ് കുടിയാന്റെ രക്ഷാകവചമായി. ഭൂപരിഷ്കരണ നിയമം പാസായപ്പോൾ ജന്മിത്തം അവസാനിക്കുകയും ചെറുകിട ഭൂവുടമകൾ ഉദയം ചെയ്യുകയും ചെയ്തു. അത്ഭുതെങ്ങും നെല്ലുമായിരുന്നു പ്രധാനവിളകൾ. കമുകും, കുരുമുളക് വള്ളികളും പറമ്പുകളിൽ ചിലയിടത്തു മാത്രം ഒതുങ്ങിനിന്നു. നെൽകൃഷി പ്രാമാണ്യത്തിന്റെ ലക്ഷണമായിരുന്നു. നികുതി ഘടനയും ആ തരത്തിലായിരുന്നു. വയലിന് ഏക്കറിന് 6 രൂപ വരെ നികുതിയുണ്ടായിരുന്നപ്പോൾ തോട്ടത്തിന് ഒരു രൂപ മാത്രമാണ് നികുതിയുണ്ടായിരുന്നത്. ആയിരം നാളികേരത്തിന് 15 രൂപ മാത്രം വിലയുണ്ടായിരുന്ന കാലത്തെ സ്ഥിതിയാണിത്. ആൺ തൊഴിലാളികൾക്ക് ഒരു ഇടങ്ങഴി നെല്ല് (2 ലിറ്റർ) കൂലി ലഭിച്ചപ്പോൾ സ്ത്രീ തൊഴിലാളിയ്ക്ക് 3 നാഴി (1.5 ലിറ്റർ) നെല്ല് കൂലി ലഭിച്ചു. കൂലിയായി പണം നൽകുന്ന ഏർപ്പാട് ആദ്യകാലത്തുണ്ടായിരുന്നില്ല. പക്ഷേ കർഷകത്തൊഴിലാളികളെ ആവശ്യത്തിലധികം ലഭ്യമായിരുന്നു. സ്വന്തം ഭൂമി എന്ന നലയ്ക്കാണ് തൊഴിലാളികൾ ജന്മിയുടെ ഭൂമിയെ കണ്ടിരുന്നു. എല്ലാ കൃഷി ജോലികളും തൊഴിലാളികളുടെ അവകാശമായിരുന്നു.

വിദ്യാഭ്യാസരംഗം പിച്ചവെച്ചുതുടങ്ങിയത് 20-ാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിലാണ്. നിലത്തെഴുത്താശാന്മാരുടെ മേൽനോട്ടത്തിൽ എഴുത്തുപള്ളിക്കൂടങ്ങളാണ് ആദ്യമുണ്ടായിരുന്നത്. കോട്ടൂർ പാലോളി പുനത്ത് അവിടനല്ലൂർ തൃക്കുറ്റിശ്ശേരി വാകയാട് എന്നിവിടങ്ങളിൽ ഇത്തരം പള്ളിക്കൂടങ്ങൾ ഉണ്ടായിരുന്നു. ഫർക്ക അടിസ്ഥാനത്തിൽ പ്രൈമറി വിദ്യാലയങ്ങൾ ആരംഭിച്ചതോടെ അവിടനല്ലൂരിൽ ഒരു ലോവർപ്രൈമറി സ്കൂൾ 1911-ൽ ആരംഭിച്ചു. അണിയോത്ത് സ്കൂൾ എന്നാണ് ഇതറിയപ്പെട്ടത്. കുഞ്ഞിക്കണ്ണൻ ഗുരുക്കളുടെ (വാഗ്ഭടാനന്ദഗുരു) നേതൃത്വത്തിൽ ആത്മവിദ്യാസംഘം വ്യാപിക്കാൻ തുടങ്ങിയപ്പോൾ ജാതിവ്യവസ്ഥയുടെ അടി ഇളകിത്തുടങ്ങുകയും വിദ്യാഭ്യാസം അനിവാര്യമാണെന്ന് തോന്നിത്തുടങ്ങുകയും ചെയ്തു. 1921-ൽ മുലാട് ആത്മവിദ്യാസംഘത്തിൽ പെട്ട കോണിക്കോത്ത് ഗോവിന്ദൻ വൈദ്യർ, ചാത്തു വൈദ്യർ എന്നിവരുടെ നേതൃത്വത്തിൽ കോട്ടൂർ സ്കൂൾ സ്ഥാപിയ്ക്കപ്പെട്ടു. അതിന്റെ അടുത്ത കാലത്തുതന്നെ കണ്ടങ്കൽ കേളുമാസ്റ്റർ കോട്ടൂർ സൗത്ത് സ്കൂൾ ആരംഭിക്കുകയും ചെയ്തു. നടുവണ്ണൂരിൽ പിന്നീട് ആരംഭിച്ച റൈവൽ സ്കൂളിനെ ചെറുക്കുവാൻ അപ്ഗ്രേഡ് ചെയ്യപ്പെട്ട മുലാടുള്ള കോട്ടൂർ സ്കൂളിന്റെ 6, 7, 8 ഡിവിഷനുകൾ പഴയ കോട്ടൂർ സ്കൂളിന്റെ സ്ഥാനത്ത് ആരംഭിക്കുകയും കോട്ടുകർ സ്കൂളിന്റെ ലോവർ പ്രൈമറി ക്ലാസ്സുകൾ ഇതിനോട് ചേർക്കപ്പെടുകയും

ചെയ്തു.

1928-ൽ പാലോളിയിൽ പടിഞ്ഞാറെ വീട്ടിൽ, എടത്തും താഴെ വീട്ടുകാരായ മുസ്ലിം പ്രമുഖർ പാലോളി മാപ്പിള സ്കൂൾ ആരംഭിച്ചു. അതോടൊപ്പം തൃക്കുറ്റിശ്ശേരിയിലും പിന്നീട് വാകയാട്. പൂനത്ത്, അവിടനല്ലൂർ, നരയംകുളം, തുടങ്ങിയ സ്ഥലങ്ങളിലും പ്രൈമറി വിദ്യാലയങ്ങൾ വന്നു. ഇതോടെ വിദ്യാഭ്യാസം വ്യാപകമായിത്തുടങ്ങി. 1950-ൽ കോട്ടൂർ പഞ്ചായത്ത് അതിർത്തിയിൽ വിശാലമായ പറമ്പിനടുത്ത് പാലോട്ടുമ്മൽ തറവാട്ടുകാർ സൗജന്യമായി നൽകിയ സ്ഥലത്ത് പ്രാദേശിക കമ്മിറ്റിയുടെ നേതൃത്വത്തിൽ നടുവണ്ണൂർ ഹൈസ്കൂൾ ആരംഭിച്ചതോടെ ഉന്നത വിദ്യാഭ്യാസവും (അന്നത്തെ നിലയിൽ) വ്യാപകമായി. ആവശ്യങ്ങളുടെ സമ്മർദ്ദം കൂട്ടായ്മയിലേയ്ക്കു നയിച്ച ഒരു ചരിത്ര സംഭവമായി ആ വിദ്യാലയത്തിന്റെ ഉദയം രേഖപ്പെടുത്തുന്നു. പൂർണ്ണമായും ജനപങ്കാളിത്തം ഉറപ്പാക്കിയ ഒരു മഹൽസംരംഭം. കലാലയവിദ്യാഭ്യാസത്തിന് ആക്കം കൂട്ടിയതും ഈ സ്ഥാപനമായിരുന്നു. അതിനുമുമ്പ് ഈ പഞ്ചായത്തിൽ വിരലിലെണ്ണാവുന്ന ബിരുദധാരികൾ ആണ് ഉണ്ടായിരുന്നത്. 1981 ൽ സർക്കാർ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുക എന്ന നയത്തിന്റെ ഭാഗമായി അവിടനല്ലൂർ ഗവ. യു.പി. സ്കൂൾ ഹൈസ്കൂളായി ഉയർത്തപ്പെട്ടതോടെ വിദ്യാഭ്യാസ രംഗം സജീവമായി. 1956ൽ മലബാർ ഡിസ്ട്രിക്ട് ബോർഡ് വിദ്യാഭ്യാസ രംഗം പുഷ്ടിപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ സ്കൂളുകൾ അനുവദിക്കുകയും (ഇതിൽ പലതും ഏകാധ്യാപക സ്കൂളുകളായിരുന്നു) നിലവിലുള്ളവ ഉയർത്തുകയും ചെയ്തത് ആവേശകരമായ ഒരനുഭവമായിരുന്നു. ഇപ്പോൾ രണ്ട് ഹൈസ്കൂളുകൾ അടക്കം പതിനാറ് വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു.

സ്വാതന്ത്ര്യസമരവും ദേശീയപ്രസ്ഥാനവും വിലയോ തോതിലല്ലെങ്കിലും അതിന്റെ അലയൊലി ഇവിടെയും ഉണ്ടായിരുന്നു. 'സ്വതന്ത്രഭാരത'ത്തിന്റെ (അന്നത്തെ രഹസ്യപത്രം) 13 കോപ്പികൾ രഹസ്യമായി ഈ പഞ്ചായത്തിൽ പ്രചരിപ്പിക്കപ്പെട്ടിരുന്നു. കള്ളുഷാപ്പ് പിക്കറ്റിംഗും ഖാദിനെയ്ത്തും കുറെ ആളുകളെയെങ്കിലും സ്വാധീനിച്ചിരുന്നു. എന്നാൽ ജന്മി കുടുംബങ്ങൾ ബ്രിട്ടീഷ് ആധിപത്യത്തെ സേവിക്കുകതന്നെ ചെയ്തു. 1942-ലെ സ്വാതന്ത്ര്യസമരക്കാലത്ത് സകല മർദ്ദനമുറകളും നേരിട്ടുകൊണ്ട് വടക്കയിൽ രാമൻനായർ, കാര്യോട്ട് കുഞ്ഞിരാമൻനായർ, താഴെ കക്കഞ്ചേരി കുഞ്ഞുണ്ണിവൈദ്യർ, തോട്ടപ്പുറത്ത് ഗോവിന്ദൻ നായർ, പാലോട്ടുമ്മൽ കുഞ്ഞിക്കണ്ണൻ നായർ എന്നിവർ നടുവണ്ണൂർ സബ്റജിസ്റ്റാർ ആപ്പീസ് കത്തിക്കുന്നതിൽ പങ്കാളിയായി. ഉള്ളേരിപാലം പൊളി നടന്നതും സബ് റജിസ്റ്റർ ആപ്പീസ് കത്തിച്ചതും ചരിത്ര രേഖകളായി. സ്വാതന്ത്ര്യ സമ്പാദനത്തിനുശേഷം ഐത്തോച്ചാടനം കുറെക്കൂടി വേഗതയാർജിച്ചു. കോട്ടൂർ വിഷ്ണുക്ഷേത്രം അവർണ്ണർക്ക് തുറന്നുകൊടുത്തതും കുളത്തിൽ ഹരിജനെ കുളിപ്പിച്ചതും വളർച്ചയുടെ ലക്ഷണങ്ങളായിരുന്നു. അധ്യാപകസംഘടനാപ്രവർത്തനത്തിന്റെ ഭാഗമായി 'ശനിയൻസഭാ' ബഹിഷ്കരണം നടന്നതും എടുത്തു പറയേണ്ടതുണ്ട്.

മതമൈത്രിയുടേയും സഹവർത്തിത്വത്തിന്റെയും ഉദാഹരണങ്ങളും ഇന്നത്തെ തലമുറയ്ക്ക് ആവേശം പകരുമെന്നതിനാൽ സൂചിപ്പിക്കട്ടെ. പാലോളി പ്രദേശം ഇസ്ലാം മതവിശ്വാസികളുടെ കേന്ദ്രമാണ്. 130 വർഷങ്ങൾക്കു മുമ്പുതന്നെ മുസ്ലിം പള്ളി നിർമ്മിച്ചിരുന്നു. എന്നാൽ ആ പ്രദേശത്തെ ഊരാടത്തു നായർ (ജന്മിവീട്ടുകാർ) പള്ളിയിൽ കഞ്ഞി പകർച്ചക്കാവശ്യമായ നെല്ലും വാഴക്കുലയും എത്തിച്ചുകൊടുക്കുമായിരുന്നുവത്രെ! കുന്നരംവെള്ളി കോവിലകത്തുനിന്ന് കുന്നരം വെള്ളി പള്ളിയിലേക്ക് ഇതേ പോലെ സാധനങ്ങൾ നൽകിയിരുന്നു. മലബാർ കലാപം (തെറ്റിദ്ധരിക്കപ്പെട്ട) നടന്ന കാലത്തുപോലും വർഗ്ഗീയ വൈരം ഇവിടെ ഉടലെടുത്തിരുന്നില്ല. സ്വാതന്ത്ര്യം ലഭിക്കുമ്പോൾ നടന്ന പൈശാചിക സംഭവങ്ങൾ വർഗ്ഗീയത ഉടലെടുക്കുന്നതിന് കാരണമായെന്ന് ചിലരെങ്കിലും ചിന്തിക്കുന്നു.

കിഴക്കൻ മലയോരത്ത് നടന്ന കുടിയേറ്റമാണ് 1940കളിൽ നടന്ന പ്രധാന സംഭവം. കാട്ടാനകൾ വിഹരിച്ചിരുന്ന കാടുകൾ കുറഞ്ഞ കാലം കൊണ്ട് അധിവാസകേന്ദ്രങ്ങളായി മാറി. കിഴക്കേടത്ത് കോവിലകം ഭൂമി (ഏക്കറിന് 2 രൂപ നിരക്കിൽ) ചാർത്തി വാങ്ങി കൃഷി ആരംഭിച്ചതിന്റെ ഫലമായി വന്യജീവി സമ്പത്ത് വൻതോതിൽ നശിച്ചുപോയി. ജൈവവൈവിധ്യത്തിന് ഇടിവുപറ്റി. എങ്കിലും രണ്ടാം ലോക മഹായുദ്ധകാലത്തെ ഭക്ഷ്യദാരിദ്ര്യത്തിന് അറുതിവരുത്തുവാൻ കഴിഞ്ഞതും കുടിയേറ്റ കർഷകർ വിളയിച്ച കപ്പയിലൂടെയായിരുന്നു എന്നത് സ്മരണീയമാണ്.

ആധുനിക കവിതയ്ക്ക് പുതിയ മാനം നൽകിയ കക്കാട്ട് നാരായണൻ നമ്പൂതിരി (N.Nകക്കാട്) നിരൂപണ സാഹിത്യരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച അമ്പലപ്പുത്തൂരില്ലത്ത് പരമേശ്വരൻ നമ്പൂതിരി (എ. പി.പി.) കവിയായ അവിടനല്ലൂർ വാസുദേവൻ (എ. പി.വി) എന്നിവർ സാംസ്കാരിക രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച സാഹിത്യനായകന്മാർ ഈ പഞ്ചായത്തിന്റെ സംഭാവനയാണ്. ഇവർ, മുമ്പ് കാലത്ത് നമ്പൂതിരി ബെൽടായി കരുതപ്പെടുന്ന നരയംകുളം

അവിടനല്ലൂർ, തൃക്കുറ്റിശ്ശേരി, നിർമ്മല്ലൂർ (പനങ്ങാട് പഞ്ചായത്ത്) പ്രദേശത്തിന്റെ 20-ാം നൂറ്റാണ്ടിന്റെ പ്രതിനിധികളാണ്.

(ഈ പ്രദേശത്തുള്ളവരുടെ പൂർവ്വികർ ടിപ്പുവിന്റെ പടയോട്ടക്കാലത്ത് തൃശൂരിലേയ്ക്ക് കുടിയേറിയിരുന്നത് ചരിത്ര സംഭവമാണ്. 365 ഇല്ലങ്ങൾ ഈ പ്രദേശത്ത് ഉണ്ടായിരുന്നതായി പറയപ്പെടുന്നു.)

പുരാണ നാടകങ്ങളവതരിപ്പിച്ചിരുന്ന നാടകസംഘവും കോട്ടൂർ മൂലാട് പ്രദേശങ്ങളിലുണ്ടായിരുന്നു. പുരാതനമായ തൃക്കുറ്റിശ്ശേരി മഹാദേവക്ഷേത്രം, അവിടനല്ലൂർ ലക്ഷ്മീനാരായണക്ഷേത്രം, നീറോത്ത് വിഷ്ണുക്ഷേത്രം, മൂലാട് മാക്കാരി ക്ഷേത്രം, വാകയാട് കോട്ട പരദേവതാക്ഷേത്രം, കോട്ടൂർ വിഷ്ണുക്ഷേത്രം എന്നിവ ഒരു കാലത്ത് സാംസ്കാരിക കേന്ദ്രങ്ങളായിരുന്നു. തൃക്കുറ്റിശ്ശേരി മഹാദേവക്ഷേത്രത്തിൽ ഒരു കുത്തമ്പലം പോലുമുണ്ടായിരുന്നു.

ഗതാഗതം ഒരു പ്രശ്നമായിരുന്ന ഈ പ്രദേശത്ത് 1938-ലാണ് ഒരു മൺ റോഡുണ്ടാവുന്നത്. ഇപ്പോഴത്തെ നടുവണ്ണൂർ കൂട്ടാലിട റോഡിലൂടെ ഒരു സമ്പന്നനു വേണ്ടി കാളവണ്ടി ഓടിയിരുന്നു. ഇന്ന് ഗതാഗതത്തിരക്കുള്ള ഒരു പൊതുറാഡാണ് ഇത്. 1968ൽ ബസ് യാത്രസൗകര്യവും ഈ റോഡിലാണ് നിലവിൽ വന്നത്. ഇപ്പോൾ ഏറ്റവും കൂടുതൽ റോഡും നെറ്റ് വർക്കുള്ള (വേണ്ടത്ര ഗതാഗതയോഗ്യമല്ലെങ്കിലും) ഒരു പഞ്ചായത്തായി കോട്ടൂരിനെ കണക്കാക്കാം. നടുവണ്ണൂർ കൂട്ടാക്കേടത്ത് കോവിലകത്തുനിന്ന് നരിക്കോട്ടു കോവിലകത്തേക്ക് ഒരു കുതിരസവാരി റോഡ് (കുതിരപ്പന്തി റോഡ്) ഉണ്ടായിരുന്നതായി പറയപ്പെടുന്നു.

ലഭ്യമായ മറ്റു വിവരങ്ങൾ

1. വൈദ്യുതീകരണം ആദ്യമായി നടന്നത് - നടുവണ്ണൂർ ഹൈസ്കൂൾ വാകയാട് 1970
2. ഫോൺ കണക്ഷൻ ആദ്യമായി ലഭിച്ചത് - തയ്യിൽ വീട്, പുനത്ത് 1967
3. റേഡിയോ ആദ്യം സ്ഥാപിച്ചത് - നടുവണ്ണൂർ ഹൈസ്കൂൾ വാകയാട് 1956

III (2) ഭൂപ്രകൃതിയും വിഭവങ്ങളും

പഞ്ചായത്തിന്റെ കിഴക്കെ അതിരിൽ സഹ്യപർവ്വതനിരകളുടെ ഭാഗമായ തുരുത്തമലയും കുന്നിക്കുട്ടം മലകളുമാണ്. വളരെ ഉയരം കൂടിയ ചെങ്കുത്തായ ചരിവാണുള്ളത്. പാറയും വളക്കുറുള്ള കരിമണ്ണും സമൃദ്ധമാണ്. വറ്റാത്ത നീരുറവകൾ ഇവിടെയുണ്ട്. റബ്ബർ തോട്ടം ഏറ്റവും ഉയരം കൂടിയ ഭാഗത്തുപോലുമുണ്ട്. മുമ്പത്തെ വൻ കാടുകൾ നശിപ്പിക്കപ്പെട്ടു വെങ്കിലും മിച്ച ഭൂമിയായി പ്രഖ്യാപിച്ച സ്ഥലങ്ങളിൽ കാട് നിലവിലുണ്ട്. വൻമരങ്ങൾ പലതും വെട്ടിമാറ്റിയിരിക്കുന്നു. കുറഞ്ഞയോതിലാണ് തെങ്ങു കൃഷിയുള്ളത്. ഇഞ്ചിപ്പുല്ല് വ്യാപകമായി വളരുന്നു. കാട് നശിച്ചുപോയതിനാൽ അപൂർവ്വസസ്യങ്ങൾ പലതും അപ്രത്യക്ഷമായിട്ടുണ്ട്. കയ്യാലകൾ കെട്ടിയതിനാൽ മണ്ണൊലിപ്പ് വ്യാപകമല്ല. ഇഞ്ചിപ്പുല്ലും മണ്ണൊലിപ്പ് തടയുന്നതിന് സഹായിക്കുന്നു. കിഴക്കുനിന്ന് പടിഞ്ഞാറോട്ടുവരുന്ന തരത്തിലാണ് ചരിവ്. അടിവാരത്തിലെത്തുമ്പോൾ തെങ്ങ്, കമുക് കൃഷി തുടങ്ങുന്നു. സമതലത്തിൽ ഫലവൃക്ഷങ്ങൾ തെങ്ങ്, കമുക്, മുളക് വള്ളി, കുറഞ്ഞ തോതിൽ ഇടവിളകൾ ഇവയുണ്ട്. സമതലത്തിലെ വയലുകൾ പുരയിടങ്ങളായി മാറുകയാണ്. 120 മീറ്ററോളം വീതിയുള്ള ഒരു വയൽ മാത്രമാണ് നെൽകൃഷി ചെയ്യുന്നതിന് മലയടിവാരത്തിലുള്ളത്. സമൃദ്ധമായ ചളി ഇവിടെയുണ്ട്. പടിഞ്ഞാറ് നീങ്ങുമ്പോൾ അല്പം ഉയരം കൂടിയ ഭൂമിയും വീണ്ടും സമതലവുമാവുകയുമാണ്. 75 മീറ്ററോളം വീതിയുള്ള ഒരു നെൽവയൽ ഈ ഭാഗത്തുണ്ട്. അതിനും പടിഞ്ഞാറായ കരിങ്കൽ പാറയും വെട്ടുകല്ലും കാണപ്പെടുന്നു. വീണ്ടും സമതലം. വയലുകൾ പറമ്പുകളായി മാറിക്കഴിഞ്ഞു. പടിഞ്ഞാറെ അറ്റത്തെത്തുമ്പോൾ കരിങ്കൽ പാറ സമൃദ്ധമായ കുന്നിൻപ്രദേശമായി. സമതലപ്രദേശത്തും കുന്നിൻ പ്രദേശത്തും തെങ്ങ്, കമുക് ഇവ വ്യാപകമായി കൃഷിചെയ്യപ്പെടുന്നു. തുരുത്തമല, കരുവള്ളി, വാഴോറമല, വല്ലോറ ഭാഗങ്ങൾ, രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന ഭാഗങ്ങളാണ്. ഇടവിള കൃഷികൾ നാമമാത്രമായി തീർന്നതാണ് പഠന പര്യടനത്തിൽ കണ്ട പ്രധാന കാര്യം. പാടങ്ങൾ വ്യാപകമായി പുരയിടങ്ങളായി മാറിയതും ശ്രദ്ധേയമാണ്.

പഞ്ചായത്തിൽ മേൽപറഞ്ഞ ഉയർന്ന പ്രദേശങ്ങൾക്കു പുറമേ പൊറോലരി, ഇരുപ്പാക്കുന്ന്, കാരടിപ്പറമ്പ്, കുറുവട്ടി, ചെങ്ങോടുമല, പാടിക്കുന്ന, കാപ്പുമല, കല്ലുട്ടകുന്ന്, മുക്കുന്ന്, ഊരോക്കുന്ന്, കോറോത്തുമല, കൊരോങ്ങൽ കുന്ന് കള്ളാടിക്കുന്ന് തുടങ്ങിയ കുന്നിൻ പ്രദേശങ്ങൾ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളാണ്. കുറ്റ്യാടി പദ്ധതിയുടെ കനാൽ കടന്നുപോകുന്ന മൂലാട്, കോട്ടൂർ, അവിടനല്ലൂർ, പുനത്ത് ഭാഗങ്ങളിൽ പോലും നെൽകൃഷി കുറഞ്ഞുവരുന്നു. മലയിലെ കാടുകൾ നഷ്ടമായതോടെ ജൈവവളലഭ്യത വയലുകളിൽ കുറഞ്ഞുവരുന്നു. കുന്നിൻ മുകളിൽ താമസം ആരംഭിച്ചതോടെ കുടിവെള്ളക്ഷാമം സജീവപ്രശ്നമായി മാറി. ജൈവസമ്പത്തിന്റെ നാശവും മണ്ണൊലിപ്പും രൂക്ഷമായി. വെട്ടുകൽ ഖനനവും കരിങ്കൽ ക്വാറിയും പരിസ്ഥിതി

പ്രശ്നങ്ങൾ സൃഷ്ടിച്ചുവരുന്നു. പ്ലാസ്റ്റിക് കവറുകളുടെ വ്യാപകമായ ഉപയോഗം നിമിത്തം മണ്ണ് കൃഷിയോഗ്യമല്ലാതാവുന്ന അവസ്ഥയും സംജാതമായിക്കൊണ്ടിരിക്കുന്നു.

കേരളത്തെ പതിമൂന്ന് കാർഷിക മേഖലകളായി തിരിച്ചതിൽ കോട്ടൂർ ഗ്രാമപഞ്ചായത്ത് ഉൾപ്പെടുന്ന ബാലുശ്ശേരി ബ്ലോക്ക് V ഇടനാട് കാർഷിക മേഖലയിലാണ് പെടുന്നത്.

III (3) ജലലഭ്യത

81-82, 82-83 കാലയളവിൽ ഏറ്റവും മഴ കുറവായിരുന്നു. 82-83 കാലഘട്ടം കൊടിയ വരൾച്ച നേരിട്ടു. എന്നാൽ 83-84 കാലത്ത് കനത്ത മഴ സർവകാല റിക്കാർഡും ഭേദിച്ച് കിട്ടിയതായി കാണാം. ഏറ്റവും മഴ കുറഞ്ഞ വർഷം പോലും 212.7 സെ.മീ മഴ പെയ്തിട്ടുണ്ട്. ഏറ്റവും കുടിയ വർഷപാതമാകട്ടെ 404.5 സെ.മീറ്ററും വരും. കോഴിക്കോട് ജില്ലയിൽ ശരാശരി വർഷപാതം 366.7 സെ.മീ ആണ്. അതായത് കോഴിക്കോട് ജില്ലയെ 3 മീറ്റർ 66.7 സെ.മീ ഉയരത്തിൽ മൂടുവാൻ ആവശ്യമായ വെള്ളമാണ് ഒരു വർഷം ലഭിക്കുന്നത്. ഇതിൽ നല്ലൊരളവ് സംരക്ഷിക്കുവാൻ കഴിഞ്ഞാൽ ജലക്ഷാമം പരിഹരിക്കുവാൻ കഴിയുമെന്ന് കാണാവുന്നതാണ്. മലയോരങ്ങൾ ആവാസകേന്ദ്രങ്ങളായതോടെ കാടുകൾക്കിടയിലെ അടിക്കാടുകളിൽ ശേഖരിക്കുവാൻ കഴിയുമായിരുന്ന ജലം കുത്തൊഴുക്കിലൂടെ കടലിലെത്തിച്ചേരുന്നു. സ്പോഞ്ച് പോലെ നിലനിന്നിരുന്ന കാട്ടിലെ ഭൂമിയ്ക്ക് ജലം സംഭരിച്ച് നീരുറവകളുണ്ടാക്കാൻ കഴിഞ്ഞിരുന്നു. കാട് കൈയേറ്റമുണ്ടാക്കിയ പരിസ്ഥിതി പ്രശ്നങ്ങൾ മലയോരങ്ങളിലെ ജലസംഭരണം അസാധ്യമാക്കിത്തീർത്തു. മണ്ണൊലിപ്പ് വർദ്ധിക്കുന്നതിനും വയലുകൾ മണ്ണടിയുന്നതിനും കാരണമായി. ജൈവവള സമ്പന്നമായ എക്കൽ മണ്ണ് വന്നു നിറയുന്നതിനുപകരം അടിമണ്ണ് വന്നുനിറയുന്ന അവസ്ഥയും സംജാതമായി. വർഷപാതം വലിയ ഏറ്റക്കുറച്ചിലില്ലാതെ നിന്നിട്ടും ജലക്ഷാമം രൂക്ഷമാവുന്നതിലേക്ക് ഇത് വഴിതെളിയിക്കുകയും ചെയ്തു. പ്രകൃതിയുടെ സമതുലിതാവസ്ഥ താളം തെറ്റിച്ച ഈ പരിതഃസ്ഥിതി കാർഷികരംഗത്ത്

വിളവിസ്തീർണ്ണവും ഉല്പാദനക്ഷമതയും

വിള ഹെക്ടറിൽ	വിസ്തീർണ്ണം ഹെക്ടറിൽ	ഉല്പാദനക്ഷമത	മൊത്തംഉല്പാദനം	റിമാർക്സ്
1-ാം വിള നെല്ല്	10	1900 Kg	190 QL	
2-ാം വിള നെല്ല്	100	2000 Kg	2000 QL	
3-ാം വിള നെല്ല്	90	2200 Kg	1980 QL	
പയർ	10	വളത്തിന്	-	
എള്ള്	-	-	-	
പച്ചക്കറികൾ	3			
തെങ്ങ്	1600	50/തെങ്ങ്	80 ലക്ഷം	
വാഴ	20	8 Kg/ വാഴ	20000Kg	
മരച്ചീനി	3	3 Kg/മുട്	11250 Kg	
കുരുമുളക്	35	1Kg/മരം		
പ്ലാവ്	-	-	-	
കശുമാവ്	6	15 Kg /മരം	12250 Kg	
മാവ്	-	-	-	
റബ്ബർ	ലഭ്യമല്ല			
കമുക്	35	300 / മരം		

	ശരാശരി വർഷപാതം		1994ലെ ശരാശരി ഊഷ്മാവ്		തെക്ക് പടിഞ്ഞാറൻ കാലവർഷം കേരളം		വടക്ക് കിഴക്കൻ കാലവർഷം കേരളം		മൊത്ത വാർഷീക മഴ കേരളം	
മാസം വർഷം	കേഴിക്കോട് ശരാശരി മഴ മി.മി	സംസ്ഥാന ശരാശരി മി.മി	മാക്സിമം	മിനിമം ഡിഗ്രി സെൽഷ്യസ്	വർഷം	യഥാർത്ഥ മഴ മി.മി	വർഷം	യഥാർത്ഥ മഴ മി.മി	വർഷം	യഥാർത്ഥ മഴ മി.മി
ജനുവരി	9	14	32	22.9	82	1752	82	383	81-82	2127
ഫിബ്രവരി	7	17	32.1	24	83	2439	83	864	82-83	2599
മാർച്ച്	21	39	33	25.4	84	2009	84	-	83-84	4045
ഏപ്രിൽ	93	112	32.5	25.5	85	1957	85	282	84-85	2899
മേയ്	297	256	32.8	26.1	86	1898	86	904	85-86	2569
ജൂൺ	925	691	29.1	23.7	87	1656	87	819	86-87	3092
ജൂലായ്	1035	760	27.8	22.9	88	2066	88	588	87-88	3093
ആഗസ്റ്റ്	547	433	28.8	23.6	89	1908	89	649	88-89	3151
സപ്തംബർ	257	247	30.7	23.8	90	1711	90	498	89-90	3009
ഒക്ടോബർ	284	288	33.3	23.9	91	2766	91	329	90-91	2923
നവംബർ	157	163	32.1	23.9	92	2520	92	833	91-92	3152
ഡിസംബർ	36	42	32	22.3	93	2020	93	537	92-93	3386
വാർഷിക മഴ	3667	3063								



ശരാശരി വർഷപാതം. മഴയുടെ അളവ് മില്ലി മീറ്ററിൽ

സമുലമായ മാറ്റങ്ങൾക്ക് കാരണമായി. നാണ്യവിളകളിലേക്കുള്ള മാറ്റത്തിന് ഇത് ആക്കം കൂട്ടി. മഴയെ ആശ്രയിച്ച് നെൽകൃഷി ചെയ്ത കർഷകർക്ക് രണ്ടാം വിളയ്ക്കും മൂന്നാം വിളയ്ക്കും ആവശ്യമായ ജലം ലഭിയ്ക്കാതെ വന്നു. കനാൽ ശൃംഖലയുള്ളിടത്ത് മാറ്റമുണ്ടായെങ്കിലും ഏറിയ കൂറും ജലസേചന സൗകര്യമില്ലാത്ത പ്രദേശങ്ങളിൽ കർഷകർക്ക് കൃഷി ഉപേക്ഷിക്കേണ്ടിവരികയോ വിളകൾ മാറ്റേണ്ടിവരികയോ ചെയ്തു. മഴക്കാലത്തെ ജലസംഭരണത്തിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് ശാസ്ത്രീയവിജ്ഞാനം വ്യാപിപ്പിച്ചുകൊണ്ടു മാത്രമേ ഈ പ്രശ്നത്തിന്റെ ഗൗരവം കുറയ്ക്കുവാൻ സാധിക്കുകയുള്ളു.

ചില വർഷങ്ങളിൽ മഴ മെയ് അവസാനം ആരംഭിക്കാറുണ്ട്. തണുപ്പുകാലം നവംബർ ആദ്യം തന്നെ ആരംഭിച്ചുവെന്നും വരാം. ഇടമഴ മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ലഭിക്കുന്നു. ചില വർഷങ്ങളിൽ ഇടമഴയില്ലാതെ ആദ്യമഴ മെയ് ഒടുവിലായും ലഭിക്കാറുണ്ട്. ഈ കാലത്താണ് വരൾച്ചയുടെ രൂക്ഷത അനുഭവപ്പെടുന്നത്. ഈ വരഷം ഇടമഴ കുറഞ്ഞ തോതിൽ ലഭിച്ചുവെങ്കിലും കാലവർഷം വൈകിയെത്തിയത് കടുത്ത വരൾച്ചക്കു കാരണമായി.

ഞാറ്റുവേലയുടെ സ്വഭാവത്തിലും കാര്യമായ വ്യതിയാനങ്ങൾ അനുഭവപ്പെടുന്നു. ഈ വർഷം തിരുവാതി ഞാറ്റുവേലയിൽ 'തിരിമുറിയാതെ മഴ' പെയ്യേണ്ട സമയത്ത് കടുത്ത വെയിലായിരുന്നു. 'ചോതിയിൽ ചോദിക്കേണ്ട' എന്നു പറഞ്ഞുവരുന്ന തുലാവർഷക്കാലത്ത് ചോതിക്കു മുമ്പേയായിരുന്നു മഴ.

തിരുവാതിര	ജൂൺ 21 മുതൽ ജൂലായ് 5 വരെ (മിഥുനം 7 മുതൽ മിഥുനം 21 വരെ)
ചോതി	ഒക്ടോബർ 23 മുതൽ നവംബർ 5 വരെ (തുലാം 7 മുതൽ തുലാം 21 വരെ)

(12 മാസത്തിന് 27 ഞാറ്റുവേലകൾ; 27 നക്ഷത്രങ്ങളുടെ പേരിൽ അറിയപ്പെടുന്നു. മേടം 1ന് അശ്വതി ഞാറ്റുവേ ആരംഭിക്കുന്നു. ഒരു മാസത്തിന് ഏതാണ്ട് 2 1/4 ഞാറ്റുവേല. ഞാറ്റുവേല കാലാവസ്ഥയുടെ കലണ്ടറായി കണക്കാക്കപ്പെടുന്നു. അശ്വതി, ഭരണി, കാർത്തിക കാൽ മേട മാസമായും കാർത്തിക മുക്കാൽ, രോഹിണി, മകയിര്യം 1/2 യും എടവമാ

കാലാവസ്ഥ

മഴക്കാലം	തണുപ്പുകാലം	വേനൽക്കാലം
ജൂൺ ജൂലായ് ആഗസ്റ്റ് സപ്തംബർ ഒക്ടോബർ നവംബർ ആദ്യപക്ഷം	നവംബർ അവസാന പക്ഷം, ഡിസംബർ ജനവരി	ഫിബ്രവരി മാർച്ച് ഏപ്രിൽ മേയ്

സമായും, മകയിര്യം 1/2 യും തിരുവാതിരയും പുണർതം 3/4 ലും മിഥുനമാസമായും എന്ന ക്രമത്തിലാണ് മാസങ്ങളെ കണക്കാക്കുന്നത്. ഓരോ മാസതടതിലും ചെയ്യേണ്ട കാർഷികവൃത്തിയും നിർണ്ണയിക്കപ്പെട്ടിണ്ട്)

ഭൂഗർഭ ജലം വളരെക്കുറച്ചു മാത്രമേ ഉപയോഗിക്കപ്പെടുന്നുള്ളുവെന്ന് കാണാം. ഉപയോഗിക്കാവുന്നതിന്റെ ഏതാണ്ട് 15 ശതമാനം ആണ് ഉപയോഗിക്കപ്പെടുന്നത്. ഭൂഗർഭ ജലസമ്പത്തിന്റെ വിനിയോഗം എങ്ങനെയാവണമെന്ന് ശാസ്ത്രീയമായി അപഗ്രഥിക്കേണ്ടതുണ്ട്. കാര്യമായ വ്യവസായങ്ങളൊന്നുമില്ലാത്തതിനാൽ ജലമലിനീകരണം താരതമ്യേന കുറവാണ്. കീടനാശിനികളുടെ ഉപയോഗമാണ് ജലമലിനീകരണത്തിനുള്ള സാധ്യതകളിലൊന്ന്.

മണ്ണ്

Latirite soil എന്നറിയപ്പെടുന്ന പശിമരാശിമണ്ണാണ് പൊതുവെയുള്ളത്. വെട്ടുകല്ല് ധാരാളമായുണ്ട്. ചില പ്രദേശങ്ങളിൽ സമൃദ്ധവുമാണ്. കരിങ്കൽ പാറയും സുലഭമാണ്. മലയടിവാരങ്ങളിൽ പാറപ്പുഴി എന്ന് നാട്ടുകാർ വിളിക്കുന്ന മണ്ണും തെങ്ങ് കൃഷിക്കു പറ്റിയതാണെന്ന് അനുഭവ സമ്പന്നരായ കർഷകർ അവകാശപ്പെടുന്നു. വെള്ളം ആഗരിണം ചെയ്യാൻ പറ്റിയ മണ്ണായതിനാൽ കയ്യാല കെട്ടി മണ്ണൊലിപ്പ് തടയുന്നതിന് സാധിക്കുന്നു. കരപ്പാടങ്ങളിൽ മൺപാളിയുടെ കനം കുറവായി കാണപ്പെടുന്നു.

മനുഷ്യവിഭവം

1991-ലെ സെൻസസ് അനുസരിച്ച് പഞ്ചായത്തിലെ ജനസംഖ്യ 27082 ആണ്. പുരുഷന്മാർ 14026 ഉം സ്ത്രീകൾ 13656ഉം ആകെ വീടുകൾ 5396. വീടൊന്നിന് 5.1 വീതം ആൾ പാർക്കുന്നു. 1881ലെ സെൻസസ് പ്രകാരം കുറമ്പ്രനാട് താലൂക്കിൽ വീടൊന്നിന് 5.3 പേരാണുണ്ടായിരുന്നത്. ചെറ്റക്കുടിലുകൾ കുറഞ്ഞു വരുന്നു. മൺകട്ടയോ, ചെങ്കല്ലോ, സിമൻറ് കട്ടയോ ഉപയോഗിച്ച് ചുമർ കെട്ടുന്നത് സാധാരണായിട്ടുണ്ട്. പട്ടികജാതിക്കാർ ആകെ 4055. ഇതിൽ 2067 പുരുഷന്മാരും 1988 സ്ത്രീകളുമാണ്. ഇത് ജനസംഖ്യയുടെ 14.6 ശതമാനമാണ്. പട്ടികവർഗ്ഗക്കാർ ഇല്ല.

സാക്ഷരത 91.7 ശതമാനമെയുള്ളു. 11905 പുരുഷന്മാരും 10569 സ്ത്രീകളുമടക്കം 22474 പേർ സാക്ഷരരാണ്. 6 വയസു വരെയുള്ള കുട്ടികൾ 3175 ആണ്. ഈ കുട്ടികളെ ഒഴിവാക്കിയാൽ അക്ഷരമറിയാത്തവരായി കേവലം 2033 പേർ മാത്രമേയുള്ളുവെന്ന് കാണാം.

ഒരു ചതുരശ്ര കിലോമീറ്ററിന് 955 പേർ നിവസിക്കുന്നു. മലയോര മേഖലയിൽ ജനവാസം കുറവായതിനാലാണ് ജനസാന്ദ്രത കുറഞ്ഞതെന്ന് അനുമാനിക്കാവുന്നതാണ്.

മുഖ്യതൊഴിലുകാരായി 5997 പേരുള്ളതിൽ 5114 പുരുഷന്മാരും 883 പേർ സ്ത്രീകളുമാണ്. ഭാഗികമായി തൊഴിലുള്ള 2061 പേരിൽ 1316 പേർ പുരുഷന്മാരും 745 സ്ത്രീകളുമാണ്. ആകെ തൊഴിലെടുക്കുന്നവരിൽ

20 ശതമാനമാണ് സ്ത്രീതൊഴിലാളികൾ എന്നു കാണാം. തൊഴിൽ മേഖലയിൽ ഉൾപ്പെടുന്നില്ലെങ്കിലും വീട്ടു ജോലി ചെയ്യുന്നവരാണ് സ്ത്രീകളിൽ ഭൂരിഭാഗവും. ജോലിയൊന്നുമില്ല എന്നു പറയുന്ന ഈ വിഭാഗക്കാർ രാവിലെ 5 മണി മുതൽ രാത്രി വൈകുംവരെ ജോലിചെയ്യുന്നവരാണ് എന്ന് അംഗീകരിക്കുവാൻ പുരുഷന്മാർ തയ്യാറാവേണ്ടതുണ്ട്.

ജാതിമതസ്വാധീനം തൊഴിൽ മേഖലയിൽ കുറവാണ്. എങ്കിലും പാരമ്പര്യവുമായി ചെയ്തുവരുന്ന തൊഴിലുകളിൽ ഏർപ്പെടുന്നവർ ധാരാളമാണ്. നിർമ്മാണരംഗത്ത് കൂലി ഉയർന്നു നില്ക്കുന്നതിനാൽ കർഷകത്തൊഴിലാളികൾ നിർമ്മാണരംഗത്തേക്കു മാറുന്നതായി കാണുന്നു. കർഷകത്തൊഴിലാളികൾക്ക് കൂലി താരതമ്യേന കുറവായതിനാൽ പുതുതായി ഈ രംഗത്തേയ്ക്ക് കടന്നുവരുവാൻ യുവജനങ്ങൾ

ഭൂഗർഭജലസമ്പത്ത്

ബാലുശ്ശേരി ബ്ലോക്ക്

ആകെ ഭൂഗർഭജലം ഒരു വർഷത്തിൽ റീചാർജ് ചെയ്യുന്നത് വർഷത്തിൽ	ജലസേചനത്തിന് ഉപയോഗിക്കാവുന്ന ഭൂഗർഭ ജലം	ആകെ ഉപയോഗിച്ചത് 31-03-92 വരെ	ശേഷിപ്പ് 31-03-92 വരെ	ഉപയോഗ ശതമാനം	അഞ്ചുകൊല്ലത്തിനുശേഷം ഉപയോഗശതമാനം
50.38	40.3	6.02	34.28	14.94	26.29

മടിക്കുകയും ചെയ്യുന്നു. മാന്യത കുറഞ്ഞ ജോലിയായി കണക്കാക്കപ്പെടുന്ന അവസ്ഥയും നില നിൽക്കുന്നു. പാടങ്ങലെല്ലാം നാണ്യവിളകൾക്കും പുര യിടങ്ങൾക്കും വേമ്പ്ടി നകത്തപ്പെട്ടുകൊണ്ടിരിക്കുന്ന തിനാൽ നെൽകൃഷി വളരെയേറെ കുറഞ്ഞുപോയതും പ്രശ്നമാണ്. കാർഷിക വിളകൽ ഏറിയ കൂറും ദീർഘകാല വിളവുകളായതിനാൽ ഒരേ സമയം കൂടുതലൽ തൊഴിലാളികളെ ആവശ്യമില്ലാതെ വരുന്നതും തൊഴിൽ രംഗം മാറുവാൻ പ്രേരണയാ വുന്നു. ചെങ്കൽ ഖനനരംഗത്തും കരിങ്കൽ ക്വാറിയിലും ഒട്ടേറെ പേർക്കു ജോലി ലഭിക്കുന്നുണ്ട്. ക്വാറിയിൽ തമിഴ്നാട്ടുകാരായ തൊഴിലാളികളും ഗണ്യമായുണ്ട്. ക്വാറികളിൽ കൂടുതൽ ജോലിക്കാരുള്ളതിനാൽ കച്ചവട സാധ്യത കൂടുകയും പരോക്ഷമായ തൊഴിൽ സാധ്യത ഏറുകയും ചെയ്തിട്ടുണ്ടം. മണ്ണിന്റെറ മക്കൾവാദം പരോക്ഷമായിപ്പോലും ഇവിടങ്ങളിൽ ഇല്ലെന്നത് പ്രസ്താവ്യമാണ്. കാളപൂട്ടുകാരും തെങ്ങുക യറ്റത്തൊഴിലാളികളും കുറഞ്ഞുവരുന്നതായി കർഷക സമൂഹം തുറന്നുപറയുന്നു.

ജനസംഖ്യയിൽ മൊത്തത്തിലും പട്ടികജാതിയിലും പുരുഷന്മാർ തന്നെയാണ് കൂടുതലുള്ളത് പകു തിയിലും അല്പം കൂടുതൽ എന്നാൽ തൊഴിൽ മേഖ ലയിൽ ചെറുയൊരു ശതമാനമേ സ്ത്രീ തൊഴിലാളിക ളുള്ളൂ. സ്ത്രീകളുടെ രംഗത്ത് കാതലായ മാറ്റമുണ്ടായാൽ മാത്രമേ ഈ പഞ്ചായത്തിൽ മൊത്തത്തിലുള്ള പുരോഗതി സാദ്ധ്യമാവുകയുള്ളു വെന്ന് കാണാം.



IV (1) കൃഷി ജലസേചനം

ആമുഖം

പഴയ കുറുമ്പ്രനാട് താലൂക്കിന്റെ ഭാഗമായിരുന്ന കോട്ടൂർ പഞ്ചായത്ത് സംസ്ഥാന പുനർവിഭജനത്തിനുശേഷം കൊയിലാണ്ടി താലൂക്കിൽപ്പെടുന്ന കോട്ടൂർ അവിടനെല്ലൂർ വില്ലേജുകൾ പൂർണ്ണമായും കൂരാച്ചുണ്ട് വില്ലേജിന്റെ ഒരു ഭാഗവും ഉൾപ്പെടുന്നതാണ്. ഇതിൽ 2929.43 ഏക്കർ കോട്ടൂർ വില്ലേജിലും 4305.25 ഏക്കർ ഭൂമി അവിടനെല്ലൂർ വില്ലേജിലും പഴയ അൺസർവേയ്സ് ഭൂമി കൂരാച്ചുണ്ട് വില്ലേജിലും, ഇതിൽ കരിങ്കൽ പാറകൾ സ്ഥിതിചെയ്യുന്നതൊഴിച്ച് ബാക്കി മുഴുവൻ സ്ഥലവും വിവിധതരം കക്ഷികൾക്ക് ഉപയുക്തമായ താരതമ്യേന ഫലപുഷ്ടിയുള്ള കുന്നിൻ ചെരുവുകളും സമതലങ്ങളും ഉൾപ്പെടുന്ന ഭൂമിയാണ്. ഭൂപരിഷ്കരണ നിയമം നടപ്പിൽ വരും മുമ്പ് കിഴക്കേടത്ത് കോവിലകം രാജാവ്, അവിഞ്ഞാട്ട് മുണ്ടക്കില്ലത്ത് നാരായണൻ നമ്പൂതിരിപ്പാട്, ചാലിക്കര അമ്മോട്ടി, വലം പുതുശ്ശേരി ഇല്ലം, കുത്താളിനായർ, അവിടനല്ലൂർ, തൃക്കുറ്റിശ്ശേരി, കോട്ടൂർ കുന്നമംഗലം ദേവസ്വങ്ങൾ, എം. കെ. രാജ കക്കാട്ട് ഇല്ലം തുടങ്ങിയ വൻകിട ജന്മിമാരുടെയും 500 ലധികം ചെറുകിട ജന്മിമാരുടെയും ഉടമസ്ഥതയിലായിരുന്നു.

ഭൂപരിഷ്കരണം നടപ്പിൽ വന്നതിനുശേഷം ഇന്ന് 5396 കുടുംബങ്ങളുടെ കൈവശത്തിലേക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം മാറ്റപ്പെട്ടിരിക്കുന്നു.

കൂരാച്ചുണ്ട് വില്ലേജിൽപ്പെട്ട ഭൂമി ഇന്ന് അൺസർവെഡ് ആണ്. ഇവിടെ ഭൂരിഭാഗവും കുടിയേറ്റ കർഷകരാണ്. കേരളത്തിലെ മറ്റു പ്രദേശങ്ങളിൽ നടന്നുപോലെ ജനമി-കുടിയാൻ വർഗ്ഗവൈരുദ്ധ്യങ്ങൾ ഈ പഞ്ചായത്തിലെ കാർഷികമേഖലയിൽ രൂക്ഷമായിരുന്നില്ല. ഇതിനു കുറെ കാരണങ്ങളുണ്ട്. ഒന്നാമതായി ഭൂമിക്കുവേണ്ടിയുള്ള അത്യാഗ്രഹം ഇവിടത്തെ കർഷകർക്കുണ്ടായിരുന്നില്ല. കൃഷിചെയ്യാൻ ഇഷ്ടംപോലെ മലവാരം ലഭ്യമായിരുന്നു. കർഷകർ അതുകൊണ്ട് പൂനംകൃഷിയിൽ വ്യാപൃതരായിരുന്നു. അൻമ്പത് വർഷം മുമ്പ് ധാന്യങ്ങളായിരുന്നു കുലിയായി നൽകിയിരുന്നത്.

പഴയകാലത്ത് ഈ പഞ്ചായത്തിലെ മുഖ്യവിളനെല്ല് ആയിരുന്നു. പറമ്പുകളിൽപ്പോലും നെൽകൃഷി നടത്തിയിരുന്നു. തെങ്ങ് കുരുമുളക് എന്നിവയും വ്യാപകമായി കൃഷിചെയ്തിരുന്നു. ഇടവിളകളായി ഇഞ്ചി, ചേന, ചേമ്പ്, മഞ്ഞൾ, കാച്ചിൽ, പയർ, കൂർക്കിൽ, മധുരക്കിഴങ്ങ്, എന്നിവയും കൃഷിചെയ്തിരുന്നു. മരച്ചീനി കൃഷിക്ക് 50വർഷത്തോളം പഴക്കമേയുള്ളൂ. കുടിയേറ്റ കർഷകരുടെ ആഗമനത്തോടുകൂടി പൂനംകൃഷി അവസാനിക്കുകയും പഞ്ചായത്തിന്റെ ഭക്ഷ്യരംഗത്തെ സ്വയം പര്യാപ്തതക്ക് മങ്ങലേൽക്കുകയും ചെയ്തു. അവർ മുഖ്യമായും റബ്ബർ, തെങ്ങ് കുരുമുളക് തുടങ്ങിയ നാണ്യവിളകൾക്കാണ് പ്രാധാന്യം കൊടുത്തത്.

ഭൂപരിഷ്കരണം നടപ്പിൽ വന്നതോടുകൂടി കൃഷിക്കാർക്ക് പാട്ടം കൊടുക്കേണ്ടാത്ത സ്ഥിതി വന്നുവെങ്കിലും സ്വന്തം കൃഷിഭൂമിയിലെ ഉടമാവകാശം ലഭിച്ചിട്ടും തദനുസൃതമായി കാർഷികരംഗത്ത് ഉൽപ്പാദനവർദ്ധനവും ഉൽപാദനക്ഷമതാ വർദ്ധനവും ഉണ്ടാക്കുവാൻ കഴിഞ്ഞില്ല. പഞ്ചായത്തിലെ മുഖ്യവിള മുമ്പ് നെല്ലായിരുന്നെങ്കിൽ ഇന്ന് നെല്ലിന് 3ാം സ്ഥാനമുണ്ടുള്ളത്. 1970 ന് ശേഷം നെല്ലുൽപാദനരംഗത്ത് വർദ്ധനവുണ്ടായില്ലെന്നു മാത്രമല്ല പിറകോട്ടോടി ദൃശ്യമാവുകയും ചെയ്തു.

നിലവിൽ നെൽകൃഷി ചെയ്യുന്ന വയലുകളുടെ വിസ്തീർണ്ണം

വാർഡ്		ഏക്കർ	സെൻറ്
1	മുലാട്	21	23
2	കോട്ടൂർ	350	-
3	തിരുവോട്	183	-
4	പാലോളി	3	50
5	വാകയാട്	3	55
6	വാകയാട്	75	-
7	തൃക്കുറ്റിശ്ശേരി	260	-
8	നീറോത്ത്	53	-
9	പുനത്ത്	250	-
10	അവിടനല്ലൂർ	216	-
11	നരയംകുളം	46	87
	ആകെ	1462	15

മുമ്പ് നെൽകൃഷി ചെയ്തിരുന്ന സ്ഥലങ്ങൾ ഇപ്പോൾ തെങ്ങും കവുങ്ങും കൃഷി ചെയ്യുന്ന ഭൂമികളായി മാറികഴിഞ്ഞിരിക്കുന്നു. മലയോര മേഖലകളിൽ കുടിയേറ്റ കൃഷിക്കാർ വന്നതോടുകൂടി അവിടങ്ങളിൽ നടന്നിരുന്ന പുനം കൃഷി അവസാനിച്ചിരിക്കുന്നു. പറമ്പുകളിൽ നെൽകൃഷി ചെയ്തിരുന്ന സമ്പ്രദായം തീരെ അവസാനിച്ചിരിക്കുന്നു. കുറ്റ്യാടി ജലസേചന പദ്ധതികളുടെ കക്കോടി ബ്രാഞ്ച് കനാലിൽ നിന്നുള്ള ജലമുപയോഗിച്ച് നെൽകൃഷിചെയ്യാൻ സാധിക്കുന്നുണ്ട്. അതേ സമയം ജലസേചന സൗകര്യങ്ങൾ ലഭ്യമായ കൃഷിസ്ഥലങ്ങൾ പോലും ഒഴിച്ചിടുന്ന പ്രവണത കണ്ടുവരുന്നുണ്ട്. പരമ്പരാഗത ജലസ്രോതസ്സുകളായ തോടുകൾ, വ്യാപകമായ വനനശീകരണം മൂലം മഴ, അവസാനിച്ചുകഴിഞ്ഞാൽ വറ്റുന്ന സ്ഥിതിയും ഇവിടെ നിലനിൽക്കുന്നു. പലതോടുകളിലും വി.സി.ബി, വിയർ എന്നിവ സ്ഥാപിച്ച് ജലസംഭരണം നടത്തി കൃഷിക്ക് ഉപയുക്തമാക്കാനുള്ള സാധ്യതകൾ ഉണ്ട്. തോടിന്റെ കരകൾ, കാലവർഷത്തിൽ ഇടിഞ്ഞു നിരന്നു പോകുന്നത് തടയാൻ കരിങ്കല്ലുകൊണ്ട് ഭിത്തികെട്ടി സംരക്ഷിക്കാൻ വമ്പിച്ച മുതൽമുടക്ക് ആവശ്യമായി വരുന്നതുമൂലം കർഷകർക്ക് സ്വയം ചെയ്യാൻ സാധിക്കുന്നില്ല. തുണ്ടം തുണ്ടമായ പാടശേഖരങ്ങളും, തോടുകളുടെ ദൈർഘ്യവും നിമിത്തം ഏതെങ്കിലും സർക്കാർ ഏജൻസികളുടെ സഹായധനം ഇല്ലാതെ ഈ പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കുകയില്ല. കാടാപോലുള്ള സർക്കാർ ഏജൻസികൾ ഉണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിൽ കൃഷിയാവശ്യത്തിന് വേണ്ടത്ര പ്രയോജനം അതിൽ നിന്നും ലഭിക്കുന്നില്ല. പറമ്പുകൾ (തോട്ടം) നനയ്ക്കാനുള്ള സൗകര്യവും പരിമിതമായ രീതിയിലേ ഉപയുക്തമാക്കുന്നുള്ളൂ. ഏകദേശം 350ഓളം പമ്പുസെറ്റുകൾ നമ്മുടെ പഞ്ചായത്തിലുണ്ടെങ്കിലും ഭൂരിഭാഗവും ഗാർഹിക ആവശ്യത്തിനാണ് ഉപയോഗിക്കപ്പെടുന്നത്. കാർഷിക ആവശ്യത്തിന് ഉപയോഗിക്കുന്ന പമ്പുസെറ്റുകളുടെ എണ്ണം മുപ്പത് ആണ്. കാർഷിക ആവശ്യത്തിന് വൈദ്യുതി ലഭിക്കുന്നതിനുള്ള വിഷമങ്ങൾ പമ്പുസെറ്റുകളുടെ ഉപയോഗത്തിന് തടസ്സം നിലനില്ക്കുന്നു. പറമ്പുകളിലെ ജലസേചനത്തിന് സാമൂഹ്യജലസേചന പദ്ധതിക്കും സാധ്യതകൾ ഏറെയുണ്ട്.

പമ്പുസെറ്റുകളുടെ പട്ടിക

വാർഡ് നമ്പർ	വാർഡിന്റെ പേര്	എണ്ണം
1	മുലാട്	37
2	കോട്ടൂർ	53
3	തിരുവോട്	32
4	പാലോളി	10
5	വാകയാട് നോർത്ത്	31
6	വാകയാട് സൗത്ത്	65
7	തൃക്കുറ്റിശ്ശേരി	18
8	നീറോത്ത്	5
9	പുനത്ത്	28
10	അവിടനെല്ലൂർ	49
11	നരയംകുളം	16

കുളങ്ങളുടെ പട്ടിക

വാർഡ് നമ്പർ	വാർഡിന്റെ പേര്	കുളങ്ങളുടെ എണ്ണം
1	മുലാട്	6
2	കോട്ടൂർ	15
3	തിരുവോട്	4
4	പാലോളി	6
5	വാകയാട് നോർത്ത്	5
6	വാകയാട് സൗത്ത്	4
7	തൃക്കുറ്റിശ്ശേരി	20
8	നീറോത്ത്	4
9	പുനത്ത്	7
10	അവിടനല്ലൂർ	11
11	നരയംകുളം	9

സാമൂഹ്യ ജലസേചന പദ്ധതിക്ക് ഉപയോഗിക്കാൻ പറ്റിയ 5 പൊതുകുളങ്ങളും 86 സ്വകാര്യങ്ങളും പഞ്ചായത്തിലുണ്ട്. കുറ്റ്യാടി ജലസേചന പദ്ധതിയുടെ ജലം കർഷകർക്ക് പറമ്പിലെ ജലസേചനത്തിനുകൂടി ഉപയുക്തമാവുന്ന രീതിയിൽ ലഭിക്കത്തക്ക വിധം നിയമഭേദഗതികൾ കൊണ്ടുവരണം.

കാർഷികബന്ധങ്ങൾ

കഴിഞ്ഞകാലത്ത് നമ്മുടെ പഞ്ചായത്തിൽ സ്വന്തം ഭൂമിയിൽ കൃഷിയുന്ന ധാരാളം കൃഷിക്കാരുണ്ടായിരുന്നു. എന്നാൽ ഇന്ന് അത്തരം കർഷകരുടെ എണ്ണം പരിമിതമാണ്. ഇന്ന് കർഷകർ പൊതുവെ കാർഷികതൊഴിലാളികളെ ആശ്രയിക്കുന്ന സ്ഥിതിയാണുള്ളത്. കാർഷികതൊഴിലാളികൾ നിർമ്മാണമേഖലയിലേക്ക് ചേക്കേറുന്നതുമൂലം ഇവരുടെ എണ്ണം കുറഞ്ഞുവരുന്നു. നിർമ്മാണരംഗത്തെ കൂലി കൂടുതലും, യുവതലമുറക്ക് കാർഷിക വൃത്തിയോടുള്ള അവജ്ഞയും വെള്ളകോളർ മനോഭാവവും കാർഷികതൊഴിലാളികളുടെ എണ്ണക്കുറവിന് കാരണമാവുന്നു. മുൻകാലങ്ങളിൽ കാർഷികവൃത്തി സമൂഹങ്ങത്തിൽ മാന്യതയുടെ ഒരു പ്രതീകമായിരുന്നു. ഇന്നതിന് കോട്ടം തട്ടിയിരിക്കുന്നു.

കൂലിനിരക്കിന്റെ പട്ടിക

തൊഴിൽ	കൂലി (ചിലവു കൂടാതെ)
ഉഴവ്	125 രൂപ
കിളക്കൽ	70 രൂപ
ഞാറുനടൽ	40 രൂപ
കൊയ്ത്ത്, മെതി	15% (1/7 പതം)
തേങ്ങയിടൽ (100 തെങ്ങിന്)	100-200 രൂപ (3 തെങ്ങിന് 1 തേങ്ങ)
അടക്ക പറിക്കൽ	1.50 രൂപ (ഒരു മരത്തിന്)
റബ്ബർവെട്ട്	25 പൈസ (ഒരു മരത്തിന്)
മുളകുപറി	80-100 രൂപ
മൺകിള	80-100 രൂപ
കൽകെട്ട്	100-125 രൂപ
കളപറി, ഞാറുപറി	35-40 രൂപ

രാസവള ഉപയോഗം (മെട്രിക് ടൺ)

	രാസവളം N. P. K		
വർഷം	N	P	K
1991-92	11	9.31	14.21
1992-93	8.92	7.4	13.31
1993-94	8.41	6.5	12.61
1994-95	11.9	9.23	16.81
1995-96	10.81	8.23	18.21

കാർഷീകോപകരണങ്ങൾ(പട്ടിക)

തെങ്ങ്, കവുങ്ങ് തുടങ്ങിയ നാണ്യവിളകൾക്ക് മാത്രമേ പച്ചിലവളങ്ങൾ ഇപ്പോൾ ഉപയോഗിക്കാറുള്ളു. മുമ്പു കാലത്ത് നെല്ലിന് പച്ചില വളങ്ങൾ ഉപയോഗിച്ചിരുന്നെങ്കിലും ഇപ്പോൾ അങ്ങിനെ കാണാറില്ല. ചില പ്രദേശങ്ങളിൽ മാത്രം ഇരുപൂകൃഷിയിടങ്ങളിൽ മുതിര, ഉഴുന്ന്, ചണമ്പ് തുടങ്ങിയ പച്ചില വളച്ചെടികൾ വിത്തുകൾ വിതയ്ക്കുന്ന പതിവുണ്ട്.

വായ്പാസൗകര്യം

കർഷകർക്ക് ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് ധനസഹായം ലഭിക്കാൻ ഒട്ടേറെ കടമ്പകൾ കടക്കേണ്ടതായി വരുന്നു. പ്രധാനമായും കാർഷിക വികസന ബേങ്ക്, സൗത്ത് മലബാർ ഗ്രാമീണബാങ്ക്, കൂട്ടാലിട, കോട്ടൂർ സർവ്വീസ് കോ.ഓപ്.ബാങ്ക്, സൗത്ത് ഇൻ ബാങ്ക്, നടുവണ്ണൂർ റീജിനൽ കോ.ഓപ്.ബാങ്ക് എന്നീ സ്ഥാപനങ്ങൾ വഴിയാണ് വായ്പാസഹായം ലഭ്യമാവുന്നത്. ദീർഘകാല വായ്പകൾ ലഭിക്കാനുള്ള സൗകര്യങ്ങൾ കുറവാണ്. കൂട്ടാലിട ഗ്രാമീണ ബാങ്കിൽ നിന്നും ദീർഘകാല വായ്പകൾ ലഭിക്കാനുള്ള സൗകര്യം ലഭ്യമാക്കണം. വ്യവസായങ്ങൾക്ക് ചുരുങ്ങിയ പലിശനിരക്കിൽ വായ്പ ലഭ്യമാകുമ്പോൾ കാർഷിക വായ്പകൾക്ക് പലിശനിരക്ക് കൂടുതലാണ്. അതുകൊണ്ട് കൃഷിയെയും വ്യവസായമായി

കോട്ടൂർ വില്ലേജ്

	നഞ്ച ഇരുപുകിൽ	ഒരുപുകിൽ	തോട്ടം	സ്ഥിരം പുഞ്ച	അസ്ഥിരം പുഞ്ച	ജലസേചനം ഭൂമി	ആകെ ഭൂമി	നികുതി കെട്ടാത്തത്	പുറമ്പോക്ക്
കോട്ടൂർ ദേശം	6.90	123.43	407.25	37.28	66.70	109.80	641.54	6.69	25.61
തിരുവോട് "	3.00	49.39	417.00	57.86	21.87	-	549.41	948	.12
കുന്നരംവള്ളി "	-	.06	101.33	17.64	6.09	-	125.12	6.62	1.81
പാലൊളി "	-	28.20	267.74	3.64	0.07	-	299.65	2.91	5.47
പെരവച്ചേരി "	1.50	8.15	44.69	0.77	-	-	55.11	-	.12
മൂലാട്	9.25	66.43	460.38	17.01	116.07	53.20	669.14	7.98	23.09
നരയംകുളം	-	89.79	119.50	74.38	272.11	-	555.78	-	.58
ആകെ	20.65	365.45	1817.89	208.58	482.91	163.00	2895.75	33.48	

നഞ്ച	ഇരുപുകിൽ	20.65	നികുതി കെട്ടാത്തത്	33.61
നഞ്ച	ഒരുപുകിൽ	365.45	ജലസേചനം	163.00
നഞ്ച	തോട്ടം	2509.36		

അവിടനെല്ലൂർ വില്ലേജ്

ദേശം	നഞ്ച ഒരുപുകിൽ	നഞ്ച ഇരുപുകിൽ	തോട്ടം	സ്ഥിരം പുഞ്ച	ആകെ	നികുതി കെട്ടാത്തത്	പുറമ്പോക്ക്	ജലസേചനം	മിച്ചഭൂമി പതിച്ചു കൊടുത്തത്	അസ്ഥിരം പുഞ്ച	ജന്മിമാരുടെ കണക്ക്
വാകയാട് ദേശം	79.63	31.11	890.60	56.00	1133.09	6.25	7.64	-	-	75.00	265
തൃക്കുറ്റിശ്ശേരി ദേശം	122.17	4.22	336.70	13.33	486.70	10.41	3.93	ഹെ. 20.4	-	10.28	45
അവിടനല്ലൂർ ദേശം	41.65	198.16	628.69	239.81	1368.29	15.55	1.25	ഹെ. 24.5	0.80	337.58	89
നെല്ല്യേരി ദേശം	26.66	1.41	75.55	-	162.07	-	-	-	-	55.10	12
പൂനത്ത് ദേശം	145.40	-	354.17	129.84	1632.94	3.68	-	ഹെ. 5.9	8.95	403.53	49
ആകെ	415.51	234.90	2285.71	438.98	4256.54	35.89	12.82	-	-	881.49	460

കാർഷികോപകരണങ്ങൾ

വാർഡ് നമ്പർ	ഉഴവുപകരണങ്ങൾ		മരുന്നുതളി ഉപകരണങ്ങൾ						
പഞ്ചായത്ത്	ട്രാക്ടർ	ടില്ലർ	ഉഴവുകാള	റോക്ക്സ്പ്രെയർ	നാപ് സറ്റെക്ക്	മറ്റുള്ളവ	മെതിയന്ത്രം	തെങ്ങുകയറ്റയന്ത്രം	പോർട്ടബ്ൾ പമ്പ്സെറ്റ്
	-	1	58	50	70	-	-	2	250

അംഗീകരിച്ച് പലിശനിരക്ക് ഏകീകരിക്കുകയും വായ്പാവ്യവസ്ഥകൾ ഉദാരവല്ക്കരിക്കുകയും വേണം.

കൃഷിഭവൻ

കൃഷിഭവന്റെ ഇന്നത്തെ പ്രവർത്തനരീതികൾ കാര്യക്ഷമമല്ല. കൃഷിഭവന്റെ സേവനം കർഷകരുടെ ഇടയിലെത്തുന്നില്ല. കൃഷിഭവനിൽ ഇപ്പോഴുള്ള ഉദ്യോഗസ്ഥമേധാവിത്തം അവസാനിപ്പിച്ച് ജനകീയവൽക്കരിക്കണം. അത്യുൽപാദനശേഷിയുള്ള വിത്തുകൾ യഥാസമയത്ത് യഥാർത്ഥ കർഷകന് എത്തിക്കാൻ കൃഷിഭവൻ മുഖേന സാധിക്കണം. ആധുനിക കാർഷിക ഉപകരണങ്ങളായ സ്പ്രെയർ, ഞാറ് നടീൽ യന്ത്രം, കൊയ്ത്ത് മെതിയന്ത്രം മുതലായവ കർഷകർക്ക് വാടക്ക് ലഭ്യമാകത്തക്കരീതിയിൽ കൃഷിഭവനിൽ എത്തിക്കണം. മണ്ണുപരിശോധന നടത്തി വേണ്ട നിർദ്ദേശങ്ങൾ കർഷകന് നൽകാനുള്ള സംവിധാനവും കൃഷിഭവനിൽ ഉണ്ടാക്കണം. കൃഷിഭവൻ മുഖേന രാസവളങ്ങൾ, കീടനാശിനികൾ എന്നിവ യഥാവസരത്തിൽ സൗജന്യനിരക്കിൽ വിതരണം ചെയ്യണം. ഓരോ വാർഡിലും മുഴുവൻ കർഷകരെയും ഉൾപ്പെടുത്തി കൃഷിഭവന്റെ കീഴിൽ ആവശ്യമായത്രയെണ്ണം പ്രവ

ദുരിതാശ്വാസവിതരണം

വർഷം	പ്രശ്നബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം (ഹെക്ടർ)				ധനസഹായം ലഭിച്ചവരുടെ എണ്ണം	വിതരണം ചെയ്തതുക
	വെള്ളപ്പൊക്കം	വരൾച്ച	കൊടുങ്കാറ്റ്	ഉരുൾപൊട്ടൽ		
1993 - 94					1020 കി. നെൽവിത്ത് വിതരണം ചെയ്തു	
1994-95				ഇല്ല	158	38329
1995-96					82	68790
ആകെ					239	107119

നടീൽവസ്തുവിതരണം

ഇനം	1993-94	എണ്ണം 94-95	95-96
തെങ്ങ്	400	305	500
കശുമാവ്	160	160	
കുരുമുളക്	4200	300	9000
ഗ്രാമ്പു	50 എണ്ണം		
കവുങ്ങ്	400	100	300
സിനോമൺ ജാതി	80	20 എണ്ണം	

ർത്തനക്ഷമതയുള്ള പാടശേഖരകമ്മറ്റികൾ രൂപീകരിക്കണം.

കൃഷിജലസേചനം

നെൽകൃഷി : നമ്മുടെ പഞ്ചായത്തിൽ നെൽകൃഷി പൊതുവെ കുറഞ്ഞുവരുന്നതായി കാണാം. നെൽകൃഷി ആദായകരമല്ലാത്തതു കാരണം കൃഷിയിൽ താല്പര്യം കുറഞ്ഞുവരുന്നു. പകരം വയലുകൾ നികത്തി വീടുനിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്ന പ്രവണത കൂടിവരുന്നു. നെൽകൃഷി ആദായകരമല്ലാത്തതിനു പ്രധാനകാരണം ഉല്പാദനചെലവും ഉല്പന്നങ്ങളുടെ വിലയും തമ്മിലുള്ള വൻ വ്യത്യാസമാണ്. വയലുകൾ തുണ്ടംതുണ്ടമായതുമൂലം ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് കൃഷി ചെയ്യാൻ സാധിക്കുന്നില്ല. മറ്റൊരു പ്രധാനകാരണം ജലദൗർലഭ്യമാണ്.

പഞ്ചായത്തിൽ പുനത്ത് തൃക്കുറ്റിശ്ശേരി ഭാഗങ്ങളിൽ മാത്രമേ ഗ്രൂപ്പ് ഫാമിംഗ്രീതി നിലവിലുള്ളു ഈ രീതി പഞ്ചായത്തിലെ മറ്റു വാർഡുകളിലും നിർബന്ധമായും നടപ്പിലാക്കണം. ഇതുവഴി ഉല്പാദനചിലവ് കുറയ്ക്കാനും, കീടശല്യം നിയന്ത്രിക്കാനും ഒരേ സമയത്ത് കൃഷിയിറക്കാനും ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്താനും സാധിക്കും ജലത്തിന്റെ സന്തുലിതമായ വിതരണത്തിനും ഇതുമൂലം സാധിക്കും. പൊതു ഞാറ്റടി, ഒരേ രീതിയിലുള്ള വിത്തിന്റെ ഉപയോഗം രാസവള പ്രയോഗം എന്നിവയിലെല്ലാം ഫലപ്രദമായി നടത്താൻ ഗ്രൂപ്പ് ഫാമിംഗ് മൂലം കഴിയും.

പഞ്ചായത്തിൽഭാഗികമായി മാത്രമേ കുറ്റ്യാടി ജല വൈദ്യുത പദ്ധതിയുടെ ഭാഗമായ കനാലിൽ നിന്നും വെള്ളം ലഭിക്കുന്നുള്ളു. പൊതുവെ ഉയർന്ന പ്രദേശമായതുകൊണ്ട് കനാൽ വെള്ളം 'ലിഫ്റ്റ് ഇറിഗേഷൻ' പദ്ധതിയിലൂടെ എത്തിച്ചാൽ മാത്രമേ പഞ്ചായത്തിലെ മുഴുവൻ കൃഷിയിടങ്ങളിലും വെള്ളം എത്തിക്കാൻ കഴിയൂ. നെൽവയലുകളിൽ മഴക്കാലത്ത് വെള്ളം കെട്ടിനിന്ന് കൃഷിചെയ്യാൻ പറ്റാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. നീർവാർച്ചാസൗകര്യം സർക്കാർ തലത്തിൽ ഉണ്ടാക്കിയാൽ കൃഷിയിടങ്ങൾ സംരക്ഷിക്കാൻ സാധിക്കും.

മുൻകാലങ്ങളിൽ ഉപയോഗിച്ചിരുന്നതും ഉല്പാദനക്ഷമതയും രോഗപ്രതിരോധശേഷിയും ഉള്ളവയും, വിവിധ ഭൂപരിതസ്ഥിതികളിൽ ഉപയോഗിക്കാൻ പറ്റിയവയുമായ വിവിധതരം നെൽവിത്തുകൾ ഇന്ന് അപ്രത്യക്ഷമായിട്ടുണ്ട്.

നാട്ടറിവ്

ഇത്തരം വിത്തുകൾ ശേഖരിച്ച് വിത്ത് ബാങ്കുകളിൽ സൂക്ഷിച്ചുവെച്ച് ആവശ്യാനുസരണം പ്രയോജനപ്പെടുത്താനുള്ള സംവിധാനം ഗവൺമെൻറ് തലത്തിൽ ചെയ്യണം അത്യുല്പാദന ശേഷിയുള്ള നെൽവിത്തുകൾ വേണ്ട സമയത്ത് ലഭ്യമാക്കണം.

രോഗങ്ങൾ

നെൽകൃഷിക്ക് സാർവ്വത്രികമായി കണ്ടുവരുന്ന രോഗം കണ്ടപ്പുഴു ശല്യമാണ്. ഇതിനെതിരെ ഇന്ന് ലഭ്യമായിട്ടുള്ള കീടനാശിനി ഫുരഡാൻ ആണ്. ഇതിന്റെ പ്രയോഗം കൃഷിക്ക് ഗുണകരമായ ജൈവ വൈവിധ്യങ്ങളുടെ നാശത്തിന് വഴിവെക്കുകയും കർഷകതൊഴിലാളികളുടെ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാവുകയും ചെയ്യുന്നു. പഞ്ചായത്തിലുള്ള ചില പാടശേഖരങ്ങളിൽ ആഫ്രിക്കൻ പായലുകളുടെ ശല്യം കണ്ടുവരുന്നു. ഈ ആഫ്രിക്കൻ പായൽ ഉപയോഗപ്പെടുത്തി ജൈവവളം നിർമ്മിക്കാനുള്ള സാധ്യതയുണ്ട്.

തെങ്ങ് :

കോട്ടൂർ ഗ്രാമപഞ്ചായത്തിലെ മുഖ്യവിളയാണ് തെങ്ങ്. ഉല്പാദനക്ഷമത സംസ്ഥാന ശരാശരിയേക്കാൾ ഉയർന്നുനില്ക്കുന്നുണ്ടെങ്കിലും അശാസ്ത്രീയ കൃഷിരീതി അവലംബിക്കുന്നതുകാരണം ഉല്പാദനക്ഷമത കൂട്ടാൻ കഴിഞ്ഞിട്ടില്ല. ഏകദേശം 1600 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷിചെയ്യപ്പെടുന്നുണ്ട്. പ്രധാന ഇനങ്ങൾ വെസ്റ്റ് കോസ്റ്റ്, T X D, 90-ാം തെങ്ങ്, ചെന്തെങ്ങ്, ഇയ്യത്തെങ്ങ് (ഗൗരീഗാത്രം) എന്നിവയാണ്. ഭൂരിപക്ഷവും വളരെ ഉയരത്തിൽ വളരുന്ന ഇനങ്ങളാണ്. മണ്ണിട്ടുനികത്താൻ സാധ്യതയുള്ള പാടങ്ങളിൽ നെൽകൃഷി മാറ്റി തെങ്ങുകൃഷി ആരംഭിച്ചതിനാൽ നെല്ലുല്പാദനം കുറഞ്ഞതല്ലാതെ നാളികേര ഉല്പാദനം താരതമ്യേന കൂടിയതായി പറയാൻ സാധിക്കില്ല. കുന്നരംവള്ളി, പാലോളി, വാകയാട്, തിരുവോട് തുടങ്ങിയ സ്ഥലം വെട്ടുകൽ പ്രദേശങ്ങൾ ആയതിനാൽ കശുമാവിൻ കൃഷിക്കാണ് അനുയോജ്യമെങ്കിലും അവിടങ്ങളിലും തെങ്ങുകൃഷി നടത്തുന്ന

മുണ്ടകൻ	വെതാണ്ടം, ഒറ്റൽ മുണ്ടകൻ, ഏക്രക്ക് എട്ട്, കുട്ടാടൻ, ഓർപാണ്ടി, ചിറ്റേനി, ഇട്ടികണ്ടപ്പൻ, ചെറുചിറ്റേനി
വിരിപ്പ്	തവളക്കണ്ണൻ, ആര്യങ്കാളി, വെള്ളപുണാരൻ, പള്ളാരൽ, ഓണോട്ടൻ
പുനം	പുക്കുലാടൻ, കോയ്യാള, കരുവാള
പറമ്പ്	ചോമാല, ചെന്നെല്ല്, കറുത്തകല്ലുരുണി, ചുകന്ന കല്ലുരുണി, വെളിത്തടുക്കൻ, കറുത്തടുക്കൻ, ഏച്ചിലാടൻ, നകര, കുട്ടിവിത്ത്, വില്ലൻ

തിനാൽ അവിടങ്ങളിലെ ഉല്പാദനക്ഷമത കുറവാണ്. ഉല്പാദനക്ഷമത കൂടിയതും രോഗപ്രതിരോധശേഷിയുള്ളതുമാണ് പരമ്പരാഗതമായി നിലവിലുള്ള തെങ്ങിനങ്ങൾ പ്രാദേശികാടിസ്ഥാനത്തിൽ വിതതുതേങ്ങ സംഭരിച്ച് തൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനു പകരം മറ്റുള്ള ഏജൻസികൾ ഉല്പാദിപ്പിക്കുന്ന ഗുണമേന്മ കുറഞ്ഞ തൈകളാണ് ഇവിടെ വിതരണത്തിനെത്തുന്നത്. വിത്തുതേങ്ങകളുടെ ഉല്പാദനവും വിതരണവും പ്രാദേശികാടിസ്ഥാനത്തിൽ നടത്താനുള്ള പദ്ധതി വേണം. തെങ്ങുകയറ്റം, തെങ്ങുസംരക്ഷണതൊഴിൽ എന്നീ മേഖലകളിൽ തൊഴിലാളികളുടെ ദൗർല്ലഭ്യം അനുഭവപ്പെടുന്നു. ഈ രംഗത്ത് ഉല്പാദനചെലവ് കുറയ്ക്കുന്ന തരത്തിലുള്ള യന്ത്രവൽക്കരണം വേണം. ഉല്പാദനം വർദ്ധിപ്പിക്കാൻ ശാസ്ത്രീയരീതിയിലുള്ള ജൈവരാസവളപ്രയോഗവും ജലസേചനവും നടപ്പിലാക്കിയാൽ ഉല്പാദനക്ഷമത തമിഴ്നാടിന്റെയും കർണ്ണാടകത്തിന്റെയും നിലവാരത്തിലേക്ക് ഉയർത്താൻ കഴിയും. ജലസേചനസൗകര്യങ്ങൾ നിലനിർത്താനുള്ള വേനൽക്കാല സംരക്ഷണപ്രവർത്തനങ്ങളും, തെങ്ങിന് ചുറ്റും കരിയിലയും ചപ്പുചവറുകളും കൊണ്ട് പുതയിടലും നടത്തിയാൽ ബാഷ്പീകരണം തടയാൻ കഴിയും. ഇത്തരത്തിലുള്ള ബോധവൽക്കരണം കൃഷിക്കാരുടെ ഇടയിൽ നടത്തണം. നെൽകൃഷി നടപ്പാക്കി, ജലലഭ്യതയുള്ള സ്ഥലങ്ങളിൽ സാമൂഹ്യജലസേചനപദ്ധതി നടപ്പിൽ വരുത്തണം. ഈ കൂട്ടായ്മ ജൈവവള സംഭരണരംഗത്തും പ്രയോജനപ്പെടുത്താൻ കഴിയും.

രോഗങ്ങൾ

തെങ്ങുകൃഷിക്ക് പ്രധാനമായി കണ്ടുവരുന്ന രോഗങ്ങൾ കുമ്പുചീയൽ, ചെന്നീരൊലിപ്പ് ഇലമഞ്ഞളിപ്പ്, മച്ചിങ്ങാ കൊഴിച്ചിൽ മുതലായവയാണ്. ഇതിന് ഇന്ന് ലഭ്യമായ പ്രതിരോധ നടപടികൾ വേണ്ടത്ര ഫലപ്രദമല്ല. നാളികോരത്തെ എണ്ണക്കുരുവായി പ്രഖ്യാപിച്ചുകൊണ്ട് എണ്ണക്കുരു ഗവേഷണ രംഗത്തും വ്യാപിക്കുവാൻ കേന്ദ്ര സംസ്ഥാന സർക്കാരുകൾ മുൻകൈ എടുക്കണം.

വിപണനം

ഇന്ന് നാളികേര കൃഷിക്കാർ നേരിടുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്ന് ഉല്പാദന വിലയുടെ സ്ഥിരത യില്ലായ്മയാണ്.

ആഴ്ചകളോ മാസങ്ങളോ സ്ഥിരമായി നിൽകുന്ന വിലനിലവാരം ഇന്നില്ല. ഇതിന് പരിഹാരം എന്ന നിലക്ക് കേരഫെഡിന്റെ നേതൃത്വത്തിൽ സഹകരണ സംഘങ്ങൾ മുഖേന മുഴുവൻ കൊപ്രയും ശേഖരിക്കാനുള്ള സൗകര്യം ഉണ്ടാക്കണം. ഇതുമൂലം കർഷകർക്ക് അർഹമായ വില കൂടുന്നതോടൊപ്പം സഹകരണ സംഘങ്ങൾക്ക് പലിശേതര വരുമാനമാർഗ്ഗം ഉണ്ടാവുകയും ചെയ്യും. മങ്കാവിലുള്ള കൊപ്രസംസ്കരണകേന്ദ്രം ഉടൻ പ്രവർത്തനമാരംഭിച്ചാൽ സംഭരണരംഗത്ത് ഒരു വമ്പിച്ച മുന്നേറ്റമുണ്ടാക്കാൻ കഴിയും. കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി പഞ്ചായത്തിൽ കൃഷിക്കാരിൽ നിന്നു തൊണ്ടുകളഞ്ഞ നാളികേരം തൂക്കിവാങ്ങി ആധുനീക സാങ്കേതീക വിദ്യ ഉപയോഗിച്ച് കൊപ്രയാക്കി മാറ്റുന്ന ഒരു സംഭരണ സംസ്കാരണ കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. ഇത്തരം ഒരു സംഭരണ സംസംകരണകേന്ദ്രം സഹകരണ പ്രസ്ഥാനത്തിൽ നമ്മുടെ പഞ്ചായത്തിൽ ആരംഭിക്കണം. ഈ സംസ്കരണ കേന്ദ്രത്തിൽ നിന്ന് കിട്ടുന്ന തേങ്ങാവെള്ളം ഉപയോഗിച്ച് സുർക്ക മുതലായ ഉല്പന്നങ്ങൾ നിർമ്മിക്കാനും സാധിക്കും.

ഉപോല്പന്നങ്ങൾ : ചകിരി

പ്ലാസ്റ്റിക്ക് ഉല്പന്നങ്ങളുടെ കടന്നകയറ്റം കയർ വ്യവസായത്തിൽ പ്രതിസന്ധിസൃഷ്ടിച്ചിരിക്കുന്നു. ഇതിൽ നിന്നു രക്ഷനേടാൻ കയർ വ്യവസായരംഗത്ത് ആധുനീകവൽക്കരണം ആവശ്യമാണ്. പച്ചചകിരിയിൽ നിന്നും ചകിരിനാര് നിർമ്മിക്കുന്ന വ്യവസായ സംരംഭങ്ങൾ പഞ്ചായത്തിൽ വ്യപിപ്പിക്കുവാൻ കഴിയണം. ഈ വ്യവസായ സ്ഥാപനത്തിൽ നിന്നു പുറം തള്ളുന്ന ചകിരിച്ചോർ ഉപയോഗിച്ച് ചുരുങ്ങിയ ചിലവിൽ ജൈവവളം നിർമ്മിക്കാനുള്ള സാങ്കേതീക വിദ്യ ഇന്ന് ലഭ്യമാണ്. ഈ ജൈവവളം മണ്ണിലെ ജലാംശം നിലനിർത്താൻ സഹായിക്കുന്നു.

ചിരട്ട

കരകൗശല രംഗത്ത് ഉപയോഗപ്പെടുത്താവുന്ന ഒരു പ്രമുഖ വസ്തുവാണ് ചിരട്ട. ആധുനീക സാങ്കേതീക വിദ്യ ഉപയോഗിച്ച് ഈ രംഗം പുഷ്ടിപ്പെടുത്തിയാൽ വിപുലമായ കയറ്റുമതി സാദ്ധ്യത ഉണ്ടാക്കിയെടുക്കാം. ചിരട്ടയും തെങ്ങിന്റെ മുഴുവൻ ഭാഗങ്ങളും ഇന്ധനമായി ഉപയോഗിക്കാം.

ഇളനീർ

ശീതളപാനീയ രംഗത്ത് പ്രമുഖ സ്ഥാനത്ത് നിൽകുന്ന ഒന്നാണ് ഇളനീർ. പക്ഷെ കേരളത്തിൽ ശീതള പാനീയമായി ഉപയോഗിക്കുന്ന പ്രവണത വളരെ വിരളമാണ്. സർക്കാർ മുൻകൈ എടുത്ത് ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലുടെ വ്യപകമായ ബോധവൽക്കരണം നടത്തിയാൽ വമ്പിച്ച വിപണന സാധ്യത ഈ രംഗത്തുണ്ട്. രോഗികൾക്ക് രക്തത്തിലേക്ക് നേരിട്ട് പ്രവേശിപ്പിക്കാൻ പറ്റുന്നതാണ് ഇളനീർവെള്ളം. കൂടാതെ മറ്റൊരു ഉല്പന്നമായ വെളിച്ചെണ്ണയുടെ ഔഷധ മൂല്യത്തെ ക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കേണ്ടതാണ്.

വാർഡ് നമ്പർ	തെങ്ങ്കൃഷി വിസ്തീർണ്ണം	തെങ്ങ് എണ്ണം			രോഗം ബാധിച്ച തെങ്ങ്			
		കായ്ക്കാത്തത്	കായ്ക്കുന്നത്	ആകെ	ഉല്പാദന ക്ഷമത	ബറൂട്ട് ബ്ലീഡിങ്ങ്	സ്റ്റെം	ആകെ
1 to 11	1600ഹെക്ടർ	85,000	1,87,000	2,72,000	തെങ്ങ് 1ന് 50 എണ്ണം	50	70	120

കവുങ്ങ്

നമ്മുടെ പഞ്ചായത്തിൽ കർഷകരുടെ വരുമാനത്തിൽ രണ്ടാം സ്ഥാനം കവുങ്ങിനാണ്. പ്രധാനമായും നാടൻഇനങ്ങളാണ് കൃഷി ചെയ്ത്വരുന്നത് മംഗള, .കാസർഗോഡൻ എന്നീ ഇനങ്ങളും കൃഷി ചെയ്തുവരുന്നുണ്ട്. ഭൂരിഭാഗം കൃഷിക്കാരും കവുങ്ങിന് കൃത്യമായി വെള്ളം ചേർക്കുന്ന ശീലമുള്ളവരല്ല. വേണ്ടരീതിയിൽ ജലസേചനവും വളപ്രയോഗവും നടത്തിയാൽ ഉല്പാദനം ഗണ്യമായി വർദ്ധിപ്പാക്കാം. സാധാരണയായി കണ്ട്വരുന്ന രോഗങ്ങൾ മാഹാളി, മഞ്ഞളിപ്പ് എന്നിവയാണ്. ഇതിന് ഫലപ്രദമായ പരിഹാരമാർഗത്തെക്കുറിച്ച് കർഷകർ ബോധവാൻമാരല്ല. രോഗപ്രധിരോധമാർഗങ്ങളെപ്പറ്റി കവുങ്ങ് കർഷകരെ ബോധവൽക്കരിക്കണം.

വിപണനം

കർഷകരിൽ ഭരിഭാഗം പേരും പയിങ്ങ(ഇളം പ്രായത്തിലുള്ള അടക്ക) അനാദായ വിലക്ക് വിൽക്കുകയാണ് പതിവ്. ഇത് വിൽക്കണമെങ്കിൽ തന്നെ പേരാമ്പ്ര ബാലുശ്ശേരി തുടങ്ങിയ വിദൂരസ്ഥലത്തുള്ള കച്ചവടക്കാരെ ആശ്രയിക്കേണ്ടിവരുന്നു. അടക്കയാക്കി ഉണക്കി വിൽക്കുന്നത്വരെ കാത്തിരിക്കാൻ സാമ്പത്തീക പ്രയാസം അനുവദിക്കാത്തതാണ് പയിങ്ങ പറിച്ച് വിൽക്കാൻ കർഷകരെ പ്രേരിപ്പിക്കുന്നത്. മാർക്കറ്റിങ്ങ് സൊസൈങ്ങികൾ സ്ഥാപിച്ച് പറഞ്ഞ മാസങ്ങളിൽ സാമ്പത്തീകാനുകൂല്യങ്ങൾ നൽകി അടക്ക ഉൽപാദിപ്പിക്കാനുള്ള പ്രേരണ കർഷകരിൽ വളർത്തെയെടുക്കണം. അടക്ക സംഭരിച്ച് സംസ്കരിക്കീനും വിപണനം നടത്താനും സംവിധാനമുണ്ടായാൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും. (ആയിരം പൈങ്ങ 6-7 കി.ലൊഗ്രാം ലഭിക്കുമ്പോൾ ആയിരം കൊട്ടടക്ക 6-7കി.ലോ:ഗ്രാംലഭിക്കുന്നു. പൈങ്ങയുടെ ഇരട്ടിയിലധികം വില കൊട്ടടക്കയ്ക്കുണ്ട്)

കുരുമുളക്:

പഞ്ചായത്തിൽ കർഷകർ കുരുമുളക് കൃഷിചെയ്യുന്നത് ഇട വിളയായിട്ടാണ്. സുഗന്ധദ്രവ്യങ്ങളിൽ പ്രഥമ സ്ഥാനത്ത് നിൽക്കുന്ന കുരുമുളക് മുൻകാലങ്ങളിൽ കൃഷിക്കാരന്റെ നല്ല വരുമാനമാർഗ്ഗമായിരുന്നു. കരിമുണ്ട, കോട്ടേൻ, കല്ല്വള്ളി തുടങ്ങിയ വയായിരുന്നു മുൻകാലങ്ങളിലെ പ്രധാന ഇനങ്ങൾ, കുടിയേറ്റകർഷകരുടെ ആഗമനത്തോടെ കൂടുതൽ ഇനങ്ങൾ ഈ രംഗത്ത് കടന്നു വന്നു. പൂതിയ ഇനങ്ങൾ പലതും കണ്ടുപിടിക്കപ്പെട്ടുവെങ്കിലും അവയൊന്നും കർഷകരുടെ ഇടയിൽ വേണ്ടത്ര പ്രചരിച്ചിട്ടില്ല. ശാസ്ത്രീയ കർഷകരീതികളും യഥാവസരത്തിലുള്ള വളപ്രയോഗവും ഈ രംഗത്ത് നിലവിൽ വന്നിട്ടില്ല. അറിവില്ലായ്മയും സാമ്പത്തീക ഞെരുക്കവുമാണ് ഇതിന് പ്രധാന കാരണം. തെങ്ങിൻ തോപ്പിലും കവുങ്ങിൻ തോട്ടത്തിലും വ്യാപകമായ കൃഷി ചയ്യാൻ കഴിയും.

വിപണനം.

അസ്ഥിരമായ വിലനിലവാരം, ശരിയായ സംസ്കരണരീതിയുടെ അറിവിലായ്മ എന്നിവയാണ് വിപണനരംഗത്തെ പ്രശ്നങ്ങൾ. സാമ്പത്തീക പ്രയാസം കാരണം മാർക്കറ്റിൽ വിലനിലവാരം ഉയരുന്നത്വരെ കാത്തിരിക്കാൻ കർഷകർക്ക് കഴിയാറില്ല. ഇതിന് പരിഹാരമായി സഹകരണ ബാങ്കുകളൊ സർക്കാർ ഏജൻസികളോ കുരുമുളക് ഈട് വെച്ച് കർഷകർക്ക് വായ്പ നൽകുവാൻ തയ്യാറാവണം.

വാഴ

കദളി, കുന്നൻ, പൂവൻ, മണ്ണൻ, മൈസൂർ, ഗന്ധപ്പച്ച, എന്നീ ഇനങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ താമസസ്ഥലങ്ങളോടനുബന്ധിച്ച് വ്യാപകമായി കൃഷിചെയ്ത്വരുന്നു. ചിലയിടങ്ങളിൽ ഔഷധഗുണമുള്ള കല്ല്വാഴയും, ചെങ്കദളിയും കൃഷിചെയ്യുന്നുണ്ട്. ഭക്ഷ്യക്ഷാമം നേരിട്ടിരുന്ന കാലത്ത് പ്രമുഖ സ്ഥാനം വാഴയ്ക്ക് ലഭിച്ചിരുന്നു. വാഴകട്ടി,ഉണ്ണികാമ്പ്, കണ്ട തുടങ്ങിയ ഭാഗങ്ങളും അന്ന് ഭക്ഷിച്ചിരുന്നു. എന്നാൽ അമിതരാസവളപ്രയോഗവും കീടനാശിനി പ്രയോഗവും ഈ രംഗത്ത് വന്നതോടെ ഇതിന് മാറ്റം വന്നു. ഇപ്പോൾ വയലുകളിലും കുന്നിൻപ്രദേശങ്ങളുലും നേന്ത്രവാഴയും റോബസ്റ്റയും വ്യാപകമായി കൃഷിച്ചെയ്യുന്നുണ്ട്. മുമ്പൊക്കെ നാടൻ കുലകളും നേന്ത്രക്കുലയും മാർക്കറ്റിലേക്ക് കയറ്റി അയച്ചിരുന്നു. ഇപ്പോൾ ഉല്പാദനം പ്രാദേശിക ഉപഭോഗത്തിന് തികയാത്തതിനാൽ ഇറക്കുമതി ചെയ്യേണ്ടി വരുന്നു. വാഴകൃഷിയെ വേണ്ടത്ര പരിചരിക്കാത്ത ഇന്നത്തെ അവസ്ഥ മാറ്റിയാൽ ആവശ്യമനുസരിച്ച് ഉല്പാ

ദിപ്പിക്കാനും കയറ്റി അയ്ക്കാനും കഴിയും.

രോഗം

വാഴക്ക് രോഗം വ്യാപകമായി കണ്ട് വരുന്നു. ഇതിന് പരിഹാരമായി ഉപയോഗിക്കുന്ന ഫ്യൂറഡാൻ മാരകമായ വിഷമായതിനാൽ പകരം പ്രധിവിധി കണ്ടെത്തണം.

മരച്ചീനി:

1940 കളിൽ കുടിയേറ്റ കർഷകരുടെ ആഗമനത്തോടെയാണ് മരച്ചീനികൃഷി വ്യാപകമായത്. ഏകദേശം 10വർഷംമുമ്പ് വരെ മരച്ചീനി അടുത്ത പ്രദേശങ്ങളിലേക്ക് കയറ്റി അയച്ചിരുന്നു. എന്നാൽ ഇന്ന് ഉപയോഗത്തിന് മുഖ്യമായും ഇറക്ക്മതിയെ ആശ്രയിക്കോണ്ടിവരുന്നു. മുമ്പ് പ്രത്യേകപരിചരണമൊന്നും ലഭിക്കാതെതന്നെ സമൃദ്ധമായ വിളവ് തന്നിരുന്ന ഇനങ്ങളായ, പുന്നൂർ കപ്പ, ഇലമുറിയൻ, കറുത്തറൊട്ടി, നേന്ത്രകപ്പ, ചായകപ്പ, വെള്ളത്തണ്ട്, പാമ്പക്കാടൻ, മദിരാശി, ആറാംമാസം,എന്നിവയായിരുന്നു കൃഷിചെയ്തിരുന്നത്. കാലാന്തരത്തിൽ ഈ ഇനങ്ങളെല്ലാം നഷ്ടപ്പെട്ടുപ്പോയിരിക്കുന്നു. പകരം M.4(എം. ഫോർ) മിക്സ്ചർ (Mixture), സിലോൺ എന്നീ ഇനങ്ങൾ കൃഷിചെയ്തുവരുന്നു. സൂര്യപ്രകാശം ലഭിക്കുന്ന തരിശ് ഭൂമിയുടെ അഭാവം, എലിശല്യം കന്നി വയലുകളിലെ തെങ്ങ്കൃഷി ഇവ മരച്ചീനികൃഷി മന്ദീഭവിക്കാൻ കാരണമായി. വിലയും ഉൽപാദനചെലവുംമായി താരതമ്യം ചെയ്യുമ്പാൾ ആദായകരമായ ഒരു കൃഷിയാണിത്.

ഇഞ്ചി

മുപ്പത് വർഷങ്ങൾക്ക് മുമ്പ് നമ്മുടെ പഞ്ചായത്തിൽ വ്യാപകമായി കൃഷിചെയ്തിരുന്ന ഒരു സുഗന്ധവിളയാണ് ഇഞ്ചി. പച്ചിലവളത്തിന്റെറയും കാലിവളത്തിന്റെറയും അഭാവം ഈ കൃഷിയെ ദോഷകരമായി ബാധിച്ചു. അസ്ഥിരമായ വിലനിലവാരം ഉല്പാദനം കുറയാനിടയായ മറ്റൊരു കാരണമാണ്.

മഞ്ഞൾ

നമ്മുടെ പഞ്ചായത്തിൽ വിപണനാടിസ്ഥാനത്തിൽ മഞ്ഞൾ കൃഷിചെയ്യുന്നവർ വളരെ വിരളമാണ്. വിലക്കുറവാണ് കാരണം. ശാസ്ത്രീയസംസ്കരണംത്തിന്റെ അഞ്ജത ഉയർന്ന വിലലഭിക്കാതിരിക്കാനുള്ള ഒരു കാരണമാണ്. വലിയ മുതൽമുടക്കില്ലാത്ത ചുരുങ്ങിയ പരിചരണം കൊണ്ട് ഈ കൃഷി നടത്താം.

കച്ചോലം

വാകയാട്. 6, 7 വാർഡുകളിലും IX-വാർഡിലെ നരയംകുളത്തും അപൂർവ്വമായി കൃഷിചെയ്യപ്പെടുന്നു. മെച്ചപ്പെട്ട വില കിട്ടിയപ്പോൾ കർഷകർ ഈ കൃഷിയിൽ ശ്രദ്ധിച്ചിരുന്നു. ഇന്നത്തെ വിലക്കുറവ് ഈ കൃഷയോടുള്ള അഭിമുഖ്യം നഷ്ടപ്പെടുത്തി.

ഔഷധസസ്യങ്ങൾ

നമ്മുടെ പഞ്ചായത്തിൽ മുമ്പ് കണ്ടിരുന്ന ഔഷധസസ്യങ്ങൾ, വ്യാപകമായ കൃഷിയും വനനശീകരണവും മൂലം ഒരു പരിധിവരെ നഷ്ടപ്പെട്ടിരിക്കുന്നു. ഇവ ശേഖരുച്ച് കൃഷിചെയ്താൽ ജൈവ വൈവിദ്ധ്യം നിലനിർത്തുന്നതോടൊപ്പം, ഒരു വരുമാനമാർഗ്ഗം കൂടെയാണ്. വീട്ടപറമ്പുകൾക്ക് വേലിനിർമ്മിക്കാൻ ആടലോടകം പോലുള്ള ഔഷധ സസ്യങ്ങൾ ഉപയോഗപ്പെടുത്താം. പ്രത്യെക സംരക്ഷണമില്ലാതെ തന്നെ അനേകം ഔഷധസസ്യങ്ങൾ നമുക്ക് നട്ടുവളർത്താം വിപണനത്തോടൊപ്പം പ്രഥമ ശുശ്രൂഷക്കും ഉപയോഗപ്പെടുത്താം. ആടലോടകം, പുത്തരിച്ചുണ്ട, ചെക്കി, വെള്ളോട്ടുണ്ട, കൊഴിഞ്ഞിൽ, ശതാവരി, വേലിപ്പരുത്തി, ചിറ്റാമൃത്, അമൽപൊരി, കുറുന്തോട്ടി, വയമ്പ്,ബ്രഹ്മി ചെറുചീര, ആവണക്ക്, തഴുതാമ, നീലഅമരി, കുഞ്ഞുണ്ണി തുടങ്ങി പഞ്ചായത്തിൽ കണ്ടുവരുന്ന ഔഷധങ്ങൾ വ്യാപകമായി കൃഷിചെയ്യാൻ കഴിയും. ഇതോടൊപ്പം, പതുമുഖം, കൊടുവേലി, നാല്പാമരങ്ങൾ, രക്തചന്ദനം, കസ്തൂരിമഞ്ഞൾ, നാഗപൂവ്, പാൽമുതുക്കൻകിഴങ്ങ് നന്നാറി, തുളസി, കരിനൊച്ചി, വേപ്പ്, ഉങ്ങ്, നെല്ലി എന്നീ ഔഷധസസ്യങ്ങളുടെ നഴ്സറി ആരംഭിച്ച് കൃഷി വ്യാപിപ്പിക്കാം.

കശുമാവ് കൃഷി

ലോകവിപണിയിൽ വമ്പിച്ച വിപണനസാദ്ധ്യതകൾ ഉള്ള ഒരു വിളയാണ് ഇത്. എന്നാൽ ഈ പ്രാധാന്യം കണക്കിലെടുക്കാൻ കർഷകർ തയ്യാറായിട്ടില്ല. കശുമാവ് കൃഷിക്ക് അനുയോജ്യമായ സ്ഥലങ്ങൾ മറ്റ് അനാദായകരമായ കൃഷിക്കാണ് ഇന്ന് ഉപയോഗിക്കുന്നത്. അത്യുല്പാദനശേഷിയുള്ള തൈകൾ പ്രചരിപ്പിക്കുകയും വിതരണം നടത്തുകയും കർഷകരിൽ ഈ കൃഷിയോട് താത്പര്യം ജനിപ്പിക്കുകയും വേണം. വിദേശനാണ്യം നേടിത്തരാൻ മുഖ്യ പങ്ക് വഹിക്കുന്ന ഈ കൃഷി പ്രോത്സാഹിപ്പിക്കേണ്ടത് അത്യാവശ്യംതന്നെ. തേയിലക്കൊതുക്, തടിതുരപ്പൻ പുഴു എന്നിവക്കെതിരായ പ്രതിരോധനടപടി ലഭ്യമാക്കണം.

റബ്ബർ

ഇത് പഞ്ചായത്തിൽ മലേയര മേഖലകളിൽ മാത്രം കൃഷിചെയ്തുവരുന്നു. തെങ്ങ് കൃഷി വേണ്ടത്ര വിജയിക്കാത്ത കുന്നിൻചെരിവുകളിൽ റബ്ബർ കൃഷി ആദായകരമാണ്. ദൈനംദിന വരുമാനം ലഭിക്കുന്ന കൃഷിയാണ്. നല്ല വില ലഭിക്കുന്നതിനാൽ കൃഷിക്കാർക്ക് താല്പര്യം ഉണ്ടാക്കിയെടുക്കാം. റബ്ബർ ബോർഡ്

മുഖേന സാമ്പത്തികസഹായം ലഭ്യമാണ്.

കൈതച്ചക്ക

വിപണന അടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കപ്പെടുന്നില്ല. തെങ്ങിൻതോപ്പിൽ ഇടവിളയായി കൃഷി ചെയ്യാവുന്നതാണ്. ചുരുങ്ങിയ പരിചരണവും വളപ്രയോഗവുംകൊണ്ട് വമ്പിച്ച വിളവ് ഉണ്ടാക്കിയെടുക്കാം. അത്യുത്പാദനശേഷിയുള്ള വിത്തിനങ്ങളും, ആധുനിക സാങ്കേതിക വിദ്യയും ലഭ്യമാക്കിയാൽ കൃഷിക്കാർക്ക് നല്ല വരുമാനമാർഗ്ഗമുള്ള ഒരു കൃഷിയാക്കി ഇത് മാറുന്നതാണ്.

വെറ്റില

പഞ്ചായത്തിലെ വമ്പിച്ച വിപണനസാദ്ധ്യതയുള്ള മറ്റൊരു കൃഷിയാണ് വെറ്റിലകൃഷി. നമ്മുടെ കാലാവസ്ഥയും മണ്ണും ഈ കൃഷിക്ക് ചേർന്നതാണ്. ഇന്ന് ലഭിക്കുന്ന സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തി ഈ കൃഷി പ്രോത്സാഹിപ്പിക്കണം.

നാട്ടുവിളകൾ

ചേന, കാച്ചിൽ, ചെറുകിഴങ്ങ്, കൂർക്കിൽ, ചേമ്പ്, നൊട്ടി ചേമ്പ്, കിഴക്കൻ ചേമ്പ്, ബിലാത്തിചേമ്പ്, ഈയ ചേമ്പ്, നീണ്ടിക്കിഴങ്ങ് എന്നിവ പഞ്ചായത്തിൽ അടുത്തകാലംവരെ വ്യാപകമായി കൃഷിചെയ്തിരുന്നു. ഇന്ന് ഇവ അപൂർവ്വമായി മാറിയിരിക്കുന്നു. ഇവ മാർക്കറ്റിൽ നിന്നും വാങ്ങി ഉപയോഗിക്കുന്ന ശീലം കൃഷിക്കാരിൽ വ്യാപകമായി വളർന്നുവരുന്നു. തെങ്ങിൻതോപ്പിൽ ത്രിതല സമ്പ്രദായത്തിൽ ഉല്പാദിപ്പിക്കാൻ കഴിയുന്ന ഒരു വിളയാണ് ഇത്. മണ്ണിന്റെ ഫലപുഷ്ടി വർദ്ധിപ്പിച്ച് ഈർപ്പം നിലനിർത്താൻ ഈ കൃഷി സഹായിക്കും.

പച്ചക്കറി

വെള്ളരി, മത്തൻ, ഇളവൻ, കയ്പ, വെണ്ട, വഴുതന, പടവലം, അമര, പീച്ചിങ്ങ, ചുരങ്ങ, പച്ചമുളക്, പയർ, ചീര, മുരിങ്ങ, പപ്പായ, കറിവേപ്പ് എന്നിവ വ്യാപകമായി പഞ്ചായത്തിൽ മുമ്പ് കൃഷി ചെയ്തിരുന്നു. അക്കാലങ്ങളിൽ ഓരോ കുടുംബവും പച്ചക്കറിയിൽ സ്വയം പര്യാപ്തമായിരുന്നു. അമിതമായ ആവശ്യം നേരിട്ട വിശേഷ സന്ദർഭങ്ങളിലായിരുന്നു മുഖ്യമായും മാർക്കറ്റിനെ ആശ്രയിച്ചിരുന്നത്. ഇന്ന് തൊഴിലാളികളുടെയും കർഷകരുടെയും വരുമാനത്തിൽ നല്ലൊരു പങ്ക് വില കൊടുത്ത് വാങ്ങുന്ന പച്ചക്കറികൾക്ക് ചെലവഴിക്കേണ്ടിവരുന്നു. കീടബാധ, അത്യുത്പാദനശേഷിയുള്ള വിത്തിനങ്ങളുടെ ലഭ്യതക്കുറവ്, ജൈവവളക്ഷാമം, എന്നിവയാണ് കൃഷിക്ക് തടസ്സമായ ഒരു കാരണം.

കൃഷിക്കാരുടെ പ്രാദേശിക കൂട്ടായ്മയും, കൃഷിഭവൻ പഞ്ചായത്ത് എന്നിവയുടെ സഹകരണവും സമന്വയിപ്പിച്ചാൽ വിപണനസാദ്ധ്യത കൂടുതലാണ്. വീടുകളിൽ സ്ത്രീകളുടെയും കുട്ടികളുടെയും സഹകരണവും ജോലിക്ക് പോകുന്നവരുടെ ഒഴിവ് സമയവും ഉപയോഗപ്പെടുത്തിയാൽ ഉപഭോഗസംസ്കാരത്തിനിരയായ ഈ മേഖലയിൽ വമ്പിച്ച മാറ്റങ്ങൾ പ്രതീക്ഷിക്കാം.

കൂവ

നമ്മുടെ പഞ്ചായത്തിൽ ആരും ശ്രദ്ധിക്കപ്പെടാതെ വളർന്നിരുന്ന ഒരു ഔഷധമൂല്യമുള്ള ഭക്ഷ്യവസ്തുവാണ് കൂവ. വയറിളക്കം പോലുള്ള രോഗങ്ങൾക്ക് പാനീയ ചികിത്സക്ക് പ്രഥമസ്ഥാനം ഇതിനുണ്ട്. ഹോർലിക്സ്, ബോൺവിറ്റ തുടങ്ങിയവയേക്കാൾ പോഷകഗുണമുള്ള ഇതിന്റെ ഗുണത്തെപ്പറ്റി കർഷകർ ബോധവാൻമാരല്ല. ഇതിന്റെ കൃഷിയെക്കുറിച്ചും, സംസ്കരണത്തെക്കുറിച്ചും ശാസ്ത്രീയമായ അറിവ് ലഭ്യമാക്കണം. വൻവില ലഭിക്കുന്ന ഒരു ഉല്പന്നമാണ് കൂവപ്പൊടി.

ഈന്ത്

ഊർജ്ജവും പോഷകമൂല്യങ്ങളും വൻതോതിൽ സംഭരിക്കപ്പെട്ട ഒരു ഭക്ഷ്യവസ്തു ആണ് ഈന്ത്. ഇത് കൃഷിചെയ്ത് വിളവെടുക്കുന്നത് പ്രായോഗികമല്ലെങ്കിലും ഉള്ളവ നിലനിർത്തുകയെങ്കിലും വേണം. മുളച്ച് വരുന്ന തൈകൾ സംരക്ഷിച്ചാൽ വരും തലമുറക്ക് പ്രയോജനപ്പെടും ഈന്തിൻതടി പാകപ്പെടുത്തി തൊഴുത്തിൽ കന്നുകാലികൾക്ക് കിടക്കാൻ ഉപയോഗിപ്പെടുത്തിയിരുന്നു. ഇതിന്റെ പട്ട അലങ്കാരവസ്തുവാണ്.

മാവ്

പണ്ടുകാലത്ത് മുഴുവൻ വീട്ടുപറമ്പുകളിലും വ്യാപകമായി കണ്ടിരുന്ന പടുമാവ്, കോമാവ്, കപ്പായിമാവ് തുടങ്ങിയവ വംശനാശം നേരിടുകയാണ്. മാവിന്റെ തടിക്ക് ലഭിക്കുന്ന ആകർഷകമായ വില ഇതിന് ഒരു കാരണമാണ്. ഈ ഇനങ്ങൾ വീട്ടുവളപ്പിൽ വളർത്തി സംരക്ഷിക്കുകയും, സേലൻ, എളോർ, നീലൻ തുടങ്ങിയ പുതിയ ഇനങ്ങളും തെങ്ങിൻതോപ്പിൽ കൃഷിചെയ്യെണ്ടിയിരിക്കുന്നു. മാമ്പഴം സംസ്കരിച്ച് വിപണനം നടത്തുന്നത് ഒരു നല്ല വരുമാനമാർഗം കൂടിയാണ്.

പ്ലാവ്

വംശനാശം നേരിടുന്നില്ലെങ്കിലും ഇവവെച്ച് പിടിക്കുന്നതിൽ മുൻകാലങ്ങളിലുള്ള ശുഷ്കാന്തി ഇന്ന് കാണുന്നില്ല. തെങ്ങിൻതോപ്പിൽ ഈർപ്പം നിലനിർത്തി ജൈവവളസമ്പത്ത് വർദ്ധിപ്പിക്കാൻ ഇതിന് കഴിയും. പ്ലാവില ഞെട്ട് ആയുർവേദമരുന്നുകളിൽ ഉപയോഗിക്കപ്പെടുന്നു. ചക്കപ്പഴം വിവിധ രീതിയിൽ സംസ്ക

രിച്ച് ഭക്ഷ്യവസ്തുക്കളാക്കി മാസങ്ങൾക്ക് ശേഷവും പ്രയോജനപ്പെടുത്താൻ കഴിയും. ചക്കച്ചുള ഉപ്പിലിട്ടു വെച്ചാൽ മാസങ്ങളോളം കേടുവരാതെ നില്ക്കുന്നു.

പുഷ്പകൃഷി

വമ്പിച്ച വിപണനസാദ്ധ്യത ഉള്ള കൃഷിയാണിത്. നമുക്കാവശ്യമുള്ള പുഷ്പങ്ങൾ അന്യസംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യപ്പെട്ടുകയാണ്. കർഷകർക്ക് ആവശ്യമായ ബോധവൽക്കരണം നൽകി വിത്തും തൈകളും ലഭ്യമാക്കിയാൽ വമ്പിച്ച മാറ്റം ഉണ്ടാക്കാം. കുറ്റിമുല്ല, ഓർക്കിഡുകൾ, ആന്തൂറിയം എന്നിവ കൃഷിചെയ്യാൻ സാദ്ധ്യതകൾ ധാരാളമുണ്ട്.

കൂൺകൃഷി

മഴക്കാലത്ത് ധാരാളമായി ഉണ്ടാകാറുണ്ടെങ്കിലും ഇതിന്റെ ഗുണമേന്മയെപ്പറ്റി ജനങ്ങൾ ബോധവാന്മാരല്ല. കൂൺവിത്തുകൾ ലഭ്യമാക്കി കൃഷിക്കാരെ ബോധവൽക്കരിച്ചാൽ വിളവ് വർദ്ധിപ്പിക്കാൻ കഴിയും.

പ്രശ്നങ്ങൾ

1. ജലസേചനം പൂർണ്ണമായും വ്യാപിപ്പിക്കാൻ കഴിയുന്നില്ല.

2. ഉല്പാദനചിലവു കുറയ്ക്കാൻ യന്ത്രവൽക്കരണവും ആധുനിക സാങ്കേതിക വിദ്യയും കൃഷിക്കാർക്ക് ലഭ്യമാകുന്നില്ല.

3. കർഷകതൊഴിലാളികളുടെയും ഉഴവുകാളകളുടെയും ലഭ്യത കുറവ്

4. തുണ്ടവൽക്കരിച്ച കൃഷിയിടങ്ങളായതുകൊണ്ട് ഒന്നോ രണ്ടോ കൃഷിക്കാർ മാത്രം വിചാരിച്ചാൽ നൂതന കാർഷികതന്ത്രം നടപ്പിലാക്കാനുള്ള പ്രയാസം

5. കൃഷിഭവനിൽ നിന്നും പ്രതീക്ഷക്കൊത്ത സഹായങ്ങൾ ലഭിക്കുന്നില്ല.

6. അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങളും വേണ്ട സമയത്തും ആവശ്യമുള്ള കർഷകനും ലഭിക്കുന്നില്ല.

7. നാടൻ വിത്തിനങ്ങളുടെ വംശനാശം ജൈവപ്രതികരണശേഷിയെ ബാധിക്കുന്നു.

8. ജൈവവളങ്ങളുടെ ലഭ്യതക്കുറവ് മണ്ണിന്റെ ഫലപുഷ്ടി നഷ്ടപ്പെടുത്തുന്നു.

9. അശാസ്ത്രീയവും പ്രയോജനക്ഷമതയില്ലാത്തതുമായി നിർമ്മിച്ച ഫീൽഡുബുത്തികളും ശാഖാകനാലുകളും.

10. ശരിയായ മണ്ണു പരിശോധനയുടെ അഭാവം ശാസ്ത്രീയമായ വളം ചേർക്കലിനു തടസ്സം.

11. സ്വയം തൊഴിൽ ചെയ്യാനുള്ള മടി കൃഷിക്കാരനെ ബാധിച്ചിരിക്കുന്നു.

12. വെള്ളക്കോളർ മനോഭാവം യുവതലമുറയെ കൃഷിയിൽ പരാങ്മുഖരാക്കുന്നു.

13. നീർച്ചാലുകളുടെയും തോടുകളുടെയും സംരക്ഷണം തുണ്ടുവൽക്കരിക്കപ്പെട്ട ചെറുകിട ദരിദ്ര ഭൂവുടമകൾക്ക് സ്വയം നിർവ്വഹിക്കാൻ കഴിയുന്നില്ല.

നെല്ല് ഉല്പാദനം സമൂഹത്തിന്റെ മൊത്തം ആവശ്യമാണെന്നു കണ്ട് കൃഷിക്കാരെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന സമീപനം സ്വീകരിക്കുന്നില്ല.

തെങ്ങുകൃഷി

1. ഉല്പാദനക്ഷമത വർദ്ധന തെങ്ങുകൃഷിക്ക് അത്യന്താപേക്ഷിതമാണ്. നിലവിലുള്ള സൗകര്യങ്ങൾ അപര്യാപ്തം.

2. വൈദ്യുതി വിതരണത്തിൽ കാർഷിക മേഖലയ്ക്ക് മുൻഗണന ഇല്ല.

3. ഗുണമേന്മയുള്ള തൈകൾ വേണ്ടത്ര വിശ്വസനീയമായ കേന്ദ്രങ്ങളിൽ നിന്നു ലഭിക്കുന്നില്ല.

4. ഉല്പാദനശേഷിയില്ലാത്ത തെങ്ങുകൾ വെട്ടിമാറ്റി അത്യുല്പാദനശേഷിയുള്ളവ വ്യാപിപ്പിക്കാൻ ഫലപ്രദവും പ്രോത്സാഹജനകവുമായ സമീപനങ്ങൾ ഇല്ല.

5. മണ്ണുപരിശോധനയുടെ അഭാവം ശാസ്ത്രീയമായ വളംചേർക്കലിന് തടസ്സം

6. ജൈവവളങ്ങളുടെ ക്ഷാമം ഉല്പാദനക്ഷമതയെ ബാധിക്കുന്നു.

7. വേണ്ട സമയത്ത് ആവശ്യമായ തൊഴിലാളികളെ ലഭിക്കാതിരിക്കൽ

8. വിപണനരംഗത്ത് ഇടത്തട്ടുകാരെ ഒഴിവാക്കാൻ ഫലപ്രദമായ സംവിധാനത്തിന്റെ അഭാവം.

9. തേങ്ങ, ഇളനീർ, ചകിരി, ചിരട്ട തുടങ്ങിയ വൈവിദ്ധ്യമുള്ള ഉല്പന്നങ്ങളുടെ മേഖലയിൽ ഗവേഷണത്തിന്റെറയും ആധുനികവൽക്കരണത്തിന്റെറയും അഭാവം.

10. ഇവയുടെ വിപണിവ്യാപനരംഗത്ത് ഫലപ്രദമായ പ്രചാരണത്തിന്റെ അഭാവം.

11. ചെറുകിടനാമമാത്ര കൃഷിക്കാർക്ക് ജലസേചനത്തിന്റെറയും വളപ്രയോഗത്തിന്റെറയും രംഗത്ത് ചിലവുകുറച്ചുകിട്ടാൻ ഫലപ്രദമായ കൂട്ടായ്മ സംഘടിപ്പിക്കുന്നതിലെ പരാജയം.

12. കമ്പോളവിലയുടെ പ്രവചനാതീതമായ കയറ്റിറക്കവും ദീർഘകാലം നിലനിൽക്കുന്ന സ്ഥിരതയുടെയും അഭാവം കൃഷിക്കാരുടെ കുടുംബബജറ്റ് തകിടം മറിക്കുന്നു.

13. കറവാർച്ച, മുടുചീയൽ, കുമ്പുചീയൽ, മച്ചിങ്ങകൊഴിച്ചിൽ എന്നീ രോഗങ്ങൾക്ക് ഫലപ്രദമായ പ്രതിരോ

ധമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിലുള്ള പ്രയാസം.

കവുങ്ങുകൃഷി

ജലസേചനവും വളപ്രയോഗവും വളരെ വിരളം. മഹാളിരോഗത്തിന് ഫലപ്രദമായ പ്രതിരോധമാർഗ്ഗങ്ങൾ ചുരുങ്ങിയ ചെലവിൽ നടപ്പിലാക്കാൻ കഴിയാത്തത്, മഞ്ഞളിപ്പുരോഗത്തിന് ആവശ്യമായ ഗവേഷണങ്ങൾ നടത്തായ്മ.

വാഴകൃഷി

1. നെൽകൃഷി ചെയ്യുന്ന വയലുകളിൽ ഒതുങ്ങിനിൽക്കുന്നു

2. ഉയർന്ന വിലനിലവാരമുണ്ടെങ്കിലും പറമ്പുകളിലെ ചെറുപഴ ഇനങ്ങളുടെ കൃഷിയിൽ കൃഷിക്കാരന്റെ താല്പര്യക്കുറവ്

3. കുറുനാമ്പ് രോഗം

കുരുമുളക് കൃഷി

1. ദ്രുതവാട്ടത്തിന് ഫലപ്രദമായ പ്രതിരോധനടപടികളുടെ അഭാവം കൃഷിയോടുള്ള താല്പര്യക്കുറവിന് കാരണമാകുന്നു.

2. അത്യുല്പാദനശേഷിയുള്ള തൈകളുടെ ദൗർല്ലഭ്യം.

പച്ചക്കറികൃഷി

1. ഉപഭോഗസംസ്കാരത്തിനടിമപ്പെട്ടുപോകുന്ന അവസ്ഥ പച്ചക്കറി കൃഷിക്ക് ഭീഷണി നേരിടുന്നു.

2. ആവശ്യമായ സമയത്ത് രോഗപ്രതിരോധശേഷിയുള്ള വിത്തിനങ്ങളുടെ ലഭ്യതക്കുറവ്.

3. ഒഴിവുസമയപ്രവർത്തനം എന്ന നിലയ്ക്ക് പച്ചക്കറി കൃഷിയെ മാറ്റിയെടുക്കാനുള്ള ബോധപൂർവ്വമായ പ്രവർത്തനത്തിന്റെ അഭാവം

4. വിദ്യാലയങ്ങളിൽ വെച്ചുതന്നെ ഇളംതലമുറയ്ക്ക് കാർഷികരംഗത്ത് വേണ്ടത്ര പ്രോത്സാഹനം കൊടുക്കാത്തത്.

5. കർഷകരുടെ കൂട്ടായ്മ സംഘടിപ്പിക്കുന്നതിലുള്ള പരാജയം

6. ജൈവവളത്തിന്റെയും വെള്ളത്തിന്റെയും ലഭ്യതക്കുറവ്.

ഔഷധസസ്യങ്ങൾ

1. ആവശ്യമായ നഴ്സറികൾ ഇല്ലാത്തത്.

2. ഔഷധമൂല്യത്തെക്കുറിച്ച് വേണ്ടത്ര ബോധവൽക്കരണമില്ലായ്മ

3. നാട്ടറിവിന്റെ അഭാവം

4. വിപണിയെക്കുറിച്ചുള്ള അറിവുകൾ ഇല്ല.

സാദ്ധ്യതകൾ

നെൽകൃഷി

1. നിലവിലുള്ള പാടശേഖരങ്ങൾ നികത്തുന്നത് തടയാൻ ബോധവൽക്കരണവും ജനകീയ ഇടപെടലുകളും നടത്തി നിയമം പ്രയോഗത്തിൽ വരുത്തുക.

2. ഗ്രൂപ്പ് ഫാമിങ്ങ് പഞ്ചായത്തിലെ മുഴുവൻ പാടശേഖരങ്ങളിലും ഏർപ്പെടുത്തി മുണ്ടകൻ കൃഷി മാത്രം നടത്തുന്ന പാടശേഖരങ്ങളിൽ വിരിപ്പുകൃഷിയും നടത്തുക.

3. ജലസേചനസൗകര്യം ഏർപ്പെടുത്തിയ വയലുകളിൽ തരിശിടുന്നതിനെതിരെ കർശനനിയമം കൊണ്ടുവരിക

4. മണ്ണുപരിശോധന മൊബൈൽ യൂനിറ്റുകൾ മുൻകൂട്ടി അറിയിച്ച് നിശ്ചിത സമയത്ത് നിശ്ചിത കേന്ദ്രങ്ങളിൽ ക്യാമ്പ് ചെയ്ത് മണ്ണുപരിശോധന നടത്തി കാലതാമസം കൂടാതെ ഫലം കൃഷിക്കാർക്ക് കൈമാറാനുള്ള സംവിധാനം ഉണ്ടാക്കുക.

5. കർഷകത്തൊഴിലാളികളുടെ ദൗർല്ലഭ്യം നിലനില്ക്കുന്ന സ്ഥിതിക്ക് ഞാറുനടീൽ, കൊയ്ത്ത്, മെതി, ഉഴവ് മേഖലകളിൽ അനുയോജ്യമായ ചെറുകിട യന്ത്രവൽക്കരണം നടപ്പിൽ വരുത്തുക.

6. ജൈവവളം കൂട്ടായ്മാടിസ്ഥാനത്തിൽ സംഭരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.

7. ഒരേയിനം വിത്തുകൾ ഒരു പാടശേഖരത്തിൽ ഒരേ അവസരത്തിൽ ഉപയോഗിക്കണം.

8. പൊതുഞാറ്റടി ഏർപ്പെടുത്തുക.

9. ഗ്രൂപ്പ് ഫാമിങ്ങ് മുഴുവൻ പാടശേഖരത്തിലും നിലവിൽ വരുത്തുക.

10. കൂട്ടായ്മയുടെ അടിസ്ഥാനത്തിൽ പാടശേഖരങ്ങളിൽ പൊതുജലസേചനസൗകര്യം ഏർപ്പെടുത്തുക:

11. രാസവളം വിലകുറയ്ക്കുന്ന നയസമീപനങ്ങൾ നടപ്പിൽ വരുത്തുക.

12. ജൈവനാശവും പാർശ്വഫലങ്ങളുമുള്ള വർദ്ധിത വിഷവീര്യവുമുള്ള കീടനാശിനികളുടെ ഉപയോഗത്തിൽ നിന്ന് കർഷകരെ പിൻതിരിപ്പിക്കുക.

13. ഇത്തരം കീടനാശിനികളുടെ വിതരണം നിരോധിക്കുക.

14. ഈ മേഖലയെ പാരമ്പര്യ നാട്ടറിവുകൾ പ്രയോജനപ്പെടുത്തുക.

15. വിത്ത് സംഭരണത്തിന് സാങ്കേതിക ജ്ഞാനം കൃഷിക്കാർക്ക് ലഭ്യമാക്കുക.

16. ഫീൽഡ് ബുത്തികൾ കഴിയാവുന്ന സ്ഥലങ്ങളിൽ വ്യാപിപ്പിക്കുക.

17. നിലവിലുള്ള ഫീൽഡുബുത്തികളുടെ നിർമ്മാണത്തിലെ പാകപ്പിഴകൾ പരിഹരിക്കുക.

18. ലിഫ്റ്റ് ഇറിഗേഷൻ ഉപയോഗപ്പെടുത്താൻ സാധ്യതയുള്ള സ്ഥലങ്ങളിൽ അവ ഏർപ്പെടുത്തുക. (തിരുവോട്, നരയൻകുളം)

തെങ്ങ്, കവുങ്ങ്

1. നെൽകൃഷിരംഗത്തെപോലെ ജലസേചനത്തിലും വളപ്രയോഗത്തിലും കൂട്ടായ്മ സംഘടിപ്പിക്കുക.

2. വാർഡുകളിൽ സൗകര്യാടിസ്ഥാനത്തിൽ കേര വികസനസമിതികൾ രൂപീകരിക്കുക.

3. ഉല്പാദനക്ഷമത കുറഞ്ഞ ഇനങ്ങൾ വെട്ടിമാറ്റി മേൽത്തരം ഇനങ്ങൾ കൃഷിചെയ്യാനുള്ള സാമ്പത്തിക സഹായം കൃഷിക്കാർ ഏർപ്പെടുത്താവുന്നതാണ്.

4. ഉല്പന്നസംസ്കരണകേന്ദ്രങ്ങൾ പഞ്ചായത്ത് തലത്തിൽ ആധുനിക സാങ്കേതി വിദ്യ ഉപയോഗപ്പെടുത്തി സ്ഥാപിക്കുക.

5. സംഭരണരംഗത്തെ ഇടത്തട്ടുകാരുടെ ചൂഷണത്തെ തടയാൻ സഹകരണസ്ഥാപനങ്ങളെ പ്രയോജനപ്പെടുത്തുക.

6. നടുവണ്ണൂരിലെ നാളികേരകോംപ്ലക്സ് ഉടൻ പ്രവർത്തനക്ഷമമാക്കുക.

പച്ചക്കറി സുഗന്ധ ഔഷധസസ്യങ്ങൾ

1. ഉപഭോഗസംസ്കാരത്തിൽ നിന്ന് യുവതലമുറയെ പിൻതിരിപ്പിക്കാൻ ബോധവൽക്കരണം വ്യാപകമാക്കുക.

2 പച്ചക്കറികൃഷി മേഖലയിൽ കൂട്ടായ്മ സംഘടിപ്പിക്കുക.

3. ഓരോ വീട്ടിലും ഒരു മുരിങ്ങ, ഒരു പപ്പായ, ഒരു പച്ചമുളക്, ഒരു കരിവേപ്പിൻ തൈ, 5 നാടൻ വാഴ എന്നിവയെങ്കിലും പഞ്ചായത്തിലെ മുഴുവൻ വീടുകളിലും വ്യാപിപ്പിക്കാൻ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ജനകീയസമിതികൾ വാർഡുകൾ തോറും രൂപീകരിക്കുക.

4. പഞ്ചായത്തും കൃഷിഭവനും വിത്തുവിതരണത്തിലും വളംവിതരണത്തിലും പ്രോത്സാഹനജനകമായ മുൻകൈ എടുക്കുക.

5. പച്ചക്കറി വിത്തുവിതരണകേന്ദ്രങ്ങളും ഔഷധസസ്യനഴ്സറികളും വിതരണം ചെയ്യുന്ന കേന്ദ്രങ്ങൾ പഞ്ചായത്തിൽ ഉറപ്പുവരുത്തുക.

6. സുഗന്ധദ്രവ്യവിളകളുടെ തൈകൾ വേണ്ടത്ര വിതരണം ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തുക.

നിർദ്ദേശങ്ങൾ

1. വണ്ണാത്തിക്കുളത്ത് നിർമ്മിച്ച തോട് പറക്കുന്നത്ത് താഴം നിന്ന് തുടങ്ങണം.

2. കനാൽ ജലം മുലാട് പര്യാട്ടുതാഴം വഴി എത്തിക്കുക.

3. മുലാട് അകാഡക്റ്റിലെ ജലം ഒരു തോട് നിർമ്മിച്ച് പെരവച്ചേരി, കന്നരംവെള്ളി പ്രദേശത്ത് എത്തിക്കണം.

4. പാടാൽ താഴം നിന്ന് അത്തൂനിതാഴവരെ ഒരു ഫീൽഡുബുത്തി നിർമ്മിക്കുക.

5. കോട്ടൂർ, അമ്പലത്താഴം, പുതുക്കാട്ടുതാഴം എന്നീ വയലുകളിൽ നീർവാർച്ചാ സൗകര്യം ഏർപ്പെടുത്തുക.

6. തിരുവോട്, സൗജന്യമായിക്കിട്ടുന്ന സ്ഥലത്ത് കിണർ കുഴിച്ച് സൗകര്യമേർപ്പെടുത്തുക. ലിഫ്റ്റ് ഇറിഗേഷൻ വഴി കനാൽ ജലം എത്തിക്കുക.

7. മുഴുവൻ വാർഡുകളിലും സാമൂഹ്യജലസേചന പദ്ധതി ഏർപ്പെടുത്തുക.

8. പാലൊളിയിലെ നെറ്റ്യാത്ത് മുതൽ കിഴക്കയിൽ കുളം വരെ പൈപ്പുലൈൻ ഉപയോഗിച്ച് വെള്ള മെത്തിക്കുക

9. കക്കോടി സബ് കനാലിൽ നടുവണ്ണൂർ ടൗൺ അടുത്തുനിന്ന് പതിനൊന്നു കണ്ടിയിൽ കൂടി ഒരു കനാൽ നിർമ്മിക്കുക.

10. ഇടിഞ്ഞകടവു പുഴയിൽ വിയർ നിർമ്മിക്കുക.

11. മഞ്ഞപ്പുഴയുടെ സൈഡു കെട്ടി സംരക്ഷിക്കുക

12. താന്നിക്കൽ താഴം മുതൽ പാവുകണ്ടി വരെയുള്ള തോടു കെട്ടി താന്നിക്കൽ ഭാഗത്ത് ഷട്ടർ നിരമിച്ച് പുനത്ത് യു.പി. സ്കൂളിന് സമീപമുള്ള വയലുകളിൽ വെള്ളമെത്തിക്കുക.

13. ഒമ്പതാം വാർഡിലെ ചീനിക്കൽ താഴത്ത് നീർവാർച്ചാസൗകര്യം ഏർപ്പെടുത്തുക.

14. പുളിയേരി പൊയിൽ, ആമയാട്ടുവയൽ, തെക്കെ വയൽ എന്നിവയിൽ പച്ചക്കറികൃഷിക്ക് ജലസേചന സൗകര്യം ഏർപ്പെടുത്തുക.

15. പാവുകണ്ടി തോടിന്റെ സൈഡു കെട്ടി തെക്കെതോട് പാലം വരെ കെട്ടുക.

16. കണ്ണോത്ത് താഴം മുതൽ മുല്ലപ്പള്ളി താഴം ബണ്ടു വരെ വയലിന്റെ സൈഡു കെട്ടുക.

17. ബണ്ടിനോടനുബന്ധിച്ച് കൈകനാൽ തൃക്കുറ്റിശ്ശേരി അമ്പലത്തിനടുത്ത് കിഴക്കയിൽവയൽ വരെ നീട്ടുക

18. തൃക്കുറ്റിശ്ശേരി പാലക്കാട്ട് ഇല്ലം മുതൽ നെല്ല്യാട്ട് താഴം വരെ തോടിന്റെ വശം പൂർണ്ണമായും കെട്ടുക.

19. കോളിയോട്ടുതാഴം മുതൽ മുണ്ട്യാടി താഴം വരെ തോടിന്റെ വശം കെട്ടുക.

20. മുണ്ട്യാടി താഴം മുതൽ താഴെ കക്കഞ്ചേരി താഴം വരെ ഫീൽഡ് ബുത്തി നിർമ്മിക്കുക.

21. വാകയാട് ഫീൽഡ് ബുത്തിയുടെ ചോർച്ച തടയുക

22. പുനത്ത് ഫീൽഡ് ബുത്തിയുടെ നീളം നീറോത്തു വരെ നീട്ടുക.

23. പനങ്ങാട് പഞ്ചായത്ത് അതിർത്തിയിലുള്ള സർക്കാർ കുളം കൃഷിക്ക് ഉപയോഗപ്രദമാക്കുക.

24. കുന്നിക്കുളത്തിൽ നിന്ന് പാവുകണ്ടി ഭാഗത്തേക്കു പോകുന്ന രണ്ടു തോടുകളും കവിഞ്ഞൊഴുകുന്നത് തടയുക.

25. താന്നിക്കരതാഴയിൽ കൂടി പോകുന്ന കനാൽ നിന്നും കൈക്കനാൽ, ഫീൽഡ് ബുത്തി ചെടിക്കുളം വരെ സ്ഥാപിക്കുക.

26. മണപ്പാട്ടുതാഴം മുതൽ താഴോട്ടൊഴുകുന്ന തോട് സൈഡു കെട്ടി സംരക്ഷിക്കുക.

27. കോളിക്കടവിൽ നിന്നും കണിപ്പൊയിൽ താഴെ വരെയുള്ള 3 കി.മി നീളമുള്ള തോട് സൈഡു കെട്ടി സംരക്ഷിക്കുക. ആവശ്യമായ സ്ഥലങ്ങളിൽ തടയണകൾ സ്ഥാപിക്കുക.

28. പാട്ടുപുരക്കണ്ടി താഴം മുതൽ ആർപ്പാമ്പറ്റ താഴം വരെയുള്ള തോടിന്റെ സൈഡുകെട്ടുക.

29. പൂവ്വലത്ത് താഴം മുതൽ ആർപ്പാമ്പറ്റ താഴം വരെ ഒഴുകുന്ന തോടിന്റെ സൈഡു കെട്ടുക.

30. മുഴുവൻ വാർഡുകളിലെയും പാടശേഖരങ്ങളിൽ പാടശേഖരകമ്മിറ്റികൾ രൂപീകരിച്ച് ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം പഞ്ചായത്തിലുടനീളം പ്രചരിപ്പിക്കുക.

31. നിലവിലുള്ള 91 സ്വകാര്യ കുളങ്ങളും സാധ്യതയുള്ള സ്ഥലത്ത് പുതിയ കുളങ്ങളും നിർമ്മിച്ച് സാമൂഹ്യജലസേചനപദ്ധതി തെങ്ങ്, കവുങ്ങ് കൃഷിരംഗത്ത് നടപ്പിൽ വരുത്തുക.

32. വാർഡുകളിൽ സൗകര്യാടിസ്ഥാനത്തിൽ മുന്നോ നാലോ കേരവികസനസമിതികൾ രൂപീകരിക്കുക.

33. വാർഡുകളിൽ ജനകീയസമിതികൾ രൂപീകരിച്ച് എല്ലാ വീടുകളിലും പച്ചക്കറി കൃഷി വ്യാപിപ്പിക്കുക. വിത്തും വളവും എത്തിക്കുന്ന ബാധ്യത പഞ്ചായത്ത് ഏറ്റെടുക്കണം.



IV (2) മൃഗപരിപാലനം

ഏറെ ശ്രദ്ധ ലഭിക്കേണ്ട ഒരു മേഖലയാണ് മൃഗപരിപാലനം. കോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പ്, ജലലഭ്യത തുടങ്ങിയവവെച്ച് പരിശോധിക്കുമ്പോൾ മൃഗസംരക്ഷണം വളരെ ആദായകരമായ രീതിയിൽ വികസിപ്പിച്ചെടുക്കാം. കന്നുകാലി ഉടമകളിൽ ബഹുഭൂരിപക്ഷവും ചെറുകടകർഷകരും, കാർഷികതൊഴിലാളികളുമാണ്. ഇത് പരിഗണിച്ച് വേണം പദ്ധതികൾക്ക് രൂപം കൊടുക്കാൻ

നമ്മുടെ പഞ്ചായത്തിൽ പ്രധാനമായും കാണപ്പെടുന്ന പക്ഷിമൃഗാദികൾ എന്തൊക്കെയാണെന്ന് പരിശോധിക്കാം. എട്ട് ഒമ്പത്, പത്ത് വാർഡുകളിലെ മലമടക്കുകളിൽ കാട്ടുപന്നി മുള്ളൻപന്നി എന്നിവയെ കണ്ടുവരുന്നു. ഇതേ പ്രദേശങ്ങളിലും പതിനൊന്നാം വാർഡിലും നാടൻ പന്നികളെ നാമമാത്രമായി വളർത്തുന്നുണ്ട്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ആന, എരുമ, കാള, പശു, ആട്, മുയൽ തുടങ്ങിയ വളർത്തുമൃഗങ്ങളുണ്ട്. കൂടാതെ വിവിധ ഇനം കോഴികളെയും താറാവിനെയും വളർത്തുന്നുണ്ട്. വളർത്തുമൃഗങ്ങളിൽ കന്നുകാലികളും, വളർത്തുപക്ഷികളിൽ കോഴികളുമാണ് ഏറിയപങ്കുമുള്ളത്. തത്ത, മാടപ്രാവ്, അരിപ്രാവ്, മൈന, ചിതല, കാക്ക, പ്രാപിടിയൻ, അടക്കാക്കിളി, ചെമ്പോത്ത്, മീനൊറ്റി, കുളക്കോഴി, കുയിൽ, മരംകൊത്തി, മൂങ്ങ, എരണ്ട, കുമൻ, പുഷ്ടം കുലുക്കിക്കിളി, കൊറ്റി, കാലൻകോഴി (നെടൂളാൻ), മണ്ണാത്തിക്കിളി എന്നീ പക്ഷികളെ ഇവിടെ കണ്ടുവരുന്നു. കന്നുകാലി വളർത്തലിന്റെ ചരിത്രപരമായ അവലോകനം കൂടുതൽ കാര്യങ്ങളിലേക്ക് വെളിച്ചം വീശും. ഈ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ കന്നുകാലികൾ സാധാരണക്കാരന്റേത് മാത്രമായിരുന്നില്ല, സമ്പന്നന്മാരുടെയും സമ്പത്ത് ആയിരുന്നു. സമ്പന്നതയുടെ അളവ്കോൽ കൂടിയായിരുന്നു കന്നുകാലികൾ. ഏതാണ്ട് 50 വർഷങ്ങൾക്കുമുമ്പ് കന്നുകാലികളെ കൂട്ടമായി മേയാൻ വിടുന്ന സമ്പ്രദായമുണ്ടായിരുന്നു. നരയംകുളം പ്രദേശത്ത് ഊരാളി സമുദായത്തിൽ പെട്ട ഒരു വിഭാഗം ആളുകൾ നൂറുകണക്കിന് കാലികളെ കൂട്ടമായി വളർത്തിയിരുന്നു. പകൽ സമയം ഇവയെ കൂട്ടമായി മേയാൻ വിടുകയും രാത്രിയാവുമ്പോൾ ഇവയെ കന്ന്കുട്ടികളിൽ നിന്നും വേർപെടുത്തി, പറമ്പുകളിൽ സ്ഥാപിച്ച കുറ്റികളിൽ കെട്ടിയിടുകയുമായിരുന്നു. ഇവയ്ക്ക് തൊഴുത്തുകൾ നിർമ്മിക്കാറില്ലായിരുന്നു. ഇവയിൽ നിന്നും ശേഖരിക്കുന്ന പാൽ വിദൂരസ്ഥലങ്ങളിൽ പോലും വില്പന നടത്തിയിരുന്നു. എന്നാൽ മേച്ചിൽ സ്ഥലം കുറഞ്ഞതോടെ ഈ ഏർപ്പാട് പൂർണ്ണമായും നിലച്ച് പോയി. മേഞ്ഞ് നടക്കുന്ന കന്നുകാലികളിൽ നിന്നും കാർഷിക വിളകൾ സംരക്ഷിക്കേണ്ടുന്ന ചുമതല കൃഷിക്കാരനായിരുന്നു. മനുഷ്യർക്ക് കടന്നുപോകാവുന്നതും കന്നുകാലികൾക്ക് കടക്കാൻ കഴിയാത്തതുമായ 'കടേക്കെട്ട്' (ഒരുതരം വേലി), കൂടാതെ മുള്ള് വേലി, തുടങ്ങിയവ നിർമ്മിച്ച് കൃഷിക്കാർ വിളകൾ സംരക്ഷിച്ച് പോന്നു. മേച്ചിൽ സ്ഥലത്തിന്റെ വിസ്തൃതി കൃഷിഭൂമിയേക്കാൾ പലമടങ്ങ് കൂടുതലായിരുന്നു. ജനസംഖ്യയിലുള്ള കുറവ്, കൂട്ടുകുടുംബമായി ഒന്നിച്ചുള്ള താമസം, വീടുകളുടെ എണ്ണത്തിലുണ്ടായിരുന്ന കുറവ്, എന്നിവ ഇതിന് സഹായകരമായി. എന്നാൽ ക്രമേണ ജനസംഖ്യയിലുണ്ടായ വർദ്ധനവും, കൂട്ടുകുടുംബവ്യവസ്ഥ അവസാനിച്ചതും, വീടുകളുടെ എണ്ണം കൂടുവാനിടയാക്കി. പാടങ്ങൾ നികത്തി നാണ്യവിളകൾ കൃഷിചെയ്യാൻ തുടങ്ങി. അങ്ങനെ മേച്ചിൽ സ്ഥലങ്ങളുടെ വിസ്തൃതി കുറഞ്ഞുകൊണ്ടേ ഇരുന്നു. കാലം മാറിയപ്പോൾ കന്നുകാലികളെ അഴിച്ചുവിട്ടുവളർത്തുന്ന സമ്പ്രദായം നിയമംമൂലം നിരോധിച്ചു. ഇവിടം മുതലാണ് കന്നുകാലിവളർത്തലിന്റെ പ്രശ്നം രൂക്ഷമാവുന്നത്. തീറ്റ, മേച്ചിൽ സ്ഥലം, തൊഴുത്ത്, ബീജസങ്കലനം, രോഗപ്രതിരോധനടപടികൾ തുടങ്ങിയ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ട് പിടിക്കേണ്ടത് ആവശ്യമായി വന്നു.

നമ്മുടെ പഞ്ചായത്തിൽ മൃഗസംരക്ഷണ വകുപ്പിന് കീഴിൽ ലൈവ് സ്റ്റോക്ക് അസിസ്റ്റന്റ് തസ്തികയിൽ ഒരാൾ 1981-ൽ പ്രവർത്തനമാരംഭിച്ചു. തുടക്കത്തിൽ ഈ പ്രവർത്തനം ശ്രദ്ധേയമായിരുന്നില്ല. അതിന് ശേഷം 1994 ഡിസംബർ 1ന്, I.C.D.P യുടെ ഒരു ഉപകേന്ദ്രം പുനത്ത് പ്രവർത്തനമാരംഭിച്ചു. കേരളത്തിലെ മുഴുവൻ പുനത്ത് പ്രവർത്തനമാരംഭിച്ചു. കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളിലും ഓരോ മൃഗാശുപത്രി ഉണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. നമ്മുടെ പഞ്ചായത്തിൽ 1996 മാർച്ച് 31ന് ആണ് ആവറാട്ട് മുക്കിൽ മൃഗാശുപത്രി നിലവിൽ വന്നത്. ഇവിടെ സ്ഥിരമായി ഒരു ഡോക്ടറും, ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറും ഒരു അസിസ്റ്റന്റും ആണ് വേണ്ടത്. പക്ഷേ ഇവിടെ ആഴ്ചയിൽ രണ്ടുദിവസം മാത്രമാണ് ഡോക്ടറുടെ സേവനം ലഭിക്കുന്നത്. ഇപ്പോൾ സ്ഥിരമായി ഉള്ളത് ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ മാത്രമാണ്. മൃഗാശുപത്രി വന്നതിനു

ശേഷം മാത്രമാണ് പേ വിഷബാധക്കുള്ള കുത്തിവെപ്പ് ആരംഭിച്ചത്. ആശുപത്രിക്ക് സ്വന്തമായ കെട്ടിടമോ, ആവശ്യമായ ഉപകരണങ്ങളോ ഇല്ല. ഇത് പോരായ്മയായി നിലനിൽക്കുന്നു.

1981 മുതൽ 1996 വരെയുള്ള കാലയളവിൽ ബീജ സങ്കലന കുത്തിവെപ്പ് നടത്തിയ പട്ടിക താഴെ ചേർക്കുന്നു.

വർഷം	കുട്ടാലിട	പുനത്ത്	തൃക്കുറ്റിശ്ശേരി	ആകെ	ചികിത്സിക്കപ്പെട്ട മൃഗങ്ങൾ
1981-82	82			82	289
1982-83	258			258	1381
1983-84	268			268	1848
1984-85	358			358	1274
1985-86	471			471	1312
1986-87	523			523	1393
1987-88	595			595	1720
1988-89	762			762	1921
1989-90	787			787	1953
1990-91	887			887	2084
1991-92	927			927	2311
1992-93	662			662	1750
1993-94	592			592	1264
1994-95	591	55	222	868	
1995-96	490	218	581	1229	

നമ്മുടെ പഞ്ചായത്തിൽ അഞ്ച് ബീജസങ്കലന ഉപകേന്ദ്രങ്ങൾ ഉണ്ട്. ഇവയിൽ രണ്ടെണ്ണം സർക്കാർ മേഖലയിലും മൂന്നെണ്ണം ക്ഷീരവികസനസംഘങ്ങളുടെ മേൽനോട്ടത്തിലുമാണ്. ഈ സ്ഥാപനങ്ങളുടെ സഹായത്തോടെ അത്യുല്പാദനശേഷിയുള്ള കന്നുകുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൃത്രിമ ബീജ സങ്കലന കുത്തിവെപ്പ് നടത്തുന്ന ഇനങ്ങളുടെ കണക്ക് ചുവടെ.

ഇനങ്ങൾ	കന്ന് കുട്ടികൾ ലഭിച്ച ഇനം ശതമാനത്തിൽ
ക്രോസ് ബ്രീഡ് ജഴ്സി CBJ	65%
ക്രോസ് ബ്രീഡ് ബ്രൗൺ സ്വിസ് CBBS	25%
ക്രോസ് ബ്രീഡ് ഹോൾസ്റ്റീൻ CBHF	10%

നമ്മുടെ കാലാവസ്ഥക്ക് അനുയോജ്യമായ ഇനമാണ് ജേഴ്സി ക്രോസ്. മൊത്തം ലഭിച്ച കന്നുകുട്ടികളിൽ 65% ഈ ഇനത്തിൽ പെട്ടവയാണ്.

മൂന്ന് ക്ഷീരസഹകരണസംഘങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇതിൽ തൃക്കുറ്റിശ്ശേരി ക്ഷീരോല്പാദക സഹകരണ സംഘം തുടങ്ങിയത് 11-6-90 ൽ ആണ്. ഊർജിത കന്നുകുട്ടി പരിപാലനപദ്ധതി പ്രകാരം ഈ സ്ഥാപനത്തിലൂടെ മൃഗസംരക്ഷണവകുപ്പ് 62 കന്നുകുട്ടികൾക്ക് കാലിത്തീറ്റ കൊടുക്കുന്നു. കൂടാതെ ഇൻഷുറൻസ് പദ്ധതിയും, വന്ധ്യതാനിവാരണ പരിശോധനാ പ്രതിരോധ കുത്തിവെപ്പ് തുടങ്ങിയ സേവനങ്ങളും നടപ്പിലാക്കുന്നു. എന്നാൽ പഞ്ചായത്തിലെ മറ്റു രണ്ട് ക്ഷീരസഹകരണ സംഘങ്ങൾ മുഖേന ഊർജിത കന്നുകുട്ടി പരിപാലന പരിപാടികൾ ആരംഭിച്ചിട്ടില്ല. കിട്ടുന്ന പാൽ ശേഖരിക്കുകയാല്ലാതെ ഈ രംഗത്ത് ഉല്പാദനം വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടിക്രമങ്ങൾ ആരംഭിച്ചിട്ടില്ല. നമ്മുടെ പഞ്ചായത്തിലെ ക്ഷീരസഹകരണസംഘങ്ങൾ മുഖേന 1995-96 വർഷത്തിൽ മൊത്തം 42248 ലിറ്റർ പാൽ ശേഖരിച്ചു. ഇതിൽ 32819 ലിറ്റർ പുറത്തേക്ക് കയറ്റി അയക്കപ്പെട്ടു. പാൽ ഉല്പാദനത്തിൽ 80% വും സങ്കര ഇനം പശുക്കളിൽ നിന്നാണ്. പഞ്ചായത്തിൽ നാടൻ പശുക്കളുടെ എണ്ണം താരതമ്യേന കുറവാണ്. കൃത്രിമ ബീജാധാന യൂനിറ്റുകളുടെ ആവിർഭാവവും നല്ലയിനം കന്നുകുട്ടികളുടെ ലഭ്യതയും ഇതിന് സഹായകമാവുന്നു.

ഇനി പഞ്ചായത്തിലെ മറ്റു മൃഗങ്ങളുടെ സ്ഥിതി പരിശോധിക്കാം ദരിദ്രന്റെ പശു എന്നറിയപ്പെടുന്ന ആടുകൾ എണ്ണത്തിലും ഗുണത്തിലും വളരെ കുറവാണ്. നല്ലയിനം ആടുകളുടെ ലഭ്യതക്കുറവും, മേച്ചിൽ സ്ഥലത്തിന്റെയും തീറ്റയുടെയും അഭാവവും ഇതിന് കാരണമായി കണ്ടെത്താം. കുറഞ്ഞ മൂലധ

നത്തിൽ ആരംഭിക്കാവുന്ന ആടുവളർത്തൽ ഇനിയും വേണ്ടത്ര ശ്രദ്ധിക്കപ്പെട്ടിട്ടില്ല.

പഞ്ചായത്തിന്റെറ വിവിധ ഭാഗങ്ങളിൽ കൃത്രിമ ബീജാധാനയൂണിറ്റുകൾ ഉള്ളതിനാൽ വിത്തുകാളകളെ വളർത്തുന്ന സമ്പ്രദായം കർഷകർ ഉപേക്ഷിച്ചുകൊണ്ടിരിക്കുകയാണ്. കാളകളെ മുഖ്യമായും മാംസാവശ്യത്തിന് ഉപയോഗിക്കപ്പെടുകയാണ്. നമ്മുടെ പഞ്ചായത്തിൽ 58 ജോഡി ഉഴവുകാളകളുണ്ട്.

കാർഷികമേഖലയിൽ ടില്ലർപോലുള്ള ഉപകരണങ്ങൾ ഉപയോഗിക്കപ്പെടുന്നു. മുൻകാലങ്ങളിൽ കാളകളെ വാങ്ങുവാനും, പരിചരിക്കാനുമുള്ള ബാദ്ധ്യത കർഷകർ ഏറ്റെടുക്കുമായിരുന്നു. അതിനാൽ കന്നുപൂട്ട് തൊഴിലാളിക്ക് ജോലി ചെയ്താൽ മാത്രം മതിയായിരുന്നു. എന്നാൽ വിവിധ കാരണങ്ങളാൽ കാളകളെ വാങ്ങുകയും പരിചരിക്കുകയും ചെയ്യേണ്ട ബാദ്ധ്യത കന്നുപൂട്ട് തൊഴിലാളികളിൽ തന്നെ വന്നു പതിച്ചതിനാൽ തൊഴിലാളികൾ മറ്റു മേഖലയിലേക്ക് മാറുകയാണ്. കോട്ടൂർ ഗ്രാമപഞ്ചായത്തിൽ 4 ആനകളുണ്ട്. ഇവ പണിയെടുക്കുന്നത് വർഷത്തിൽ കൂടുതൽ കാലവും കേരളത്തിന് പുറത്താണ്. നമ്മുടെ പഞ്ചായത്തിൽ ഗതാഗതസൗകര്യമില്ലാത്ത സ്ഥലങ്ങളിൽ മരം വലിക്കാൻ ആനകളെ ഉപയോഗിക്കാറുണ്ട്.

കോഴിവളർത്തൽ നമ്മുടെ പഞ്ചായത്തിൽ വേണ്ടത്ര വികസിച്ചിട്ടില്ല. വീടുകൾതോറും നാടൻകോഴികളെയാണ് കൂടുതലായും കണ്ട് വരുന്നത്. കോഴി വളർത്തുവാൻ വ്യാവസായികാടിസ്ഥാനത്തിലുള്ള മൂന്ന് യൂനിറ്റുകൾ പെരവച്ചേരി, മൂലാട്, അവിടനല്ലൂർ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നു. എങ്കിലും കോഴിമുട്ട ഉല്പാദനത്തിൽ നമ്മുടെ പഞ്ചായത്ത് പിറകിലാണ്. ഉപഭോഗത്തിന് വേണ്ടിവരുന്ന കോഴിമുട്ടയിൽ സിംഹഭാഗവും മാർക്കറ്റിൽ നിന്ന് വാങ്ങേണ്ടിവരുന്നു. കോഴിവളർത്തലിനെപ്പറ്റി ശാസ്ത്രീയമായ അറിവും സാമ്പത്തികസഹായവും ലഭ്യമാക്കിയാൽ, കുറഞ്ഞ ചെലവിൽ കൂടുതൽ ആദായം കർഷകർക്ക് ലഭിക്കും.

നാടൻകോഴികളെ വളർത്തുന്നതും സൗകര്യമാണ്. പരിചരണത്തിൽ കൂടുതൽ ശ്രദ്ധിച്ചാൽ ഉല്പാദനം വർദ്ധിപ്പിക്കാം. മറ്റു ഇനം കോഴികളിൽ നിന്ന് വ്യത്യസ്തമായി അടയിരുത്തി കുഞ്ഞുങ്ങളെ വിരിയിപ്പിക്കാം. ഇറച്ചിക്കോഴികളെ വളർത്തുന്ന കാര്യത്തിലും നാം വേണ്ടത്ര പുരോഗമിച്ചിട്ടില്ല. എളുപ്പത്തിൽ വിപണനം നടത്താൻ പറ്റിയ ഒരു ബ്രോയ്ലർ ഫാം തുടങ്ങാം. ഇതിന് സാങ്കേതിക, സാമ്പത്തിക സഹായങ്ങൾ മൃഗസംരക്ഷണവകുപ്പ് നൽകേണ്ടതാണ്. കോഴിവസന്ത എന്ന രോഗം കോഴികൾ കൂട്ടത്തോടെ ചത്തൊടുങ്ങാൻ കാരണമാകുന്നു. ഈ രംഗത്ത് കർഷകർക്ക് താല്പര്യം കുറയാൻ ഇത് കാരണമാക്കുന്നു. പ്രതിരോധ കുത്തിവെപ്പിനുള്ള സൗകര്യങ്ങൾ പഞ്ചായത്ത് കേന്ദ്രങ്ങളിൽ ലഭ്യമാക്കിയാൽ ഇതിന് ഒരളവ്വരെ പരിഹാരം ഉണ്ടാക്കാം. സർക്കാർ ഫാമുകളിൽ നിന്ന് ലഭിക്കുന്ന കോഴിക്കുഞ്ഞുങ്ങളെ ശേഖരിച്ച് പഞ്ചായത്തിൽ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ എഗ്ഗർ നേഴ്സറി (Egger Nursery)കൾ ആരംഭിക്കാവുന്നതാണ്. മൃഗസംരക്ഷണവകുപ്പിൻ കീഴിൽ ഇന്ന് നടപ്പിലാക്കിവരുന്ന പദ്ധതികൾ കാലാനുസൃതമായി ശാസ്ത്രീയമായി പരിഷ്കരിച്ചാൽ സർക്കാർ ഇതിന് ചെലവഴിക്കുന്ന തുക പൂർണ്ണമായും കർഷകർക്ക് പ്രയോജനപ്പെടുത്താൻ കഴിയും.

പ്രശ്നങ്ങൾ

1. ക്ഷീരസഹകരണസംഘങ്ങൾ ആവശ്യത്തിനില്ല
2. പാലിന് ഉല്പാദനചെലവിന് ആനുപാതികമായ വില ലഭിക്കുന്നില്ല
3. കാലിത്തീറ്റക്ക് വില കൂടുതലാണ്
4. ശാസ്ത്രീയ പച്ചപുൽകൃഷി നടക്കുന്നില്ല
5. മഴക്കാലത്ത് ലഭിക്കുന്ന പച്ചപ്പുല്ല് വേനൽക്കാലത്ത് ലഭിക്കുന്നില്ല.
6. വൈക്കോലിന് അമിതവിലയുണ്ട്. ശാസ്ത്രീയ പോഷണം വൈക്കോലിൽ നടത്തുന്നില്ല.
7. മേത്തരം പശുവിനെ വാങ്ങാൻ ആവശ്യമായ സംഖ്യ ലോൺ ലഭിക്കുന്നില്ല
8. സബ്സിഡി കാലികമായി വർദ്ധിപ്പിക്കുന്നില്ല
9. ശാസ്ത്രീയ കന്നുകുട്ടി പരിപാലനം വേണ്ട രീതിയിൽ നടക്കുന്നില്ല.
10. മുഴുവൻ സമയം പ്രവർത്തിക്കുന്ന മൃഗഡോക്ടറില്ല
11. കോഴിവസന്തക്ക് ഫലപ്രദമായ ചികിത്സ ലഭ്യമല്ല
12. മുട്ടക്കോഴികളെയും ഇറച്ചിക്കോഴികളെയും വളർത്തിവിപണനം ചെയ്യുന്ന ഫാമുകൾ വളരെ കുറവാണ്.
13. മുട്ട വിപണനകേന്ദ്രമില്ല.

14. മാംസസംസ്കരണ - വിപണന സംവിധാനമില്ല
15. കൃത്രിമ ബീജസങ്കലനത്തിന് ഈടാക്കുന്ന ചാർജ് കുടുതലാണ്.
16. മേൽത്തരം നാടൻ കന്നുകാലികൾ അപ്രത്യക്ഷമായി.

സാദ്ധ്യതകൾ

1. ആവശ്യമായ സ്ഥലത്ത് ക്ഷീരസഹകരണ സംഘങ്ങൾ രൂപീകരിക്കാം.
2. ചെലവിന് ആനുപാതികമായി പാലിന് വില കിട്ടാൻ വിപണനസമ്പ്രദായത്തിലെ പാഴ്ചെലവുകൾ ഒഴിവാക്കുക. വിപണനസമ്പ്രദായം അഴിച്ചുപണിയുക.
3. പ്രാദേശികമായി കാലിത്തീറ്റ നിർമ്മാണയൂനിറ്റ് ആരംഭിക്കാവുന്നതാണ്.
4. സൈലേജ് നിർമ്മാണത്തെ സംബന്ധിച്ച് ബോധവൽക്കണം നടത്താവുന്നതാണ്. സാങ്കേതിക സഹായം ലഭ്യമാക്കാം.
5. വൈക്കോൽ പ്രസ്സ് ചെയ്ത് ചെറിയ ബ്ലോക്കുകളായി വിപണനത്തിനെത്തിക്കാവുന്ന സാങ്കേതിക വിദ്യ വളർത്തിയെടുത്ത് ട്രാൻസ്പോർട്ടിംഗ് ചെലവ് ലാഭിക്കാം. മിൽമയിലൂടെ വൈക്കോൽ വിതരണം ചെയ്യാം.
6. ശീമക്കൊന്ന, പിലീവാക (സിബാബുൾ) എന്നിവയുടെ കൃഷി വ്യാപിപ്പിച്ച് കാലിത്തീറ്റയായി ഉപയോഗിക്കാവുന്നതാണ്.
7. ലോൺ തുക വർദ്ധിപ്പിക്കുന്നതിന് സഹകരണസംഘങ്ങൾക്ക് മുൻകൈ എടുക്കാവുന്നതാണ്.
8. അധിക സബ്സിഡിയായി സൗജന്യ ഇൻഷുറൻസ് പരിഗണിക്കാവുന്നതാണ്.
9. ആനന്ദ് മാതൃകയിൽ മൃഗസംരക്ഷണസംവിധാനമേർപ്പെടുത്തുക.
10. പകർച്ചരോഗങ്ങൾ കണ്ടെത്തുന്നതിന് JPHN പോലുള്ള സമ്പ്രദായം ഈ രംഗത്ത് പരീക്ഷിക്കാം.
11. മുട്ട - മാംസസംസ്കരണ വിപണനസഹകരണസ്ഥാപനങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിക്കാം.
12. കൃത്രിമ ബീജസങ്കലനം സർക്കാർ ഏജൻസിയുടെ ബാദ്ധ്യത ആക്കാവുന്നതാണ്.



IV (3) വ്യവസായം

വ്യവസായവൽക്കരണം നടക്കാതെ ഒരു രാജ്യത്തിന് പുരോഗതി നേടാൻ സാധിക്കുകയില്ല എന്നു മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്രഗവൺമെന്റ് തുടക്കം മുതലേ വ്യവസായവൽക്കരണപ്രക്രിയയ്ക്ക് പ്രാമുഖ്യം നൽകിയത്. വ്യവസായവൽക്കരണത്തിന് പശ്ചാത്തലസൗകര്യമുള്ള സംസ്ഥാനങ്ങളിലും നഗരങ്ങളിലും വ്യവസായസ്ഥാപനങ്ങൾ വളർന്നുവരാൻ തുടങ്ങി. വൻതോതിൽ സൗജന്യങ്ങൾ നൽകിയപ്പോൾ വ്യവസായങ്ങൾ ചില നഗരങ്ങളിൽ കേന്ദ്രീകരിക്കുവാനും, കേന്ദ്രഗവ. ന്റെ വ്യവസായനിക്ഷേപം അവിടങ്ങളിൽ കൂടുവാനും ഇടയായി. കേരളമടക്കമുള്ള ചില സംസ്ഥാനങ്ങൾക്ക് വ്യവസായ ഭൂപടത്തിൽ കാര്യമായ സ്ഥാനമില്ലാതായി. അതോടൊപ്പം കേരളത്തിലെ ഗ്രാമങ്ങളും വ്യവസായ ഗ്രഹണപ്രദേശങ്ങളായി. അതുകൊണ്ട് തന്നെ കേരളഗ്രാമങ്ങളിൽ, കാർഷിക വ്യവസായ സ്ഥാപനങ്ങളെങ്കിലും ഉണ്ടാക്കിക്കൊണ്ട് ഈ രംഗത്ത് മുന്നേറ്റം നടത്തെണ്ടതാണ്. ഈ വസ്തുതകൾ പരിശോധിച്ചുകൊണ്ട് വേണം നമ്മുടെ പഞ്ചായത്തിലെ സ്ഥിതികൾ വിലയിരുത്താൻ.

വ്യാവസായികരംഗത്ത് പറയത്തക്ക നേട്ടമൊന്നു മുണ്ടാക്കാൻ നമുക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല. 100ൽ അധികം സ്ത്രീ തൊഴിലാളികൾ ജോലിചെയ്യുന്ന 3 ഖാദി യൂണിറ്റുകൾ മാത്രമാണ് ഇപ്പോൾ നിലവിലുള്ളത് .കോട്ടൂർ, കോളിക്കടവ്, വാകയാട് എന്നിവിടങ്ങളിലായി അവ പ്രവർത്തിക്കുന്നു. കൂടാതെ ഖാദിഗ്രാമവ്യവസായ ബോർഡിന്റെ വിവിധ ഉല്പന്നങ്ങളുടെ ഒരു വിപണനശാലയും കോട്ടൂരിൽ ഉണ്ട് നെയ്ത്ത്, നൽനൂൽപ്പ്, എന്നീ മേഖലയിൽ ജോലിചെയ്യുന്ന 107 സ്ത്രീ തൊഴിലാളികൾക്ക് നാമമാത്രമായ വേതനം (പ്രതിമാസം 100 രൂപ മുതൽ 300 രൂപവരെ) മാത്രമേ ലഭിക്കുന്നുള്ളു. ഖാദി വസ്ത്രങ്ങൾക്കും മറ്റുല്പന്നങ്ങൾക്കും ഉയർന്ന വിലനിലവാരം ഉണ്ടായിട്ട് കൂടി തൊഴിലാളികൾക്ക് മിനിമം കൂലിപോലും ലഭിക്കാത്തത് ഗൗരവബുദ്ധ്യാ വീക്ഷിക്കേണ്ട വസ്തുതയാണ്. നൂൽനൂൽക്കാൻ ആവശ്യമായ ടേപ്പ് (പഞ്ഞി) മതിയായ അളവിൽ ലഭിക്കാത്തപ്പോൾ, നെയ്ത്തിനാവശ്യമായ നൂൽ മറ്റു കേന്ദ്രങ്ങളിൽ നിന്നും ഇവിടേയ്ക്ക് കൊണ്ട്വരേണ്ടിവരുന്നു. കോട്ടൂർ, കോളിക്കടവ് എന്നിവിടങ്ങളിൽ സ്വന്തമായി 50 സെൻറ് സ്ഥലത്തുള്ള കെട്ടിടമുണ്ടെങ്കിലും വൈദ്യുതി, വെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പോലും ഇല്ല. വാകയാട് കേന്ദ്രത്തിനാണെങ്കിൽ സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ല.

സ്വകാര്യമേഖലയിൽ കുട്ടാലിടയിൽ 2 ഈർച്ചമില്ലുകൾ പ്രവർത്തിക്കുന്നു. തിരുവോട് പ്രദേശത്ത് (3-ാം വാർഡ്) 'സിതാര' സോപ്പ് നിർമ്മാണയുണിറ്റ് ഏതാണ്ട് നല്ല നിലയിൽ പ്രവർത്തിക്കുന്നു. ബെസ്റ്റ്, മലബാർ എന്നീ ബ്രാൻഡ് സോപ്പുകൾ നന്നായി വിപണനം നടത്തപ്പെടുന്നു. വാകയാട് പ്രദേശത്ത് (7-ാം വാർഡ്) വനിതാസഹകരണസംഘത്തിന്റെ നേതൃത്വത്തിൽ ഉള്ള സോപ്പ് നിർമ്മാണ യൂണിറ്റ് ഇനിയും പ്രവർത്തനക്ഷമമായിട്ടില്ല. ഇതിന് സ്വന്തമായി കെട്ടിടവും യന്ത്രസാമഗ്രികളും ഉണ്ട്. നരയങ്കുളത്തും അക്കരമുണ്ട്യാടിയിലും മുമ്പ് ഉണ്ടായിരുന്ന സോപ്പു നിർമ്മാണവും നിലച്ചിരിക്കുകയാണ്. 8 ഫ്ലോർമില്ലുകൾ ഉള്ളത് 3 എണ്ണത്തിൽ വെളിച്ചെണ്ണ ഉല്പാദിപ്പിക്കുവാൻ സൗകര്യമുണ്ട്. മരവ്യവസായം നല്ല നിലയിൽ നടക്കുന്ന ഇവിടെ ഫർണീച്ചർ നിർമ്മാണം വേണ്ട രീതിയിൽ പുരോഗമിച്ചിട്ടില്ല. 280 പേർ വിവിധ തരത്തിലുള്ള കച്ചവടങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. 2 ഇൻഡസ്ട്രിയൽ യൂനിറ്റുകളുണ്ട്. കരിങ്കൽ ജില്ലി നിർമ്മാണരംഗത്ത് 500 ലധികം തൊഴിലാളികൾ ജോലിചെയ്യുന്നു. അതേപോലെ വളരെ കുറച്ചുപേർ മാത്രം പരമ്പരാഗത തൊഴിലായ പായനെയ്ത്ത്, കൈത്തറി നെയ്ത്ത് എന്നിവയിലേർപ്പെട്ടിരിക്കുന്നു. ചെങ്കൽ ഖനനവുമായി ബന്ധപ്പെട്ട് 600 ൽ അധികം തൊഴിലാളികൾ വിവിധ തൊഴിലുകളിൽ ഏർപ്പെട്ടു വരുന്നുണ്ട്.

വ്യാവസായിക മേഖല നേരിടുന്ന പ്രശ്നങ്ങൾ

നിലവിലുള്ള പദ്ധതിയെക്കുറിച്ചുള്ള അജ്ഞത

ധനകാര്യ ഏജൻസികളിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കാനുള്ള സാങ്കേതിക പ്രയാസങ്ങൾ

സാങ്കേതിക പരിജ്ഞാനത്തിന്റെ അഭാവം

ഭീമമായ മുതൽ മുടക്കാനുള്ള പ്രയാസം

വോൾട്ടേജ് ക്ഷാമവും പുതിയ വൈദ്യുതികണക്ഷൻ കിട്ടാനുള്ള കാലതാമസവും

വിപണനരംഗത്തെ പ്രശ്നങ്ങൾ

ഖാദിമേഖലയിലുള്ള കുറഞ്ഞ കൂലിനിരക്ക്

വിവിധ വാർഡുകളിലേക്ക് ഗതാഗത സൗകര്യങ്ങളുടെ അഭാവം

പരമ്പരാഗത വ്യവസായ ഉല്പന്നങ്ങൾക്ക് പഞ്ചായത്ത് തലത്തിൽ വിപണിയില്ലായ്മ

അച്ചടിമേഖലയിൽ ആധുനികയന്ത്ര സാമഗ്രികളുടെ അഭാവം

ഈർച്ചമിൽ തൊഴിലാളികൾക്ക് എല്ലാ സമയത്തും മരം ലഭിക്കാത്തതുമൂലമുള്ള തൊഴിൽ നഷ്ടം

ഗ്രാമസഭകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ:

സ്വയം തൊഴിൽ രംഗത്തും സഹകരണമേഖലയിലും താഴെ പറയുന്ന നിർമ്മാണ യൂനിറ്റുകൾക്ക് താല്പര്യം പ്രകടിപ്പിച്ചിരിക്കുന്നു.

സോപ്പ്, മെഴുകുതിരി, തീപ്പെട്ടി
പഴസംസ്കരണം, അച്ചാർ, ബേക്കറി, അവിൽ
ഫർണിച്ചർ
ബുക്ക് ബൈൻഡിങ്ങ്, ബുക്ക് നിർമ്മാണം.
റെഡിമെയ്ഡ്
കൊപ്രഡ്രയർ, വെളിച്ചെണ്ണമിൽ, ഫ്ലോർമിൽ
ഹവായ് ചെരുപ്പ്, കുമ്മായം
പായ, കുട്ട, കരിങ്കൽ ജില്ലി, കയർ
കുറ്റിമുല്ല, കോഴിവളർത്തൽ
സിമൻറ്കട്ട, സിമൻറ് ഉപയോഗിച്ചുള്ള
ഗൃഹോപകരണങ്ങൾ

ക്രമ നമ്പർ	ഇനങ്ങൾ	വിഭാഗം
1	ശാസ്ത്രീയമായ കോഴിവളർത്തൽ	
2	ആധുനികരീതിയിലുള്ള ആയുർവേദമരുന്ന് നിർമാണം	ജനറൽ എസ്.എസ്.ഐ
3	മരം, ഫർണീച്ചർ	
4.	ഹവായ് ചെരുപ്പുകൾ	
5	സ്കൂൾ ബാഗുകളും നോട്ടുബുക്കുകളും	
6	ലിക്യുഡ് ഡിറ്റർജൻറ്	
7	ഇനാമൽ പെയ്ൻറ്	
8	ഇരുചക്രവാഹനങ്ങളുടെ വർക്ക് ഷോപ്പ്	
9	സ്വിച്ച് ബോർഡ് നിർമ്മാണം	
10	സിന്തറ്റിക് വിനാഗിരി	
1	ഉന്നതനിലവാരമുള്ള റഡിമെയ്ഡ് വസ്ത്രങ്ങൾ	
2	അലക്കുസോപ്പ്	
3	സോപ്പുപൊടി നിർമ്മാണം	വനിത
4	പേപ്പർ കവർ നിർമ്മാണം	
1	ബാഗ്, റെയിൻകോട്ട് മുതലായ റക്സിൻ ഉല്പന്നങ്ങൾ	വനിതാ സഹകരണ
2	കറിപൗഡർ	സംഘം
3	കരിങ്കൽ ജില്ലി	
4	റഡിമെയ്ഡ് വസ്ത്രങ്ങൾ	
1	സിമൻറ് കൊണ്ടുള്ള വാതിൽ കട്ടില ഹോളോബ്രിക്സ്	സഹകരണ
2	സ്റ്റീൽ ഫർണിച്ചർ	സംഘം
3	പഠനോപകരണങ്ങളും ലബോറട്ടറി ഉപകരണങ്ങളും	ജനറൽ
1	കുൺകൃഷി	
2	സിമൻറ് ഇഷ്ടിക നിർമ്മാണം	പട്ടികജാതി സഹകരണ
3	റഡീമെയ്ഡ് വസ്ത്രങ്ങൾ	സംഘം
4	കിടക്ക നിർമ്മാണം	

അവലംബം - ജില്ലാവ്യവസായീക കേന്ദ്രം

നിർദ്ദേശങ്ങൾ

1. തൊഴിൽ രഹിതരും മുതൽ മുടക്കാൻ താല്പര്യ മുള്ളവരെയും പങ്കെടുപ്പിച്ച് പഞ്ചായത്ത് അടിസ്ഥാ നത്തിൽ വിപുലമായ വ്യവാസായിക സെമിനാർ സംഘടിപ്പിക്കുക.
2. ഇവിടെനിന്നും വ്യവസായം തുടങ്ങുന്നതിന് താല്പ ര്യമുള്ള സംരംഭകരുടെ പേരുകൾ റജിസ്റ്റർ ചെയ്യുകയും അത്തരക്കാർക്ക് ആവശ്യമായ മേഖല യിൽ വിദഗ്ദ്ധ പരിശീലനവും സാമ്പത്തിക സഹായവും ഉറപ്പുവരുത്തുക.
3. കോട്ടൂർ പഞ്ചായത്തിൽ ചുരുങ്ങിയത് രണ്ടേക്കർ സ്ഥലമെങ്കിലും പഞ്ചായത്ത് ഏറ്റെടുത്ത് ഒരു മിനി വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുകയാണെങ്കിൽ ഗൾഫിലുള്ളവരും അവിടെനിന്ന് തിരിച്ചുവരുന്ന വരെയും ഉൾപ്പെടുത്തി ധാരാളം സാധ്യതകളുള്ള ചെറുകിട വ്യവസായ യൂനിറ്റുകൾ ഉണ്ടാക്കാ വുന്നതാണ്.
4. നമ്മുടെ പഞ്ചായത്തിൽ തുടങ്ങാനാവശ്യമായ വ്യവസായങ്ങളുടെ പട്ടിക തയ്യാറാക്കി പ്രോജക്ട് റിപ്പോ ർട്ടുകൾ ഉണ്ടാക്കുക. (ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ സഹായം തേടാം)
5. വാകയാട് പ്രവർത്തനരഹിതമായിക്കിടക്കുന്ന സോപ്പ് നിർമ്മാണ യൂനിറ്റിന് സാമ്പത്തിക സഹായവും സാങ്കേ തികവിദ്യയും നൽകി പുനരുജ്ജീവിപ്പിക്കുക.
6. പുതിയ വ്യവസായ സംരംഭങ്ങൾക്ക് മതിയായ വൈദ്യുതി ലഭ്യമാക്കണം.

സാദ്ധ്യതകൾ

1. ഇവിടുത്തെ മുഖ്യ ഉല്പന്നമായ നാളികേരത്തെ അടിസ്ഥാനമാക്കിയുള്ള വ്യവസായത്തിന് പ്രത്യേക പരിശീലനം കൊടുക്കുക. (നാളികേര ബോർഡ്, കേര ഫെഡ്, കയർ വികസന ഡയറക്ടറേറ്റ് എന്നിവയുടെ സഹായം തേടാവുന്നതാണ്.)
2. പഞ്ചായത്ത് അടിസ്ഥാനത്തിൽ സഹകരണമേഖ

ലിയിൽ റെഡിമെയ്ഡ് നിർമ്മാണത്തിൽ അസംസ്കൃത പദാർത്ഥങ്ങൾ എത്തിക്കുവാനും ഉല്പന്നങ്ങൾ വിപണനം നടത്താനുമുള്ള സംവിധാനം ഉണ്ടാക്കി, വാർഡ് അടിസ്ഥാനത്തിലോ രണ്ടോ മൂന്നോ വാർഡുകൾ ചേർന്ന് കുറച്ച് റഡിമെയ്ഡ് യൂനിറ്റുകൾ തുടങ്ങാവുന്നതാണ്. ഇതിൽ നിന്ന് 50 ലധികം വനിതകൾക്ക് നേരിട്ടും 25 ലധികം പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കുന്നതാണ്.

3. ന്യായമായി വേതനവും അസംസ്കൃത പദാർത്ഥങ്ങളും ലഭ്യമാക്കി കൂടുതൽ ഖാദിയൂനിറ്റുകൾ അനുവദിച്ച് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുക. നിലവിലുള്ള സ്ഥലങ്ങളിൽ കൂടുതൽ ഉല്പന്നങ്ങൾ നിർമ്മിക്കുകയും ഇതിൻറെയൊരു വിപണനശാല പഞ്ചായത്ത് കേന്ദ്രത്തിൽ സ്ഥാപിക്കുകയും ചെയ്യുക.

4. പഞ്ചായത്ത് കേന്ദ്രമാക്കി കോഴിവളർത്തൽ സ്ഥാപിക്കാവുന്നതാണ്. താല്പര്യമുള്ളവർക്ക് കോഴിക്കുഞ്ഞുങ്ങളും കോഴിത്തീറ്റകളും മറ്റു സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയും അവരുടെ ഉല്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുകയും സംസ്കരിക്കുകയും ചെയ്യാവുന്നതാണ്. ഒരു വാർഡിൽ 50 പേരെയെങ്കിലും ഈ തൊഴിലിൽ ഏർപ്പെടുത്താം.

5. ടുവിലർ, ത്രീവിലർ വർക്ക്ഷാപ്പ്

6. ഡ്രൈക്ലീനിങ്ങ് യൂനിറ്റ്

7. ഗാൽവനൈസിങ്ങ് യൂനിറ്റ് (ഇൻഡസ്ട്രിയലുകളിൽ നിന്നും നിർമ്മിക്കുന്ന ഗ്രിൽസ്, ഗെയിറ്റ് എന്നിവയെ തുരുമ്പെടുക്കുന്നതിൽ നിന്നും സംരക്ഷിക്കുന്നതാണിത്)

PMRY, DWCRA എന്നിവ പ്രയോജനപ്പെടുത്തി വ്യക്തിഗതമായും കൂട്ടായും വ്യവസായങ്ങൾ തുടങ്ങാം. വനിതകൾക്കും പട്ടികജാതി, പട്ടികവർഗക്കാർക്കും ഗവൺമെൻറിൽ നിന്ന് കിട്ടുന്ന സാമ്പത്തികാനുകൂല്യങ്ങൾ വേണ്ടവിധം പ്രയോജനപ്പെടുത്തിയാൽ ഈ രംഗത്ത് മുന്നേറ്റം നടത്താവുന്നതാണ്.

മേൽപറഞ്ഞ നിർദ്ദേശങ്ങൾ ചർച്ചകളുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ച് നടപ്പാക്കിയാൽ ചെറുകിട വ്യവസായ രംഗത്ത് കാര്യമായ പുരോഗതി ഉണ്ടാക്കാൻ കഴിയും. നമുക്ക് ആവശ്യമായ നിത്യോപയോഗ സാധനങ്ങൾ ഇവിടെത്തന്നെ ഉണ്ടാക്കിയാൽ അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന രീതിയും ഒഴിവാക്കാം. പഞ്ചായത്തിൻറെ മൊത്തത്തിലുള്ള സാമ്പത്തികസ്ഥിതി മെച്ചപ്പെടുകയും ആളോഹരി വരുമാനം വർദ്ധിക്കുകയും ചെയ്യും.

പഞ്ചായത്തിലെ നിലവിലുള്ള ചെറുകിട വ്യവസായങ്ങൾ

ക്രമ നമ്പർ	ഇനം	ആകെ യൂനിറ്റുകൾ	തൊഴിലാളികളുടെ എണ്ണം			ദിവസക്കൂലി	
			പു	സ്ത്രീ	ആകെ	പു	സ്ത്രീ
1	ഖാദി	3	-	107	107	-	8-10
2	ഈർച്ചമിൽ	2	15	-	15	60-100	-
3	സോപ്പുനിർമ്മാണം	1	12	1	13	30-100	30
4	ഫ്ലോർമില്ലുകൾ	8	10	-	10	60	-
5	ഫർണിച്ചർ	5	9	-	9	100	-
6	അച്ചടി	2	4	-	4	60	-
7	ഇൻറസ്ട്രിയൽ	2	4	-	4	100	-
8	കരിങ്കൽ ജില്ലി	32	45	475	520	65	15-30
9	പരമ്പരാഗതം (കൈതോല, കൈത്തറി)	28	23	66	89	15-30	15-30
	ആകെ	83	122	649	771	-	-

വിദ്യാഭ്യാസം

ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട അറിയപ്പെടുന്ന ചലനങ്ങളൊന്നും നമ്മുടെ പഞ്ചായത്തിൽ വിദ്യാഭ്യാസത്തിന് തുടക്കം കുറിക്കാനിടയാക്കിയിട്ടില്ല. ഈ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽത്തന്നെ കോട്ടൂർ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന വിവിധ പ്രദേശങ്ങളിൽ എഴുത്തുപള്ളിക്കുടങ്ങളുണ്ടായിരുന്നു. അവിടനല്ലൂർ, തൃക്കുറ്റിശ്ശേരി, വാകയാട്, കോട്ടൂർ എന്നിവിടങ്ങളിൽ ഇത്തരം പഠന സമ്പ്രദായം നിലവിലുണ്ടായിരുന്നു. എഴുത്താശാൻമാർ സമൂഹത്തിലെ ഉന്നത കുടുംബങ്ങളിൽ പോയി പഠിപ്പിച്ചതായും പറയപ്പെടുന്നു.

അവിടനല്ലൂർ ഭാഗത്ത് വാഗ്ഭടാനന്ദഗുരുവിന്റെ ശിഷ്യനായ അപ്പു ഗുരുക്കൾ 'പൊയിൽ' എന്ന പറമ്പിൽ ആശ്രമവിദ്യാമഠം സ്ഥാപിച്ച് സംസ്കൃത വിദ്യാഭ്യാസത്തിന് സൗകര്യമൊരുക്കി. നരിക്കോട് പറമ്പിൽ ഷെഡ് കെട്ടി മുപ്പതോളം വിദ്യാർത്ഥികൾക്ക് സംസ്കൃത വിദ്യാഭ്യാസം നടത്തിയിരുന്നു. ജാതി പരികണനയില്ലാതെയാണ്. ഇവിടെ പുരാണങ്ങളും സംസ്കൃതകൃതികളും പഠിപ്പിച്ചിരുന്നത്.

ഈ ദിശയിലുള്ള പ്രവർത്തനം നടത്തുന്നതിന് പ്രചോദനമായിത്തീർന്നത് ആത്മവിദ്യാസംഘത്തിന്റെ സ്വാധീനം കൊണ്ടാണ്. വിഗ്രഹാരാധനയേയും, അന്ധവിശ്വാസത്തേയും എതിർക്കാൻ ഈ സംഘം തയ്യാറായിരുന്നു. ഇതിനെല്ലാം നേതൃത്വം കൊടുത്ത അപ്പു ഗുരുക്കൾ പിന്നീട് സ്ഥാപിക്കപ്പെട്ട മലയാള ചന്ദ്രിക എൽ.പി. സ്കൂളിന്റെ ആദ്യത്തെ മാനേജരായിരുന്നു.

പഞ്ചായത്തിലെ ആദ്യത്തെ സ്കൂൾ 1911 അവിടനല്ലൂരിൽ സ്ഥാപിക്കപ്പെട്ട അണിയോത്ത് എൽ.പി. സ്കൂളാണ്. ഫർക്കയിൽ ഒന്ന് എന്ന നിലയിൽ അനുവദിച്ചിരുന്ന സ്കൂളുകളിൽ ഒന്നായിരുന്നു ഇതും. ഈ പ്രദേശത്ത് സ്കൂൾ വിദ്യാഭ്യാസം നേടാനുള്ള സൗകര്യം ഇതോടെ കൈവന്നു.

പട്ടിക 1 IV (4)-1

തുടർന്ന് വിവിധ കാലയളവിലായി മൂലാട്, തൃക്കുറ്റിശ്ശേരി, വാകയാട്, നരയംകുളം തുടങ്ങിയ പ്രദേശങ്ങളിലും സ്കൂളുകൾ സ്ഥാപിച്ചു അവസാനത്തെ മലബാർ ഡിസ്ട്രിക് ബോർഡിന്റെ കീഴിലാണ് നീറോത്ത്, വാകയാട് പെരവച്ചേരി എന്നീ ഏകാധ്യാപക വിദ്യാലയങ്ങൾ സ്ഥാപിച്ചത്.

1960 വരെ പഞ്ചായത്തിലാകെ ബിരുദധാരികളായി 10 പേരാണ് ഉണ്ടായിരുന്നത്. ഇവരിൽ പലരും പിന്നീട് സാഹിത്യസാംസ്കാരിക രംഗങ്ങളിലെ പ്രമുഖരായിത്തീർന്നു. പഞ്ചായത്തിൽ ഇപ്പോൾ മൊത്തം 16 സ്കൂളുകൾ ഉണ്ട്. അവയിൽ 5 എണ്ണം സർക്കാർ മേഖലയിലും 11 എണ്ണം സ്വകാര്യമേഖലയിലുമാണ്. ഇവയിൽ 9 എൽ.പി., 5 യു.പി. 1 മുതൽ 10 വരെ ക്ലാസ്സുകളുള്ള ഒരു ഹൈസ്കൂൾ 8 മുതൽ 10 വരെ ക്ലാസ്സുകളുള്ള മറ്റൊരു ഹൈസ്കൂളുമാണ്. ഇവയിലെല്ലാം കൂടി മൊത്തം 5554 കുട്ടികൾ പഠിക്കുന്നു.

പട്ടിക 3 IV (4)-3

1950ൽ എൻ. എച്ച് . എസ് വാകയാട് ആരംഭിച്ചതോടെയാണ് ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് സൗകര്യമുണ്ടായത്. അതുവരെ കൊയിലാണ്ടി, എലത്തൂർ 1948 മുതൽ പേരാമ്പ്ര തുടങ്ങിയ വിദ്യാലയങ്ങളിൽ മാത്രമേ ഇതിനു സൗകര്യമുണ്ടായിരുന്നുള്ളൂ. വാകയാട് ഹൈസ്കൂൾ ആരംഭിച്ച കാലത്ത് 10 കിലോമീറ്ററിലധികം ദൂരെ നിന്ന് വിദ്യാർത്ഥികൾ ദിവസേന സ്കൂളിൽ വന്നു പഠിച്ചുകൊണ്ടിരുന്നു. കുടിയേറ്റ മേഖലക്കാർക്കുപോലുമുള്ള ഏക ഹൈസ്കൂളായിരുന്നു ഇത്.

1981ൽ അവിടനല്ലൂർ ഗവ. ഹൈസ്കൂൾ നിലവിൽ വന്നതോടെ പഞ്ചായത്തിന്റെ വടക്കു കിഴക്കൻ മേഖലയിലുള്ളവർക്ക് വലിയൊരാശ്വാസമായി. അതുവരെ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനും 5 കി. മീ. അധികം നടന്നുപോകേണ്ടതുണ്ടായിരുന്നു. ഇപ്പോൾ ഹൈസ്കൂളുകൾ തമ്മിലുള്ള ദൂരം 4 കി.മീ ആണ്. (പട്ടിക 7 നോക്കുക) IV (4)-3

സ്കൂളുകളില്ലാത്ത വാർഡുകളൊന്നും പഞ്ചായത്തിലില്ല. സ്കൂൾ പ്രായമുള്ള മുഴുവൻ കുട്ടികളേയും സ്കൂളിൽ ചേർക്കുന്നുണ്ടെങ്കിലും വലിയൊരു വിഭാഗം താഴെ ക്ലാസ്സിൽ നിന്നും കൊഴിഞ്ഞുപോകുന്നുണ്ട്.

നമ്മുടെ സ്കൂളുകളിൽ കുട്ടികൾ കുറഞ്ഞുവരുന്നതായിട്ടാണ് ഒന്നാം ക്ലാസ്സിലെ പ്രവേശനക്കണ

ക്കുകൾ സൂചിപ്പിക്കുന്നത്. കഴിഞ്ഞ 6 വർഷം കൊണ്ട് ഒന്നാം ക്ലാസിലെ പ്രവേശനത്തിൽ 11.6% കുറവു വന്നതായി കാണാം. (പട്ടിക 5) IV (4)-4 ജനനനിയന്ത്രണം വ്യാപകമായത് ഇതിനൊരു കാരണമാകാം. ഇംഗ്ലീഷ് മീഡിയം സ്കൂളിലേക്ക് വലിയ തോതിൽ നമ്മുടെ പഞ്ചായത്തിൽ നിന്നും കുട്ടികൾ പോകുന്നില്ല. ചുരുക്കം ചില വീടുകളിൽ നിന്നും നഗരങ്ങളിലെ ഇത്തരം സ്ഥാപനങ്ങളിലേക്ക് കുട്ടികൾ പോകുന്നുണ്ട്.

ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് തൊട്ടടുത്ത പഞ്ചായത്തിലെ സ്കൂളുകളിൽ ചിലതിൽ പോകുന്നവരുമുണ്ട്. മെച്ചപ്പെട്ട വിദ്യാഭ്യാസം തേടിപോകുന്നവരും ഇക്കൂട്ടത്തിലുണ്ട്. കൂടാതെ പഞ്ചായത്തിന്റെ അതിർത്തിയിൽ നിന്നും യാത്രാസൗകര്യം നോക്കി പോകുന്നവരെയും കാണാം.

സ്കൂളുകളിലെ ഭൗതിക സാഹചര്യം

പഞ്ചായത്തിലെ 16 സ്കൂളുകളിൽ ആവശ്യമായ ഭൗതികസാഹചര്യങ്ങൾ പലതുമില്ലെന്നാണ് ഇതു സംബന്ധിച്ച കണക്കുകൾ കാണിക്കുന്നത്. പട്ടികIV (4)-2 ഇക്കാര്യം വിശദമാക്കിയിട്ടുണ്ട്. ലൈബ്രറി, ലാബ റട്ടറി, ദൃശ്യശ്രാവ്യ ഉപകരണങ്ങൾ എന്നിവ തീരെ അപര്യാപ്തമാണ്. പരിമിതമായ സൗകര്യമുള്ള ചിലയിടങ്ങളിൽ കാര്യക്ഷമമായി അവ ഉപയോഗിക്കാത്ത സ്ഥിതിയുമുണ്ട്. മൂത്രപ്പുരയില്ലാത്ത 4 ഉം പാചകമുറിയില്ലാത്തവ 7 ഉം, വൈദ്യുതീകരിക്കാത്തവ 12 ഉം കക്കുസില്ലാത്തവ 12 ഉം ഉണ്ട്. വേണ്ടത്ര ഫർണിച്ചർ ഇല്ലാത്തവയാണ് മുഴുവൻ സ്കൂളുകളും. ശുദ്ധജല വിതരണത്തിന് പൈപ്പുകൾ ഇല്ലാത്ത 12 വിദ്യാലയങ്ങൾ ഉണ്ട്. 2 സ്കൂളുകളിലൊഴികെ ആവശ്യമായ കളിസ്ഥലങ്ങളില്ല. കായികമേഖലയിലെ വളർച്ചയ്ക്ക് മുഖ്യ തടസ്സമായി നിൽക്കുന്നത് ഈ അസൗകര്യമാണ്. സൗകര്യമുള്ള വിദ്യാലയങ്ങളിലും കായികമേഖല മെച്ചപ്പെടുത്താൻ പറ്റിയ പരിശീലനം ലഭിക്കുന്നില്ലെന്ന പരാതിയും ഗ്രാമസഭയിൽ ഉയർന്നുവരികയുണ്ടായി. 6 സ്കൂളുകളിൽ ഓഫീസ് മുറികൾ ഇല്ലാത്തവയാണ്. 10 സ്കൂളുകൾക്ക് സ്റ്റാഫ് മുറികളില്ല. കിണറില്ലാത്ത ഒരു സ്കൂളും പഞ്ചായത്തിലുണ്ട്. അത്യാവശ്യമായ റിക്കാർഡുകളും പഠനോപകരണങ്ങളും സൂക്ഷിക്കാനുള്ള സൗകര്യവും പല സ്ഥാപനങ്ങളിലും ഇല്ല. ഈ സൗകര്യങ്ങൾ മെച്ചപ്പെടുത്തിയാലെ, വിദ്യാഭ്യാസരംഗത്തെ ശോചനീയാവസ്ഥയ്ക്ക് തെല്ലെങ്കിലും ആശ്വാസം ലഭിക്കുകയുള്ളൂ. സ്കൂൾ ലൈബ്രറികൾ വേണ്ടപോലെ ഉപയോഗപ്പെടുത്തുന്നില്ല. ലബോറട്ടറികളിലെ പരിമിതമായ സൗകര്യംപോലും ഉപയോഗപ്പെടുത്തുന്നില്ല.

അവിടനല്ലൂർ ഗവ. ഹൈസ്കൂളിന്റെ ആരംഭകാലത്ത് ജനങ്ങളുടെ കൂട്ടായ പ്രവർത്തനംകൊണ്ടാണ് ഷെഡുകളും കെട്ടിടങ്ങളും ഉണ്ടാക്കിയത്. സർക്കാർ ധനസഹായം ഇപ്പോഴും വേണ്ടത്ര ലഭിച്ചിട്ടില്ല. ക്ലാസുകൾ മിക്കവാറും ഓല മേഞ്ഞ ഷെഡിലാണ് നടക്കുന്നത്. ഫർണിച്ചറുകളും മറ്റു സൗകര്യങ്ങളും ആവശ്യത്തിനില്ല. കളിസ്ഥലം തീരെയില്ല. സ്കൂളിനു ചുറ്റും വർഷത്തിൽ നാലു മാസവും വെള്ളം കെട്ടി നിൽക്കുന്ന ചെളിപ്രദേശമാണ്.

പട്ടിക IV (4)-2

S.S.L.C വിജയശതമാനം

പഞ്ചായത്തിലെ രണ്ട് ഹൈസ്കൂളുകളിലും വിജയശതമാനം തൃപ്തികരമല്ല. ഭേദപ്പെട്ട നില NHS വാകയാടിനാണ്. കഴിഞ്ഞ 5 വർഷത്തെ കണക്ക് പട്ടികയിൽ കൊടുത്തിട്ടുണ്ട്. പട്ടിക IV (4)-3 ഇത് കാണിക്കുന്നത് പരീക്ഷക്കിരുന്നതിൽ പകുതി കുട്ടികളെയെങ്കിലും വിജയിപ്പിക്കുന്നതിന് സമീപവർഷങ്ങളിൽ പ്രസ്തുത സ്കൂളിന് കഴിഞ്ഞിട്ടില്ല എന്നുള്ളതാണ്. പരീക്ഷയ്ക്കിരുന്ന കുട്ടികൾ ഇവിടെ കുറവാണ്. കഴിഞ്ഞ രണ്ടു വർഷങ്ങളിൽ അതിനു തൊട്ടുമുമ്പുള്ള വർഷത്തേക്കാൾ മുമ്പോട്ടു പോകാൻ കഴിഞ്ഞു. ഫലപ്രദമായ പി.ടി.എയും, മാതൃസംഗമങ്ങളും ചേരുന്നതുകൊണ്ടാണ് നില മെച്ചപ്പെട്ടത്. ഇത് ഇനിയും മെച്ചപ്പെടുത്തിയാൽ ഇന്നത്തെ നിലയിൽ നിന്ന് മാറ്റമുണ്ടാകും.

അവിടനല്ലൂർ ഹൈസ്കൂളിലെ വിജയശതമാനം ആരംഭഘട്ടത്തിലെ നിലയിൽ നിന്നും വളരെയേറെ പിറകോട്ടു പോയിട്ടുണ്ട്. വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചപ്പോൾ ഗുണത്തിൽ മോശപ്പെട്ട നിലയാണ്. പരീക്ഷയ്ക്കിരിക്കുന്ന കുട്ടികളിൽ അഞ്ചിൽ ഒന്നു പോലും വിജയിക്കാത്ത സ്ഥിതിയാണുള്ളത്. ഈ നില മെച്ചപ്പെടുത്താൻ എല്ലാ വിഭാഗത്തിന്റെയും സത്വരശ്രദ്ധ അത്യാവശ്യമാണ്. പ്രസ്തുത സർക്കാർ സ്കൂളിന്റെ ഈ പിറകോട്ടുപോക്ക് ഗ്രാമസഭകളിൽ പരാമർശവിഷയമായിട്ടുണ്ട്. പഠനത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന കുട്ടികളെ വേർതിരിച്ച് അവർക്കാവശ്യമായ ശിക്ഷണം നൽകുന്നതിൽ കൂടുതൽ ശ്രദ്ധ ആവശ്യമാണ്. ഈ സ്ഥാപനത്തെ കുറിച്ചുള്ള മോശമായ അഭിപ്രായം തിരുത്താൻ അടിയന്തിരമായ പ്രായോഗിക മാർഗങ്ങൾ ആരായുകയും നടപ്പിലാക്കുകയും വേണം.

പഠനനിലവാരം

എൽ. പി., യു.പി. ക്ലാസുകളിലെ പഠനനിലവാരം വേണ്ടത്രയില്ല. ഹൈസ്കൂളിലെത്തുന്ന നല്ലൊരു വിഭാഗം കുട്ടികളിൽ അക്കവും അക്ഷരവും മനസ്സിൽ

ഉറയ്ക്കാത്തവരാണ്. അതുകൊണ്ടുതന്നെ ഹൈസ്കൂളിലെ പാഠഭാഗങ്ങൾ മനസ്സിലാക്കാൻ കഴിവില്ലാത്തവരായി മാറുന്നു. SSLC വിജയശതമാനം കുറയ്ക്കുന്നതിൽ മോശമല്ലാത്ത പങ്ക് ഇതിനുണ്ടെന്ന് കാണാം. പാഠ്യേതര വിഷയങ്ങളിൽ താല്പര്യമുണ്ടാക്കുന്നതിൽ വേണ്ടത്ര മുമ്പോട്ടുപോകാൻ പ്രൈമറി ഘട്ടങ്ങളിൽ കഴിയുന്നില്ല. ജില്ലാ സംസ്ഥാന നിലവാരത്തിൽ മത്സരത്തിൽ പങ്കെടുക്കാൻ അർഹത നേടിയവരും അവയിൽ വിജയം നേടുന്നവരും ഇല്ലെന്നാണ് കണക്കുകൾ കാണിക്കുന്നത്.

മെറിറ്റടിസ്ഥാനത്തിൽ നടക്കുന്ന മത്സര പരീക്ഷയിൽ ആകെ നാലോ അഞ്ചോ പേരാണ് അർഹത നേടിയത്. സാമ്പത്തികമായ പിന്നോക്കാവസ്ഥയും കുടുംബപശ്ചാത്തലവും ഈ അവസ്ഥയ്ക്ക് ഒരു പരിധിവരെ കാരണമാണ്. യുവജനോത്സവത്തിലെ വർദ്ധിച്ച സാമ്പത്തികഭാരം താങ്ങാനാവാത്തതുകൊണ്ടും നിരന്തര പരിശീലനത്തിൽ പണം മുടക്കാൻ കഴിയാത്തതും ജില്ലാ സബ് ജില്ലാ മത്സരങ്ങളിൽ നേട്ടമുണ്ടാവാതിരിക്കാൻ ഒരു കാരണമാണ്. ആവശ്യത്തിന് പഠനോപകരണങ്ങളും വസ്ത്രവും വാങ്ങാൻ കഴിവില്ലാത്തവരും ധാരാളം ഉണ്ടെന്നു കാണാം. നിർദ്ധന കുടുംബങ്ങളിൽ ജീവിതച്ചെലവു വഹിക്കാനും കുടുംബത്തെ സഹായിക്കാനും പലരും ഇടയ്ക്കുവെച്ചു പഠനം നിർത്തുന്നുണ്ട്.

അനൗപചാരിക വിദ്യാഭ്യാസം

സാക്ഷരതാ പ്രവർത്തനം

നമ്മുടെ സംസ്ഥാനത്ത് ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കിയ പുതിയൊരു സംരംഭമായിരുന്നു സാക്ഷരതാ പ്രവർത്തനം. ഇത് ലോകത്തിന്റെ പ്രശംസയ്ക്ക് പാത്രീഭവിച്ചു. 1990ൽ ആരംഭിച്ച ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തനം കോട്ടൂർ പഞ്ചായത്തിലും സ്തുത്യർഹമാം വിധം നടത്തി. കക്ഷിരാഷ്ട്രീയത്തിനതീതമായ പങ്കാളിത്തമാണീ കാര്യത്തിലുള്ളത്. തുടക്കത്തിൽ ഈ പ്രവർത്തനത്തിന്റെ ഫലപ്രാപ്തിയെക്കുറിച്ച് സംശയം പ്രകടിപ്പിച്ചവർ പിന്നീട് സജീവമായത് ശ്രദ്ധേയമാണ്. 464 ഇൻസ്ട്രക്റ്റർമാരും 24 മാസ്റ്റർ ട്രെയിനികളും നടത്തിയ നിസ്വാർത്ഥവും നിരന്തരവുമായ പ്രവർത്തനത്തോടൊപ്പം പഞ്ചായത്തിലെ നല്ലൊരു വിഭാഗം ജനങ്ങളും ഒറ്റക്കെട്ടായി ആ ഈ സംരഭത്തിൽ പങ്കാളികളായി. കൂട്ടായ്മയിലൂടെ അത്ഭുതങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്ന് തെളിയിച്ച സംരംഭമായിരുന്നു ഇത്.

സർവ്വേ പ്രകാരം കണ്ടെത്തിയ 2254 നിപരക്ഷരരെ അക്ഷരത്തിന്റെ വെള്ളി വെള്ളിച്ചത്തിലേക്ക് കൈ പിടിച്ചുയർത്താൻ കഴിഞ്ഞു. ജീവിതത്തിലൊരിക്കലും അക്ഷരാഭ്യാസം നേടാൻ കഴിഞ്ഞില്ലെന്ന് നിരാശപ്പെട്ടവർക്ക് വൈകിയാണെങ്കിലും ഇങ്ങനെ ഒരവസരം ലഭിച്ചപ്പോൾ മഹാഭാഗ്യമായി അതിനെ പലരും കണ്ടു. പേരെഴുതാനും, വായിക്കാനും പരിശീലനം നേടാൻ ഒന്നാം ഘട്ടത്തിൽ കഴിഞ്ഞു.പട്ടികIV (4)-7

രണ്ടാം ഘട്ടത്തിലെ തുടർ വിദ്യാഭ്യാസം ഫലപ്രദമായ് നടപ്പിലാക്കാൻ കഴിയാത്തതുകൊണ്ട് നേരത്തെ കൈവരിച്ച നേട്ടം ഉറപ്പിക്കാനായില്ല. പേരെഴുതാനും വായിക്കാനും പഠിച്ചവർ തന്നെ നിരന്തരം പരിശീലനം ലഭിക്കാത്തതിനാൽ നിരക്ഷരരായി മാറി. പഞ്ചായത്തിൽ രണ്ട് ജനവിദ്യാകേന്ദ്രങ്ങൾ ചില പ്രവർത്തനങ്ങളൊക്കെ സംഘടിപ്പിച്ചിരുന്നു. ജനകീയ പങ്കാളിത്തം വിപുലമായി ഇക്കാര്യത്തിനുണ്ടായിരുന്നില്ല. ചുരുക്കം ആളുകളിൽ ഒതുങ്ങിയ പ്രവർത്തനമായിരുന്നു ഇത്.

പഞ്ചായത്തിലെ 11ാം വാർഡിൽ സാക്ഷരതാ പ്രവർത്തനത്തിൽ നേതൃത്വം നൽകിയ ശ്രീ : കെ. കുഞ്ഞൻമാസ്റ്റർ ഇപ്പോൾ സംസ്ഥാന അധ്യാപക അവാർഡ് നേടിയ ആൾ കൂടിയാണ്.

സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ

10 വർഷം മുമ്പ് തന്നെ നമ്മുടെ പഞ്ചായത്തിൽ സമാന്തരവിദ്യാലയങ്ങൾ ഉണ്ടായിരുന്നു. 'വിദ്യ' എന്ന പേരിലായിരുന്നു ഈ മേഖലയിലെ ആദ്യത്തെ സ്ഥാപനം. 1988ൽ ബോധികോളേജ് ഈ രംഗത്ത് കുറെക്കൂടി മെച്ചപ്പെട്ട നിലയിൽ വന്നു. പിന്നീട് പ്രതിഭ കോളേജും ആരംഭിച്ചതോടെ, പഞ്ചായത്തിൽ 2 സ്ഥാപനങ്ങളിലായി 308 വിദ്യാർത്ഥികൾ പഠിക്കുന്നു.

പട്ടികIV (4)-9

പട്ടിക 10 സമാന്തരവിദ്യാഭ്യാസ സ്ഥാപനങ്ങൾ

ക്ലാസ്	ബോധി				പ്രതിഭ		
	Boys	Girls	Total		B	G	Total
SSLC	62	59	121		28	35	63
PDC	17	13	30		8	19	27
II PDC	17	34	51		2	14	16
	96	106	202		38	68	106

SSLCവിജയശതമാനം വളരെ കുറഞ്ഞ ഹൈസ്കൂളുകളിൽ നിന്നും പുറന്തള്ളപ്പെടുന്ന കുട്ടികൾക്ക് ഒരാശ്രയ കേന്ദ്രമാണ് ഈ സമാന്തരസ്ഥാപനങ്ങൾ. ഇവിടെ പരീക്ഷയെഴുതുന്നവരിൽ 75 - 90 % നിട

യ്ക്ക് വിജയിക്കുന്നു. SSLC തോൽക്കുന്നതിൽ പഞ്ചായത്തിലുള്ളവർ മിക്കവാറും ഈ രണ്ട് സ്ഥാപനങ്ങളെതന്നെയാണ് ആശ്രയിക്കുന്നത്. എന്നാൽ ചുരുങ്ങിയ ഒരു വിഭാഗം നടുവണ്ണൂർ, ബാലുശ്ശേരി, പേരാമ്പ്ര തുടങ്ങിയ പ്രദേശങ്ങളിലെ സ്ഥാപനങ്ങളിലും പോകുന്നുണ്ട്.

SSLC വിജയിച്ചവരിൽ മോശമല്ലാത്ത മാർക്ക് ലഭിച്ചവർ പോലും ഇന്ന് സമാന്തര വിദ്യാലയത്തിൽ എത്തുന്നുണ്ട്. സയൻസ്, കണക്ക് ഗ്രൂപ്പുകളിൽ കോളേജുകളിൽ പ്രവേശനം ലഭിക്കാത്ത സാഹചര്യത്തിൽ മറ്റു വിഷയങ്ങൾ പഠിക്കാൻ ഈ സ്ഥാപനങ്ങളാണ് സൗകര്യമെന്ന് കരുതുന്നവരുമുണ്ട്. നഗരത്തിലേക്കുള്ള യാത്രാദുരിതം അങ്ങിനെ ചിന്തിക്കാൻ അവർക്ക് പ്രേരണ നൽകുന്നു.

കുട്ടികളിൽനിന്ന് ഈടാക്കുന്ന ഫീസാണ് ഈ സ്ഥാപനങ്ങളിലെ ധനാഗമമാർഗം. വേണ്ടത്ര സൗകര്യം ഇവയ്ക്കില്ല. ഷെഡുകളിലാണ് ക്ലാസുകൾ നടത്തുന്നത്. കായിക പരിശീലനം തീരെ നടക്കുന്നില്ല. അതിനു സൗകര്യമില്ല. വാർഷിക പരിപാടികളായി കലാപരിപാടികൾ നടത്തുന്നുണ്ട്. സാമ്പത്തിക പരിധിയിൽ നിന്നുകൊണ്ട് അത്തരം കാര്യങ്ങൾ ഇവർ സംഘടിപ്പിക്കുന്നു. പഞ്ചായത്തിൽ നടക്കുന്ന സാമൂഹ്യസേവനരംഗങ്ങളിൽ ഈ സ്ഥാപനങ്ങളിലെ അധ്യാപകരും വിദ്യാർത്ഥികളും സജീവമായ പങ്കു വഹിക്കുന്നുണ്ട്. കലാ മത്സരങ്ങൾ അതാതു സ്ഥാപനങ്ങളിൽ മാത്രം ഒതുങ്ങിപ്പോകുന്നു. ജില്ലാ സംസ്ഥാനതലത്തിൽ ഇത്തരം മത്സരങ്ങൾ സംഘടിപ്പിക്കാനുള്ള സൗകര്യം ഇന്നില്ല. അംഗീകൃത കോളേജുകളിലെപ്പോലെ പ്രയോജനകരമായ സർട്ടിഫിക്കറ്റുകളും യോഗ്യതകളും ലഭിക്കാത്ത സ്ഥിതിയുണ്ട്.

താൽക്കാലി ജോലി എന്ന നിലയിൽ അഭ്യസ്ഥവിദ്യരായ ചെറുപ്പക്കാർക്ക് ഇവിടം ഒരു താവളമാണ്. വിദ്യാഭ്യാസരംഗത്ത് അവഗണിക്കാനാവാത്ത മേഖലയായി ഈ സ്ഥാപനങ്ങൾ ഇന്ന് മാറിയിട്ടുണ്ട്. വാകയാട് V ാ വാർഡിൽ പ്രസാദ് ഹിന്ദി വിദ്യാലയം എന്ന പേരിൽ ഹിന്ദി ഭാഷ പഠിക്കുന്ന ഒരു സ്ഥാപനം പ്രവൃത്തിക്കുന്നുണ്ട്.

പേരൻറ് ടീച്ചേഴ്സ് അസോസിയേഷൻ (പി.ടി.എ)

പഠനനിലവാരം മെച്ചപ്പെടുത്താൻ അതിപ്രധാനമായ സ്ഥാനം അദ്ധ്യാപകരക്ഷാകർത്തൃസമിതിക്കുണ്ട്. സ്കൂളിൻെറ സമഗ്രവികസനത്തിനും ഇത് അത്യാവശ്യമാണ്. ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത കണ്ടറിയാനും പരിഹരിക്കാനും കുട്ടായ സംരംഭത്തിലൂടെ മാത്രമേ കഴിയുകയുള്ളൂ. പി.ടി.എ. ഫലപ്രദമായ ചില സ്കൂളുകളിൽ വിജയശതമാനം ഉയർത്താനും, കെട്ടിടങ്ങളുടെയും പഠനോപകരണങ്ങളുടെയും സൗകര്യം വർദ്ധിപ്പിക്കാനുംകഴിയുമെന്നും തെളിയിക്കപ്പെട്ടിട്ടുണ്ട്.

നമ്മുടെ 16 സ്കൂളുകളിലും കാര്യക്ഷമമായ പി.ടി.എ ഇനിയും രൂപപ്പെട്ടിട്ടില്ല. വർഷത്തിൽ ചില യോഗം നടക്കുന്ന സ്ഥാപനങ്ങളുമുണ്ട്. എന്നാൽ അവയിൽ വലിയൊരു വിഭാഗം രക്ഷിതാക്കൾ പങ്കെടുക്കുന്നില്ല. കുട്ടികളെ സ്കൂളിൽ ചേർക്കുന്നതോടെ സ്കൂളുമായുള്ള ബന്ധം അവസാനിച്ചു എന്നു കരുതുന്ന രക്ഷിതാക്കളാണധികവും. പി.ടി.എ.യെപ്പറ്റി ബോധമില്ലായ്മയാണ് ഈ പ്രവണതയ്ക്കു കാരണം.

മാതൃ പി.ടി.എ യും നമ്മുടെ പഞ്ചായത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. മാതൃസംഗമത്തിൽ മുമ്പത്തേക്കാൾ പങ്കാളിത്തമുണ്ടാകുന്നുണ്ട്. നമ്മുടെ പഞ്ചായത്തിൽ കുടുംബനാഥൻമാർ ഭൂരിപക്ഷവും പുരുഷൻമാരാണ്. അവർ ജോലിസംബന്ധമായി പുറത്തുപോകുമ്പോൾ കുട്ടികളുടെ പഠനകാര്യത്തിൽ ഏറെ ശ്രദ്ധ ചെലുത്താൻ കഴിയുക അമ്മമാർക്കാണ്. അവരെ ഇക്കാര്യത്തിൽ നിരന്തരമായി ബോധവൽക്കരിക്കണം. സ്കൂൾ കോംപ്ലക്സിൻെറ ഭാഗമായി ഇപ്പോൾ നടക്കുന്ന 'അയൽക്കൂട്ടങ്ങൾ' ഈ ദിശയിലുള്ള പ്രവർത്തനം നടത്തുന്നുണ്ട്.

ഗ്രാമസഭകളിലെ ചർച്ചകളിൽ ഉയർന്നുവന്നത് പി.ടി.എ പ്രവർത്തനം ഫലപ്രദമാകുന്നില്ലെന്നാണ്. കാര്യക്ഷമമായി പ്രവർത്തിക്കുന്ന അദ്ധ്യാപകർക്ക് സാമൂഹികാംഗീകാരം നൽകാനും, അവരെ പ്രോത്സാഹിപ്പിക്കാനും പി.ടി.എ.യ്ക്കു കഴിയും. മിടുക്കൻമാരായ കുട്ടികൾക്കും ഇത്തരം അംഗീകാരം നൽകേണ്ടതുണ്ട്. ഇത് കേവലം ഓർമ്മശക്തിപരിശോധനയെന്ന മൂല്യനിർണയത്തെ മാത്രം ആശ്രയിച്ചാവരുത്.

അംഗനവാടി (ശിശുവിദ്യാഭ്യാസം)

ആയിരം ജനസംഖ്യയ്ക്ക് ഒരു അംഗനവാടി എന്ന നില എണ്ണത്തിൻെറ കാര്യത്തിൽ മാത്രം കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. 27,682 ജനസംഖ്യയുള്ള നമ്മുടെ പഞ്ചായത്തിൽ 27 അംഗനവാടികളുണ്ട്. ഇവയിൽ 3 എണ്ണത്തിനു മാത്രമേ സ്വന്തമായി കെട്ടിടങ്ങൾ ഉള്ളൂ. കൂളിക്കാൻ ആവശ്യമായ സ്ഥലവും ഉപകരണങ്ങളും പലതിനും ഇല്ല. കുഞ്ഞുനാളിൽത്തന്നെ മനസ്സു മുരടിക്കുന്ന തരത്തിലുള്ള പരിതാപകരമായ അന്തരീക്ഷമാണ് പല അംഗനവാടികൾക്കും പരിസ്ഥിതി പ്രശ്നങ്ങളുള്ള

സ്ഥലത്തുപോലും അംഗനവാടികൾ പ്രവർത്തിക്കുന്നുണ്ട്.

ഇളം മനസ്സുകളെ ശാസ്ത്രീയമായി വികസിപ്പിക്കുന്നതിന് മനഃശാസ്ത്രപരമായ രീതിയിലല്ല പലരും സമീകരിക്കുന്നത്. ഇതിനാവശ്യമായ പരിശീലനം പലർക്കും ലഭിച്ചിട്ടില്ല. കളിയിലൂടെ കാര്യങ്ങൾ മനസ്സിലാക്കാൻ ഇട നൽകുന്നതിനു പകരം അവരുടെ കുരുന്നു മനസ്സിനെ പഠിക്കാൻ നിർബന്ധിക്കുന്ന രീതിയും ശാസ്ത്രീയമല്ല. അംഗനവാടിയിൽ നിന്നുതന്നെ അവരെ പഠിപ്പിക്കാൻ നിർബന്ധിക്കുന്ന രക്ഷിതാക്കൾ ഉണ്ട്. അവരെ ബോധവൽക്കരിച്ചില്ലെങ്കിൽ ഇതിനു മാറ്റമുണ്ടാക്കാൻ കഴിയില്ല.

ഇംഗ്ലീഷ് മീഡിയം നേഴ്സറി സ്കൂൾ പഞ്ചായത്തിൽ വേരു പിടിച്ചിട്ടില്ല. ചുരുക്കം ചില കുട്ടികളെ ബാലുശ്ശേരി, പേരാമ്പ്ര, കോഴിക്കോട് തുടങ്ങിയ പ്രദേശങ്ങളിലെ നേഴ്സറികളിൽ കൊണ്ടുപോകുന്നവരുണ്ട്.

നൃത്ത-വാദ്യ-സംഗീത പരിശീലനകേന്ദ്രങ്ങൾ

നമ്മുടെ ഗ്രാമത്തിൽ സംഗീതവും നൃത്തവും പരിശീലിപ്പിക്കാൻ ഉതകുന്ന സ്ഥാപനങ്ങളില്ല. ഇവയിൽ താല്പര്യമുള്ളവരും സാമ്പത്തികനില മെച്ചപ്പെട്ടവരും മറ്റു നഗരങ്ങളിലുള്ള സ്ഥാപനങ്ങളെയാണ് ആശ്രയിക്കുന്നത്. പരമ്പരാഗത വാദ്യോപകരണങ്ങൾ ആധുനിക വാദ്യോപകരണങ്ങൾ എന്നിവയുടെ പരിശീലനത്തിന് ആവശ്യമായ സാധനങ്ങൾ ഇല്ല.

സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ

2 ടൈപ്പ്റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടുകളും ഒരു തയ്യൽ പരിശീലനകേന്ദ്രവും മാത്രമാണ് ഈ രംഗത്തുള്ളത്. മറ്റു തൊഴിൽ പരിശീലനകേന്ദ്രങ്ങളൊന്നുമില്ല.

വിദ്യാഭ്യാസ പ്രശ്നങ്ങൾ

പഞ്ചായത്തിലെ സ്കൂളുകളുടെ പ്രധാനപോരായ്മ അവയ്ക്കു വേണ്ടത്ര ഭൗതിക സാഹചര്യങ്ങളില്ലാത്തതാണ്. ആവശ്യത്തിന് കെട്ടിടങ്ങൾ, കളിസ്ഥലങ്ങൾ പഠനോപകരണങ്ങൾ എന്നിവ മിക്ക സ്കൂളുകളിലും ഇല്ല. ദൃശ്യ ശ്രാവ്യ മാദ്ധ്യമങ്ങൾ നാമമാത്രമാണ്. പാഠ്യേതര പ്രവർത്തനങ്ങൾ അപൂർവ്വമായി നടക്കുന്നു. കായിക പരിശീലനത്തിന് ഉള്ള സൗകര്യം കാര്യക്ഷമമായി ഉപയോഗിക്കുന്നില്ല. പി.ടി.എ., മാതൃസംഗമം എന്നിവയുടെ പ്രവർത്തനം തൃപ്തികരമല്ല. തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ഇല്ല. സ്കൂളിലെ ഡിവിഷൻ നിലനിർത്താനുള്ള ശ്രമത്തിന്റെ ഫലമായി ദീർഘദൂരം സഞ്ചരിക്കേണ്ടിവരുന്ന കുട്ടികളുണ്ട്. ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്കയക്കാനുള്ള താല്പര്യം ചുരുക്കം ചില രക്ഷിതാക്കളിലുണ്ട്. ഭക്ഷണസാധനങ്ങൾ സടകൂളുകളിൽ വിതരണ ചെയ്യുന്നതിൽ ചില സ്ഥാപനങ്ങൾ കാലതാമസമുണ്ടാക്കുന്നു. ഇംഗ്ലീഷ് പഠനത്തിന്റെ നിലവാരം മോശമാവുന്നു. ഈ ഭാഷയിൽ പ്രാവീണ്യം നേടിയ അധ്യാപകർ വിരളമാണ്. ഹയർസെക്കണ്ടറി വിദ്യാഭ്യാസത്തിനും, സാങ്കേതിക വിദ്യാഭ്യാസത്തിനും സൗകര്യമില്ല. സ്കൂൾ ലൈബ്രറികളിൽ ആവശ്യത്തിനു പുസ്തകങ്ങളില്ല ഉള്ളവതന്നെ വേണ്ടവിധം ഉപയോഗപ്പെടുത്തുന്നില്ല. സ്കൂൾ കോമ്പൗണ്ടിന് ചുറ്റുമതിലുകളില്ല. ചില കെട്ടിടത്തിന്റെ ഉൾവശവും തറയും സിമൻറിടാത്തതാണ്. മൂലാട് ഹിന്ദു സ്കൂളിൽ അഞ്ചാം തരമുണ്ടെങ്കിലും ഹിന്ദി പഠനം വേണ്ടവിധം നടക്കുന്നില്ല. പെരവച്ചേരി ഗവ. എൽ. പി സ്കൂളിന്റെ ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് പ്രകാരമുള്ള എസ്റ്റിമേറ്റ് തുക കുറവായതിനാൽ കെട്ടിടം പണി പൂർത്തിയാക്കാൻ കഴിയുന്നില്ല. കോട്ടൂർ യു.പി. സ്കൂളിന്റെ കെട്ടിടം സുരക്ഷിതമല്ല. തൽഫലമായി കുട്ടികളുടെ എണ്ണം കുറയുന്നു. തിരുവൊട് എൽ. പി. സ്കൂളിലെക്കെത്തിച്ചേരാനുള്ള വഴി മോശമാണ്. വാകയാട് ഗവ. എൽ.പി. സ്കൂളിന് ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് അനുസരിച്ചുള്ള കെട്ടിടനിർമാണ് പൂർത്തീകരിച്ചിട്ടില്ല. മിക്ക വിദ്യാലയങ്ങളിലും ലാബോറട്ടറി സൗകര്യമില്ല. അധ്യാപകർക്ക് തുടർപരിശീലനം ലഭിക്കുന്നില്ല. തൃക്കുറ്റിശ്ശേരി ഗവ. യു.പി. സ്കൂളിനടുത്ത് ഹംപ് അത്യാവശ്യമാണ്. വേനൽക്കാലത്ത് ജലം ലഭിക്കാൻ കിണർ പൂർണമായും സ്കൂളിനേറെതാവണം. നീറോത്ത് ഗവ. എൽ.പി. സ്കൂളിന് സ്വന്തം കെട്ടിടമില്ല. കെട്ടിടനിർമാണത്തിന് കമ്മറ്റിയുണ്ടാക്കിയെങ്കിലും പണി നടന്നില്ല. അവിടനല്ലൂർ ഗവ. ഹൈസ്കൂളിൽ കളിസ്ഥലം തീരെയില്ല. നാലു മാസത്തോളം സ്കൂൾ പരിസരത്തിൽ വെള്ളം കെട്ടിടനിൽക്കുന്നു. ഓല ഷെഡ്ഡുകൾ സുരക്ഷിതമല്ല. സ്ഥലപരിമിതി മൂലം മൂത്രപ്പുരയും കക്കൂസും വേണ്ടവിധത്തിൽ സ്ഥാപിക്കാൻ കഴിയുന്നില്ല. സ്കൂളിലേക്ക് ശരിയായ പ്രവേശനമാർഗമില്ല. താൽക്കാലിക നിയമനാടിസ്ഥാനത്തിലുള്ള അധ്യാപകരെ നിശ്ചിത സമയത്ത് നിയമിക്കുന്നില്ല. പഠനനിലവാരം മോശമാണ്. ഇംഗ്ലീഷ് പഠിപ്പിക്കാൻ അദ്ധ്യാപകർ കുറവാണ്. വാർഡ് വിദ്യാഭ്യാസസമിതി കാര്യക്ഷമമാക്കണം. തുടർസാക്ഷരതാ പ്രവർത്തനം നടക്കുന്നില്ല.

സാധ്യതകൾ

ഹയർസെക്കണ്ടറി വിദ്യാഭ്യാസത്തിനും, സാങ്കേതിക വിദ്യാഭ്യാസത്തിനും സൗകര്യമുണ്ടാക്കാം. പ്രൈമറി ഘട്ടത്തിൽ അക്ഷരവും അക്കവും മനസ്സിലുറച്ചിട്ടില്ലാത്ത കുട്ടികളെ കണ്ടെത്തി അവർക്കു പ്രത്യേക പരിശീലനം നൽകാം. പത്താം ക്ലാസ്സിൽ അരക്കൊല്ല

പരീക്ഷയുടെ മാർക്കു പരിശോധിച്ച് പിന്നോക്കം നിൽക്കുന്ന കുട്ടികളെ പ്രത്യേക പരിശീലനം നൽകി വിജയശതമാനം ഉയർത്താം. ക്ലാസുമുറികളിൽ സാഹിത്യസമാജങ്ങൾ സംഘടിപ്പിച്ച് കുട്ടികളുടെ സർഗ്ഗപരമായ കഴിവുകളെ വികസിപ്പിക്കാം. സ്കൂളുകളിൽ സ്കൂളുകളിൽ നിലവിലുള്ള പിരിയഡുകളുപയോഗിച്ച് തൊഴിൽ പരിശീലനം കാര്യക്ഷമമാക്കാം. കായികമത്സരത്തിന് പഞ്ചായത്തുതലത്തിൽ കൂടുതൽ പ്രോത്സാഹനം നൽകാം. യുവജനോത്സവം പഞ്ചായത്തു തലത്തിൽ നടത്തി പങ്കാളിത്തം വർധിപ്പിക്കാം. സ്കൂൾ സൗകര്യങ്ങൾ വർധിപ്പിക്കാൻ പി.ടി.എ.യുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്താം. ക്ലാസ്റൂം പി.ടി.എ. രൂപീകരിക്കാം. പരിസ്ഥിത പഠനത്തിനു സഹായകമാകുന്ന പഠനയാത്രകൾ സംഘടിപ്പിക്കാം. കായികാധ്യാപനത്തോട് താല്പര്യമുണ്ടാകുന്ന വിദ്യാഭ്യാസ രീതി തിട്ടപ്പെടുത്താം. സമർത്ഥരായ വിദ്യാർത്ഥികളുടെ സേവനം പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രയോജനപ്പെടുത്താം. ലൈബ്രറി ലാബ് സൗകര്യങ്ങൾ വിപുലപ്പെടുത്തുകയും അത് കുട്ടികൾക്ക് പ്രയോജനപ്പെടുത്തുമെന്ന് ഉറപ്പാക്കുകയും ചെയ്യാം. എല്ലാം കുട്ടികളില്ല. കായികവിദ്യാഭ്യാസ പരിശീലനം ഉറപ്പുവരുത്താം. അതിനാവശ്യമായ ബോധവൽക്കരണം നടത്താം. പ്രാദേശികമായി ലഭിക്കുന്ന വസ്തുക്കളുപയോഗിച്ച് പഠനം രസപ്രദമാക്കാം. അധ്യാപക നിയമനം പി.എസ്.സിക്കു വിടാം. മുലാട് ഹിന്ദു എൽ.പി.സ്കൂളിൽ ഹിന്ദിപഠനം സുഗമമാക്കാൻ കോട്ടൂർ യു.പി.സ്കൂളുമായി ക്ലബ്ബുചെയ്ത് ഹിന്ദി പഠനം നടത്താം.എല്ലാ ഭൗതിക സാഹചര്യങ്ങളും ഒത്തിണങ്ങിയ NHS വാകയാടിനെ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനമായി ഉയർത്താം.



പട്ടിക 5 SSLC വിജയശതമാനം IV-(4)-5

സ്കൂളിന്റെ പേര്	വർഷം	മൊത്തവിദ്യാർത്ഥികൾ	വിജയിച്ചവർ	ശതമാനം
	1991	271	70	26
	92	252	58	21
	93	262	53	20.5
ജി.എച്ച്.എസ്. അവിടനല്ലൂർ	94	265	51	19
	95	260	44	17
	96	243	56	23
ജി.എച്ച്.എസ് വാകയാട്	92	148	68	46
	93	148	53	36
	94	158	52	33
	95	122	50	41
	96	146	64	44

പട്ടിക 5 യാത്രാദൂരം IV(4)-6

ഇനം	ശരാശരി ദൂരം കി.മീ	പരമാധി ദൂരം കി.മീ	ഏറ്റവും കുറഞ്ഞ ദൂരം
ലോവർപ്രൈമറി	1.300	2.75	0.400
അപ്പർപ്രൈമറി	2.5	3	1.5
ഹൈസ്കൂൾ		4	

IV-(4)-4

പട്ടിക 4 ഒന്നാം ക്ലാസിലെ പ്രവേശനം

		വർഷം 1991-92			വർഷം 1996-97		
	സ്കൂളിന്റെ പേര്	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	പാലോളി എം.എൽ.പി.സ്കൂൾ	80	66	146	67	53	120
2	അവിടനല്ലൂർ എ.എൽ.പി	29	33	62	25	38	63
3	തിരുവോട് എ.എൽ.പി സ്കൂൾ	14	10	24	15	16	31
4	മൂലാട് എം.എൽ.പി സ്കൂൾ	6	10	16	14	9	23
5	മൂലാട് മാപ്പിള എൽ.പി.സ്കൂൾ	15	12	27	12	21	33
6	കോളിക്കാടവ് എ.എൽ.പി. സ്കൂൾ	34	21	55	13	12	25
7	വാകയാട് ഗവ. എൽ.പി.	18	16	34	13	17	30
8	നീറോത്ത് ഗവ. എൽ.പി	26	15	41	16	12	28
9	പെരവച്ചേരി ഗവ. എൽ.പി	13	17	30	11	14	25
10	തൃക്കുറ്റിശ്ശേരി ഗവ. യു.പി.	28	29	57	30	15	45
11	അവിടനല്ലൂർ ഗവ. ഹൈസ്കൂൾ	23	19	42	13	5	18
12	വാകയാട് എ.യു.പി.	33	37	70	27	32	59
13	കോട്ടൂർ എ.യു.പി സ്കൂൾ	15	11	26	11	22	33
14	നരയംകുളം എ.യു.പി. സ്കൂൾ	27	28	55	32	37	69
15	പൂനത്ത് എ.യു.പി സ്കൂൾ	32	31	63	30	29	59
		393	355	748	329	332	661

IV-4(8)

വാർഡിലെ വിദ്യാലയങ്ങൾ

വാർഡ്	വിദ്യാലയങ്ങളുടെ പേര്
1	മൂലാട് ഹിന്ദു സ്കൂൾ, മൂലാട് മാപ്പിള എൽ.പി. സ്കൂൾ
2	കോട്ടൂർ എ.യു.പി സ്കൂൾ, പെരവച്ചേരി ജി.എൽ.പി. സ്കൂൾ
3	തിരുവോട് എ.എൽ.പി. സ്കൂൾ
4	പാലോളി മാപ്പിള എൽ.പി.സ്കൂൾ
5	വാകയാട് എ.യു.പി. സ്കൂൾ, വാകയാട് ജി.എൽ.പി.സ്കൂൾ
6	എൻ.എച്ച്.എസ്സ് വാകയാട്
7	ജി.യു.പി.എസ്സ് തൃക്കുറ്റിശ്ശേരി
8	ജി.എൽ.പി. സ്കൂൾ നീറോത്ത്
9	പുനത്ത് എ.യു.പി സ്കൂൾ
10	ഗവ. ഹൈസ്കൂൾ അവിടനല്ലൂർ, എ.എൽ.പി. അവിടനല്ലൂർ
11	നരയംകുളം എ.യു.പി സ്കൂൾ, കോളിക്കടവ് എൽ.പി.സ്കൂൾ

പട്ടിക 7

വാർഡ്	ജനസംഖ്യ	നിരക്ഷരർ			ഇൻസ്ട്രക്ടർമാർ		
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	2883	68	183	251	24	41	65
2	2863	56	178	234	38	21	59
3	2928	58	222	280	26	11	37
4	2284	42	153	195	34	16	50
5	2330	53	194	247	47	23	70
6	2444	23	141	164	16	10	26
7	2003	30	105	135	29	1	30
8	2266	51	147	198	19	3	22
9	2439	132	61	193	24	19	43
10	2301	59	145	204	14	9	23
11	1834	115	38	153	24	15	39
12		687	1567	2254	295	169	464

പട്ടിക 3 വിദ്യാലയവിവരം

ക്രമനമ്പർ	വിദ്യാലയത്തിന്റെ പേര്	മേനേജ്മെൻറ്	കുട്ടികളുടെ എണ്ണം		അദ്ധ്യാപകരുടെ എണ്ണം			അദ്ധ്യാപകരുടെ യോഗ്യത		
			1991-92	1996-97	96 ആൺ	97 പെൺ	ആകെ	BEd.	TTC	മറ്റുള്ളവർ
1	അവിടനല്ലൂർ ഗവ. ഹൈസ്കൂൾ	സർക്കാർ	1340	1214	20	25	45	28	8	9
2	നടുവണ്ണൂർ ഹൈസ്കൂൾ	എയിഡഡ്	518	555	25	6	31	21.	-	10
3	നരയംകുളം എ.യു.പി. സ്കൂൾ	,,	688	618	13	12	25	4	14	7
4	കോട്ടൂർ എ.യു.പി സ്കൂൾ	,,	202	188	3	7	10	5	54	4
5	വാകയാട് എ.യു.പി സ്കൂൾ	,,	764	701	12	16	28	2	18	8
6	പുനത്ത് എ.യു.പി. സ്കൂൾ	,,	552	534	12	10	22	6	10	6
7	മൂലാട് ഹിന്ദു എൽ.പി.സ്കൂൾ	,,	152	154	6	0	6	-	5	1
8	മൂലാട് മാപ്പിള എൽ.പി.സ്കൂൾ	,,	88	90	1	4	5	-	4	1
9	തിരുവോട് എ.എൽ.പി സ്കൂൾ	,,	101	100	3	2	5	1	3	1
10	പാലോളി എം.എൽ.പി സ്കൂൾ	,,	146	120	4	2	6	-	4	6
11	അവിടനല്ലൂർ എൽ.പി.സ്കൂൾ	,,	240	241	5	3	8	1	7	-
12	കോളിക്കാവ് എൽ.പി.സ്കൂൾ	,,	115	162	2	5	7	1	5	1
13	തൃക്കുറ്റിശ്ശേരി ഗവ. യു.പി. സ്കൂൾ	സർക്കാർ	614	529	14	5	19	2	14	3
14	നീറോത്ത് ഗവ. എൽ.പി.സ്കൂൾ	,,	187	137	3	2	5	-	5	-
15	വാകയാട് ഗവ. എൽ.പി. സ്കൂൾ	,,	107	108	4	1	5	1	2	1
16	പെരുവച്ചേരി ഗവ. എൽ.പി.സ്കൂൾ	,,	154	103	3	2	5	1	3	1
			5968	5554	130	102	232	69	107	59

IV (4)-2

പട്ടിക 2 വിദ്യാലയ സൗകര്യം

ക്രമ നമ്പർ	സ്കൂളിന്റെ പേര്	വിസ്തീർണ്ണം ഏക്കർ സെന്റിൽ	ഓഫീസ് മുറി	സ്റ്റാഫ് മുറി	സ്റ്റേജ്	ഗ്രന്ഥശാല പുസ്തകങ്ങളുടെ എണ്ണം	ഓഫീസ്	സ്റ്റാഫ്	ഗ്രന്ഥശാല	കമ്പ്യൂട്ടർ	കിണർ
1	ഗവ. ഹൈസ്കൂൾ അവിടനല്ലൂർ	1.20	ഉണ്ട്	ഉണ്ട്	ഉണ്ട്	2300	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്
2	നടുവണ്ണൂർ ഹൈസ്കൂൾ, വാകയാട്	12.00	,,	,,	,,	8600	,,	,, ,,	,,	,,	ഉണ്ട്	ഉണ്ട്
3	എ.യു.പി.സ്കൂൾ നരയംകുളം	0.70	ഉണ്ട്	ഇല്ല	,,	1027	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്
4	എ.യു.പി. സ്കൂൾ കോട്ടൂർ	0.50	ഇല്ല	ഇല്ല	ഇല്ല	160	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്
5	എ.യി.പി. സ്കൂൾ, വാകയാട്	0.50	ഉണ്ട്	ഉണ്ട്	ഇല്ല	1237	ഉണ്ട്	ഇല്ല	താല്കാ	ഉണ്ട്	ഇല്ല	ഉണ്ട്
6	പൂനത്ത് എ.യു.പി. സ്കൂൾ	0.50	ഉണ്ട്	ഉണ്ട്	ഇല്ല	420	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്
7	ഹിന്ദു എൽ.പി. സ്കൂൾ, മുലാട്	0.75	ഇല്ല	ഇല്ല	ഇല്ല	259	ഉണ്ട്	ഇല്ല	താല്കാ	ഇല്ല	ഉണ്ട്	ഉണ്ട്
8	മാപ്പിള എൽ.പി.സ്കൂൾ, മുലാട്	0.05	ഇല്ല	ഇല്ല	ഇല്ല	125	ഇല്ല	ഇല്ല	താല്ക	ഇല്ല	ഇല്ല	ഇല്ല
9	എ.എൽ.പി. സ്കൂൾ, തിരുവോട്	0.16	ഉണ്ട്	ഇല്ല	ഇല്ല	125	ഉണ്ട്	ഇല്ല	താല്കാ	ഇല്ല	ഇല്ല	ഉണ്ട്
10	എം.എൽ.പി.സ്കൂൾ, പാലോളി	1.50	ഇല്ല	ഉണ്ട്	ഇല്ല	-	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്
11	എ.എൽ.പി. സ്കൂൾ, അവിടനല്ലൂർ	0.25	ഉണ്ട്	ഇല്ല	ഇല്ല	132	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്
12	എ.എൽ.പി. സ്കൂൾ, കോളിക്കടവ്	0.50	ഉണ്ട്	ഇല്ല	ഇല്ല	125	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്
13	ഗവ. യു.പി. സ്കൂൾ, തൃക്കുറ്റിശ്ശേരി	0.31	ഉണ്ട്	ഉണ്ട്	ഇല്ല	310	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്
14	ഗവ. എൽ.പി. സ്കൂൾ, നീറോത്ത്	0.12	ഇല്ല	ഇല്ല	ഇല്ല	60	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്
15	വാകയാട് ഗവ. എൽ.പി. സ്കൂൾ	0.10	ഇല്ല	ഇല്ല	ഇല്ല	132	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്
16	ഗവ. എൽ.പി.സ്കൂൾ, പെരവച്ചേരി		ഉണ്ട്	ഇല്ല	ഇല്ല	[illegible]	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്

ക്രമ നമ്പർ	സ്കൂളിന്റെ പേര്		ഉടമസ്ഥത		കുട്ടികളുടെ എണ്ണം			അധ്യാപകരുടെ എണ്ണം			മറ്റു കുറിപ്പുകൾ	
			സർക്കാർ	എയിഡഡ്	ആൺ	പെൺ	ആകെ	തസ്തികയുള്ളത്	നിലവിലുള്ളത്	ഒഴിവുകൾ	ദീർഘകാല ഒഴിവുകൾ	ചുറ്റുമതിൽ അറ്റകുറ്റപ്പണി ഫർണിച്ചർ
1	GLPS വാകയാട്	L.P	●		57	51	108	4	3	1	ഇല്ല	ആവശ്യമാണ്
2	GLPS നീറോത്ത്	LP	●		77	60	137	5	5	-	,,	,,
3	MCLPS കോളിക്കടവ്	L.P		●	93	69	162	7	7	-	,,	,,
4	H.L.P.S മുലാട്	L.P		●	83	71	154	6	6	-	,,	,,
5	M.L.P.S മുലാട്	L.P		●	44	46	90	5	5	-	,,	,,
6	A.L.P.S അവിടനല്ലൂർ	L.P		●	114	127	241	8	8	-	,,	,,
7	G.L.P.S പെരവച്ചേരി	L.P.	●		54	49	103	5	5	-	,,	,,
8	A.U.P.S വാകയാട്	U.P		●	348	353	701	28	28	-	,,	,,
9	G.U.P.S തൃക്കുറ്റിശ്ശേരി	U.P	●		296	233	529	19	19	-	,,	,,
10	A.U.P.S നരയംകുളം	U.P		●	300	318	618	24	24	-	,,	,,
11	A.U.P.S കോട്ടൂർ	U.P		●	92	96	188	10	10	-	,,	,,
12	A.U.P.S പുനത്ത്	U.P		●	281	253	534	22	22	-	,,	,,
13	A.M.L.P.S പാലോളി	L.P		●	67	53	120	6	6	-	,,	,,
14	A.L.P.S തിരുവോട്	L.P		●	45	55	100	5	5	-	,,	,,
15	G.H.S അവിടനല്ലൂർ	H.S	●		643	573	1216	46	45	1	,,	,,
16	N.H.S വാകയാട്	H.S.		●	283	272	555	31	31	-	,,	,,

IV-(4)-1

IV (5) കുടിവെള്ളം

നമ്മുടെ പഞ്ചായത്ത് അഭിമുഖീകരിക്കുന്ന മുഖ്യപ്രശ്നമാണ് കുടിവെള്ളക്ഷാമം. പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പ് കുടിവെള്ളക്ഷാമം രൂക്ഷമാക്കുന്നു. കുന്നിൻപ്രദേശങ്ങളില്ലാത്ത ഒരു വാർഡ് പോലും നമ്മുടെ പഞ്ചായത്തിൽ ഇല്ല എന്നതുതന്നെ കുടിവെള്ളക്ഷാമത്തിന്റെ രൂക്ഷത വ്യക്തമാക്കുന്നു. പ്രകൃതിദത്തമായ നീരൊഴുക്ക് 8-ാം വാർഡിലെ കാപ്പിക്കുന്ന് കുന്നിക്കൂട്ടം പത്താം വാർഡിലെ പാത്തിപ്പാറ, നമ്പിക്കുളം എന്നീ പ്രദേശങ്ങളിൽ ഉണ്ട്. പഞ്ചായത്തിലെ 90% ജനങ്ങളും കുടിവെള്ളത്തിനായി ആശ്രയിക്കുന്നത് മുഖ്യമായും കിണറുകളെയാണ്. മറ്റുള്ളവർ പൊതുജലവിതരണപദ്ധതികളെയും പ്രകൃതിദത്തമായ നീരുറവകളെയുമാണ് ആശ്രയിക്കുന്നത്. കിണറുകളിൽ തന്നെ വർഷം മുഴുവൻ ലഭ്യമാകുന്നവ 20% മാത്രമാണ്. അവശേഷിക്കുന്നവയിൽ 30% മിതവും 50% ദരിദ്രവുമായ ജലലഭ്യതയാണ് ഉള്ളത്. പഞ്ചായത്തിലെ ആകെയുള്ള 5400 കുടുംബങ്ങളിൽ സ്വന്തമായി കിണറുള്ളവർ 70% മാത്രമാണ്.

ജലക്ഷാമം പരിഹരിക്കാനുതകുന്ന തരത്തിലുള്ള മുഖ്യമായ പദ്ധതികൾ ഒന്നും നമ്മുടെ പഞ്ചായത്തിൽ നടപ്പിലായിട്ടില്ല. അഞ്ചും ആറും വാർഡുകളെ തൊട്ടുരുമ്മിക്കൊണ്ട് പഞ്ചായത്തിന്റെ തെക്ക് പടിഞ്ഞാറ് ഭാഗത്ത് കൂടെ ഏകദേശം 3 കിലോമീറ്ററോളം ദൂരത്തിൽ ഒഴുകുന്ന പുഴയുടെ സമീപപ്രദേശങ്ങളിൽ പോലും വേനൽക്കാലങ്ങളിൽ കുടിവെള്ളത്തിന് ദൗർലഭ്യം അനുഭവപ്പെടുന്നു. വർഷകാലങ്ങളിൽ പ്രസ്തുത പുഴ കരകവിഞ്ഞൊഴുകി സമീപപ്രദേശങ്ങളിൽ നാശനഷ്ടങ്ങൾ ഉണ്ടാക്കുമ്പോഴും പഞ്ചായത്തിന്റെ കുന്നിൽ പ്രദേശങ്ങളിലേയ്ക്ക് തലചുമടായി വെള്ളം കൊണ്ടുപോകുന്ന വൈരുദ്ധ്യം നിലനിൽക്കുന്നു. കുന്നിൻപ്രദേശങ്ങളിൽ താമസിക്കുന്നവരിൽ 500 മീറ്റർ മുതൽ 2 കിലോമീറ്റർ വരെ ദൂരത്തിൽ യാത്രചെയ്തത്. 'വെള്ളം കൊണ്ടുപോകേണ്ടുന്ന അവസ്ഥ നിലവിലുണ്ട്. അതുകൊണ്ടുതന്നെ കുന്നിൻ പ്രദേശങ്ങളിൽ താമസിക്കുന്ന ആളുകളിൽ നല്ലൊരു ശതമാനം താഴ്വരകളിലേക്ക് മാറി താമസിക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നു. കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഭാഗമായി, നമ്മുടെ പഞ്ചായത്തിലൂടെ കടന്നുപോകുന്ന കക്കോടി ബ്രാഞ്ച് കനാലിന്റെയും അതിനോട് അനുബന്ധിച്ച കൈകനാലുകളുടെയും ഫീൽഡ് ബോത്തികളുടെയും സമീപപ്രദേശങ്ങളിലെ കിണറുകളിൽ വേനൽക്കാലത്ത് ജലലഭ്യത വർദ്ധിക്കുന്നത് ഒരു അനുഗ്രഹമാണ്.

ശുദ്ധജല സ്രോതസ്സുകൾ

കിണറുകൾ		കുളങ്ങൾ		കുഴൽ കിണർ	വാട്ടർടാപ്പ്
പൊതു കിണർ	സ്വകാര്യ ക്കിണർ	പൊതു കുളം	സ്വകാര്യ കുളം		
21	3780	5	86	09	44

അവലംബം : പഞ്ചായത്ത് റെക്കോർഡ്, സാമ്പിൾ സർവ്വേ

പഞ്ചായത്തിലെ മുഖ്യകുടിവെള്ളസ്രോതസ്സുകൾ

◆ പത്താം വാർഡിലെ ചെങ്ങോട് മല, ഏഴാം വാർഡിലെ കുറുവട്ടി മല കോളനി നിവാസികളുടെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ വേണ്ടി വാട്ടർ അതോറിറ്റിയുടെ സ്കീമിൽ നടപ്പിലാക്കിയ ശുദ്ധജലവിതരണപദ്ധതി. ഈ പദ്ധതി മുഖേന കുറുവട്ടി ഭാഗത്ത് ഏതാണ്ട് 60 കുടുംബങ്ങൾക്കും ചെങ്ങോട് ഭാഗത്ത് 100 കുടുംബങ്ങൾക്കും പ്രയോജനം ലഭിക്കുന്നു.

◆ പത്താം വാർഡിലെ പാത്തിപ്പാറയിൽ പഞ്ചായത്ത് സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ ശുദ്ധജലവിതരണപദ്ധതി. പാത്തിപ്പാറയിലെ 30 ഓളം കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു.

◆ ഒന്നാം വാർഡിലെ മുലാട് കള്ളാത്തറ ഭാഗത്ത് പഞ്ചായത്ത് സ്കീമിൽ നടപ്പിലാക്കിയ പദ്ധതി 25 ഓളം കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്നു.

◆ ഒമ്പതാം വാർഡിലെ തുരത്തമലയിൽ നടപ്പിലാക്കിയ പദ്ധതിയിലൂടെ 35 കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിക്കാൻ കഴിയുന്നു.

◆ ആറാം വാർഡിൽ വല്ലോറ മലയിൽ പണി നടന്നുകൊണ്ടിരിക്കുന്ന ശുദ്ധജലവിതരണപദ്ധതി

◆ കിണറുകളും പ്രകൃതിദത്തമായ നീരുറവകളും

പഞ്ചായത്തിലെ 5400 കുടുംബങ്ങളിൽ സ്വന്തമായി കിണറുള്ളത് 3780 കുടുംബങ്ങൾക്കാണ്. 1620 കുടുംബങ്ങൾക്ക് സ്വന്തമായി കിണറില്ല. പഞ്ചായത്തിൽ 21 പൊതു കിണറുകളും 9 കുഴൽ കിണറുകളും ഉണ്ടെങ്കിലും ഇതുകൊണ്ടുള്ള പ്രയോജനം വേണ്ടത്ര ലഭിക്കുന്നില്ല. കുടിവെള്ളത്തിനു വേണ്ടി ഉപയോഗപ്പെടുത്താൻ പറ്റിയ 5 പൊതുകുളങ്ങളും 86 സ്വകാര്യകുളങ്ങളും നമുക്കുണ്ട്.

പഞ്ചായത്തിൽ കുടിവെള്ളം അനുഭവപ്പെടുന്ന പ്രദേശങ്ങൾ	
വാർഡുകൾ	പ്രശ്നമേഖലകൾ
ഒന്നാം വാർഡ്	ചെങ്ങോട്ടുമല, പുത്തുകുന്നുമ്മൽ ഭാഗം കള്ളാത്തറ മല, കണ്ടോളിച്ചാലിൽ ഭാഗം പറക്കുന്നത്ത് കോളനി
രണ്ടാം വാർഡ്	വല്ലോറമല, അയ്യപ്പൻ മാക്കൂൽ വരപ്പുറത്തുകണ്ടി വട്ടക്കണ്ടി, കൊരോങ്ങൽ കുന്ന്
മൂന്നാം വാർഡ്	പൊറൊലരിമീത്തൽ, അമ്മിച്ചാൽ കാരടിപറമ്പ്, തിരുവോട്, ക്ഷേത്രപരിസരം, വല്ലോറ
നാലാം വാർഡ്	വള്ളോപ്പാറ, വെളിയോട്ടുതാഴ്
അഞ്ചാം വാർഡ്	കൊറോത്ത് മല, നെല്ലുളികുന്നത്ത്, കിഴക്കെമല, പിലാത്തോട്ടം
ആറാം വാർഡ്	കല്ലുട്ട് കുന്നുമ്മൽമേപ്പൊയിൽ പാറഭാഗം, വല്ലോറമല, ചോലമല
ഏഴാം വാർഡ്	വാഴോറമല, കുറുവട്ടിമല, മാവിലകുന്നത്ത്, കരുവള്ളി, ഉവ്വച്ചിപ്പാറ ഭാഗം
എട്ടാം വാർഡ്	കുന്നിക്കൂട്ടം വാഴോറമല, ഈക്കകുന്നു
ഒമ്പതാം വാർഡ്	തുരത്തമല, പുലിപ്രമീത്തൽ കോളനിഭാഗം
പത്താം വാർഡ്	കോട്ടക്കുന്ന് മല, തൈക്കണ്ടിതേക്കും കണ്ടിഭാഗം, കല്ലുള്ളതിൽ, പാത്തിപ്പാറ ഓച്ചുമ്മൽ, പാടിക്കുന്ന്, കാരിപ്പാറ, ഉരുളൻകുന്ന്, ചുള്ളിക്കാം കുഴി, കുരുവള്ളി
പതിനൊന്നാം വാർഡ്	കണ്ടങ്കെപ്പാറ, കാപ്പുമല, ചെങ്ങോട് പടിഞ്ഞാറെ ചെങ്ങോട്, മുക്കുന്ന് ആർപ്പാമ്പറ്റ ഭാഗം, തണ്ടപ്പുറം ഭാഗം

പഞ്ചായത്ത് / വില്ലേജ് മുഖേന കുടിവെള്ളം വിതരണം ചെയ്യുന്ന പ്രദേശങ്ങൾ	
ഒന്നാം വാർഡ്	കണ്ടോളിച്ചാലിൽ ഭാഗം
രണ്ടാം വാർഡ്	അയ്യപ്പൻ മാക്കൂൽ കോളനി
മൂന്നാം വാർഡ്	അമ്മിച്ചാൽ ഭാഗം, അമ്പലമുക്ക്
നാലാം വാർഡ്	വള്ളോപ്പാറ, വെളിയോട്ട് താഴം
അഞ്ചാം വാർഡ്	കോറോത്ത് മല
ആറാം വാർഡ്	കൽപ്പള്ളി മീത്തൽ, മേപ്പൊയിൽ പ്ലാറ
ഏഴാം വാർഡ്	വാകയാട് ലക്ഷം വീട് കുറ്റിയുള്ളതിൽ കോളനി, കരുവള്ളി
എട്ടാം വാർഡ്	എകരത്ത് മുക്ക്
ഒമ്പതാം വാർഡ്	ചുണ്ടിച്ചൻ കണ്ടി, എച്ചിപ്പൊയിൽ
പത്താം വാർഡ്	ഉരളൻ കുന്ന്, ഓച്ചുമ്മൽ, പുതയിൽതാഴം കോളിക്കടവ്, പാത്തിപ്പാറ
പതിനൊന്നാം വാർഡ്	തണ്ടപ്പുറം, പുളായമ്പൊയിൽ മീത്തൽ, കണ്ടക്കൈപ്പാറ

മേൽപ്പറഞ്ഞ പ്രദേശങ്ങളിൽ മാർച്ച്, ഏപ്രിൽ മാസങ്ങളിൽ കഠിനമായ ജലദൗർല്ലഭ്യം അനുഭവപ്പെടുമ്പോൾ വാഹനങ്ങളിൽ കൊണ്ടുപോയി വിതരണം ചെയ്താണ് കുടിവെള്ളക്ഷാമത്തിന്റെ രൂക്ഷത കുറയ്ക്കുന്നത്.

പ്രശ്നങ്ങളും നിർദ്ദേശിക്കാനുള്ള പരിഹാരമാർഗ്ഗങ്ങളും

ഒന്നാം വാർഡ് : വാർഡിലെ ചെങ്ങോടുമല, കള്ളാത്തറ പുത്തു കുന്നുമ്മൽ, കണ്ടോളിച്ചാലിൽ ഭാഗം, പറക്കുന്നത്ത് ഹരിജൻ കോളനി എന്നീ പ്രദേശങ്ങളിലാണ് കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നത്. ഇതിൽ ചെങ്ങോട് മലയിൽ വേയപ്പാറ ഭാഗത്തു ടാങ്ക് നിർമ്മിച്ച് മുലാട് വായനശാല ഭാഗത്ത് കിണർ കുഴിച്ച് വെള്ളം പമ്പ് ചെയ്താൽ ചെങ്ങോട് മല പൂർണ്ണമായും പത്താം വാർഡിലെ ചില പ്രദേശങ്ങളിലെയും കുടിവെള്ളക്ഷാമത്തിനു പരിഹാരം കാണാൻ കഴിയും. ജലലഭ്യതയ്ക്കനുസരിച്ച് ഈ പദ്ധതിയുടെ പ്രയോജനം നൊച്ചാട്, കായണ്ണ എന്നീ പഞ്ചായത്തുകളിലെ ചില പ്രദേശങ്ങളിൽ കൂടി ഉപയോഗപ്പെടുത്താൻ കഴിയും. പുത്തുകുന്ന് ഭാഗത്ത് ടാങ്ക് നിർമ്മിച്ച് പ്രാണബലത്തിലുള്ളത് താഴെ കിണർ കുഴിച്ച് വെള്ളം പമ്പ് ചെയ്ത് ജലവിതരണം നടത്തിയാൽ ആ മേഖലയിലെ 40 ഓളം കുടുംബങ്ങളുടെ പ്രശ്നം പരിഹരിക്കാവുന്നതാണ്. ആവറാട്ട് മുക്കിലുള്ള KWAയുടെ ജീവിതരണപദ്ധതി കമ്മീഷൻ ചെയ്ത് ജലവിതരണത്തിലുള്ള പൈപ്പുകൾ പുളിയോട്ട് മുക്ക് ഭാഗത്തേയ്ക്ക് കൂടി വ്യാപിപ്പിക്കുക, കള്ളാത്തറ ഭാഗത്ത് ഇപ്പോൾ നിലവിലുള്ള ജലവിതരണസമ്പ്രദായത്തിലെ അപര്യാപ്തതകൾ പരിഹരിച്ച് ജലവിതരണം കാര്യക്ഷമമാക്കുക.

രണ്ടാം വാർഡ് : വല്ലോറ മലയുടെ ഒരു ഭാഗം, അയ്യപ്പമാക്കൂൽ, വരപ്പുറത്തുകണ്ടി കൊരോങ്ങൽക്കുന്ന് വട്ടക്കണ്ടി ഭാഗം തുടങ്ങിയ പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കാൻ വല്ലോറ മല ജലവിതരണപദ്ധതി കമ്മീഷൻ ചെയ്തും, അയ്യപ്പൻമാക്കൂൽ കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതി കുടിവെള്ളത്തിനു കൂടി ഉപയോഗപ്പെടുത്തി നടപ്പിലാക്കിയും കോളനി ഭാഗത്തെ കുഴൽക്കിണർ കാര്യക്ഷമമാക്കിയും പരിഹരിക്കാം.

മൂന്നാം വാർഡ് : വേനൽക്കാലത്ത് അഞ്ചു മാസക്കാലത്തോളം രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന പ്രദേശങ്ങളാണ് പൊറോലരി മീത്തൽ, അമ്മിച്ചാൽ, കാരടിപറമ്പ്, വല്ലോറ ഭാഗം, തിരുവോട് ക്ഷേത്ര പരിസരം എന്നിവ. അയ്യപ്പൻ മാക്കൂൽ ഭാഗത്ത് കാർഷിക ആവശ്യത്തിനു ഉപയോഗിച്ചു വരുന്ന കിണറിനടുത്ത് ടാങ്ക് നിർമ്മിച്ചും തിരുവോട് ക്ഷേത്രത്തിനു സമീപം കുഴൽകിണർ കുഴിച്ചും വല്ലോറജലവിതരണപദ്ധതി നടപ്പിലാക്കിയും പ്രശ്നം പരിഹരിക്കാവുന്നതാണ്.

നാലാം വാർഡ് : വെളിയോട്ട് താഴ വള്ളോപ്പാറ, പാലൊളിപള്ളി പരിസരം എന്നിവിടങ്ങളിൽ ആണ് പ്രശ്നം നിലനിൽക്കുന്നത്. ഉരുളൻ കുന്നത്ത് ടാങ്ക് നിർമ്മിച്ച് വടക്കുമ്പാട്ട് താഴെ നിന്നും ജലം ശേഖരിച്ചും വിതരണം ചെയ്യാവുന്നതാണ്.

അഞ്ചാം വാർഡ് : കോറോത്ത് മല, നെല്ലൂളിക്കുന്നത്ത് കിഴക്കെ മല, പിലാതോട്ടം എന്നിവിടങ്ങളിലെ ജലക്ഷാമം പരിഹരിക്കാൻ കോറോത്ത് മല ടാങ്ക് നിർമ്മിച്ച്, കാരപ്പാടി ക്കണ്ടി ഭാഗത്ത് നിന്ന് ജലം സംഭരിച്ച് വിതരണം നടത്തിയാൽ മതി.

ആറാം വാർഡ് : കല്ലുട്ട് കുന്ന് കോളനി ഭാഗത്താണ് കാര്യമായി ജലക്ഷാമം നേരിടുന്നത്. കല്ലുട്ട് കുന്ന് കോളനി ഭാഗത്ത് ടാങ്ക് നിർമ്മിച്ച് ജലവിതരണം നടത്തിയാൽ ആ ഭാഗത്തും മേപ്പൊയിൽപ്പാറ ഭാഗത്തും പ്രയോജനപ്പെടുത്താൻ കഴിയും. വല്ലോറ മല്ല പദ്ധതി പൂർത്തിയാക്കുക.

ഏഴാം വാർഡ് : കുന്നിൻ പ്രദേശങ്ങളായ വാഴോറമല, കുറുവട്ടിമല, മാവിലക്കുന്ന് കള്ളാടിക്കുന്ന് എന്നീ പ്രദേശങ്ങളിൽനിന്ന് കിലോമീറ്ററോളം യാത്ര ചെയ്ത് വെള്ളം കൊണ്ടു വരേണ്ടുന്ന സന്ദർഭങ്ങൾ ഉണ്ടാകാറുണ്ട്. ഇതും പരിഹരിക്കാൻ വാഴോറമല, കുറുവട്ടി മല ഭാഗങ്ങളിലെ ശുദ്ധജലവിതരണപദ്ധതി വിപുലപ്പെടുത്തുക, മാവിലക്കുന്നിൽ ടാങ്ക് കെട്ടി താഴ്വരയിൽ നിന്ന് ജലം സംഭരിച്ച് വിതരണം ചെയ്യുക; ബ്ലോക്ക് പഞ്ചായത്തിന്റെ ശുദ്ധജലവിതരണപദ്ധതി പൂർത്തിയാക്കുക.

എട്ടാം വാർഡ് : കുന്നിക്കൂട്ടം, വാഴോറമല ഈക്കക്കുന്ന് മേഖലകളിൽ ജലം ലഭ്യമാക്കേണ്ടതുണ്ട്. ഇതിന് അങ്കവയൽ ഭാഗത്ത് കാപ്പിക്കുന്നിലുള്ള പ്രകൃതിസ്രോതസ്സ് ഉപയോഗപ്പെടുത്താൻ കഴിയുമോ എന്നു പരിശോധിക്കേണ്ടതാണ്. വാഴോറമല കോളനിഭാഗത്ത് ടാങ്ക് കെട്ടി ജലവിതരണം കോളനി മുഴുവൻ വ്യാപിപ്പിക്കുക. കുന്നിക്കൂട്ടം ഭാഗത്തുള്ള പ്രകൃതിദത്തമായ നീരുറവ കുടിവെള്ളത്തിനായി ഉപയോഗപ്പെടുത്തുക.

ഒമ്പതാം വാർഡ് : തുരത്തമല, പുലിപ്രമീത്തൽ പ്രദേശങ്ങളിലെ കുടിവെള്ളപ്രശ്നം പരിഹരിക്കാൻ കേരള വാട്ടർ അതോറിറ്റിയുടെ പരിഗണനയിലുള്ള ശുദ്ധജലവിതരണപദ്ധതി പൂർത്തിയാക്കുക. തുരുത്തമല കോളനി ഭാഗത്തും, മലാഞ്ചേരി ഭാഗത്തും കുഴൽക്കിണർ നിർമ്മിക്കുക.

പത്താം വാർഡ് : കോട്ടക്കുന്നുമല, തൈക്കണ്ടി, തേക്കും കണ്ടി ഭാഗം പാത്തിപ്പാറ, ഓച്ചുമ്മൽ, പാടിക്കുന്ന് കിഴക്കെ പൊയിൽ ഭാഗം, കാരിപാറ, ഉരുളൻകുന്ന് കൊടിത്തടം, ചുള്ളിക്കാം കുഴി, കാരടിപറമ്പ്, പുതയിൽ മീത്തൽ, കുവ്വപറ്റ ഭാഗം എന്നിവിടങ്ങളിൽ ആണ് പ്രധാനമായും കുടിവെള്ളക്ഷാമം നേരിടുന്നത്. നമ്പികുളത്തുള്ള പ്രകൃതിദത്തമായ ജലസ്രോതസ്സ് ഉപയോഗപ്പെടുത്താൻ കഴിഞ്ഞാൽ കോട്ടക്കുന്ന് മല, തൈക്കണ്ടി തേക്കുംകണ്ടി ഭാഗം, പാത്തിപ്പാറ, ഓച്ചുമ്മൽ പാടിക്കുന്ന് കിഴക്കെപൊയിൽ ഭാഗം, കാരിപാറ എന്നി പ്രദേശങ്ങളിലും ജലലഭ്യതയ്ക്കനുസരിച്ച് ജലക്ഷാമം അനുഭവപ്പെടുന്ന മറ്റു പ്രദേശങ്ങളിലേക്കും പ്രത്യേകമായി ഊർജ്ജവും ഉയർന്ന സാങ്കേതിക വിദ്യയുടെ ആവശ്യകതയും ഇല്ലാതെ തന്നെ ജലവിതരണം നടത്താൻ കഴിയും. ഉരളൻകുന്ന്, കൊടിത്തടം ചുള്ളിക്കാംകുഴി എന്നിവിടങ്ങളിൽ പ്രത്യേകമായ ടാങ്ക് നിർമ്മിച്ചും കാരടിപറമ്പിൽ കുഴൽകിണർ കുഴിച്ചും കുവ്വപ്പറ്റ പുതയിൽ മീത്തൽ ഭാഗങ്ങളിൽ കിണർ കുഴിച്ചും ക്ഷാമം പരിഹരിക്കാവുന്നതാണ്.

പതിനൊന്നാം വാർഡ് : കണ്ടക്കൈ പാറ ചെങ്ങോട്, പടിഞ്ഞാറെ ചെങ്ങോട്, ആർപ്പാമ്പറ്റ ഭാഗം, കാപ്പുമല, മുക്കുന്നു ഭാഗങ്ങളിൽ ക്ഷാമം നേരിടുന്നു. പൂന്നോറൻ കണ്ടി താഴെ കുളത്തിലെ വെള്ളം ഉപയോഗപ്പെടുത്തി കണ്ടക്കൈ പാറ ഭാഗത്ത് ടാങ്ക് കെട്ടി വിതരണം ചെയ്തു. വേയപ്പാറ ഭാഗത്ത് ടാങ്ക് കെട്ടി ചെങ്ങോട്, പഠിഞ്ഞാറെ ചെങ്ങോട് എന്നിവടങ്ങളിൽ വിതരണം ചെയ്തും കോളിക്കടവ് വയലിൽ കിണർ കുഴിച്ച്

മുക്കുന്നിലും കാപ്പുമലയിലും ടാങ്ക് നിർമ്മിച്ച് ജലക്ഷാമം പരിഹരിക്കാവുന്നതാണ്. കോട്ടേൻകണ്ടി ഭാഗത്ത് കിണർ കുഴിച്ച് തണ്ടപ്പുറം ഭാഗത്ത് ടാങ്ക് നിർമ്മിച്ച് ആ ഭാഗത്തെ ജലക്ഷാമം പരിഹരിക്കാം.

പ്രാവർത്തികമാക്കാനുള്ള മറ്റ് നിർദ്ദേശങ്ങൾ

◆ ജനകീയപങ്കാളിത്തത്തോടെ വേനൽക്കാലങ്ങളിൽ കിണറുകൾ വൃത്തിയാക്കുക.

◆ പാഴായിപ്പോകുന്ന മഴവെള്ളം ഭൂമിയിൽ സംഭരിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

◆ കുടിവെള്ളം മലിനമാവാതെ ശ്രദ്ധിക്കുക

◆ പൈപ്പുവെള്ളം അണുവിമുക്തമാക്കുക

◆ കുടിവെള്ളം അനാവശ്യമായി മറ്റ് കാര്യങ്ങൾക്കായി ഉപയോഗിക്കാതിരിക്കുക.



IV (7) പൊതുജനാരോഗ്യം

വികസിതരാഷ്ട്രങ്ങളോടു കിടപിടിക്കത്തക്ക രീതിയിലുള്ള നേട്ടങ്ങൾ ആരോഗ്യമേഖലയിൽ നമുക്ക് നേടാൻ കഴിഞ്ഞിട്ടുണ്ട്. കേരള മോഡൽ വികസനം എന്നാണിതിനെ വിശേഷിപ്പിക്കാറുള്ളത്. ഉയർന്ന ആയുർദൈർഘ്യം, കുറഞ്ഞ ശിശുമരണനിരക്ക് എന്നീ കാര്യങ്ങളിൽ കേരളം മറ്റു സംസ്ഥാനങ്ങളേക്കാൾ ഏറെ മുന്നിലെത്തിയെങ്കിലും വർദ്ധിച്ചുവരുന്ന രോഗാതുരതയും മറ്റും ഈ രംഗത്ത് നാം നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്.

ആരോഗ്യം എന്നു കേൾക്കുമ്പോൾ ആശുപത്രി, ഡോക്ടർ, മരുന്ന് എന്നീ കാര്യങ്ങളാണം നമ്മുടെ മനസ്സിലേക്ക് വേഗത്തിൽ കടന്നുവരിക. ഈയൊരു ധാരണ തിരുത്തിക്കൊണ്ടുമാത്രമേ പൊതുജനാരോഗ്യരംഗത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുകയുള്ളു. രോഗം വന്നിട്ടു ചികിത്സിക്കുന്നതിനേക്കാൾ മുതുക്കം കൊടുക്കേണ്ടത് രോഗം വരാനുള്ള സാഹചര്യങ്ങൾ ഒഴിവാക്കുന്നത പ്രതിരോധ പ്രവർത്തനങ്ങൾക്കായിരിക്കണം. നമുക്കു പിടിപെടുന്ന രോഗങ്ങളിൽ 90% വും കുടിവെള്ളത്തിലുടെയും കഴിക്കുന്ന ആഹാരപദാർത്ഥങ്ങളിലുടെയുമാണ് പകരുന്നതെന്നു കണക്കുകൾ കാണിക്കുന്നു. കുടിവെള്ളം മലിനമാകുന്നതിനുള്ള പ്രധാന കാരണം ശാസ്ത്രീയമായി മലം മറവുചെയ്യാത്തതുകൊണ്ടുതന്നെയാണ്. ശുചിത്വപരിപാലനത്തിലുന്നിയ ജീവിതരീതിയും മാലിന്യനിർമാർജന സംവിധാനങ്ങളും നടപ്പിലാക്കുന്നതിലുടെ മാത്രമേ ആരോഗ്യരംഗത്ത് ഫലപ്രദമായി എന്തെങ്കിലും ചെയ്യുവാൻ കഴിയുകയുള്ളു എന്ന് ഇതിലുടെ വെളിവാകുന്നു.

ഈയൊരു ധാരണയുടെ അടിസ്ഥാനത്തിലായിരിക്കണം നമ്മുടെ പഞ്ചായത്തിലെ ആരോഗ്യരംഗത്തെ പ്രശ്നങ്ങളും സാധ്യതകളും വിലയിരുത്തേണ്ടത്. പൊതുമരണനിരക്ക്, ശിശുമരണനിരക്ക്, മാതൃമരണനിരക്ക്, ജനനനിരക്ക്, കുട്ടികളുടെ പ്രായഘടന, വൈകല്യനിരക്ക്, രോഗാതുരത, കുട്ടികളുടെ പോഷണനിലവാരം, ആരോഗ്യരക്ഷാചെലവ്, ആരോഗ്യസ്ഥാപനങ്ങൾ, വിവിധ ചികിത്സാരീതികൾ, ശുചിത്വപരിപാലനപ്രവർത്തനങ്ങൾ ഇവയെല്ലാം ആരോഗ്യമേഖലയുടെ അവലോകനത്തിൽ അനിവാര്യമായ ഘടകങ്ങളാണ്.

1973-ൽ കോട്ടൂർ ഗവ. റൂറൽ ഡിസ്പെൻസറി ഒരു സ്വകാര്യ വാടക കെട്ടിടത്തിൽ പ്രവർത്തനമാരംഭിക്കുന്നതുവരെ പാരമ്പര്യ നാട്ടുവൈദ്യൻമാരുടെ സേവനമാണ് ചികിത്സാരംഗത്ത് നമ്മുടെ പഞ്ചായത്തിൽ മുഖ്യമായും ലഭിച്ചുവന്നിരുന്നത്. പരേതരായ കോണിക്കോത്ത് കണാരോട്ടി വൈദ്യർ, താഴെ കക്കഞ്ചേരി കുഞ്ഞുണ്ണി വൈദ്യർ പൊക്കിട്ടാത്ത് ചാത്തുവൈദ്യർ, മുതുവന കുഞ്ഞിട്ടൻ വൈദ്യർ ചങ്ങരോത്ത് വീരാൻ കുട്ടി ഹാജി, പുക്കുറ്റിയിൽ കുഞ്ഞീരിണി തുടങ്ങിയവരുടെ പേരുകൾ ഇത്തരുണത്തിൽ സ്മരിക്കപ്പെടേണ്ടതാണ്. മന്ത്രവാദം, ചരട് ജപിച്ചുകെട്ടൽ, ഒറ്റമൂലിപ്രയോഗം, കൊതിക്കുതൽ എന്നിവയും ഈ അടുത്ത കാലം വരെ ഇവിടെ പ്രചാരത്തിലുണ്ടായിരുന്നു.

1986-ൽ കോട്ടൂർ ഗവ. റൂറൽ ഡിസ്പൻസറി പ്രൈമറി ഹെൽത്ത് സെൻററായ മാറി. 1992 -ൽ അത് സ്വന്തം കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചു. ഈയൊരു ആരോഗ്യകേന്ദ്രമല്ലാതെ സർക്കാർ മേഖലയിൽ ആയുർവ്വേദ ഹോമിയോ ഡിസ്പൻസറികളൊന്നും തന്നെ നമ്മുടെ പഞ്ചായത്തിലില്ല. പഞ്ചായത്തിലെ എല്ലാ ഭാഗങ്ങളിൽ നിന്നും ജനങ്ങൾ, കുറുവട്ടിമലയിൽ സ്ഥിതിചെയ്യുന്ന പ്രാഥമികാരോഗ്യകേന്ദ്രതടതിൽ ചികിത്സക്കായി എത്തുന്നില്ലായെന്നതും, ഇങ്ങനെയൊരു സ്ഥാപനം നമ്മുടെ പഞ്ചായത്തിലുണ്ട് എന്ന വിവരം പോലുമറിയാത്തവരുണ്ട് എന്നതും പ്രത്യേകം ശ്രദ്ധിക്കേണ്ടുന്ന സംഗതിയാണ്. കിടത്തി ചികിത്സാ സൗകര്യങ്ങളുള്ള ആശുപത്രി പഞ്ചായത്ത് കേന്ദ്രത്തിൽ നിന്നും ഏഴോ എട്ടോ കിലോമീറ്റർ അകലയാണുള്ളത്. വിദഗ്ധ ചികിത്സാ സൗകര്യങ്ങളുള്ള ആശുപത്രി 35 കി.മി. അകലെ സ്ഥിതിചെയ്യുന്ന കോഴിക്കോട് മെഞ്ഞിക്കൽ കോളേജ് ആസ്പത്രിയാണ്. സ്വകാര്യമേഖലയിൽ മൂന്നു അലോപ്പതി ക്ലീനിക്കുകളും രണ്ടു ഹോമിയോ ക്ലീനിക്കുകും അഞ്ച് ആയുർവ്വേദ ചികിത്സാ കേന്ദ്രങ്ങളും പതിനാലു ആയുർവ്വേദ മരുന്നു വിതരണ കേന്ദ്രങ്ങളും പഞ്ചായത്തിലുണ്ട്. പത്തൊമ്പത് പാരമ്പര്യനാട്ടുവൈദ്യന്മാരുടെയും എട്ടു വിഷവൈദ്യന്മാരുടെയും സേവനം പഞ്ചായത്തിൽ ലഭിക്കുന്നുണ്ട്.

പാരമ്പര്യ വിഷചികിത്സാരംഗത്ത് ഒട്ടേറെ വ്യക്തികൾ നമുക്കുണ്ടായിരുന്നു. പരേതനായ പിളീന്ന് കണ്ട് ആണ്ടി വൈദ്യർ, നമ്പുടികണ്ടി പരോയിക്കുട്ടി വൈദ്യർ, മാക്കുട്ടത്തിൽ കുഞ്ഞിക്കണാരൻ തുടങ്ങിയവരുടെ പേരുകൾ ഈ രംഗത്ത് എടുത്തു പറയേണ്ടതാണ്.

പട്ടിക IV 6 (1)

കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ

ക്രമ നമ്പർ	കേന്ദ്രം	പ്രവർത്തനപരിധി	മറ്റുവിവരങ്ങൾ
1	മുലാട്	വാർഡ് 1, 2, (വാർഡുപരിധി പഴയത്)	ആവശ്യത്തിന് ഫർണിച്ചർ ഇല്ല.
2	വാകയാട്	വാർഡ് 3,4 (,,)	കെട്ടിടം ഇല്ല. ആവശ്യത്തിനു ഫർണിച്ചർ ഇല്ല
3	തൃക്കുറ്റിശ്ശേരി	വാർഡ് 5,6 (,,)	ആവശ്യത്തിനു ഫർണിച്ചർ ഇല്ല
4	പുനത്ത്	വാർഡ് 7,8 (,,)	ഫർണീച്ചർ ഇല്ല, വൈദ്യുതി ഇല്ല
5	അവിടനല്ലൂർ	വാർഡ് 9, 10, 11 (,,)	വൈദ്യുതിയും ആവശ്യത്തിനു ഫർണിച്ചറും ഇല്ല.

പട്ടിക IV 6 (2)

കുട്ടികളുടെയും ഗർഭിണികളുടേയും പ്രതിരോധകുത്തിവെപ്പ്

		DPT				പോളിയോ				DT				മീസ്സിൽസ്	ഗർഭിണികൾ	
കുട്ടികൾ	BCG	1D	2D	3D	BD	1D	2D	3D	BD	1D	2D	3D	BD		TT	
1 വയസ്സിന് താഴെ	327	254	252	244	16	230	226	201	19	-	-	-	-	106	1D	137
1 - 3 വയസ്സ്	437	462	461	463	397	438	437	438	364	-	-	2	4	357	2D	111
3 - 6 വയസ്സ്	530	515	573	572	498	510	509	511	389	32	30	-	164	365	BD	21

അയ്യായിരം ജനങ്ങൾക്ക് ഒരു ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് എന്ന നിലയിൽ അഞ്ചു കുടുംബ ക്ഷേമ ഉപകേന്ദ്രങ്ങൾ മൂലാട്, വാകയാട്, തൃക്കുറ്റിശ്ശേരി, പൂനത്ത് അവിടനല്ലൂർ, എന്നിവിടങ്ങളിൽ പ്രവർത്തിച്ചുവരുന്നുണ്ട്. (പട്ടിക IV 6(1) നോക്കുക) ഇതിൽ വാകയാട് കേന്ദ്രത്തിനു സ്വന്തമായി കെട്ടിടമില്ല. ഇവിടങ്ങളിൽ വെച്ചു മാസത്തിൽ ഒരു ചൊവ്വാഴ്ച ദിവസം രോഗപ്രതിരോധ കുത്തിവെപ്പുകൾ നടത്തപ്പെടുന്നുണ്ട്. കൂടാതെ എല്ലാ ബുധനാഴ്ചയും PHC യിൽ വെച്ച് BCG, DPT, DT, TT, മീസിൽസ് പോളിയോ വാക്സിൻ എന്നീ പ്രതിരോധ കുത്തിവെപ്പുകളും നടത്താറുണ്ട്. (പട്ടിക IV 6 (2)

പഞ്ചായത്തിലെ പൊതുമരണനിരക്ക് 3.6 ആണ് കേരളത്തിലെ നിരക്കിനേക്കാൾ (5.9) കുറവാണിത്. അതുപോലെതന്നെ പഞ്ചായത്തിലെ ശിശുമരണ നിരക്കും (12.6) കേരള നിരക്കിനെക്കാൾ (16) താഴെയാണ്. പ്രസവ സമയത്തോ പ്രസവം കഴിഞ്ഞു 42 ദിവസത്തിനുള്ളിലോ കഴിഞ്ഞ വർഷത്തെ കണക്കനുസരിച്ച് ആരും മരിച്ചതായി റിപ്പോർട്ട് ചെയ്തിട്ടില്ല. അതിനാൽ മാതൃസംരക്ഷണസംവിധാനത്തിന്റെ കാര്യത്തിലും മെച്ചപ്പെട്ട സ്ഥിതിയാണ് എന്നു വ്യക്തമാണ്. കേരളത്തിലെ മരണനിരക്ക് 17 ആണ്. അതേ സമയം പഞ്ചായതടതിലെ ജനനനിരക്ക് 11.45 ആണ്. ഇതിൽ നിന്നും കുടുംബാസൂത്രണത്തിന്റെ കാര്യത്തിലും നാം വളരെ മുനനിൽ തന്നെയാണെന്നു കാണാം. ഈ അവസരത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടുന്ന കാര്യമാണ്, പഞ്ചായത്തിൽ നടക്കുന്ന ജനനമരണക്കണക്കുകളുടെ കാര്യത്തിൽ അംഗനവാടി പ്രവർത്തകർ നേരിട്ടു ശേഖരിച്ച വിവരവും പഞ്ചായത്തിലെ ജനനമരണ രജിസ്റ്ററുടെ പക്കലുള്ള വിവരങ്ങളും തമ്മിലുള്ള വ്യത്യാസം. ജനനമരണങ്ങൾ കൃത്യമായും റജിസ്റ്റർ ചെയ്യണമെന്ന കാര്യം വളരെ പ്രധാനമായും ജനങ്ങളെ ബോധ്യപ്പെടുത്തേണ്ടിയിരിക്കുന്നു.

കുട്ടികളുടെ ആരോഗ്യപോഷണനിലവാരം വിലയിരുത്തുമ്പോൾ ഗുരുതരമായ പോഷണക്കുറവുള്ളവരുടെ എണ്ണം വളരെ കുറവാണെന്നു കാണാം. (പട്ടിക IV 6 (3) നോക്കുക) ഇതിൽ തന്നെ ഒരു വയസ്സിനു താഴെയുള്ളവർ തീരെയില്ലായെന്നും ഒന്നു - മൂന്ന് വയസ്സിനിടയിൽ രണ്ടുപേരും 3-6 വയസ്സിനിടയിൽ മൂന്നുപേരും മാത്രമേയുള്ളുവെന്നും കണക്കുകൾ കാണിക്കുന്നു. മിതമായ പോഷണക്കുറവുള്ളവർ 104 പേരും ലഘുവായ പോഷണക്കുറവുള്ളവർ 408 പേരുമാണ്. കണക്കുകൾ വിശകലനം ചെയ്യുമ്പോൾ ഏകദേശം 17.8% കുട്ടികൾക്കും മിതമായതോ ലഘുവായതോ ആയ പോഷണക്കുറവു അനുഭവപ്പെടുന്നുവെന്നു കാണാം.

പട്ടിക IV 6 (3)

കുട്ടികളുടെ ആരോഗ്യപോഷണ നിലവാരം

പ്രായം	നോർമൽ			ഗ്രേഡ് I ലഘുവായ പോഷണക്കുറവുള്ളവർ			ഗ്രേഡ് II മിതമായ പോഷണക്കുറവുള്ളവർ			ഗ്രേഡ് III ഗുരുതരമായ പോഷണക്കുറവുള്ളവർ			
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
ഒരു വയസിനു താഴെ	146	102	248	25	22	47	3	2	5	-	-	-
1-3 വയസ്സിനിടയിൽ	282	209	491	78	95	173	18	15	33	1	1	2
3 - 6 വയസ്	244	199	443	86	102	188	36	30	66	1	2	3

പട്ടിക IV 6 (4)

കുട്ടികളുടെ പ്രായഘടന

പ്രായം	ഒരു വയസ്സിനു താഴെ	1-2 വയസ്സിനിടയിൽ	2-3 വയസ്സിനിടയിൽ	3 -5 വയസ്സിനിടയിൽ
എണ്ണം	360	373	401	683

സ്ഥാപനങ്ങളും ജീവനക്കാരും

ഒരു പ്രൈമറി ഹെൽത്ത് സെൻററിലും 5 കുടുംബ ക്ഷേമ ഉപകേന്ദ്രങ്ങളിലുമായി വിവിധ തസ്തികകളിൽ 17 ജീവനക്കാർ ആരോഗ്യരംഗത്ത് നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. അനുവദിക്കപ്പെട്ട 19 തസ്തികകളിൽ രണ്ടെണ്ണം ഒഴിഞ്ഞുകിടക്കുകയാണ്. പട്ടിക IV 6 (5) നോക്കുക. ആരോഗ്യപ്രവർത്തകരുടെ എണ്ണവും ആരോഗ്യനിലവാരവും തമ്മിലുള്ള ബന്ധം പരിശോധിക്കപ്പെടേണ്ടതാണ്.

പട്ടിക IV 6 (5)

ആരോഗ്യവകുപ്പു ജീവനക്കാരുടെ എണ്ണം

ക്രമ നമ്പ്	തസ്തികയുടെ പേര്	തസ്തിക അനുവദിച്ചത്	തസ്തിക നിലവിലുള്ളത്
1	മെഡിക്കൽ ഓഫീസർ	1	1
2.	ഫാർമിസിസ്റ്റ്	1	1
3.	നേഴ്സിംഗ് അസിസ്റ്റൻറ്	1	1
4	ഹോസ്പിറ്റൽ അറ്റൻറൻറ് ഗ്രേഡ് II	1	1
5	പി.ടി.സി എം	1	1
6	എൽ.ഡി. ക്ലർക്ക്	1	1
7	പ്യൂൺ 1	1	
8	ലെപ്രസി ഇൻസ്പെക്ടർ	1	1
9	ഹെൽത്ത് ഇൻസ്പെക്ടർ	1	1
10	ലേഡി ഹെൽത്ത് ഇൻസ്പെക്ടർ	1	1
11	ജൂനിയർ ഹെൽത്ത്		
	ഇൻസ്പെക്ടർ ഗ്രേഡ് I	1	0
12	ജൂനിയർ ഹെൽത്ത്		
	ഇൻസ്പെക്ടർ ഗ്രേഡ് II	3	2
13	ജൂനിയർ ഹെൽത്ത് നേഴ്സ്	5	5
	ആകെ	19	17

സന്നദ്ധസംഘടനകളുടെ പ്രവർത്തനം

രക്തഗ്രൂപ്പുനിർണയക്യാമ്പ്, നേത്രരോഗ നിർണ്ണയ ക്യാമ്പ്, കാൻസർ രോഗനിർണയക്യാമ്പ്, മറ്റു മെഡിക്കൽ ക്യാമ്പുകൾ എന്നിവ ഏറ്റെടുത്തു നടത്തിയ സന്നദ്ധ സംഘടനകളുടെ പ്രവർത്തനം ആരോഗ്യമേഖലയിൽ ഒട്ടേറെ അനുകൂല സാഹചര്യങ്ങളുണ്ടാക്കാൻ സഹായിച്ചിട്ടുണ്ട്. ഒരു കാലത്ത് ജനങ്ങൾ ഭയത്തോടെ വീക്ഷിച്ചിരുന്ന രക്തദാനത്തെ ഇന്ന്, അത് യാതൊരു വിധ ആരോഗ്യപ്രശ്നങ്ങളുമുണ്ടാക്കുന്നില്ലെന്നും തക്ക സമയത്ത് സഹജീവിയുടെ ജീവൻ രക്ഷിക്കാൻ കഴിയുന്ന മഹത്തായ കാര്യമാണെന്നുമുള്ള ബോധം കുറെയൊക്കെ ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞുലെന്നത് ഇതിനുദാഹരണമാണം. നേത്രദാനത്തിൻെറ കാര്യത്തിലും ഇതുപോലുള്ള പ്രവർത്തനം നടത്തേണ്ടിയിരിക്കുന്നു. പുകവലി, മദ്യപാനം, മയക്കുമരുന്നുപയോഗം എന്നീ സാമൂഹ്യ വിപത്തുകൾക്കെതിരെയും പ്രവർത്തനം സംഘടിപ്പിക്കുന്നതിൽ ഇത്തരം സംഘടനകൾക്ക് വലിയ പങ്ക് വഹിക്കാൻ കഴിയും. ഒന്നാം വാർഡിൽ നടത്തിയ ഒരു സർവ്വേയിൽ നിന്നും കണ്ടെത്തിയ വിവരമനുസരിച്ച് ഒരു നിശ്ചിത കാലയളവിൽ മരണമടഞ്ഞ 33 പേരിൽ 13 പേരും (39.39%) കാൻസർ രോഗം പിടിപെട്ടാണം മരിച്ചത് എന്നത്, പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും സമഗ്രമായ കാൻസർ രോഗനിർണയ സർവ്വേ നടത്തേണ്ട ആവശ്യകതയിലേക്കു വിരൽ ചൂണ്ടുന്നു. ബോധവൽക്കരണ പ്രവർത്തനങ്ങളും ഈ രംഗത്ത് ആവശ്യമാണ്.

കക്കൂസ്

മുകളിൽ സൂചിപ്പിച്ചതുപോലെ തന്നെ പൊതു ജനാരോഗ്യരംഗത്ത് ഏറ്റവും കൂടുതൽ ശ്രദ്ധിക്കപ്പെടേണ്ട കാര്യമാണ് എല്ലാ കുടുംബങ്ങൾക്കും ശുചിത്വമുള്ള കക്കൂസ് ലഭ്യമാക്കുകയെന്നത്. ആകെയുള്ള 5400 കുടുംബങ്ങളിൽ എത്ര കുടുംബങ്ങളിൽ കക്കൂസില്ലായെന്നതിൻെറ കൃത്യമായ കണക്ക് ഒന്നാം വാർഡിലൊഴികെ മറ്റൊരിടത്തും ഇപ്പോൾ ലഭ്യമല്ല. (592

ൽ 125 ന് കക്കൂസ് ഇല്ല 21%). ഒന്നാം വാർഡിലെ കണക്കും മറ്റു വാർഡുകളിൽ നിന്നു ഗ്രാമസഭകളിലൂടെ ലഭിച്ച കണക്കും വെച്ചു നോക്കുമ്പോൾ പഞ്ചായത്തിലെ 30% കുടുംബങ്ങൾക്കും സ്വന്തമായി കക്കൂസില്ലായെന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു. കക്കൂസ് സ്ഥാപിക്കാതിരിക്കാനുള്ള പ്രധാന കാരണം സാമ്പത്തിക പരാധീനത, ആവശ്യബോധമില്ലായ്മ, സ്ഥലപരിമിതി, ജലദൗർലഭ്യം എന്നിവയാണ്. കക്കൂസില്ലാത്തവരിൽ ഏറിയപങ്കും സാമ്പത്തിക വിഷമം അനുഭവിക്കുന്നവരാണ്. ലക്ഷം വീട്, ഹരിജൻ കോളനി എന്നിവിടങ്ങളിൽ താമസ്സിക്കുന്നവർക്കാണ് സ്ഥലപരിമിത പ്രതിബന്ധമായിട്ടുള്ളത്. ഇതിനു പൊതു സെപ്റ്റിക് ടാങ്ക് നിർമ്മിക്കുയാണ് പരിഹാരമാർഗ്ഗമായിട്ടുള്ളത്. അവശേഷിക്കുന്ന വലിയൊരു വിഭാഗത്തിനിടയിൽ ആരോഗ്യബോധവൽക്കരണത്തിലൂടെ കക്കൂസില്ലെങ്കിലുള്ള ദൂഷ്യങ്ങൾ ബോധ്യപ്പെടുത്തുകയാണ് വേണ്ടത്. ഇതിനു മഹിളാ സ്വസ്തിക് സംഘ്, അഗനവാടി പ്രവർത്തകർ എന്നിവരുടെ സഹായം ഉപയോഗപ്പെടുത്താവുന്നതാണ്. കക്കൂസില്ലാതെ നിർമിക്കുന്ന വീടുകൾക്ക് നമ്പർ നൽകില്ലായെന്ന തരത്തിലുള്ള നിയമ സമ്മർദ്ദവും ഇക്കാര്യത്തിൽ വരുത്താൻ പറ്റുമോയെന്നു പരിശോധിക്കേണ്ടതാണ്. സാമ്പത്തിക പരാധീനതയുള്ളവർക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാവർക്കും കക്കൂസ് നിർമ്മിക്കാൻ ഒന്നാം വാർഡിലെ ഗ്രാമസഭയിലക്ഷ നിർദ്ദേശിക്കപ്പെട്ട മാതൃകാപരമായ പദ്ധതി പ്രായോഗികമാക്കേണ്ടിയിരിക്കുന്നു. മുഴുവൻ ജനങ്ങളെയും പങ്കാളികളാക്കിക്കൊണ്ട് അവരവരുടെ സാമ്പത്തിക ശേഷിയും അധ്വാനശേഷിയും ഉപയോഗിക്കാൻ കഴിഞ്ഞാൽ എല്ലാ വാർഡിലും ഈ പദ്ധതി നടപ്പിലാക്കാൻ കഴിയും.

1. വാർഡുതലത്തിൽ കക്കൂസില്ലാത്തവരുടെ വ്യക്തമായ വിവരം ശേഖരിക്കുക.

2. വാർഡുതലത്തിൽ സമിതി രൂപീകരിച്ച് ആവശ്യമായ ക്ലോസറ്റ് കണക്ടിങ്ങ് പൈപ്പ്, സ്ലാബിനാവശ്യമായ. കമ്പി, സിമൻറ് മുതലായവയും തികയാതെ വരുന്ന സാമ്പത്തിക സഹായവും സ്വരൂപിക്കുക.

3. കക്കൂസില്ലാത്ത 5-6 വീടുകളും ചുറ്റുവട്ടത്തെ കക്കൂസുള്ള 20-25 കുടുംബങ്ങളും ചേർത്തു അയൽക്കൂട്ടങ്ങൾ രൂപീകരിച്ച്, കക്കൂസിനാവശ്യമായ കുഴിയെടുക്കൽ, കെട്ടൽ മുതലായ പ്രവർത്തികൾ സന്നദ്ധപ്രവർത്തനങ്ങളിലൂടെ ചെയ്യുക.

4. വാർഡിലെ നിർമ്മാണ പ്രവർത്തകരെ ഉപയോഗപ്പെടുത്തി കഴിയുമെങ്കിൽ ഒറ്റ ദിവസം കൊണ്ട് ആവശ്യമായ സ്ലാബ് മുഴുവൻ നിർമ്മിക്കുക. സ്ലാബ് സ്ഥാപിക്കുന്നതിലും ഇവരുടെ സഹായം ലഭ്യമാക്കുക.

5. അസംസ്കൃത സാധനങ്ങൾ പ്രാദേശികമായി സംഭരിക്കാൻ കഴിയുന്നത് എന്തെല്ലാമെന്നു കണ്ടെത്തി അവ ലഭ്യമാക്കുക.

ഇതിന് ആദ്യമായി വേണ്ടത് സൗജന്യമായി എല്ലാം ലഭിക്കണമെന്ന ബോധം മാറ്റിയെടുക്കുകയും ആവശ്യകത എത്രത്തോളമെന്നു ബോധ്യപ്പെടുത്തുകയുമാണ്. ഈ കാര്യത്തിൽ സാക്ഷരതാ കാലത്തെ ഐക്യബോധം തിരിച്ചുകൊണ്ടുവരാൻ കഴിയണം. ആറാം വാർഡിലെ 50 ഓളം കുടുംബങ്ങൾക്ക് ഈ രീതിയിൽ കക്കൂസ് നിർമ്മിക്കാൻ സന്നദ്ധത പ്രകടിപ്പിച്ചുകൊണ്ട് ഗ്രാമസഭാംഗങ്ങൾ നൽകിയ ഉറപ്പും ആവേശവും മാതൃകാപരവുമാണ്.

പരിസരശുചിത്വം

ഗുരുതരമായ പരിസരപ്രശ്നങ്ങളൊന്നുതന്നെ നമ്മെ അലട്ടുന്നില്ലെന്നത് ആശ്വാസകരംതന്നെ. എങ്കിലും മിക്ക ഗ്രാമസഭകളിലും ശുചീകരണത്തിൻെറ അഭാവത്തെ കുറിച്ചു പരാതികൾ ഉയർന്നുവന്നിട്ടുണ്ട്. വാകയാട് പതിനൊന്നുകണ്ടിയിലെ അങ്ങാടിയ്ക്കടുത്തുള്ള ഒരു കിണറിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് മൂലം പരിസരപ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. കുട്ടാലിട അങ്ങാടിയിലെ ഹോട്ടലുകളിൽ നിന്നും വരുന്ന മാലിന്യങ്ങളും അഴുക്കുവെള്ളവും ശരിയായ സംസ്കരിക്കുന്നതിനുള്ള പരിപാടി തയ്യാറാക്കേണ്ടിയിരിക്കുന്നു. സ്കൂളുകളിൽ മൂത്രപ്പുരയില്ലാത്തതുകൊണ്ടോ ഉപയോഗപ്രദമാല്ലാത്തതുകൊണ്ടോ കുട്ടികൾ പൊതു റോഡു ഉപയോഗിക്കുന്നതുമൂലമുള്ള പ്രശ്നങ്ങളും ചില വാർഡുകളിൽ നിന്നും റിപ്പോർട്ടുചെയ്യപ്പെട്ടിട്ടുണ്ട്. ശുചിത്വം വ്യക്തിയിൽ തുടങ്ങി വീട് പൊതു സ്ഥലം എന്നിവ കൂടി കാത്തുസൂക്ഷിക്കേണ്ടുന്നതിൻെറ ആവശ്യകത ചെറുപ്പത്തിൽ തന്നെ ബോധ്യപ്പെടുത്തേണ്ടിയിരിക്കുന്നു. ആരോഗ്യമുള്ള ജനതയാണ് ഒരു നാടിൻെറ സമ്പത്ത് എന്നതിനാൽ ഇക്കാര്യത്തിൽ ശുചിത്വപരിപാലനത്തിനുള്ള പങ്ക് അവഗണിക്കാവുന്നതല്ല.

പ്രശ്നങ്ങൾ

1. എല്ലാ കുടുംബങ്ങൾക്കും സ്വന്തമായി കക്കൂസില്ല.
2. പഞ്ചായത്തിൽ ആയുർവ്വേദ, ഹോമിയോ ഡിസ്പൻസറികൾ സ്ഥാപിച്ചിട്ടില്ല.
3. ആരോഗ്യകുടുംബക്ഷേമ പ്രവർത്തകർ, അവരുടെ പരിധിയിലുള്ള മുഴുവൻ വീടുകളിലും സന്ദർശനം നടത്തുന്നില്ല.
4. പ്രാഥമികാരോഗ്യകേന്ദ്രത്തിൻെറ സേവനം പഞ്ചാ

യത്തിലെ മുഴുവൻ ജനങ്ങൾക്കും പ്രയോജനപ്പെടുന്നില്ല. രോഗികൾക്ക് ആരോഗ്യകേന്ദ്രത്തിൽ എത്തിപ്പെടാൻ പ്രയാസമുണ്ട്.

5. പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ആവശ്യമായ സൗകര്യങ്ങളില്ല.

6. പൊതുശ്മശാനമില്ല.

7. മാർക്കറ്റിലെയും ഹോട്ടലുകളിലെയും മാലിന്യങ്ങൾ സംസ്കരിക്കുവാൻ സംവിധാനമില്ല.

8. പൊതുകിണർ ശുചിയായി സൂക്ഷിക്കുന്നതിൽ അശ്രദ്ധ കാട്ടുന്നു.

9. പഞ്ചായത്ത് കേന്ദ്രത്തിലെ പൊതു കക്കൂസ് ജനങ്ങൾക്ക് ഉപയോഗപ്പെടുന്നില്ല. അവിടെ സ്ഥിരമായി വെള്ളം ലഭിക്കുന്നില്ല.

10. കുട്ടാലിട അങ്ങാടിയിൽ പൊതു മൂത്രപ്പുരയില്ല.

11. ചില സ്കൂളുകളിൽ പൊതു മൂത്രപ്പുരയില്ലാത്തതിനാൽ കുട്ടികൾ റോഡു ഉപയോഗപ്പെടുത്തുന്നു. ഇത് ആരോഗ്യപ്രശ്നവും അപകടവും സൃഷ്ടിക്കാൻ സാധ്യതയുണ്ട്.

സാധ്യതകൾ

1. നിരന്തരമായ ആരോഗ്യബോധവൽക്കരണം നടത്തുക, ഇതിനു മഹിളാസമിക് സംഘ് പോലുള്ള സംഘടനകളുടെ സഹായം ഉപയോഗപ്പെടുത്താവുന്നതാണ്. പൊതുജന സഹകരണത്തോടെ മനുഷ്യാദ്ധ്വാനം ഉപയോഗപ്പെടുത്തി എല്ലാ കുടുംബങ്ങൾക്കും കക്കൂസ് ലഭ്യമാക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.

2. കോളനികളിലെ കുടുംബങ്ങൾക്കുള്ള കക്കൂസുകൾക്ക് പൊതു സെപ്ടിക് ടാങ്ക് നിർമ്മിക്കുക.

3. കോളനികളിലെ കിണർ മലിനമാകുന്നതു തടയാൻ പൊതു കുളിപ്പുര സ്ഥാപിക്കുക.

4. പഞ്ചായത്തിലെ പരമാവധി ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന കേന്ദ്രങ്ങളിൽ ആയുർവ്വേദ ഹോമിയോ ഡിസ്പൻസറികൾ സ്ഥാപിക്കുക. താല്ക്കാലികമായി വാടക കെട്ടിടങ്ങൾ ലഭ്യമാക്കാമെന്നു ഗ്രാമസഭയിൽ നിന്നും ലഭിച്ച ഉറപ്പു പ്രയോജനപ്പെടുത്തുക.

5. ആരോഗ്യ കുടുംബക്ഷേമപ്രവർത്തകർ ഗൃഹസന്ദർശനടത്തിനം സമയബന്ധിത പട്ടിക തയ്യാറാക്കി പൊതുജനങ്ങലെ കൂടി സന്ദർശന സമയം മുൻകൂട്ടി അറിയിക്കുക.

6. പ്രാഥമികാരോഗ്യകേന്ദ്രം, രോഗികളെ കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള കമ്മ്യൂണിറ്റി ഹെൽസെൻററായി ഉയർത്തുക.

7. കുട്ടാലിട അങ്ങാടിയിലെ ഹോട്ടലുകളിൽ നിന്നും

പട്ടിക IV (6) - 6

വർഷം	തൊക്ക് രോഗം	കണ്ണ്	ചെവി	വായ്, പല്ല്, തൊണ്ട	രക്തസമ്മർദ്ദം, ഹാർട്ട്, വാതപ്പനി	ശ്വാസകോശരോഗം വലിവ്, ചുമ	കഫക്കെട്ട് ന്യൂമോണിയ, പനി	ആർത്തവസംബന്ധമായ രോഗങ്ങൾ	അപസ്മാരം	പോഷകാഹാരം	ഗുരുരോഗങ്ങൾ	മലമ്പനി	മഞ്ഞപ്പിത്തം	അഞ്ചാം പനി	ചിക്കൻപോക്സ്	വയറിളക്കം	വയറ് അൾസർ	മറ്റുള്ളവ	ആകെ (ഒ.പി.)
1993	564	118	15	450	30	1578	1724	52	7	17	3	-	7	18	-	236	58	1924	6801
1994	2082	280	56	518	92	4703	2020	37	12	30	2	3	8	32	-	777	1376	2271	14371
1995	1974	314	60	679	109	3001	3167	43	3	43	-	2	10	12	36	728	2096	1300	13541
1996 Sept. 30 വരെ	1848	326	53	503	98	1861	3811	51	3	39	-	-	6	-	26	-	1916	2460	13560

മാർക്കറ്റിൽ നിന്നുമുള്ള മാലിന്യങ്ങൾ സംസ്കരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.

7. പൊതു കിണർ മലിനമാക്കുന്നതു തടയാൻ കർശന നടപടികൾ സ്വീകരിക്കുക.

8. പൊതുശ്മശാനത്തിന് പഞ്ചായത്തു കണ്ടെത്തിയ സ്ഥലം പ്രയോജനകരമല്ലാത്തതിനാൽ എല്ലാ വാർഡിലേയും ജനങ്ങൾക്കു ഗുണം ചെയ്യുന്ന സ്ഥലം കണ്ടെത്തുക.

9. ബ്ലോക്ക് അടിസ്ഥാനത്തിലെങ്കിലും ആധുനിക രീതിയിലുള്ള വൈദ്യുത ശ്മശാനങ്ങൾ സ്ഥാപിക്കുക

10. പഞ്ചായത്തിലെ പൊതു കക്കുസിലേക്ക്, കുറുവട്ടി മലയിലേക്കുള്ള ജലവിതരണപദ്ധതിയുടെ ഭാഗമായിട്ടുള്ള പൈപ്പുലൈൻ എത്തിക്കുക.

11. കുട്ടാലിട അങ്ങാടിയിൽ പൊതു മൂത്രപ്പുര സ്ഥാപിക്കുക.

12. എല്ലാ സ്കൂളുകളിലും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം മൂത്രപ്പുരകൾ സ്ഥാപിക്കുക.

13. റോഡുകളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് നിരുത്സാഹപ്പെടുത്തുകയും ആവശ്യമായ സ്ഥലങ്ങളിൽ ചപ്പുചവറ് വീപ്പകൾ സ്ഥാപിക്കുകയും ചെയ്യുക.

രോഗാതുരത പട്ടിക IV 6 (6)

സന്താനോല്പാദനശേഷിയുള്ള ദമ്പതികളുടെ സ്ഥിതിവിവരക്കണക്ക്

പട്ടിക IV 6 (7)

Elegible couples

(15-44 വയസ്സിനിടയിലുള്ളവർ)

ക്രമനമ്പർ	അമ്മമാർ	എണ്ണം
1	കുട്ടികൾ ഇല്ലാത്തവർ	564
2	1 കുട്ടിയുള്ള അമ്മമാർ	1203
3	2 കുട്ടികൾ ഉള്ള അമ്മമാർ	1664
4	3 കുട്ടികൾ ഉള്ള അമ്മമാർ	775
5	4 കുട്ടികൾ ഉള്ള അമ്മമാർ	389
6	5 നു മുകളിൽ കുട്ടികൾ ഉള്ള അമ്മമാർ	185
	ആകെ	4780

കുടുംബാസൂത്രണങ്ങളുടെ സ്ഥിതിവിവരം

പട്ടിക IV 6 (8)

കുടുംബാസൂത്രണമാർഗങ്ങളുടെ സ്ഥിതിവിവരം

ക്രമനമ്പർ	മാർഗങ്ങൾ	എണ്ണം
1	വാസക്ടമി	447
2	ലാപ്രോസ്കോപ്പി, മിനിലാവ്, PPS	1875
3	കോപ്പർ-ടി	246
4	നിരോധന ഗുളികകൾ	153
5	നിരോധ്	413
6	ഒരു മാർഗവും സ്വീകരിക്കാത്തവർ	1646

ആരോഗ്യകുടുംബക്ഷേമപ്രവർത്തകരുടെ ചുമതലകൾ

I ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I & II (മൾട്ടി പർപ്പസ് വർക്കേഴ്സ്)

1. ദേശീയ മലമ്പനി നിർമാർജനം
2. പകർച്ചവ്യാധികൾ തടയൽ (വയറിളക്കം, ചിക്കൻപോക്സ് തുടങ്ങിയവ)
3. കുടുംബാസൂത്രണ മാർഗങ്ങളെപ്പറ്റി ഉപദേശിക്കലും തയ്യാറാക്കലും
4. പരിസര ശുചീകരണത്തെപ്പറ്റിയുള്ള ബോധവൽക്കരണം, ക്ലാസുകൾ സംഘടിപ്പിക്കൽ
5. പൊതുജനാരോഗ്യപ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കൽ മുതലായവ
6. ക്ലോറിനേഷൻ നടത്തുക.

II ഹെൽത്ത് ഇൻസ്പെക്ടർ

1. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ മേൽനോട്ടം
2. പൊതുജനാരോഗ്യപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.
3. ഹോട്ടലുകളിലെ ശുചീകരണം പരിശോധിക്കുക.
4. ബേക്കറി, ഇറച്ചിക്കട മുതലായവ പരിശോധിക്കുക
5. ആരോഗ്യവിദ്യാഭ്യാസ ക്ലാസുകൾ നടത്തുക

III ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്

1. കുടുംബാസൂത്രണ മാർഗത്തിന് പ്രേരിപ്പിക്കുകയും തയ്യാറാക്കലും
2. സബ്സെൻററുകളിൽ പ്രതിരോധ കുത്തിവെയ്പു നടത്തുക
3. പ്രയോറിറ്റി വീടുകൾ സന്ദർശിക്കുക (കുട്ടികൾ ഉണ്ടാവാൻ സാധ്യതയുള്ള 15 നും 44 നും ഇടയിൽ

പ്രായമുള്ളവരുടെ കുടുംബങ്ങൾ)

4. ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, 5 വയസിനു താഴെ പ്രായമുള്ള കുട്ടികൾ ഇവർക്കാവശ്യമുള്ള മരുന്നുകളും കുത്തിവെപ്പുകളും നൽകുക
5. ആരോഗ്യവിദ്യാഭ്യാസ പ്രവർത്തനങ്ങൾ
6. M.S.S. പ്രവർത്തനം ശക്തിപ്പെടുത്തുക
7. അംഗനവാടിപ്രവർത്തനങ്ങൾ ആരോഗ്യവകുപ്പു പ്രവർത്തനവുമായി സഹകരിപ്പിക്കുക.
8. സ്കൂൾ ഹെൽത്ത് പ്രോഗ്രാം നടത്തൽ

IV ലേഡി ഹെൽത്ത് ഇൻസ്പെക്ടർ

1. ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരുടെ മേൽനോട്ടം
2. പ്രതിരോധ കുത്തിവെപ്പ് ഔഷധങ്ങൾ സൂക്ഷിക്കൽ

V ലെപ്രസി ഇൻസ്പെക്ടർ

25000 ജനസഖ്യയാണ് പ്രവർത്തനമേഖല

രോഗികളെ കണ്ടെത്തി വിദഗ്ധ പരിശോധനയ്ക്ക് അയയ്ക്കുക. ഔഷധം കൊടുക്കുക. ആരോഗ്യ വിദ്യാഭ്യാസ ക്ലാസുകൾ നടത്തുക.





IV (7) ഗതാഗതം

1938 വരെ റോഡുകളൊന്നും ഇല്ലാതിരുന്ന ഒരു പ്രദേശമാണ് ഈ പഞ്ചായത്ത് പ്രധാന വിപണ നകേന്ദ്രമായ കോഴിക്കോട്ടേക്ക് കാൽനടയായാണ് ആളുകൾ സഞ്ചരിച്ചിരുന്നത്. ചിലപ്പോൾ തോണിയിലും. ഉല്പന്നങ്ങൾ തലച്ചുമടായി മഞ്ഞപ്പുഴയിലെ ഇടിഞ്ഞ കടവിലെത്തിച്ച് തോണിവഴി പുതിയ നിരത്തിലെത്തിക്കുകയായിരുന്നു. അവിടെ നിന്ന് കാളവണ്ടി ഉപയോഗിച്ച് കോഴിക്കോട് അങ്ങാടിയിലും. നിത്യോപയോഗവസ്തുക്കളും ഇതേ രീതിയൽ തിരിച്ചു് ഇടിഞ്ഞ കടവിലെത്തിക്കുകയായിരുന്നു. ഇത്തരം വസ്തുക്കളുടെ സുക്ഷിപ്പിനു വേണ്ടി ഇടിഞ്ഞ കടവിലും തൃക്കുറ്റിശ്ശേരിയിലും 'പാണ്ടികശാലകൾ' ഉണ്ടായിരുന്നു. 1938ൽ അരിക്കുളത്തുകാരനായ ഒരു വൻകിട ഭൂവുടമയാണ് നടുവണ്ണൂരിൽ നിന്ന് കൂട്ടാലിടയിലേക്കുള്ള ഒരു മൺ റോഡ് വെട്ടുന്നതിന് നേതൃത്വം കൊടുത്തത്. അദ്ദേഹം തന്നെ ആ റോഡിലൂടെ ഒരു മോട്ടോർ കാർ ഓടിച്ചുകൊണ്ട് കൂട്ടാലിടയിൽ എത്തുകയും ചെയ്തു. കിഴക്കൻ മലയോരങ്ങളിലേക്കുള്ള, പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള യാത്രക്കാർ വഴി പോകേണ്ടിയിരുന്നത് കൂട്ടിലില്ലത്തിന്റെ ഇടവഴിയിലൂടെയായിരുന്നു. ഈ സ്ഥലമാണ് പിന്നീട് കൂട്ടാലിട എന്ന പേരിൽ അറിയപ്പെട്ടത്.

1961-ൽ കോട്ടൂർ പഞ്ചായത്ത് രൂപമെടുത്തപ്പോൾ പഞ്ചായത്ത് ബോർഡ് വകയായും ജനങ്ങളുടെ കൂട്ടായ്മയിലൂടെയും ധാരാളം ഗ്രാമീണ റോഡുകൾ നിരർമിക്കപ്പെട്ടു. ഈ റോഡുകളിലൂടെയെല്ലാം ക്രമേണ വാഹനങ്ങൾ ഓടാൻ തുടങ്ങിയപ്പോൾ ഇടിഞ്ഞ കടവിന്റെ പ്രസക്തി നഷ്ടപ്പെടുകയും തോണിവഴിയായുള്ള ചരക്ക് ഗതാഗതം നാമമാത്രമാവുകയും ചെയ്തു. ചുമട്ട് തൊഴിലാളികൾ മറ്റു മേഖലകളിലേക്ക് മാറുകയും ചെയ്തു. ഇടിഞ്ഞ കടവ് ഗതാഗത ഭൂപടത്തിൽ ഒരരേർമ്മ മാത്രമായി.

രോഗികളേയും മറ്റും ചുമക്കുവാൻ ആദ്യകാലത്ത് മഞ്ചൽ ആണ് ഉപയോഗിച്ചിരുന്നത്. കുറമ്പനാട് രാജാക്കന്മാർ പല്ലക്കുകൾ ഉപയോഗിച്ചിരുന്നു. പല്ലക്ക് ചുമക്കുന്നതിന് അമാലന്മാർ കോവിലകങ്ങളിൽ ഉണ്ടായിരുന്നു. 1938ൽ അമ്പല പുത്തൂരില്ലത്ത് ഒറ്റക്കാളയെ കെട്ടിയ അതിമനോഹരമായ ചിത്രപ്പണികളോടുകൂടിയ വണ്ടി ഉപയോഗിച്ചിരുന്നു. 1942ൽ, തന്നിക്കോത്ത് കുഞ്ഞിക്യഷ്ണൻ നായർ ആണ് ഈ പഞ്ചായത്തിൽ ആദ്യമായി മോട്ടോർ കാർ വാങ്ങിയത്. ആദ്യമായി ഇരുചക്രവാഹനമായ സൈക്കിൾ വാങ്ങിയത് കോട്ടൂരിലെ പുതുമന ഇല്ലത്ത് കൃഷ്ണൻ നമ്പൂതിരി ആയിരുന്നു.

കൂട്ടാലിട നടുവണ്ണൂർ റോഡാണ് ഈ പഞ്ചായത്തിൽ ആദ്യമായി മെറ്റൽ ചെയ്ത് ടാറിട്ട്. ആദ്യമായി ബസ് സർവീസ് ആരംഭിച്ചതും ഈ റോഡിലൂടെയാണ്. 1968-ൽ പോപ്പുലർ എന്ന പേരിലുള്ള ഒരു ബസ് കോഴിക്കോട് നിന്ന് ബാലുശ്ശേരി, ഉള്ളിയേരി - നടുവണ്ണൂർ വഴി കൂട്ടാലിടയിൽ എത്തുകയായിരുന്നു - ഉത്സവപ്രഹർഷത്തോടെയാണ് നാട്ടുകാർ ഈ ബസ്സിനു വരവേല്പു നൽകിയത്. മഞ്ഞപ്പാലം പണി തീർന്നിട്ടില്ലാത്തതിനാൽ ദൂരം കൂടിയ റൂട്ടിലൂടെയാണ് ഈ ബസ് സർവ്വീസ് നടത്തിയത്. പഞ്ചായത്താസ്ഥാനമായ കൂട്ടാലിടയിലൂടെ കടന്നുപോകുന്ന ബാലുശ്ശേരി - കൂരാച്ചുണ്ട് റോഡ് 1980 ലാണ് ടാർ ചെയ്തു ഗതാഗത യോഗ്യമാക്കിയത്. ഈ റോഡ് പൂർണമായും ഭൂമി പൊന്നുംവിലക്കെടുത്ത് നിർമിക്കപ്പെട്ട റോഡാണ്. പിന്നീട് ആവറാട് മുക്ക് - പിളിയോട്ടുമുക്ക് റോഡും നടുവണ്ണൂർ - പറമ്പിൽ തോട് റോഡും, ചെടിക്കുളം - നരയംകുളം റോഡും, ഇതു കൂടാതെ തൃക്കുറ്റിശ്ശേരി - വാകയാട് റോഡും (കുട്ടേക്കിണി മാസ്റ്റർ റോഡ്) പാലോളിമുക്ക് - തിരുവോട് - വാകയാട് റോഡും ഭാഗികമായും ടാർ ചെയ്തിട്ടുണ്ട്. തൃക്കുറ്റിശ്ശേരി - പാലോളി നടുവണ്ണൂർ റോഡിലൂടെയും, പറമ്പിൽ തോട് - നടുവണ്ണൂർ റോഡിലൂടെയും 1970 കളിൽ ബസ് സർവ്വീസ് ഉണ്ടായിരുന്നു. ഇപ്പോൾ ടാർ ചെയ്ത റോഡുണ്ടായിട്ടും ബസ് സർവീസ് ഇല്ലാത്തത് ഈ പ്രദേശത്തുകാർക്ക് യാത്രാക്ലേശമുണ്ടാക്കുന്നു. മഞ്ഞപ്പാലം വരുന്നതിന്റെ മുൻപേ, ബാലുശ്ശേരി - കൊട്ടനടവഴി കൂട്ടാലിടയിലേക്കും അല്പകാലം ബസ് സർവീസ് ഉണ്ടായിരുന്നു. (വി.പി.എൻ.ടി)

കോട്ടൂർ പഞ്ചായത്തിനെയും പനങ്ങാട് പഞ്ചായത്തിനെയും ബന്ധിപ്പിക്കുന്ന പറമ്പിൽ തോട് പാലത്തിന്റെ പണി പൂർത്തിയായിട്ടുണ്ട്. അപ്രോച്ച് റോഡ് പൂർത്തിയാവാത്തതിനാൽ ഗതാഗത യോഗ്യമായിട്ടില്ല. ഈ വഴി ഗതാഗത സൗകര്യമുണ്ടായാൽ, കോട്ടൂർ പഞ്ചായത്തിന്റെ പടിഞ്ഞാറു ഭാഗത്തുള്ളവർക്ക് ബാലുശ്ശേരിയിലേക്കുള്ള ദൂരം ഗണ്യമായി കുറയും.

പഞ്ചായത്ത് ആസ്ഥാനമായ കൂട്ടാലിടയിൽ നിന്ന് നിരവധി ബസ്സുകൾ വിവിധ സ്ഥലങ്ങളിലേക്ക് അനേകം ട്രിപ്പുകളായി സർവീസ് നടത്തുന്നുണ്ട്.

മഞ്ഞപ്പാലം - ബാലുശ്ശേരി വഴിയും, നടുവണ്ണൂർ - ഉള്ളേൃരി - അത്തോളി വഴിയും, നടുവണ്ണൂർ ഉള്ളേൃരി -കൊയിലാണ്ടി വഴിയും, നടുവണ്ണൂർ - ഉള്ളേൃരി - ബാലുശ്ശേരി വഴിയും; പുനത്ത് - കണ്ണാടിപൊയിൽ - ബാലുശ്ശേരി വഴിയും ജില്ലാ ആസ്ഥാനമായ കോഴിക്കോട്ടേക്ക് ബസ് സർവ്വീസുണ്ട്. കൂട്ടാലിടയിൽ നിന്ന് പുളിയോട്ട് മുക്ക് - ചാലിക്കര - പേരാമ്പ്ര - ചാനിയൻ കടവ് വഴിയും, നടുവണ്ണൂർ - പേരാമ്പ്ര - മേപ്പയൂർ - പയ്യോളി വഴിയും വടകരയിലേക്ക് ബസ് ഓടുന്നുണ്ട്. കൂട്ടാലിട - പുനത്ത് - കണ്ണാടിപൊയിൽ - ബാലുശ്ശേരി - പറമ്പിൽ മുകൾ വഴി - ചീക്കിലോട്ടേക്ക് ബസ് സർവീസ് ഉണ്ട്. ഇതു കൂടാതെ ബാലുശ്ശേരി - കണ്ണാടി പൊയിൽ പുനത്ത് - കൂട്ടാലിട - പുളോയോട്ടുമുക്ക് വഴി പേരാമ്പ്രക്കും, കൂട്ടാലിട - നടുവണ്ണൂർ ഉള്ളേൃരിക്കും മിനി ബസ്സുകൾ നിരവധി തവണ സർവീസ് നടത്തുന്നുണ്ട്.

ഇതിനു പുറമെ കൂട്ടാലിട - ബാലുശ്ശേരി,, കൂട്ടാലിട - നടുവണ്ണൂർ, വാകയാട് - നടുവണ്ണൂർ എന്നിവിടങ്ങളിലേക്ക് നിരവധി ജീപ്പുകളും ഓട്ടോറിക്ഷകളും സർവീസ് നടത്തുന്നു. ഇതൊക്കെയുണ്ടെങ്കിലും പൊതുജനങ്ങളുടെ യാത്രാക്ലേശം ലഘൂകരിക്കാൻ കഴിഞ്ഞിട്ടില്ല.

പ്രശ്നങ്ങൾ

1 100 കി.മീറ്ററോളം റോഡുള്ളതിൽ 15 കി.മീ പൊതുമരാമത്ത് വകുപ്പിന്റെയും 16 കി.മീ പഞ്ചായത്തു വകയുമാണ്. ആവശ്യത്തിന് വീതിയോ, കലങ്കുകളോ, ഡ്രെയിനേജ് സൗകര്യങ്ങളോ ഇല്ല.
2. ആവശ്യമായ റിപ്പെയർ നടക്കാത്തതിനാൽ കുണ്ടും കുഴിയും ചളിയും നിറഞ്ഞതാണ് റോഡുകളിൽ കൂടുതലും
3. അക്കരമുണ്ടൃാടിത്താഴ - വാകയാട് ഹൈസ്കൂർ റോഡ്, കുരുവളളിമ്മൽ - കടുളിത്താഴ റോഡ്, കുന്നുമ്മൽ പൊയിൽ - അറിപ്പീടക റോഡ് കാഡാ പദ്ധതിയിൽ പെടുത്തിയിരുന്നെങ്കിലും പണി നടന്നില്ല.
4. പഞ്ചായത്ത് ആസ്ഥാനമായ കൂട്ടാലിടയിലെ റോഡിന്നു തീരെ വീതിയില്ല.
5. ബസ്സുകളുടെ 200 ൽ അധികം ട്രിപ്പുകളുള്ള കൂട്ടാലിടയിൽ ബസ് സ്റ്റാൻഡില്ല.
6. തെരുവുവിളക്കുകൾ ഇല്ല. (അങ്ങാടിയിൽ)
7. സ്കൂളുകളുടെ അടുത്ത് സൈൻ ബോർഡുകളും വരമ്പുകളും ഇല്ല.
8. ഗ്രാമീണ റോഡുകൾ മിക്കവയും ഗതാഗതയോഗ്യമല്ല.

നിരദ്ദേശങ്ങൾ

1. വീതി കുറഞ്ഞ പ്രധാന റോഡുകൾ വീതി കൂട്ടേണ്ടതാണ്.
2. കൂട്ടാലിട ടൗണിലെ റോഡ് വീതി കൂട്ടി ടൗൺ മുഴുവനും ടാർ ചെയ്യേണ്ടതാണ്.
3. കൂട്ടാലിടയിൽ ബസ് സ്റ്റാൻഡ് സ്ഥാപിക്കേണ്ടതാണ്.
4. അങ്ങാടിയിൽ തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ടതാണ്.
5. നടുവണ്ണൂർ - കൂട്ടാലിട റോഡ് കൂട്ടാലിടയിലേക്ക് പ്രവേശിക്കുന്ന കിഴക്കമ്പത്ത് മുക്ക് വളവ് ഒഴിവാക്കി റോഡ് നേരെയാക്കേണ്ടതാണ്.
6. കൂട്ടാലിട നടുവണ്ണൂർ റോഡിൽ അക്കരമുണ്ടൃാടിത്താഴ തസ്നിയുടെ കിഴക്ക് ഭാഗത്തുള്ള ഇടയുടെ ഭാഗത്ത് റോഡിന് ഓവുപാലം കെട്ടേണ്ടതാണ്.
7. കൂട്ടാലിട നടുവണ്ണൂർ റോഡിൽ കൊഴക്കോട്ട് താഴ ഓവുപാലം വലുതാക്കി പണിയണം
1. വാകയാട് പറമ്പിൻതോട് റോഡിൽ കുഴിക്കണ്ടത്തിൽത്താഴ, പനമ്പാത്തി GLP സ്കൂൾ ഓവുപാലങ്ങൾ പൊളിച്ച് വീതി കൂട്ടേണ്ടതാണ്. പാറക്കണ്ടി മുക്ക്, നീലഞ്ചേരി മുക്ക് എന്നിവിടങ്ങളിൽ പുതുതായി ഓവുപാലം പണിയണം. പറമ്പിൽ തോട് പാലം അപ്രോച്ച് റോഡ് നിർമ്മിച്ച് ഗതാഗതയോഗ്യമാക്കേണ്ടതാണ്.
2. തൃക്കുറ്റിശ്ശേരി - വാകയാട് റോഡ് - ടാറിങ്ങ് പൂർത്തിയാക്കണം. പൂമഠം, എരോലത്ത് മുക്ക് എന്നിവിടങ്ങളിൽ ഓവുപാലങ്ങൾ നിർമ്മിക്കണം.
3. പാലോളിമുക്ക് - തിരുവോട് - ടാറിങ്ങ് പൂർത്തിയാക്കണം. തിരുവോട് എൽ. പി. നേറ്റ്യത്ത് മുക്ക് എന്നിവിടങ്ങളിൽ ഓവുപാലം പണിയേണ്ടതാണ്.
4 കൂട്ടാലിട - കണ്ണാടിപൊയിൽ റോഡ് - കട്ടുളിത്താഴ ഓവുപാലം പൊളിച്ചുനിർമ്മിക്കണം.
5. തൃക്കുറ്റിശ്ശേരി - വാകയാട് (PP കൂട്ടേക്കിണി റോഡ്) - പുതിയേടത്ത് താഴ ഓവുപാലം പൊളിച്ചു പണിയേണ്ടതാണ്.
6 കൂട്ടാലിട - വലിയ പിടീകറോഡ് - വലിയ പീടികയ്ക്കടുത്തുള്ള ഓവുപാലം പൊളിച്ചു പണിയേണ്ടതാണ്.
7 കൂട്ടാലിടയിൽ നിന്ന് നടുവണ്ണൂർ ഉള്ളേൃരി അത്തോളി വഴിയും, ബാലുശ്ശേരി വഴിയും, കണ്ണാടിപൊയിൽ വഴിയും, നരയംകുളത്തുനിന്ന് കൂട്ടാലിടവഴിയും, പുളിയോട്ടുമുക്കിൽ നിന്ന് കൂട്ടാലിട വഴിയും, കൂട്ടാലിട - തിരുവോട് വഴിയും കോഴിക്കോട്ടേക്ക് KSRTC ബസ്സ് ഓടിക്കണം.

കൂട്ടാലിട പുളിയോടു മുക്ക് വഴി പേരാമ്പ്രയിലേക്ക് KSRTC ബസ് ഓടിക്കണം.

8 ഗ്രാമസഭയിൽ നിന്നുയർന്നുവന്ന പുതിയ റോഡുകൾക്കുള്ള നിർദ്ദേശങ്ങൾ മുൻഗണനാക്രമത്തിൽ പ്രാവർത്തികമാക്കണം.

9 ഗ്രാമസഭാനിർദ്ദേശങ്ങളായി വന്ന ഓവുപാലങ്ങളും നടപ്പാലങ്ങളും നടപ്പാതകളും നിർമ്മിക്കേണ്ടതാണ്.

10 അവിടനല്ലൂർ ഗവ. ഹൈസ്കൂളിലേയ്ക്ക് വാഹനഗതാഗതയോഗ്യമായ റോഡ് നിർമ്മിക്കേണ്ടതാണ്.

11 നിർമ്മാണത്തിന് നിർദ്ദേശിക്കുന്ന റോഡുകളുടെയും, നടപ്പാതകളുടെയും , നടപ്പാലങ്ങളുടെയും പാലങ്ങളുടെയും പട്ടിക അന്യത്ര ചേർത്തിട്ടുണ്ട്.

IV ൽ 7 പട്ടിക 1 ടാർ ചെയ്ത റോഡുകൾ (ആകെ)

വാർഡ് നമ്പർ	കോഡ് നമ്പർ	റോഡിന്റെ പേര്	ഉടമസ്ഥത	നീളം		വീതി	ബസ്
10	1	കൂട്ടാലിട ബസ്സ്റ്റോപ്പ് റോഡ്	പഞ്ചായത്ത്	-	50	6	
2, 1	1	ആവറാട്ട് മുക്ക് - പുളിയോട് മുക്ക്	PWD	1	500	8	
5, 10	2	കൂട്ടാലിട - പരപ്പിൻകാട്ടിൽ (നടുവണ്ണൂർ)	,,	4		8	
5,6	3	പറമ്പിൻ തോട് പതിനൊന്ന് കണ്ടി	പഞ്ചായത്ത്	4		8	
10, 9, 8	4	കൂട്ടാലിട - കണ്ണാടിപൊയിൽ		5		8	
7,10	5	കൂട്ടാലിട - വലിയപീടിക	,,	2		8	
7,3,4	6	പാലോളിമിക്കു് - തിരുവോട്	പഞ്ചായത്ത്	4	08	8	
7, 3, 5		തൃക്കുറ്റിശ്ശേരി - വാകയാട് (കുട്ട്യേക്കിണി മാസ്റ്റർ റോഡ്)	പഞ്ചായത്ത്	1		8	
10, 11	8	കൂട്ടാലിട - കോളിക്കടവ്	PWD	1		8	
10,11	9	കൂട്ടാലിട - നരയംകുളം	പഞ്ചായത്ത്	3	850	8	
10	10	കൂട്ടാലിട PHC	പഞ്ചായത്ത്		400	8	
1		പുളിയോട് മുക്ക് - കനാൽ പാലം (നരയംകുളം)	പഞ്ചായത്ത്		200	8	
5,6		മേയച്ചേരിതാഴ - വാകയാട് (HS)	പഞ്ചായത്ത്		530	8	

PWD ടാർ റോഡുകൾ

വാർഡ് നമ്പർ	റോഡിന്റെ പേര്	നീളം കി.മീ	വീതി മീ
2, 10	കുട്ടാലിട - പരപ്പിൽ കാട്ടിൽ (നടുവണ്ണൂർ)	4 000	8
17, 10	കുട്ടാലിട - വലിയപീടിക (ബാലുശ്ശേരി)	2 000	8
10, 11	കുട്ടാലിട - കോളിക്കടവ്	1 000	8
8, 9, 10	കുട്ടാലിട - കണ്ണാടിപൊയിൽ	5 500	8
2, 1	ആവരാട് മുക്ക് - പുളിയോട്ട് മുക്ക്	2 300	8
		14 800	

വാർഡ് നമ്പർ	റോഡിന്റെ പേര്	നീളം കി.മീ	വീതി മീ
10	കുട്ടാലിട - ജംഗഷൻ ബസ്സ്റ്റോപ്പ് റോഡ്	50	8
5,6	പറമ്പിൽതോട് - പതിനൊന്ന് കണി	4 000	8.
3,4,7	പാലോളിമുക്ക് - തിരുവോട്	4 800	8
3,5,7	തൃക്കുറ്റിശ്ശേരി - വാകയാട് (കുട്ട്യേണി മാസ്റ്റർ റോഡ്)		
	(തൃക്കുറ്റിശ്ശേരി - വടക്കേടത്ത് വരെ)	400	8
10,11	ചെട്ടിക്കുളം താഴം - നരയങ്കുളം	3 850	8
10	കുട്ടാലിട - P.H.C	- 400	4
1	പുളിയോട്ട് മുക്ക് - കനാൽ പാലം (നരയംകുളം)	- 200	8
	മേയച്ചേരിത്താഴം - വാകയാട് H.S.	- 530	8
		14 230	

P.W.D ടാർ റോഡുകൾ

വാർഡ് നമ്പർ	റോഡിന്റെ പേര്	നീളം കി.	മീ	വീതി മീ
02-10	കുട്ടലിട-പരപ്പിൻ കുന്നിൽ(നടുവണ്ണൂർ)	4		8
07-10	കുട്ടാലിട-വലിയപീടിക(ബാലുശ്ശേരി)	2		8
10-11	കുട്ടലിട-കോളിക്കടവ്	1		8
08-09-10	കുട്ടാലിട-കണ്ണാടിപൊയിൽ	5	500	8
02-01	ആവറാട്ട്മുക്ക്- പുളിയോട്ട്മുക്ക്	2	300	8
		14	800	

ടാർ ചെയ്ത പഞ്ചായത്ത് റോഡുകൾ

വാർഡ്	റോഡിന്റെ പേര്	നീളം കി.മീ		വീതി മീ
10	കുട്ടാലിട Jn.-ബസ്റ്റോപ്പ് റോഡ്		50	8
05-06	പറമ്പിൻ തോട്-പതിനൊന്ന് കണ്ടി	4		8
03-04-07	പാലോളിമുക്ക്-തിരുവോട്	4	800	8
03-05-07	തൃക്കുറ്റിശ്ശേരി-വാകയാട്			
	(കുട്ട്യേക്കിണി മാസ്റ്റർ റോഡ്)			
	(തൃക്കുറ്റിശ്ശേരി-വടക്കേടത്ത് വരെ)		400	8
10-11	ചെട്ടികുളം താഴം-നരയംകുളം	3	850	8
10	കുട്ടാലിട-P.H.C		400	4
01	പുളിയോട്ട്മുക്ക്-കനാൽ പാലം			
	(നരയം കുളം)		200	8
05	മേയച്ചേരിതാഴം-വാകയാട് H. S		530	8
		14	230	

പട്ടിക IV (7) - 5

പഞ്ചായത്ത് വക മൺറോഡുകൾ

വാർഡ്	റോഡിന്റെപേര്	നീളം		വീതി
		കി.മീ	മീ	മീ
01	കിഴക്കൻ മുലാട്- ചെങ്ങോട്-നരയംകുളം	1	500	4
02	കോട്ടൂർ-പുതിയപുറം	3	200	8
03	കോട്ടൂർ-അയ്യപ്പൻ മാക്കുൽ-ആശാരിമുക്ക്	1	500	6
03	പടിയകണ്ടി-തിരുവോട് സ്കൂൾ	2	600	6
06	വാകയാട്-താഴത്തെക്കടവ്	2	500	6
06	വാകയാട്-കോവിലകം താഴം	1	07	4
07	കടുളിതാഴം-പാവുകണ്ടി	2		6
07	കരുവള്ളികുന്ന്-അറപ്പീടിക	2		6
08	കണ്ണാടിപൊയിൽ-കുന്നികുട്ടം	3		8
07,08	കുന്നുമ്മപോയിൽ-തൃക്കുറ്റിശ്ശേരി	3	02	6
05	താഴത്ത്കടവ്-വാകയാട് HS	1	300	6
06	വെറ്റിലകണ്ടി-കല്ലുവെട്ടുകുന്ന് ഹരിജൻ കോളനി	1		6
10	അക്കരമുണ്ടൃാടി താഴം-വാകയാട് HS	4	08	8
10	കോളികടവ്-പാത്തിപ്പാറ-കുന്നികുട്ടം	2	05	8
10	ഓച്ചുമ്മൻ-പാത്തിപ്പാറ	1	06	6
10	കുട്ടാലിട-ഒറവള്ളൂർ	1		5
07	തച്ചറുകണ്ടി-കുറ്റിയുള്ളതിൽ ഹരിജൻകോളനി	1	05	6
09	പുനത്ത് UP തുരുത്തമല ഹരിജൻകോളനി	2	06	6
10	പച്ചുർമുക്ക്-താനിക്കൽ താഴം	1	02	4

പട്ടിക IV (7) - 4

പഞ്ചായത്ത് വക മെറ്റൽ ചെയ്ത റോഡുകൾ

വാർഡ്	റോഡിന്റെ പേര്	നീളം	വീതി
10	കൂട്ടാലിട-ബൈപാസ്	200	6
07	വടക്കേടത്ത് താഴമുക്കിൽ-കൊല്ലർകണ്ടി മുക്ക്	300	8
07	തൃക്കുറ്റിശ്ശേരി-ചീനിയുള്ളതിൽ താഴം	700	8
07	പാവുകണ്ടി-A.B കോളനി	800	6
10	കോളിക്കടവ്-പാത്തിപ്പാറ	800	8
11	കണ്ണാടിപ്പൊയിൽ-പീണ്ടംനീക്കി	900	6

പട്ടിക IV (7) - 11 നിർമ്മാണത്തിനു നിർദ്ദേശിക്കുന്ന നടപ്പാലങ്ങൾ

വാർഡ്	പേര്
4	ബ്രാലിൽ പടിക്കൽ താഴെ
4	AMLP സ്കൂളിന് അടുത്ത് കനാലിന് കുറുകെ
7	കരുവത്തിൽ താഴം
8	നീറോത്ത് ക്ഷേത്രത്തിനടുത്ത് ഇല്ലപ്പറമ്പു ഭാഗം
8	ജി.എൽ.പി. സ്കൂളിനു പിറകിൽ അങ്കവയൽ ഭാഗത്ത്
1	മുലാട് കനൽപാലം വീതി കൂട്ടണം
1	ചെമ്പോത്തുംകണ്ടി ലക്ഷംവീട് റോഡിന് - മാവുള്ളതിൽ ഭാഗം
2	ചിറയിൽ താഴെ - പുളിയന്ന് കണ്ടി ഭാഗം
പാലങ്ങൾ	
5, 6	കോവിലകംതാഴെ മഞ്ഞപ്പുഴയ്ക്കു പാലം

പട്ടിക IV (7) - 6

നിലവിലുള്ള മറ്റു റോഡുകൾ

വാർഡ്	റോഡിന്റെ പേര്
1	തട്ടാൻകണ്ടി - കുരുവങ്ങൽ മുക്ക്
1	കോരട്ടിച്ചാൽ - മുതുമനമുക്ക്
1	ചെമ്പോത്തുംകണ്ടി - ലക്ഷംവീടു കോളനി
1	മുലാട് - കോട്ടൂർ പോസറ്റാഫീസ്
1	മുലാട് - പുതിയപടപുറത്ത് മീത്തൽ
1	അകമ്പടിക്ക് ഹരിജൻ കോളനി
1	നങ്ങാറത്ത് മുക്ക് - പാറക്കുന്നത്ത്
2	പൊറായിൽ മുക്ക് - ചീനിക്കണ്ടി മുക്ക് - കൊളോത്ത് താഴെ
2	പെരവച്ചേരി - കുരുവങ്ങൽ മുക്ക് - തട്ടാൻകണ്ടി
2	പുതുമനമുക്ക് - നട്ടുക്കൊയ്ലോത്ത് പരുത്തിക്കണ്ടി
2	കുന്നരംവള്ളി - പള്ളിമുക്ക് - ലക്ഷംവീട്
2	പടിയക്കണ്ടി തിരുവോട്
2	കോട്ടൂർ നഴ്സറി റോഡ്
2	ഖാദി ബോർഡ് റോഡ്
2	കൊരോങ്ങൾ റോഡ്
2	കോട്ടൂർ പോസ്റ്റ് ഓഫീസ് - എടോത്ത് താഴ
3	ചന്തുന്ന് കണ്ടി - വാകയാട് H.S.
3	തിരുവോട് എ.എൽ.പി - വാകയാട് AVP
4	വെളിയോട്ട് മുക്ക് - അക്കരമുണ്ട്യാടിതാഴഎ
4	നേറ്റ്യാത്ത് മുക്ക് - കോളിയോട്ടുതാഴ
5	വിദ്യാർത്ഥി റോഡ് - വാകയാട്
7	തൃക്കുറ്റിശ്ശേരി - വാഴോറമല
7	വയൽപീടിക - വാകയാട് ഇടിഞ്ഞ കടവ്
8	തൃക്കുറ്റിശ്ശേരി - കുതിരപ്പന്തി AB കോളനി
9	അവിടനല്ലൂർ - അറപ്പീടിക
9	പൊട്ടങ്ങൽ മുക്ക് - ഹെൽത്ത് സെൻറർ
10	ഉരുളുമ്മൽ - പാലോളി
10	കാരിപാറ - ഹരിജൻ കോളനി
10	പുതിയോട്ടുമുക്ക് - കാരിപാറ
10	പുതിയോട്ടുമുക്ക് NN കക്കാട്
10	കല്ലുള്ളതിൽ-കോട്ടക്കുന്ന്
11	തണ്ടപ്പുറം - അരയൻമാട്റേഷൻ പീടിക
11	കാപ്പുമല - കാളിയത്ത്
11	ചെങ്ങോട്ടുമല - പറക്കാട്
11	കിഴക്കൻ ചെങ്ങോട് - കുട്ടാലിട
11	കൊല്ലനാരി - തണ്ടപ്പുറം
11	ചെറുക്കാട് - നരയംകുളം
10	കുട്ടാലിട - പുതയിൽ താഴ
11	നരയംകുളം - ചാലിൽ മുക്ക്

പട്ടിക IV (7) - 8

നിർമാണത്തിന് നിർദ്ദേശിക്കുന്ന റോഡുകൾ

വാർഡ്	റോഡിന്റെ പേര്
1	പറക്കുന്നത്ത് ഹരിജൻ കോളനി - പര്യാട്ടുതാഴ
1	നങ്ങാറത്ത് മുക്ക് - ലക്ഷംവീട്
1	നങ്ങാറത്ത് മുക്ക് - ചക്കത്തൂർ താഴ
2	പടിയക്കണ്ടി - അകമ്പഡക്റ്റ്
2	കോട്ടൂർ AUP സ്കൂൾ - പാറോൽതാഴ
2	ചങ്ങരോത്ത് താഴ - പുതുക്കോട്ട് താഴ
4	വാകയാട് - മിനിസ്റ്റേഡിയം - ലക്ഷംവീട് വഴി പാലോളി
5	പാലോളിപ്പള്ളി - മിനിസ്റ്റേഡിയം - മുല്ലോത്തു താഴ
5	ഉണ്ണ്യാടിമുക്ക് - കട്ടയാട്ടു കൊയിലോത്തു ശ്മശാനം വഴി മുതുവനത്താഴ
5	കലിനാരിക്കണ്ടി മുക്ക് - ചാലിൽ പാറ വഴി - നീലഞ്ചേരി വീട്ടിൽ താഴ
5	എടത്തിൽ താഴ - വിദ്യാർത്ഥി റോഡ്
6	പതിനൊന്ന് കണ്ടി - മണ്ണാറത്തുതാഴ (കല്പള്ളിത്താഴ വഴി)
7	P.H.C റോഡ് കിഴക്കയിൽ കോളനി വഴി ആമയാട്ടുവയൽ
7	കുറ്റിയുള്ളതിൽ കോളനി - തെക്കെവീട്ടിൽ പൊയിൽ
7	പാലോളിമുക്ക് - കള്ളാടിക്കുന്നുവഴി - മുല്ലപ്പള്ളിതാഴ
9	അറപ്പീടിക -പൊയിലങ്ങൽതാഴ - എളാപ്പോയിൽ
9	പുനത്ത് AUP സ്കൂൾ - പൊയിലങ്ങൽതാഴ
9	ചുള്ളിയൻകണ്ടി - കോളനി
9	പൊട്ടങ്ങൽ മുക്ക് ആറാംകോട്ട - തുരുത്തുമല
10	പുനത്തുരുത്ത് - കാറിപാറ ഹരിജൻ കോളനി
10	പുതിയോട്ടുമുക്ക് - തുരുത്തിമല കല്ലുള്ളതിൽതാഴ
10	പാത്തിപ്പാറ - കുന്നിക്കുട്ടം
10	അവിടനല്ലൂർ ഗവ. ഹൈസ്കൂൾ
10	പ്രതിഭ കോളേജ് - ചേങ്ങോട്
10	പട്ടാണിക്കുന്ന് - കോട്ടക്കുന്ന് ഹരിജൻ കോളനി
10	പാത്തിപ്പാറ - തുരുത്തമല
10	കല്ലുള്ളതിൽ - കുന്നിക്കുട്ടം - കോട്ടക്കുന്ന് വഴി
10	കുട്ടാലിട താഴെകളത്തേരി വഴി പാലോളി
11	തണ്ടപ്പുറം മാടമ്പളളിതാഴം - നരയംകുളം
11	അരട്ടൻകണ്ടി - അരയാൻ മാട് ലിങ്ക് റോഡ്
11	കോളിക്കടവ് - പുതിയോട്ട്കുഴി
11	മുക്കുന്ന് കോളനി - ഗാന്ധിറോഡ്

പട്ടിക IV (7) - 7

പഞ്ചായത്തിൽ ടാർ ചെയ്യേണ്ട റോഡുകൾ

വാർഡ്	റോഡിന്റെ പേര്	മീറ്റർ	റിമാർക്സ്
1	മൂലാട് - കുന്നരംവള്ളി	1.500	
2	കോട്ടൂര് - പുതിയപ്പുറത്തുമീത്തൽ	3.200	
3, 4	തൃക്കുറ്റിശ്ശേരി - വാകയാട് H.S ടാറിംഗ് പൂർത്തീകരിക്കണം.	0.100	100 മീറ്റർ മാത്രം ബാക്കി
2,3	കോട്ടൂർ - അയ്യപ്പൻ മാക്കുൽ ആശാരിമുക്ക്	1.500	
2, 3	പടിയക്കണ്ടി - മേപ്പുക്കുടി മുക്ക്	2.600	ടാർ ചെയ്ത റോഡുകളെ ബന്ധിപ്പിക്കുക
4, 10	അക്കരമുണ്ട്യാടി - പാലോളി	1.000	
3, 10	അക്കരമുണ്ട്യാടി - വാകയാട് H.S	4.800	പഞ്ചായത്തിലെ ഏറ്റവും പഴയ റോഡ്
5, 7	കുട്ട്യേക്കിണി മാസ്റ്റർ റോഡ് വടക്കേടത്തു		
	മുതൽ ടാർ ചെയ്യണം	3.00	
6	വാകയാട് - തെരുവത്ത് കടവ് ആശുപത്രി	3.00	
7	തൃക്കുറ്റിശ്ശേരി - വാഴോറമല	1.500	
7	കടുളിത്താഴെ - പാവുക്കണ്ടി	2.00	
6	വാകയാട് - കോവിലകംതാഴ	1.000	
7, 9	കരുവള്ളിക്കുന്നു - അറപീടിക	2.00	
7	തൃക്കുറ്റിശ്ശേരി - പാവുക്കണ്ടി	1.400	
8	കണ്ണാടിപ്പൊയിൽ - കുന്നിക്കുട്ടം	3.00	
7, 8	തൃക്കുറ്റിശ്ശേരി - കുന്നുമ്മൽ പൊയിൽ	3.200	
7	തൃക്കുറ്റിശ്ശേരി - കോളനി - കുതിരപ്പന്തി	2.00	
9	പുനത്ത് യു.പി. തുരുത്തമല കോളനി	3.200	
10	ഓച്ചുമ്മൽ - പാത്തിപ്പാറ	1.600	

10	കൂട്ടാലിട ബൈപാസ്	0.200
10	കോളിക്കടവ്, പാത്തിപടപാറ-കന്നിക്കുട്ടം	2.500
10	കൂട്ടാലിട P.H.C ഒറവള്ളൂർ	1.00
11	നരയാകുളം-ചാലിൽമുക്ക്	0.300
11	കോളിക്കടവ് - പുതീയോട്ടുംകുഴി	0.200
11	കാപ്പുമല - കാളിയത്ത്	0.200

വീതി കൂട്ടി ടാർ ചെയ്യേണ്ടവ

5	ഊരാഞ്ചൻ പഴവീട്ടിൽ റോഡ്
5, 7	വിദ്യാർത്ഥി റോഡ് - വാകയാട്
3	എടവത്ത് കണ്ടി വീരാംവീട്ടിൽ മുക്ക്

നിർമ്മാണത്തിന് നിർദ്ദേശിക്കുന്ന നടപ്പാതകൾ

വാർഡ്	പേര്
1	മുലാട് കനാൽ - ചെങ്ങോട് മല - പുളിയോട്ട് മുക്ക്
1	ചെങ്ങോട് മല - ആലിൻ ചുവട്
1	ചെമ്പോത്തുംകണ്ടി - കൊമ്പത്തടത്തിൽ
3	ചത്തുന്നുംകണ്ടി മുക്ക് അമ്മച്ചാലിൽ ഇട ഹൈസ്കൂൾ
3	തിരുവോട് സ്കൂൾ - മൈപ്പിലാംകണ്ടി
3	പാറക്കാമ്പത്ത് താഴം തിരുവോട് എൽ. പി. സകൂൾ
4	വെള്ളിയോട്ട് ലക്ഷംവീട്
4	ബ്രാലിയിൽ താഴ കുടപ്പുറത്ത്
5	കൊല്ലന്നാരി താഴം - കുന്നോത്ത് താഴം
5	ഊരാംചാൽ - പഴവീട്ടിൽ മുക്ക്
8	കുന്നുമ്മൽ പൊയിൽ - അപ്പാഞ്ചേരി
8	നീറോത്ത് സ്കൂൾ അങ്കവയൽ
9	കുടത്തുംകണ്ടി താഴം - കൈതക്കൽ പൊയിൽ
9	കരിമ്പൻകണ്ടി താഴം - കുന്നുമ്മൽ താഴം
9	നൂറാംകോട്ടത്താഴം - തുരുത്തമല
9	ഇരുളാട്ടുതാഴം - പൂനത്തുതാഴം
10	അക്കരമുണ്ട്യാടി താഴം - തലപ്പൊയിൽ
11	കാളിയത്തുതാഴം - തേവുംകുന്ന്

IV (8) ഊർജ്ജം

പഞ്ചായത്തിലെ ഊർജ്ജ ഉപഭോഗത്തെക്കുറിച്ചും ഇന്ധനങ്ങളുടെയും മറ്റു ഊർജ്ജസ്രോതസ്സുകളുടെയും ലഭ്യതയെക്കുറിച്ചും പരിമിതമായ സ്ഥിതിവിവരക്കണക്കുകളെ ലഭ്യമായിട്ടുള്ളു. വൈദ്യുതി, എണ്ണ, പ്രകൃതിവാതകം എന്നീ വാണിജ്യ ഇന്ധനങ്ങളെ അപേക്ഷിച്ച് വിറക്, തെങ്ങുല്പന്നങ്ങൾ, ചപ്പുചവറുകൾ എന്നിവയാണ് വ്യാപകമായി ഉപയോഗിക്കുന്ന ഊർജ്ജസ്രോതസ്സുകൾ, ഇവയെ ജൈവദ്രവ്യങ്ങൾ എന്നാണ് പൊതുവിൽ വിളിക്കുന്നത്. ഗാർഹികം, കാർഷികം, വാണിജ്യം, വ്യവസായം എന്നിങ്ങനെ നാല് മേഖലകളിലായി ഇന്ധന ഉപയോഗത്തെ തരംതിരിക്കാം.

പഞ്ചായത്തിലെ ഊർജ്ജ ലഭ്യതയോടെ മുഖ്യഭാഗവും, പാചകരംഗത്താണ് ചിലവഴിക്കപ്പെടുന്നത്. പാചക ആവശ്യത്തിന് ഭൂരിപക്ഷം വീടുകളിലും വിറക്, തെങ്ങുൽപ്പന്നങ്ങൾ, ചപ്പുചവറുകൾ, കാർഷികാവശിഷ്ടങ്ങൾ എന്നീ ജൈവദ്രവ്യങ്ങളാണം ഉപയോഗിക്കുന്നത്. ഇവയ്ക്ക് പഞ്ചായത്തിൽ പ്രത്യേക വിപണികൾ ഇല്ലാത്തതുകൊണ്ടു തന്നെ ഉപഭോഗത്തിന്റെ കാര്യത്തിലുള്ള കണക്കുകൾ ലഭ്യമല്ല. ഇതിനു പുറമെ ഏതാണ്ട് നൂറോളം വീടുകളിൽ പാചകഗ്യാസും അത്രതന്നെ വീടുകളിൽ മണ്ണെണ്ണ അടുപ്പുകളും ഭാഗികമായി ഉപയോഗിക്കുന്നു. ദക്ഷത കൂടിയ അടുപ്പുകളുടെ ഉപയോഗം വേണ്ടത്ര വ്യാപിച്ചിട്ടില്ല.

1970-ൽ നടുവണ്ണൂർ ഹൈസ്കൂൾ ആണ് (വാകയാട്) ആദ്യമായി വൈദ്യുതീകരിക്കപ്പെട്ടത്. (നടുവണ്ണൂർ ട്രാൻസ്ഫോർമർ) എന്നാൽ 1972-ലാണ് പുതിയ ട്രാൻസ്ഫോർമർ സ്ഥാപിച്ച് കോട്ടൂർ പഞ്ചായത്തിൽ ആദ്യമായി വൈദ്യുതി എത്തുന്നത്. അക്കാലത്ത് പുതുശ്ശേരി താഴ ഭാഗത്തു നിന്ന് ലൈൻ വലിച്ച് നങ്ങാറത്തുതാഴെ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുകയും സമീപത്തുള്ള ഏതാനും വീടുകളിൽ കണക്ഷൻ നൽകുകയും ചെയ്തു. പേരാമ്പ്ര, ബാലുശ്ശേരി എന്നീ സെക്ഷനുകളുടെ പരിധിയിലാണ് കോട്ടൂർ പഞ്ചായത്ത് ഉൾപ്പെടുന്നത്. മലബാറിലെ ഇതര പ്രദേശങ്ങളിലെന്നപോലെ ഇടുക്കിയിൽ ഉല്പാദിപ്പിക്കുന്ന വൈദ്യുതിയാണ് മുഖ്യമായും ഇവിടെയും ലഭിക്കുന്നത്. പഞ്ചായത്തിലെ വൈദ്യുതിവിതരണം പ്രധാനമായും നടക്കുന്നത് കന്നൂരിലുള്ള 110 KVസബ്സ്റ്റേഷൻ വഴിയാണ്. ചില സമയങ്ങളിൽ വടകര 110 KVസബ് സ്റ്റേഷൻ വഴിയും ഇവിടെ വൈദ്യുതി എത്താറുണ്ട്.

പഞ്ചായത്തിലെ ട്രാൻസ്ഫോർമറുകളുടെ ശേഷിയും ഉപഭോക്താക്കളുടെ എണ്ണവും ബന്ധപ്പെടുത്തി നോക്കുമ്പോൾ എല്ലാ ട്രാൻസ്ഫോർമറുകളും അധികഭാരം വഹിക്കുന്നവയാണെന്ന് മനസ്സിലാക്കാൻ കഴിയും. ഉപഭോക്താക്കളുടെ എണ്ണത്തിലും കണക്ടഡ് ലോഡിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന വർദ്ധനരുക്ഷമായ വോൾട്ടേജ് ക്ഷാമത്തിന് ഇടയാക്കുന്നു. അശാസ്ത്രീയമായി ലൈൻ വലിക്കുന്നതും ഇതിന്ന് മറ്റൊരു കാരണമാണ്.

പഞ്ചായത്തിൽ നിലവിലുള്ള ട്രാൻസ്ഫോർമറുകളും അവ സ്ഥിതിചെയ്യുന്ന സ്ഥലവും കപ്പാസിറ്റിയും പട്ടികപ്പെടുത്തുന്നു.

ക്രമ നമ്പർ	വാർഡ്	സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ പേര്	കപ്പാസിറ്റി
1	2	നങ്ങാറത്തുതാഴ	63 KVA
2	10	കൂട്ടാലിട I	100 KVA
3	10	കൂട്ടാലിട II	100 KVA
4	10	കൂട്ടാലിട III	100 KVA
5	7	തൃക്കുറ്റിശ്ശേരി	100 KVA
6	7	വാകയാട് (ഇടിഞ്ഞകടവ്)	100 KVA

◆ കോട്ടൂർ അമ്പലത്താഴെ 6 മാസം മുമ്പ് സ്ഥാപിച്ച 100 KVA ട്രാൻസ്ഫോർമർ ഇനിയും ചാർജ് ചെയ്തിട്ടില്ല.

◆ ഏതാണ്ട് ഒരു വർഷം മുമ്പ് വാകയാട് ഹൈസ്കൂൾ മുക്കിൽ അനുവദിച്ച ട്രാൻസ്ഫോർമർ ഇതുവരെയും സ്ഥാപിച്ചിട്ടില്ല.

◆ 5-ാം വാർഡിൽ എളങ്ങോട്ടുമുക്കിൽ എം.ജി. സ്കീമിൽ ലൈൻ വലിച്ച് ട്രാൻസ്ഫോർമർ സ്ഥാപിച്ചെങ്കിലും ചാർജ് ചെയ്തിട്ടില്ല.

1996-ൽ പഞ്ചായത്തിൽ ആകെയുള്ള 5848 വീടുകളിൽ 1150-ളം വീടുകൾ മാത്രമെ വൈദ്യുതീകരിക്കപ്പെട്ടിട്ടുള്ളു. ജനറൽ വിഭാഗത്തിൽ 159 ളം അപേക്ഷകൾക്കാണ് ഇനിയും കണക്ഷൻ ലഭിക്കുവാനുള്ളത്. ഈ വിഭാഗത്തിൽ അവസാനം നൽകിയ

കണക്ഷന്റെ അപേക്ഷാതീയതി (പേരാമ്പ്ര സെക്ഷൻ) 12-4-91 ആണ്. OYEC വിഭാഗത്തിൽ 27 കണക്ഷനുകളും OTP വിഭാഗത്തിൽ 7 കണക്ഷനുകളും ഇനിയും ലഭിക്കാനുണ്ട് (M.G. വിഭാഗത്തിൽ പരിഗണനയിലിരിക്കുന്ന അപേക്ഷകൾ ഇതിലുൾപ്പെടുന്നില്ല) പഞ്ചായത്തിലെ ഹരിജൻ കോളനികൾ, നാലുസെന്റു കോളനികൾ, ലക്ഷം വീടുകോളനികൾ എന്നിവയിൽ മൂലാട് ലക്ഷംവീട് കോളനി ഒഴികെ മറ്റൊന്നും വാദ്യുതീകരിക്കപ്പെട്ടിട്ടില്ല. വൈദ്യുതി തീരെ കടന്നുചെല്ലാത്ത 4-ാം വാർഡും കേവലം 6 വീടുകൾ മാത്രം വൈദ്യുതീകരിച്ച 11-ാം വാർഡും ഈ രംഗത്തെ ശോചനീയാവസ്ഥയ്ക്ക് മകുടോദാഹരണങ്ങളാണ്. പഞ്ചായത്തിലെ പ്രധാന റോഡുകളിൽ ഏതാനും തെരുവുവിളക്കുകൾ (40 W X 33, 60W X 8) സ്ഥാപിക്കപ്പെട്ടിട്ടുണ്ടെങ്കിലും പലയിടങ്ങളിലും ബൾബുകൾ പോലുമില്ലാത്ത അവസ്ഥയാണ് ഇന്നുള്ളത്. പഞ്ചായത്ത് ഓഫീസിലെ വൈദ്യുതിബില്ലും തെരുവുവിളക്കുകളുടെ ബില്ലും ചേർത്ത് ഇലക്ട്രിസിറ്റി ചാർജ് ഇനത്തിൽ പ്രതിവർഷം 4620 രൂപ അടയ്ക്കുന്നുണ്ട് പഞ്ചായത്തിലെ 4 വീടുകളിൽ മാത്രമാണ് ഗോബർ ഗ്യാസ് ഉപയോഗിച്ച് വിളക്കു കത്തിക്കുന്നത്. വിവിധ വാർഡുകളിലായി 100 ഓളം സൗരോർജ്ജവിളക്കുകളും ഉപയോഗിക്കുന്നുണ്ട്.

മിനിമം ഗാരണ്ടി വെച്ച പ്രദേശങ്ങൾ		
വാർഡ്	ക്രമനമ്പർ	പ്രദേശം
I	1	മൂലാട് കനാൽപാലം മുതൽ ഹരിജൻ കോളനി - മങ്ങരതാഴവരെ
	2	ആവറാട്ട് മുക്ക് - കിഴക്കൻ മൂലാട് വരെ
II	1	വല്ലോറമല - കൊരോങ്ങിൽകുന്നുഭാഗം
III	1	തിരുവോട് - വല്ലോറമലഭാഗം
IV	1	തൃക്കുറ്റിശ്ശേരി - പാലൊളിവരെ
V	1	തൃക്കുറ്റിശ്ശേരി - വാകയാട്
VIII	1	നെല്ല്യേരിഭാഗം
	2	കുന്നിക്കുട്ടം - പിണ്ഡംനീക്കി ഭാഗം
X	1	കോളിക്കടവ് - പാത്തിപ്പാറ ഭാഗം
	2	ഹെൽത്ത് സെൻറർ - കോട്ടക്കുന്നു ഭാഗം
XI	1	നരയംകുളം - ചെടിക്കുളം ഭാഗം

കാർഷികമേഖലയിൽ വൈദ്യുതിയുടെ ഉപയോഗം വളരെ പരിമിതമാണ്. വോൾട്ടേജ് ക്ഷാമവും വൈദ്യുതിയുടെ ദൗർലഭ്യവുമാണ് ഇതിനു മുഖ്യകാരണം. വാണിജ്യമേഖലയിൽ പ്രധാന റോഡുകളുടെ വശങ്ങളിലുള്ള കച്ചവടസ്ഥാപനങ്ങൾപോലും പൂർണമായി വൈദ്യുതീകരിക്കപ്പെട്ടിട്ടില്ല. വളരെ കുറച്ച് ചെറുവ്യവസായങ്ങൾ മാത്രമുള്ള ഇവിടെ നിലവിലുള്ള മുഴുവൻ വ്യവസായങ്ങൾക്കും വൈദ്യുതി ലഭ്യമായിട്ടില്ല. പല വാർഡുകളിലും പുതിയ വ്യവസായ സംരംഭങ്ങൾക്ക് വിഘാതമായി നില്ക്കുന്ന പ്രധാന ഘടകവും വൈദ്യുതിയുടെ അഭാവംതന്നെ.

പുതുതായി ലൈൻവലിച്ച് വൈദ്യുതി എത്തിക്കേണ്ട സ്ഥലങ്ങൾ	
വാർഡ്	പ്രദേശം
I	കണ്ടോളിച്ചാലിൽ - വില്ല്യുന്നിക്കൽ പ്രദേശങ്ങൾ
II	കുന്നരംവള്ളി, കൊരോങ്ങിൽക്കുന്ന് പ്രദേശങ്ങൾ
III	വാർഡിന്റെ വടക്കുഭാഗത്തുള്ള പ്രദേശങ്ങൾ അമ്മിച്ചാൽ മുതൽ പൊറോലരിവരെയും മീത്തലെ മയിപ്പിൽ ഭാഗവും
V	കട്ടയാട്ടു കൊയിലോത്ത്, കോറോത്തുമല, കിഴക്കെവീട്ടിൽ പ്രദേശങ്ങൾ
VI	വാകയാട് കോട്ട മുതൽ വള്ള്യാട്ട് താഴ വരെയുള്ള പ്രദേശങ്ങളും കല്ലൂട്ടുകുന്ന്, താഴത്തുകടവ്, വല്ലോറമല പ്രദേശങ്ങളും

VII	പാവുക്കണ്ടി, അറപ്പീടിക, ആമയാട്ടുവയൽ, പുളിയേരി പൊയിൽ, വാകയാട് ലക്ഷംവീട് മേഖല തുടങ്ങിയവ
IX	തുരുത്തുമല കോളനിമുതൽ പൂനത്ത് യു.പി. സ്കൂൾ വരെയുള്ള ഭാഗം, അറപ്പീടിക, പൊയിലിങ്ങൽ ഭാഗം, തുരുത്തമലയുടെ വടക്കുകിഴക്കുഭാഗം, പുതിയോട്ടു മുക്കു മുതൽ മൊയിലുത്പറമ്പുവരെയുള്ള ഭാഗം, കരിമ്പൻകണ്ടി താഴ മുതൽ കൈതയ്ക്കൽ പൊയിൽ വരെയുള്ള ഭാഗം
X	കാരടിപ്പറമ്പു ഭാഗം, പുതിയോട്ടുമുക്ക് ഭാഗം, ചുള്ളിയ്ക്കാംകുഴി ഭാഗം, പൂതയിൽ ഭാഗം, തലപ്പൊയിൽ, കൊടിത്തടത്തിൽ പ്രദേശങ്ങൾ

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും വൈദ്യുതി എത്തിയിട്ടില്ല. ഉള്ള വാർഡുകളിൽ ഭൂരിഭാഗം പ്രദേശവും വൈദ്യുതികരിക്കപ്പെട്ടിട്ടില്ല.
2. പഞ്ചായത്തിലെ ഹരിജൻ കോളനികൾ നാലു സെൻറ് കോളനികൾ ലക്ഷംവീട് കോളനികൾ എന്നിവയിൽ മൂലാട് ലക്ഷംവീട് കോളനി ഒഴികെ മറ്റൊന്നും വൈദ്യുതീകരിച്ചിട്ടില്ല.
3. പ്രേഷണ വിതരണ രംഗങ്ങളിലെ ശ്രദ്ധക്കുറവ് - വൈദ്യുതീ ലൈനിൽ തട്ടിനിൽക്കുന്ന വൃക്ഷങ്ങൾ മുറിച്ചുമാറ്റാത്തതുമൂലം വൈദ്യുതി വിതരണം ഇടയ്ക്കിടെ തടസ്സപ്പെടുകയും വൻതോതിൽ വൈദ്യുതി ചോർച്ച സംഭവിക്കുകയും ചെയ്യുന്നു.
4. തേക്ക് തടികൊണ്ടുള്ള പഴയ പോസ്റ്റുകൾ പലയിടങ്ങളിലും അഴുകി ദ്രവിച്ച് നിലംപൊത്താറായ നിലയിലാണ്. കൂടാതെ പോസ്റ്റുകൾ ചരിഞ്ഞു നിൽക്കുന്നതുമൂലം ലൈനുകൾ പരസ്പരം തൊട്ട് വിതരണം തടസ്സപ്പെടുന്നു.
5. പരിമിതമായ മാത്രം സ്ഥാപിച്ച സ്ട്രീറ്റ് ലൈറ്റുകൾ പലതും കത്തുന്നില്ല.
6. മിനിമം ഗ്യാരണ്ടിയിൽ വർക്ക് ഓർഡറായ പ്രവൃത്തികൾക്ക് കാലതാമസം നേരിടുന്നു.
7. അറ്റകുറ്റപണികൾക്ക് അക്ഷന്തവ്യമായ കാലതാമസം നേരിടുന്നു.
8. വോൾട്ടേജ് ഡ്രോപ്പും, വൻതോതിലുള്ള ഏറ്റക്കുറച്ചിലും.

സാദ്ധ്യതകൾ

1. പഞ്ചായത്തിന്റെ മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിക്കാൻ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും പുതിയ ലൈനുകൾ വലിക്കുകയും ചെയ്യാവുന്നതാണ്. കൂടുതൽ 3 ഫേസ് ലൈനുകൾ സ്ഥാപിക്കുക.
2. വൈദ്യുതിയുടെ വീടുകളിലെ ദുരുപയോഗം, അപകടസാദ്ധ്യതകൾ എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണം
3. മെച്ചപ്പെട്ട ദക്ഷതയേറിയ അടുപ്പുകൾ, ബയോഗ്യാസ് അടുപ്പുകളും, വിളക്കുകളും, ഘർഷണരഹിത ഫ്യൂട്ട് വാൾവുകൾ, സോളാർ വിളക്കുകൾ, കോംപാക്ട് ഫ്ലൂറസെൻറ് ലാംബുകൾ, ട്യൂബ്ലൈറ്റിന്റെ ഇലക്ട്രോണിക് ചോക്കുകൾ എന്നിവ അനർട്ടിന്റെയും സന്നദ്ധസംഘടനകളുടെയും സഹായത്തോടുകൂടി വ്യാപിപ്പിക്കാവുന്നതാണ്.
4. വിറക് ഉല്പാദനം വർദ്ധിപ്പിക്കാൻ സാമൂഹ്യവനവൽക്കരണം ഏർപ്പെടുത്താവുന്നതാണ്.
5. വൈദ്യുതി ഓഫീസും ഫീൽഡുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും സുതാര്യമാക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം.
6. സാമ്പത്തിക ശേഷിയുള്ള ആളുകൾ സ്റ്റെപ്പുകൾ ഉപയോഗിക്കുന്നത് മറ്റു വീടുകളിൽ വോൾട്ടേജ് ക്ഷാമത്തിന് ഇടയാക്കുന്നു. പ്രേഷണവിതരണ രംഗത്തുള്ള തകരാറുകളും ഇതുപോലെ തന്നെ വൈദ്യുതി നഷ്ടത്തിനും വോൾട്ടേജ് ക്ഷാമത്തിനും ഇടയാക്കുന്നു. ഇതു പരിഹരിക്കാൻ പ്രാദേശികമായ സംവിധാനം ഏർപ്പെടുത്താവുന്നതാണ്.
7. പുരയിടങ്ങളിലൂടെ പോകുന്ന വൈദ്യുതലൈനുകളിൽ വൃക്ഷശിഖരങ്ങൾ തട്ടി വൈദ്യുതി നഷ്ടത്തിനിടയാക്കുന്നു. സമീപത്തുകൂടി പിന്നീട് റോഡുകൾ വരുന്ന പക്ഷം ഇത്തരം ലൈനുകൾ റോഡിന്റെ വശങ്ങളിലേക്ക് മാറ്റാവുന്നതാണ്.

നിർദ്ദേശങ്ങൾ

1. മിനിമം ഗ്യാരണ്ടിവെച്ച് വർക്ക് ഓർഡറായ പ്രവൃത്തികൾ ഉടൻ നടത്തണം.
2. വൈദ്യുതി കടന്നുചെന്നിട്ടില്ലാത്ത 4, 11 വാർഡുകളിൽ വൈദ്യുതി എത്തിക്കാനുള്ള സംവിധാനം ഉടൻ ഏർപ്പെടുത്തണം.
3. തിരുവോട്, കരുവള്ളിക്കുന്നു എന്നിവിടങ്ങളിലും ആവശ്യമായ മറ്റു സ്ഥലങ്ങളിലും ട്രാൻസ്ഫോർമർ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം.
4. ബാലുശ്ശേരി - വാകയാട് ലൈൻ വാകയാട് യു.പി.

സ്കൂൾ വരെ നീട്ടണം.

5. രണ്ടാം വാർഡിൽ അമ്പലത്താഴയും അഞ്ചാം വാർഡിൽ എളങ്ങോട്ടുമുക്കിൽ സ്ഥാപിച്ച ട്രാൻസ്ഫോർമറും ഉടൻ ചാർജ് ചെയ്യണം.
6. P.W.D. റോഡുകളിലും മറ്റു പ്രധാന റോഡുകളിലും സ്ട്രീറ്റുലൈറ്റുകൾ സ്ഥാപിക്കണം. കൂട്ടാലിട ടൗണിൽ ഫ്ലൂറസെൻറ് ലാമ്പുകൾ സ്ഥാപിക്കണം.
7. മൂലാട് പ്രദേശത്ത് അഗ്രിക്കൾച്ചറൽ പർപ്പസിൽ മോട്ടോറുകൾ സ്ഥാപിച്ച് വർഷങ്ങളായി കാത്തിരിക്കുന്ന കർഷകർക്ക് കണക്ഷൻ ലഭ്യമാക്കണം.
8. OYEC, OTP കുടിർജ്യോതി മേഖലയിൽ കണക്ഷൻ നൽകുന്നതിലുള്ള കാലതാമസം ഒഴിവാക്കണം.
9. കൂട്ടാലിടയിൽ കുക്കിംഗ് ഗ്യാസ് ഏജൻസ് ഏർപ്പെടുത്തണം.
10. തുരുത്തമലയിൽ സോളാർ പദ്ധതിയ്ക്കും വേഴാപ്പാറ, കുന്നിക്കൂട്ടം, തുരുത്തമല, വല്ലോറമല എന്നിവിടങ്ങളിൽ കാറ്റാടി യന്ത്രത്തിനും ഉള്ള സാധ്യതകൾ പരിശോധിക്കണം.
11. ഹരിജൻ കോളനികൾ, ലക്ഷംവീട് കോളനികൾ, നാലുസെൻറ് കോളനികൾ എന്നിവയിൽ വൈദ്യുതി എത്തിയ്ക്കാൻ സംവിധാനം ഏർപ്പെടുത്തണം.
12. 6-ാം വാർഡ് ഹൈസ്കൂൾ മുക്കിൽ മാസങ്ങൾക്കു മുമ്പ് അനുവദിച്ച ട്രാൻസ്ഫോർമർ ഉടൻ സ്ഥാപിച്ച് വൈദ്യുതി വിതരണം നടത്തണം.



IV (9) മാർക്കറ്റ്

വ്യാപാരസ്ഥാപനങ്ങൾ ദുർലഭമായിരുന്നതും ഗതാഗതസൗകര്യം ഇല്ലാതിരുന്നതും നിമിത്തം ആഴ്ചചന്തകൾക്ക് ഈ നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ വലിയ പ്രസക്തി ഉണ്ടായിരുന്നു. ഈ പഞ്ചായത്തിന്റെ പടിഞ്ഞാറൻ ഭാഗത്തുള്ളവർ മുഖ്യമായും സാധനങ്ങൾ വാങ്ങിയിരുന്നത് നടുവണ്ണൂരിൽ ശനിയാഴ്ചകളിൽ പ്രവർത്തിച്ചിരുന്ന ചന്തയിൽ നിന്നായിരുന്നു. മൺപാത്രങ്ങൾ, തോർത്തുമുണ്ട്, കൗപീനം, കുഞ്ഞുടുപ്പുകൾ, മണ്ണെണ്ണ വിളക്കുകൾ, വളകൾ, ചെറിയ പാത്രങ്ങൾ, ഉണക്കമത്സ്യം, വൃക്ഷത്തൈകൾ തുടങ്ങിയവ വാങ്ങുവാനുള്ള കേന്ദ്രങ്ങളായി ഇത് പരിഗണിക്കപ്പെട്ടുവന്നു. കച്ചവടസ്ഥാപനങ്ങൾ വ്യാപകമായതോടെ ഇത്തരം സാധനങ്ങൾ വീടിനടുത്ത് ലഭ്യമായപ്പോൾ ആഴ്ച ചന്തയുടെ പ്രസക്തി നഷ്ടപ്പെട്ടു. ഗതാഗത സൗകര്യം വർദ്ധിച്ചതും ഇതിന്റെ കാരണമായി. എന്നാൽ ബാലുശ്ശേരിയിലും, പേരാമ്പ്രയിലും ബുനാഴ്ചകളിലും, ഞായറാഴ്ചകളിലും നടന്നുവന്ന ആഴ്ചചന്തകൾ ആടുമാടുകളുടെ വൻതോതിലുള്ള കച്ചവടം നടക്കുന്നതിനാൽ നിലനിന്നുപോരുന്നു. എന്നാൽ ഇന്നത്തെ പരിതസ്ഥിതിയിൽ ഈ ഗ്രാമപഞ്ചായത്തിന്റെ കേന്ദ്രമായ കൂട്ടാലിടയിലും ഒരാഴ്ചചന്തക്കുള്ള സാധ്യത കാണുന്നുണ്ട്. പരമ്പരാഗത തൊഴിലാളികളുടെ ഉല്പന്നങ്ങളും കരകൗശല വസ്തുക്കളും, വിലകുറഞ്ഞ റെഡിമെയ്ഡ് വസ്ത്രങ്ങളും അപ്പപ്പോൾ മാർക്കറ്റിലിറങ്ങുന്ന മറ്റു സാധനങ്ങളും മലയോരപ്രദേശങ്ങളിലുള്ള ഔഷധച്ചെടികളും വിപണിയിലെത്തിച്ചാൽ വ്യാപാരസാധ്യത കൂടുമെന്ന് അനുമാനിക്കാവുന്നതാണ്. പഞ്ചായത്ത് മുൻകൈ എടുത്താൽ പ്രാവർത്തികമാക്കാവുന്ന ഒന്നാണ് ആഴ്ചചന്ത.

കാർഷികോൽപന്നങ്ങൾ അടക്ക, കുരുമുളക് ചുക്ക് മഞ്ഞൾ എന്നിവ വിപണനത്തിനെത്തിച്ച് ചന്തയെ പുഷ്ടിപ്പെടുത്താവുന്നതാണ്. നാടൻ പച്ചക്കറി, നാടൻ വാഴപ്പഴങ്ങൾ, നാടൻ കിഴങ്ങുവർഗ്ഗങ്ങൾ (രാസവളവും കീടനാശിനിയും വൻതോതിൽ ഉപയോഗിക്കാത്തവ) സംഭരിച്ച് വില്പന നടത്താവുനന വിധം ചന്തയെ ക്രമികരിക്കാവുന്നതാണ്.

ആധുനിക രീതിയിലുള്ള മത്സ്യ, മാംസ മാർക്കറ്റ് അലങ്കാരമല്ല ആവശ്യമാണ് എന്ന ബോധം ജനങ്ങളിൽ വളർത്തിയെടുക്കേണ്ടതുണ്ട്. വൃത്തിഹീനമായ ചുറ്റുപാടുകളിൽ നിന്നുള്ള മോചനം ഇത്തരം മാർക്കറ്റുകൾക്ക് അനിവാര്യമാണ്. ഒരു നഗരത്തിന്റെ തുരുത്തുപോലുമില്ലാത്ത കോട്ടൂർ ഗ്രാമപഞ്ചായത്തിൽ കൂട്ടാലിട ഒരു ചെറു നഗരമായി രൂപംകൊള്ളുമ്പോൾ ശാസ്ത്രീയമായ കാഴ്ചപ്പാടോടെ മാർക്കറ്റ് സംവിധാനത്തെ സമീപിക്കേണ്ടതുണ്ട്. വികസന കാഴ്ചപ്പാടിൽ മാറ്റം വരുമ്പോൾ, പിരമിതമായ വിഭവം ഏത് കാര്യത്തിന് മുൻഗണനാക്രമത്തിൽ ഉപയോഗിക്കണമെന്ന തീരുമാനം പരിസര ശുചിത്വത്തിന് ഊന്നൽ നൽകുമെങ്കിൽ, ആധുനികരീതിയിലുള്ള മത്സ്യ, മാംസ മാർക്കറ്റ് യാഥാർത്ഥ്യമാകുമെന്ന് അശിക്കാവുന്നതാണ്.

പ്രശ്നങ്ങൾ

1 നാടൻ കാർഷിക വീഭവങ്ങൾക്കു പഞ്ചായത്തിൽ വിപണന കേന്ദ്രമില്ല.
2. വീടാവശ്യത്തിനുള്ള എല്ലാ വസ്തുക്കളും ലഭിക്കുന്ന ഒരു കേന്ദ്രമില്ല.
3. വൃത്തിയുള്ള മത്സ്യ, മാംസമാർക്കറ്റില്ല

സാധ്യതകൾ

ആധുനിക രീതിയിലുള്ള മത്സ്യ, മാംസ മാർക്കറ്റ് നിർമ്മിക്കാം.

ആഴ്ചചന്ത ഏർപ്പെടുത്താം.



"സ്വന്തം രാജ്യത്തിന്റെ നിർമ്മിതിയിൽ തങ്ങൾക്കും ഫലപ്രദമായൊരു പങ്കുണ്ടെന്ന് പരമദരിദ്രനു പോലും അനുഭവപ്പെടുന്നൊരു ഭാരതം, ഉയർന്ന വർഗ്ഗക്കാരോ താഴ്ന്ന വർഗ്ഗക്കാരോ ഇല്ലാത്ത ഒരു ഭാരതം, എല്ലാ സമുദായങ്ങളും പരിപൂർണ രഞ്ജിപ്പിൽ കഴിയുന്ന ഒരു ഭാരതം കെട്ടിപ്പടുക്കുന്നതിന് വേണ്ടി ഞാൻ പ്രവർത്തിക്കും"

-മഹാത്മാഗാന്ധി

പാർപ്പിടം

ശില്പചാതുര്യവും, കൊത്തുവേലകളും, നിറഞ്ഞു നിന്ന നാലുകെട്ടുകളും, നടുമുറ്റവും കളപ്പുരയും, പത്തായ -പടിപ്പുരകളും ഉള്ള നായർ ഗൃഹങ്ങളും, ഈ പഞ്ചായത്തിൽ കൂടുതലുണ്ടായിരുന്നു. നമ്പൂതിരി ഇല്ലങ്ങൾ ഇവിടെ ഏറെയുണ്ട്. അതോടൊപ്പം സാധാരണക്കാർ മൺകട്ടകളാൽ തീർത്ത ചുമരോടുകൂടിയ ഓലപ്പുരകളിലും, വെറും ഓലകൊണ്ട് മറച്ചുകെട്ടിയ കുടിലുകളിലുമാണ് താമസിച്ചിരുന്നത്. ഒറ്റകല്ലിനാൽ കൊത്തുപണികളോടെ തീർത്ത തൂണുകളും, വാതിൽ പടികളും അന്നുപയോഗിച്ചിരുന്നതിന് ഇന്നും തെളിവുകളുണ്ട്. മരങ്ങളിൽ കവിത വിരിയിച്ച തച്ചുശാസ്ത്രത്തിന്റെ മികച്ച പാടവത്തിനുള്ള ഉദാഹരണങ്ങൾ തൃക്കുറ്റിശ്ശേരി പാലോളി തിരവോട് ഭാഗങ്ങളിൽ ദൃശ്യമാണ്. അന്നത്തെ വീടുകൾ നിർമ്മിക്കാൻ മരം അമിതമായി ഉപയോഗിച്ചിരുന്നു. പഴയ വീടുകൾ മിക്കവയും അകത്ത് വേണ്ടത്ര വെളിച്ചവും, സൗകര്യവും ലഭിക്കുന്ന രൂപത്തിലുള്ളതായിരുന്നില്ല. 'കിളിവാതിലുകൾ' എന്നറിയപ്പെടുന്ന ചെറിയതരം ജനലുകളായിരുന്നു അന്ന് പ്രചാരത്തിലുണ്ടായിരുന്നത്. ശരിയായ തച്ചുശാസ്ത്രവിധിപ്രകാരം നിർമ്മിച്ചവയായതുകൊണ്ട് കാലാവസ്ഥയ്ക്കനുസരിച്ചുള്ള പ്രത്യാഘാതങ്ങൾ ചെറുക്കാൻ കഴിവുള്ളവയായിരുന്നു. ഇന്നത്തെ യന്ത്രങ്ങൾ തീർത്തതിനെക്കാൾ മനോഹരമായ കൊത്തുപണികൾ അന്നത്തെ തൊഴിലാളികൾ കല്ലിലും മരത്തിലും തീർത്തിരുന്നു. അതിവിദഗ്ദ്ധമായി മിനുസപ്പെടുത്തിയ ചെങ്കല്ലുകൾ വെള്ളത്തിൽ നനച്ച് പരസ്പരം കൂട്ടിച്ചേർത്ത് വീടുകൾ നിർമ്മിച്ചതായും പറയപ്പെടുന്നു. സിമൻറുപയോഗിച്ച് ഇന്ന് ചെങ്കല്ലുകൾ കൂട്ടിചേർക്കുന്നതിനേക്കാൾ ഉറപ്പിൽ ഇത്തരം കെട്ടിടങ്ങൾ തീർത്തതായി പറയുന്നു. നാട്ടുപ്രമാണിമാരുടെ വീടുകളിൽ നാട്ടുകാര്യങ്ങൾ ചർച്ചചെയ്യാനുള്ള പ്രത്യേക സൗകര്യവും, അഗ്രശാലകളും ഉണ്ടായിരുന്നു. ചാണകവും കരിയും ഉപയോഗിച്ചാണ് അന്ന് വീടുകളുടെ തറ മിനുസപ്പെടുത്തിയിരുന്നത്. അപൂർവ്വം ചില വീടുകളിൽ സിമൻറ് ഉപയോഗിച്ചിരുന്നതായും കാണാം. പുര മേയുന്നതിന് തെങ്ങോലയും, പുല്ലും, പനയോലയും ഉപയോഗിച്ചിരുന്നു. ഓടുമേഞ്ഞ വീടുകൾ വിരളമായിരുന്നു. മരംകൊണ്ടുള്ള പലകകളിൽ ചെങ്കല്ല് പാകിയാണ് അന്നത്തെ വീടുകൾക്ക് രണ്ടാം നില പണിതിരുന്നത്. കൃഷിക്ക് വലിയ പ്രാധാന്യം കല്പിച്ചിരുന്ന ആ കാലങ്ങളിൽ മെതി നടത്താനും, നെല്ല് സൂക്ഷിക്കാനുമുള്ള വിശാലമായ സൗകര്യങ്ങൾ ഉണ്ടായിരുന്നു.

പഴ വീടുകളുടെ നിർമ്മാണത്തിന് ഇരുമ്പിന്റെ ഉപയോഗം തീരെ ഇല്ലായിരുന്നു. ഇരുമ്പാണിക്കുപകരം മരംകൊണ്ടുള്ളവ തന്നെയായിരുന്നു അന്നുപയോഗിച്ചത്. അപൂർവ്വം ചില വീടുകളിൽ പിച്ചള ഉപയോഗിച്ചിരുന്നതായി കാണുന്നു.

പഴയ വീടുകളുടെ ഭാരിച്ച നടത്തിപ്പ് ചെലവ് താങ്ങാൻ വയ്യാത്തതുകൊണ്ട് അവ പൊളിച്ചുമാറ്റുകയോ, പരിഷ്കരിക്കപ്പെടുകയോ ചെയ്തുവരുന്നു.

1991 ലെ സെൻസസ് റിപ്പോർട്ട് പ്രകാരം നമ്മുടെ പഞ്ചായത്തിൽ 5396 വീടുകളുണ്ട്. എന്നാൽ 1996 ആവുമ്പോഴേക്കും ഇവയുടെ എണ്ണം 5848 ആയി ഉയർന്നു. ഈ കണക്ക് പഞ്ചായത്തിൽ നിന്നും നമ്പർ ഇട്ടവയുടേത് മാത്രമാണ്. ഇനിയും നമ്പർ ലഭിച്ചിട്ടില്ലാത്ത വീടുകളും പഞ്ചായത്തിൽ അനവധിയുണ്ട്.

വീടുകളെ സംബന്ധിച്ച വിവരം (31-10-96 വരെ)

വാർഡ്	ഒന്നിൽ കൂടുതൽ നിലകളുള്ളത്	കോൺക്രീറ്റ്	ഓട്	ഓല	മറ്റുള്ളവ	ആകെ
1	14	105	381	040	17	557
2	18	150	320	80	21	589
3	12	24	200	43	07	286
4	11	26	154	41	23	256
5	10	23	281	58	14	386
6	15	28	442	71	02	558
7	31	22	650	122	32	877
8	14	18	398	21	13	464
9	19	77	246	43	13	398
10	37	201	618	102	42	1000
11	12	62	281	124	19	498
	198	736	3971	745	203	5848

നമ്മുടെ പഞ്ചായത്തിൽ ഓരോ വർഷത്തിലും ശരാശരി 98 വീടുകൾ വർദ്ധിക്കുന്നതായി കണക്കാക്കുന്നു. ആകെയുള്ള വീടുകളിൽ 3971 എണ്ണം ഓടു മേഞ്ഞവയും, 736 എണ്ണം കോൺക്രീറ്റ് മേൽക്കൂരയുള്ളതും 745 എണ്ണം ഓലമേഞ്ഞതും ആണ്.

ഓലമേഞ്ഞ വീടുകളോട് താല്പര്യം കുറഞ്ഞുവരികാണ്. പുതുതായി വീടുവെക്കുന്നവരാരും ഓലമേഞ്ഞ വീടുകൾ പണിയാൻ താല്പര്യമെടുക്കുന്നില്ല. നമ്മുടെ കാലാവസ്ഥയ്ക്കനുയോജ്യമല്ലാത്ത കോൺക്രീറ്റ് വീടുകളോട് താല്പര്യം കൂടിവരികയാണ്. കോൺക്രീറ്റ് ഭ്രമം പിടിപെട്ട്, സാമ്പത്തിക നില പരിഗണിക്കാതെ കൊട്ടാരസദൃശമായ വീടുകൾ പണിതുയർത്ത് കടക്കെണിയിൽ പെട്ടവരുമുണ്ട്. വിശാലമായ ഡൈനിംഗ് ഹാൾ ആഡംബരമേറിയ അടുക്കള എന്നിവ സാധാരണ വീടുകൾക്കുപോലും കാണാം. നമ്മുടെ നാട്ടിലെത്തുന്ന വിദേശപണത്തിന്റെ സിംഹഭാഗവും വീടുനിർമ്മാണത്തിനു മാത്രമായാണുപയോഗിക്കുന്നത്. വളരെ കുറച്ച് അംഗങ്ങളുള്ള കുടുംബങ്ങൾപോലും അതിവിശാലമായ വീടുകൾ പടുത്തുയർത്തുന്നു.

വെള്ളം, വൈദ്യുതി, റോഡ് എന്നിവ എളുപ്പത്തിൽ ലഭ്യമാവുന്ന സ്ഥലങ്ങലിലേക്ക് താമസിക്കുന്നതുകൊണ്ട് നെൽവയലുകൾ കുന്നിൻപ്രദേശങ്ങൾ ഒഴിവാക്കി നിരന്ന സ്ഥലങ്ങളിൽ കുറച്ചുസ്ഥലം വാങ്ങി വീടുവെക്കാൻ ജനങ്ങൾ താല്പര്യം കാണിക്കുന്നു.

ഒരു കാലത്ത്, കൃഷിയിടങ്ങളിൽ പാർക്കുക എന്നത് ഒരഭിമാനമായി കരുതി കുന്നിൻപ്രദേശങ്ങളിൽ കൃഷിയിറക്കി താമസിച്ചവർ ഇന്ന് കൃഷി മലമുകളിലായാലും താമസം റോഡുവക്കത്തുതന്നെ വേണമെന്ന അഭിപ്രായക്കാരാണ്. ഇടത്തരം വീടുകൾ നിർമ്മിക്കുമ്പോഴും കക്കൂസ്, കുളിമുറി, അടുക്കള തുടങ്ങിയ സൗകര്യങ്ങൾ ശരിയാംവണ്ണം ഒരുക്കുന്നുണ്ട്.

കെട്ടിടനിർമ്മാണത്തിന്, ചെങ്കല്ല്, കരിങ്കല്ല്, മൺകട്ട, ചുടുകട്ട, ഹോളോബ്രിക്സ് എന്നിവ ഉപയോഗിക്കുന്നു. കൂടുതൽ പേരും ചെങ്കല്ലാണ് ചുമരിനുവേണ്ടി ആശ്രയിക്കുന്നത്. മേൽക്കൂര കോൺക്രീറ്റ്, ഓട്, ഓല എന്നിവയുപയോഗിക്കുന്നു. ചെലവു കുറഞ്ഞ നിർമ്മിതി മോഡൽ വീടുകൾ പ്രചരിപ്പിക്കേണ്ടിയിരിക്കുന്നു. സാധാരണക്കാർപോലും വീടിനുവേണ്ടി അമിതമായി പണം ചെലവഴിക്കുന്നു. മാർബിൽ, കടപ്പ എന്നിവയുടെ ഉപയോഗം നമ്മുടെ സമ്പത്ത് റ്റു സംസ്ഥാനങ്ങളിലേക്ക് ഒഴുകുന്നതിനിടയാക്കുന്നു. തദ്ദേശീയമായി വികസിപ്പിച്ചെടുക്കാവുന്ന വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു.

വീടുനിർമ്മാണസാമഗ്രികളുടെ വില വർധനവ് ഒറ്റനോട്ടത്തിൽ

പട്ടിക IV (10) - 2

	1970	1980	1990	1996
സിമൻറ്(1 ചാക്ക്)	12 രൂപ	60രൂപ	100രൂപ	190രൂപ
കമ്പി(100 കി.ഗ്രാം)	90രൂപ	500രൂ	1000രൂ	1725രൂ
ചെങ്കല്ല്(100 ന്)	18രൂപ	200രൂ	400രൂ	900രൂ
കരിങ്കല്ല്(1ലോഡിന്)	80രൂ	170 രൂ	330രൂ	600രൂ
ഓട്(1000 ന്)	250രൂ	2000രൂ	4000രൂ	6500രൂ

പാർപ്പിടരംഗം നേരിടുന്ന ഗുരുതരമായ പ്രതിസന്ധി അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റവും, കൂലിയിലുള്ള വർദ്ധനവുമാണ്. 1970-ൽ 12 രൂപയുണ്ടായിരുന്ന ഒരു ചാക്ക് സിമൻറിന് 1996-ൽ എത്തുമ്പോൾ 190 രൂപയായി വർദ്ധിച്ചിരിക്കുന്നു. 1970-ൽ 100 ചെങ്കല്ലിന് 18 രൂപയായിരുന്നെങ്കിൽ 1996-ൽ 900 രൂപയായിര വർദ്ധിച്ചു. തൊഴിലാളികളുടെ കൂലിയിലും വൻ വർദ്ധനവാണുള്ളത്. 1970-ൽ 5 രൂപ കൂലിയുണ്ടായിരുന്ന മരപ്പണിക്കാർക്ക് 1996-ൽ 125 രൂപയായി കൂടിയിരിക്കുന്നു. 1970-ൽ 7 രൂപ കൂലിയുണ്ടായിരുന്ന ഒരു കോൺക്രീറ്റ് തൊഴിലാളിയുടെ 1996ലെ കൂലി 140 രൂപയാണ്. വിദഗ്ദ്ധ തൊഴിലാളികളുടെ കൂലിനിരക്ക് ഇതിലും എത്രയോ കൂടുതലാണ്.

കൂലിയിൽ വന്നിട്ടുള്ള വ്യതിയാനം

പട്ടിക IV (10) - 3

	1970	1980	1990	1996
മരപ്പണി	5 രൂ	30 രൂ	65 രൂ	125 രൂ
ചെത്തിക്കെട്ട്	5 രൂ	40 രൂ	65 രൂ	100 രൂ
കോൺക്രീറ്റ്	7 രൂ	50 രൂ	90 രൂ	140 രൂ
കൈപ്പണിക്കാർ	3 രൂ	10 രൂ	45 രൂ	80 രൂ
വിദഗ്ദത്തൊഴിൽ	8 രൂ	30 രൂ	100 രൂ	150 രൂ

ദുർബല വിഭാഗങ്ങൾക്ക് വീടു നിർമ്മിക്കാനുള്ള പല പദ്ധതികളും (JRY, IAY, NREP, RLEGP) നിലവിലുണ്ടെങ്കിലും അവയിൽ പലതും ലക്ഷ്യം കാണാതെ കിടക്കുന്നു. പഞ്ചായത്തിൽ ഒന്ന്, രണ്ട് വാർഡുകളിലുള്ള ലക്ഷം വീടുകൾ ഇരട്ട വീടുകളായതുകൊണ്ട് താമസക്കാർക്ക് പ്രശ്നങ്ങൾ അനുഭവപ്പെടുന്നുണ്ട്. ഭവനനിർമ്മാണരംഗത്ത് വായ്പകൾ നല്കുന്ന ധനകാര്യസ്ഥാപനങ്ങളുടെ കടുത്ത വായ്പാവ്യവസ്ഥകൾ മൂലം സാധാരണക്കാരന് വായ്പാ മേഖല അപ്രാപ്യമാവുന്നു. ഉദാരമായ വ്യവസ്ഥയിൽ ലഭിക്കുന്ന

കാർഷിക വായ്പകൾ ഗൃഹനിർമ്മാണത്തിനുപോയ ഗിക്കുന്ന പ്രവണതയും ഇല്ലാതില്ല. വായ്പാ വ്യവസ്ഥയുടെ കാഠിന്യം മൂലം നാടൻ ഹുണ്ടികക്കാരിൽ നിന്നും അമിതപരിശയ്ക്ക് കടംവാങ്ങി വീടു തീർത്ത്, ഒടുവിൽ വീടും സ്ഥലവും വിറ്റ് കടം വീട്ടേണ്ടുന്ന അവസ്ഥയുള്ളവരും ഉണ്ട്.

പ്രശ്നങ്ങൾ

1. മൊത്തം ജനസംഖ്യയുടെ 10% പേർ കുടിലുകളിലാണ് താമസിക്കുന്നത്.
2. ഏതാണ്ട് 30% ത്തോളം പേരും വാസയോഗ്യമായ വീടുകളിലല്ല വസിക്കുന്നത്.
3. വീടു നിർമ്മാണത്തിന്, ദുർബല വിഭാഗങ്ങൾക്ക് ലഭിക്കുന്ന സാമ്പത്തിക സഹായം മൊത്തം ചെലവിന്റെ 40%ത്തോളമേ വരൂ. അതിനാൽ വീടു പണി ഈ സഹായമുപയോഗിച്ചു മാത്രം പൂർത്തിയാക്കാൻ കഴിയുന്നില്ല.
4. ദുരബല വിഭാഗങ്ങളിൽ ഭവനരഹിതരായ പലർക്കും സ്വന്തമായി സ്ഥലമില്ല.
5. വീടു നീർമ്മാണത്തിൽ ഇടത്തട്ടുകാരുടെ ചൂഷണം നിലനില്ക്കുന്നു.
6. വീട്ടുനമ്പർ ലഭിക്കാത്ത വീടുകൾ അനവധിയുണ്ട്.
7. പട്ടികജാതി / പട്ടികവർഗ്ഗക്കാർക്കിടയിൽ ഭവന ദാരിദ്ര്യം രൂക്ഷമാണ്.
8. നാലുസെൻറ് കോളനികളിൽ നാലുവർഷമായിട്ടും വീടുവെച്ചു താമസിക്കാത്തവരുണ്ട്.

സാധ്യതകൾ നിർദ്ദേശങ്ങൾ

1. ഭവനനിർമ്മാണവായ്പകൾ ഉദാരമാക്കുകയും പഞ്ചായത്ത് മുഖേന വിതരണവും മേൽനോട്ടവും നടത്താവുന്നതാണ്.
2. പഞ്ചായത്തിൽ ഒരു ഹൗസിങ്ങ് സൊസൈറ്റി രൂപീകരിച്ച്, വീടു നിർമ്മാണത്തിനാവശ്യമായ സാമ്പത്തിക സഹായവും, സാധനസാമഗ്രികളും ലഭ്യമാക്കാവുന്നതാണ്.
3. ഭവനവായ്പയുടെ പലിശനിരക്ക് കുറച്ച്, പണയാധാരം റജിസ്ട്രേഷൻ ഫീസ് പിൻവലിച്ച്, കൂടുതൽ പേരിലേക്ക് വായ്പയെത്തിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.
4. പട്ടികജാതി / പട്ടികവർഗകോളനികളിൽ വീടുനിർമ്മിച്ചു നല്കാവുന്നതും, ഇരട്ടുവീടുകളുള്ള ലക്ഷം വീടുകൾ ഒറ്റവീടുകളാക്കുന്നതിന് ഗുണഭോക്താക്കളുടെ സഹകരണത്തോടെ പദ്ധതികളാവിഷ്ക്കരിക്കാവുന്നതുമാണ്.
5. നാലുസെൻറ് കോളനികളിൽ വീടുവെക്കാൻ വായ്പ ലഭ്യമാക്കുകയും, നാലുവർഷമായിട്ടും വീടുവെച്ച് താമസിക്കാൻ കഴിയാത്തവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി പകരക്കാരന് കൈമാറാൻ പറ്റിയ സ്ഥിതിയുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.
6. കെട്ടിടനിർമ്മാണനിയമത്തിൽ ഇളവുവരുത്തി എല്ലാവർക്കും വീട്ടുനമ്പർ നല്കാവുന്ന പരിതഃസ്ഥിതിയുണ്ടെ എന്നാരായേണ്ടതാണ്.
7. നിർമ്മിത കേന്ദ്രയുടെ ഒരു യൂനിറ്റ് പഞ്ചായത്തിൽ ആരംഭിച്ച് ചെലവുകുറഞ്ഞ വീടുകളുടെ നിർമ്മാണം പ്രചരിപ്പിക്കാവുന്നതാണ്.



IV (11) സംസ്കാരം

സാംസ്കാരികബോധത്തിന് സ്വന്തമായ അസ്തിത്വത്തിലൂടെ ഊർജ്ജം പകർന്ന നാടാണ് കോട്ടൂർ. സഹ്യാദ്രിയുടെ ശാഖയായ തുരുത്തയുടെ തണലിൽ നിൽക്കുന്ന ഈ പ്രദേശത്തിന് സ്വന്തമായ ഒരു സാംസ്കാരിക പാരമ്പര്യം തന്നെയുണ്ട്. മലയാളിയുടെ കവിതാശീലതതെയും സഹൃദയത്വത്തെയും നവീകരിച്ച വരിഷ്ഠകവികളിൽ പ്രമുഖനായ കക്കാടിന്റെ ജന്മദേശമായ കോട്ടൂരിന് കേരളത്തിന്റെ സാംസ്കാരിക തഭൂപടത്തിൽ സ്വന്തമായ ഒരു സ്ഥാനമുണ്ട്. മലയാളിയുടെ കപടസദാചാരത്തെയും മാമൂൽ പ്രിയത്വത്തെയും നിവർന്ന നട്ടെല്ലോടെ തുറന്നുകാണിച്ച കക്കാടിന്റെ ജന്മനാട്ടിൽ ജനിച്ചവരെന്ന നിലയിൽ നാം അഭിമാനിക്കുകയാണ്.

അതുപോലെ നമ്മുടെ നിരുപണശാഖയെ സമ്പന്നമാക്കുന്നതിന്, നവ്യാർത്ഥബോധത്തിലൂടെ സാംസ്കാരിക തൃഷ്ണയെ സാന്ത്വനപ്പെടുത്തിയ എ. പി.പി.യും ഈ നാടിന്റെ വരദാനമാണ്. ഇങ്ങനെ രാഷ്ട്രീയവും സാംസ്കാരികവുമായ ഇരട്ടവ്യക്തിത്വം കേരളത്തിന്റെ സമഷ്ടിബോധത്തിൽ സ്ഥാപിച്ചെടുത്ത കോട്ടൂർ സംസ്കാരസമ്പന്നമായ ഒരു ചരിത്ര പശ്ചാത്തലത്തിനുടമയാണ്.

കക്കാടിന്റേയും എ.പി.പി.യുടെ സമകാലികനായ അവിടനല്ലൂർ വാസുദേവൻ എന്നറിയപ്പെടുന്ന എ. പി.വി കേരളത്തിലെ അറിയപ്പെടുന്ന ഒരു കവിയാണ്. അദ്ദേഹത്തിന് അനുഷ്ഠാന കലകളെ സംബന്ധിച്ച ഒരു പഠനത്തിന് കേരള സാഹിത്യ അക്കാദമിയുടെ ഫെലോഷിപ്പ് ലഭിച്ചിട്ടുണ്ട്. പരേതനായ രാമകൃഷ്ണൻ നമ്പീശൻ, കെ.കെ. എൻ. തൃക്കുറ്റിശ്ശേരി, രാമചന്ദ്രൻ തൃക്കുറ്റിശ്ശേരി തുടങ്ങിയവരുടെ സ്വന്തം കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. റേഡിയോ നാടകങ്ങളും സ്റ്റേജ് നാടകങ്ങളും രചിക്കുകയും സംവിധാനം ചെയ്യുകയും അഭിനയിക്കുകയും ചെയ്യുന്ന എൻ.കെ സുധാകരൻ നമ്പ്യാർ ഈ രംഗത്ത് പഞ്ചായത്തിന്റെ യശസ്സ് കൂടുതൽ ഉയർത്തുമെന്ന് കരുതാം.

സംസ്ഥാനതലത്തിൽ ഏറ്റവും നല്ല സാമൂഹ്യ പ്രവർത്തകന് നൽകുന്ന മണലൂർ ജി. നാരായണപിള്ള അവാർഡ് നേടിയ ശ്രീ. കെ.വി ശങ്കരൻ ഈ പഞ്ചായത്തിലെ ഒരു സാമൂഹ്യ പ്രവൽത്തകനാണ്. സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്ന ഒട്ടേറെ യുവകവികളും എഴുത്തുകാരും നമ്മുടെ പഞ്ചായത്തിലുണ്ട്.

മതാചാരങ്ങളുടെയും മതവിശ്വാസങ്ങളുടെയും സമന്വയം ഈ കോട്ടൂർ പഞ്ചായത്തിന്റെയും പ്രത്യേകതയാണ്. മലബാറിലെ ഇതര പഞ്ചായത്തുകളെ അപേക്ഷിച്ച് കൂടുതൽ നമ്പൂതിരി മനകൾ ഉൾക്കൊള്ളുന്ന കോട്ടൂർ പഞ്ചായത്ത് മറ്റു സമുദായങ്ങളേയും മതങ്ങളേയും നിറഞ്ഞ മനസ്സോടെ സ്വീകരിച്ച് പോന്നിട്ടുണ്ട്. ഒരുമയും തെളിമയും ജീവിതത്തിൽ ആവാഹിച്ച ഈ ഗ്രാമീണർ മതവിശ്വാസത്തെക്കാൾ മനുഷ്യത്വത്തെ വിലയുറ്റതായി ഗണിക്കുന്നവരാണ്.

ഏകദേശം നാനൂറ് കൊല്ലം പഴക്കമുള്ള കുന്നരം വള്ളി മുസ്ലിം പള്ളി ഈ പഞ്ചായത്തിലാണ്. ആരംഭകാലത്തു തന്നെ ഇതോട് ചേർന്ന് ഒരു ശ്മശാനം ഉണ്ടായിരുന്നു എന്നുള്ളത് ഗണനീയമായ വസ്തുതയാണ്. ഏറെ പഴക്കമുള്ള ഈ പള്ളിയെക്കുറിച്ച് നാട്ടുകാരുടെ ഇടയിൽ ഇപ്പോഴും ജീവിക്കുന്ന ചില കഥകളുണ്ട്. കുന്നരംവള്ളി പള്ളിയുടെ അത്രതന്നെ പഴക്കം അവകാശപ്പെടാനില്ലെങ്കിലും നൂറ്റാണ്ടിലധികം പഴക്കമുള്ളവയാണ് പുനത്ത് ജുമാ മസ്ജിദും പാലോളി ജുമാ മസ്ജിദും.

കോട്ടൂർ പഞ്ചായത്തിലെ ഏക ക്രീസ്തീയ ദേവാലയമാണ് സെൻറ് ജോസഫ് ചർച്ച് (പാത്തിപ്പാറ). ഇത് പഞ്ചായത്തിലെ ഏറ്റവും കിഴക്കു പ്രദേശമായ പാത്തിപ്പാറയിൽ സ്ഥിതി ചെയ്യുന്നു. ഇവിടത്തെ പള്ളിപ്പെരുന്നാളിന് ധാരാളമായി നാനാജാതി മതസ്ഥർ പങ്കെടുക്കാറുണ്ട്. ഇത് ഈ പ്രദേശത്തെ മതമൈത്രിക്ക് ഏറ്റവും ശക്തമായ തെളിവാണ്.

ഹിന്ദുമത ആരാധനാലയങ്ങലായ തൃക്കുറ്റിശ്ശേരി ശിവക്ഷേത്രം, അവിടനല്ലൂർ ലക്ഷ്മീ നാരായണ ക്ഷേത്രം വാകയാട് കോട്ട ശ്രീ പരദേവതാ ക്ഷേത്രം, പൂതക്കണ്ടി ക്ഷേത്രം, നീറോത്ത് വിഷ്ണുക്ഷേത്രം, കുന്നമംഗലം ഭഗവതി ക്ഷേത്രം, കോട്ടൂർ മഹാവിഷ്ണു ക്ഷേത്രം, മാക്കാരി ക്ഷേത്രം ചുണ്ടലിൽ മഹാശിവക്ഷേത്രം ഇവയെല്ലാം ഈ നാടിന്റെ സാമൂഹിക

സാംസ്കാരിക ഘടനയിൽ വമ്പിച്ച സ്വാധീനം ചെലുത്തിയിട്ടുണ്ട്. ക്ഷേത്രങ്ങളും അതോടനുബന്ധിച്ചുള്ള ആചാരങ്ങളും ഉത്സവങ്ങളും ജനങ്ങൾ തികഞ്ഞ ഐക്യബോധത്തോടെ സ്വീകരിക്കുന്നു എന്നത് എടുത്തു പറയേണ്ട വസ്തുതയാണ്. ഉത്സവാഘോഷങ്ങൾ, പെരുന്നാളുകൾ ഇവ വിജയിപ്പിക്കാൻ ആളുകൾ ജാതി മത ഭേദമെന്യേ സഹകരിക്കുന്നു എന്നത് അന്തസ്സാർന്ന ജനതയുടെ പക്വമായ സാംസ്കാരിക വീക്ഷണത്തെ ചൂണ്ടിക്കാണിക്കുന്നു.

പഞ്ചായത്തിലെ നൂറ്റാണ്ടുകൾ പഴക്കമുള്ള തൃക്കുറ്റിശ്ശേരി മഹാശിവക്ഷേത്രം ഗുരുവായൂർ ക്ഷേത്രത്തോളം തന്നെ പ്രാധാന്യമുള്ള ക്ഷേത്രമായിരുന്നു. ചിരപുരാതനമായ മറ്റൊരു ക്ഷേത്രമാണ് കോട്ടൂർ മഹാവിഷ്ണുക്ഷേത്രം. ഇത് ഇപ്പോൾ നല്ല രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. മറ്റൊരു പ്രധാനപ്പെട്ട ക്ഷേത്രമാണ് വാകയാട് കോട്ട ശ്രീ പരദേവതാ ക്ഷേത്രം. വളരെ പുരാതനകാലം മുതൽ നിലനിന്നിരുന്ന ഈ ക്ഷേത്രം 1987-ൽ ജീർണ്ണോദ്ധാരണം നടത്തിയതാണ്. ഇവിടത്തെ പ്രധാനപ്പെട്ട ഉത്സവാഘോഷമാണ് തേങ്ങയേറ് പാട്ടു മഹോത്സവം. മതസൗഹാർദത്തിന്റെ പ്രതീകമാണ് മാക്കാരി ക്ഷേത്രം. എല്ലാ ജാതി മത വിഭാഗക്കാരും ഈ ക്ഷേത്രത്തിന്റെ ഉത്സവങ്ങളിൽ പങ്കെടുക്കാറുണ്ട്. എല്ലാ ജാതി മതവിഭാഗക്കാർക്കും ഈ ക്ഷേത്രത്തിൽ അവരുടേതായ ചില അവകാശങ്ങളും അധികാരങ്ങളുമുണ്ട്. ഇതൊക്കെയാണെങ്കിലും സ്ത്രീകൾക്ക് ഇന്നും അവിടെ പ്രവേശനം നിഷിദ്ധമാണ്. പട്ടികജാതിക്കാരുടെ കാവുകൾ നമ്മുടെ നാട്ടിൽനിന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. അതോടൊപ്പം അവരുടെ ആരാധനാമൂർത്തിയായ കുളിയും അപ്രത്യക്ഷമാവുന്നു. കോട്ടൂർ പഞ്ചായത്തിലെ വാകയാട് 6-ാം വാർഡിൽ സ്ഥിതിചെയ്യുന്ന കൊളപ്പുറത്ത് നാഗത്താൻ കോട്ട വളരെയേറെ പഴക്കമുള്ളതും ധാരാളം ഐതിഹ്യങ്ങൾ ഉള്ളതുമായ ഒരു നാഗകാവാണ്. സുമാർ കാൽ ഏക്രയോളം വരുന്ന ഈ കാവ് പൊതുസ്ഥലത്താണ് സ്ഥിതിചെയ്യുന്നത്. വാകയാട് പ്രദേശത്തെ ജൈവവൈവിധ്യം നിലനിർത്തുന്നതിൽ ഈ കാവിന് നല്ല ഒരു പങ്കുണ്ട്.

പതിനൊന്നാം വാർഡിലെ വേട്ടുണ്ടയിൽ ഒരു പുരാതന ക്ഷേത്രത്തിന്റെ അവശിഷ്ടങ്ങൾ കാണുന്നുണ്ട്. ക്ഷേത്രം തകർന്നടിഞ്ഞ സ്ഥലത്ത് വളർന്നുവന്ന 200 വർഷത്തിലധികം പഴക്കമുള്ള ഭീമൻ ചീനിമരം പഞ്ചായത്തിലെ ഏറ്റവും ഉയരം കൂടിയതും വണ്ണമുള്ളതുമായ വൃക്ഷമാണ്.

അവിടനല്ലൂർ ലക്ഷ്മീ നാരായണക്ഷേത്രം പഞ്ചായത്തിലെ പ്രസിദ്ധമായ മറ്റൊരു ക്ഷേത്രമാണ്. ആറ് ബ്രാഹ്മണ കുടുംബങ്ങളാണ് ക്ഷേത്രത്തിന്റെ അവകാശികൾ എട്ട് ദിവസം നീണ്ടുനിൽക്കുന്ന ഉത്സവാഘോഷചടങ്ങുകളിൽ ജാതി മതഭേദമന്യേ ആളുകൾ പങ്കെടുക്കുന്നു. ഉത്സവത്തിന്റെ വിജയത്തിനുവേണ്ടി ജനകീയ കമ്മറ്റി സജീവമാണ്.

പഞ്ചായത്തിലെ വിവധ ഭാഗങ്ങളിൽ നിലനിന്നിരുന്ന ആചാരങ്ങളിൽ പ്രധാനമായതാണ് 'കൊടുക്ക'കൾ. കരിയാത്തൻ ദൈവവുമായി ബന്ധപ്പെട്ട മുന്നാഴിക്കൊടുക്ക, അഞ്ഞാഴിക്കൊടുക്ക, ഒൻപതിനുകൊടുക്ക തുടങ്ങിയവും അഞ്ചടി ചൊല്ലൽ എന്ന കലാരൂപവും, ശ്രീ മുത്തപ്പനുമായി ബന്ധപ്പെട്ട മുത്തപ്പനു കൊടുക്കയും നായർ സമുദായവുമായി ബന്ധപ്പെട്ട കുന്നത്തുനായർ കൊടുക്കയും കൊടുങ്ങല്ലൂർ ഭരണിയുമായി ബന്ധപ്പെട്ട ഭരണിക്കൊടുക്കയും അപൂർവ്വമായാണെങ്കിലും ചില ഭാഗങ്ങളിൽ ഇപ്പോഴും തുടർന്നുവരുന്നുണ്ട്. കോഴിവെട്ട് തുടങ്ങിയ ആചാരങ്ങൾ പൂർണമായും ഇല്ലാതായിട്ടില്ല. മേൽപറഞ്ഞ ആചാരങ്ങൾ ഇല്ലാതാവുന്നതിന്റെ കാരണങ്ങൾ അന്വേഷിക്കുമ്പോൾ ജാതിപരമായ ചേരിതിരിവ് നേർത്തുവരുന്നതിലേക്കാണ് അത് വിരൽ ചൂണ്ടുന്നത്.

തിറ ഉത്സവങ്ങൾ ധാരാളമായി നടക്കുന്ന പ്രദേശമാണിത്. ചോലയ്ക്കൽ, നാത്താം പറമ്പത്ത്, കൈതയ്ക്കൽ കല്ലൂട്ടുകുന്നുമ്മൽ, കരിമ്പങ്ങൾ, വേട്ടുണ്ട്, പുറ്റൻകണ്ടി, അത്തൂനി, പലാപ്പറമ്പത്ത്, തെക്കൻകുന്നത്ത്, കളളാത്തറയിൽ, കന്നിപ്പൊയിൽ, അയ്യപ്പൻമാക്കൂൽ, ചങ്ങരോത്ത്, കക്കാട്ടുമീത്തൽ തുടങ്ങിയ വീടുകളിൽ തിറമഹോത്സവം നടത്തിവരുനന്നുണ്ട്. കക്കഞ്ചേരി ഇല്ലത്ത് അയ്യപ്പൻ പാട്ട്, പുതുശ്ശേരി ഇല്ലത്ത് വെള്ളാട്ട് പൂതക്കണ്ടി ക്ഷേത്രത്തിൽ പാട്ടു മഹോത്സവവും തുടങ്ങിയവ വർഷംതോറും നടത്തിവരുന്നുണ്ട്.

ഭൂപരിഷ്കരണത്തോടെ കേരളത്തിലുണ്ടായ സാമൂഹ്യപരിണാമം ഈ പഞ്ചായത്തിനെ നല്ലൊരളവിൽ സ്വാധീനിച്ചിട്ടുണ്ട്. ജന്മികളായിരുന്ന പല നമ്പൂതിരികുടുംബങ്ങളും ജന്മിത്തം അവസാനിച്ചതോടെ സാമ്പത്തികത്തകർച്ചയിലേക്ക് നീങ്ങിക്കഴിഞ്ഞു.

ക്ഷേത്രവും ഇല്ലവും ധാരാളം ഉണ്ടായതുകൊണ്ടാവാം അമ്പലവാസികളായ വാര്യർ, നമ്പീശൻ, മാരാർ തുടങ്ങിയ സമുദായക്കാർ ഇവിടെ ധാരാളമുണ്ട്. അതോടൊപ്പം തന്നെ വെളുത്തേടന്മാർ, വാണിയൻമാർ ശാലിയൻമാർ തുടങ്ങിയ സമുദായക്കാരെയും ഈ പഞ്ചായത്തിൽ കാണാൻ കഴിയും.

കേരളത്തിൽ നവോത്ഥാനത്തിന്റെ ശംഖൊലി

മുഴക്കിയ വാഗ്ഭടാനന്ദ ശിഷ്യന്മാരുടെ സാന്നിദ്ധ്യം ഈ പഞ്ചായത്തിലെ വിശ്വാസങ്ങളെയും ആചാരങ്ങളേയും പുനഃക്രമീകരിക്കുന്നതിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. തൊട്ടുകൂടായ്മയും അയിത്തവും ഈ അടുത്തകാലം വരെ ഇവിടെ നിലനിന്നിരുന്നു വെങ്കിലും നേരത്തെ സൂചിപ്പിച്ച തരത്തിലുള്ള നവോത്ഥാനശ്രമങ്ങളും ജനങ്ങളുടെ ബോധനിലവാരത്തിലുണ്ടായ വളർച്ചയും ഇവയെ ഒരു പരിധിവരെ ഉച്ചാടനം ചെയ്തിരിക്കുകയാണ്.

ജനങ്ങളിൽ ഒരു വിഭാഗം സാമൂഹികമായി പിന്നോക്കം നിൽക്കുന്ന കരിമ്പാല സമുദായമാണ്. ചെങ്ങോട്ടുമല, അയ്യപ്പൻമാക്കൂൽ, മലാഞ്ചേരി, കല്ലൂട്ടുകുന്നുമ്മൽ, കാപ്പുമ്മൽ എന്നീ പ്രദേശങ്ങളിൽ താമസിക്കുന്ന ഇവർ സ്വന്തമായ ഒരു സംസ്കാരത്തിന്റെ ഉടമകളാണ്. കരിമ്പാലസമുദായക്കാരെപ്പോലെ തന്നെ സാമൂഹ്യമായി പിന്നോക്കം നിൽക്കുന്ന മറ്റൊരു സമുദായമാണ് കള്ളാടിസമുദായം. നമ്മുടെ പഞ്ചായത്തിൽ വാഴോറമല, അറപ്പീടിക എന്നീ സ്ഥലങ്ങളിൽ ഇവർ താമസിക്കുന്നുണ്ട്. പട്ടികജാതി പട്ടികജാതിവിഭാഗങ്ങളിൽ നമ്മുടെ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ കാണുന്നത് പുലയ സമുദായക്കാരെയാണ്. അവരും സാമൂഹികമായും വിദ്യാഭ്യാസപരമായും ഇന്നും പിന്നോക്കം തന്നെയാണ്. അവിടനല്ലൂർ, പാലോളി ഭാഗങ്ങളിലായി പറയസമുദായക്കാരും താമസിക്കുന്നുണ്ട്. ഇന്നും പഴയ തൊഴിൽ കൈവെടിയാൻ കൂട്ടാക്കാതെ ഇവർ വളരെ പിന്നോക്കാവസ്ഥയിൽ തന്നെയാണ് ജീവിക്കുന്നത്. മേൽപറഞ്ഞ സമുദായക്കാരെല്ലാംതന്നെ ഒരു പരിധിവരെ പരമ്പരാഗതവിശ്വാസങ്ങളും ജീവിതരീതിയും ഇപ്പോഴും തുടരുന്നു. പിതിയ തലമുറ പലപ്പോഴും ഇതിൽ നിന്ന് മാറിപ്പോകുന്നുണ്ട്.

കരിമ്പല സമുദായത്തിന്റെ വട്ടക്കളി, മലയ സമുദായത്തിന്റെ തെയ്യം, ബലിക്കള, പൊയ്ക്കാൽ കളി എന്നിവ ഇന്നും ചില ഭാഗങ്ങളിൽ നിലനിൽക്കുന്നുണ്ടെന്നത് ആശാവഹമാണ്. കോൽക്കളി, പരിചകളി, ദഫ്മുട്ട് എന്നിവയുടെ ആശാന്മാർ ഇന്നും ഈ പഞ്ചായത്തിൽ ജീവിച്ചിരിപ്പുണ്ട്. അമ്മൻകുടയാട്ടം എന്ന കലാരൂപത്തിന് ഈ പഞ്ചായത്തിൽ നല്ല പ്രചാരമുണ്ട്. പട്ടികജാതി പട്ടികവർഗ്ഗക്കാരെ കൊണ്ട് പുരാണനാടകങ്ങൾ അവതരിപ്പിച്ചിരുന്ന ഒരു സംഘം കോട്ടൂർ പഞ്ചായത്തിൽ ഉണ്ടായിരുന്നു. പരേതനായ കുഞ്ഞിക്കുട്ടൻ മാസ്റ്ററുടെ നേതൃത്വത്തിലായിരുന്നു ഈ നാടകസമിതി പ്രവർത്തിച്ചിരുന്നത്. ചെറുട്ടി ആശാൻ, കാപ്പുങ്കര കുഞ്ഞിമ്മദൻ, ചാത്തുണ്ണി ആശാൻ തുടങ്ങിയവർ വിവിധ കലാരൂപങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്ന ആശാന്മാരായിരുന്നു.

കേരളത്തിന്റെ തനതായ കായികാഭ്യാസരൂപമായിരുന്ന കളരീകേന്ദ്രങ്ങൾ മുൻകാലങ്ങളിലും ഈ അടുത്ത കാലം വരെയും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിലനിന്നിരുന്നു. എന്നാൽ ഇന്ന് ഈ കായിക കേന്ദ്രങ്ങൾ ആധുനികവൈദേശിക രൂപങ്ങളായ കരാട്ടെ, തുടങ്ങിയവയ്ക്ക് വഴിമാറിക്കൊടുത്തിരിക്കുകയാണ്.

വായനശാലകൾ

എഴുത്തുകാർക്ക് ജന്മം നല്കിയ നാടെന്ന നിലയിൽ കോട്ടൂർ ഉയർന്ന വായനാശീലത്തെയും പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. പഞ്ചായത്തിൽ പത്ത് വായനശാലകൾ ഉണ്ടായിരുന്നു എന്നാൽ ഇപ്പോൾ ആറ് വായനശാലകൾ മാത്രമേ ഫലപ്രദമായി പ്രവർത്തിക്കുന്നുള്ളൂ. പഞ്ചായത്തിൽ ഏറ്റവും പഴക്കമുള്ള വായനശാല, ദേശീയ വായനശാല, തൃക്കുറ്റിശ്ശേരി ആണ്. 1952-ൽ ആണ് ഇത് സ്ഥാപിക്കപ്പെട്ടത്. ഇതിന് മുൻകൈ എടുത്തത് പരേതനായ ശ്രീ എം.എസ്. മാരാരാണ്. പരിമിതമായ സ്ഥലസൗകര്യങ്ങൾക്കുള്ളിലാണ് ഈ വായനശാല പ്രവർത്തിക്കുന്നത്. 1954-ൽ സ്ഥാപിതമായ ദേശീയവായനശാല, വാകയാട് സ്വന്തമായ കെട്ടിടത്തിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ഇതോടനുബന്ധിച്ച് ജനവിദ്യാകേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്. ഈ വായനശാലക്ക് സ്ഥലം സംഭാവന നല്കിയത്. പരേതനായ ശ്രീ മങ്ങാടൻ കണ്ടി ഗോവിന്ദൻ കുട്ടിനായരാണ്. 1957 -ൽ സ്ഥാപിക്കപ്പെട്ട കോട്ടൂർ യുവജന വായനശാല കൊയിലാണ്ടി താലൂക്കിലെ ഒരു ഒന്നാംകിട വായനശാല ആയിരുന്നു. പഞ്ചായത്തിലെ മുഴുവൻ ഭാഗത്തുമുള്ള ആളുകൾക്ക് ഇവിടെ അംഗത്വമുണ്ടായിരുന്നു. എന്നാൽ രാഷ്ട്രീയ ഇടപെടൽ കാരണം 1975-ൽ ഈ വായനശാല പൂർണമായും നശിച്ചു. ഇതിന്റെ പതനം നമ്മുടെ സാംസ്കാരിക ബോധത്തിനുണ്ടാക്കിയ കളങ്കം ചെറുതല്ല. 1956-ൽ പരതരായ ശ്രീ ആർ. കെ. ഗോവിന്ദൻ മാസ്റ്റർ, ശ്രീ. ആർ. കെ. ദാമോദരൻ മാസ്റ്റർ, ശ്രീ. സി. ഭാസ്കരൻ മാസ്റ്റർ, എം. രാഘവൻ നായർ ശ്രീ. ടി. എച്ച്. നാരായണൻ നായർ എന്നിവരും ശ്രീ കണ്ണാടിക്കോത്ത് നാരായണൻനായരും മുൻകൈ എടുത്ത് സ്ഥാപിച്ച ജനകീയ വായനശാല, അവിടനല്ലൂർ 1969-ൽ പഞ്ചായത്ത് ഏറ്റെടുത്തതോടെ കോട്ടൂർ പഞ്ചായത്ത് വായനശാല എന്ന നിലയിൽ ഇപ്പോൾ പ്രവർത്തിക്കുന്നു. ജ്ഞാനോദയം വായനശാല, മൂലാട്, 1965-ലാണ് സ്ഥാപിതമായത്. ഇപ്പോൾ ഈ വായനശാലയിൽ കാർഷിക പുസ്തകകോർണർ, ജനവിദ്യാകേന്ദ്രം എന്നീ വിഭാഗങ്ങൾ പ്രവർത്തിക്കുന്നു.

വായനക്കാരിൽ ഏറിയ ഭാഗവും ലേഖനങ്ങൾ വായിക്കുന്നവരാണെന്നത് ഒരു പ്രത്യേകതയാണ്. 1981-ൽ സ്ഥാപിതമായതാണ് നരയംകുളം ഗ്രാമീണ വായനശാല. സാക്ഷരതാ പ്രവർത്തനം, മദ്യനിരോധന പ്രവർത്തനം എന്നിവയിൽ ഈ വായനശാലകേന്ദ്രമായി നല്ല പ്രവർത്തനം നടക്കുന്നുണ്ട്. 1994-ൽ സ്ഥാപിച്ച കുന്നുമ്മൽ പൊയിൽ സാംസ്കാരിക നിലയത്തിന് സ്ഥലം സംഭാവന ചെയ്തത് ശ്രീ രാഘവൻ അടിയോടിയാണ്.

അനൗപചാരിക വിദ്യാഭ്യാസസ്ഥാപനങ്ങൾ എന്ന നിലക്ക് വായനശാലകളെ വളർത്തിക്കൊണ്ടുവരേണ്ടതാണ്. യുവതലമുറക്ക് വായനയോടുള്ള പ്രവണത കുറഞ്ഞുവരുന്നതായിട്ടാണ് കാണുന്നത്. വനിതകൾക്കിടയിൽ വായനാശീലം വളരെ കുറവാണ്.

കലാ-കായികരംഗം

കലാകായികരംഗങ്ങളിൽ ശ്രദ്ധ ചെലുത്തുന്ന മുപ്പത്തി ഒൻപതോളം ക്ലബ്ബുകളും കലാസമിതികളും നമ്മുടെ നാട്ടിലുണ്ട്. ഇതിൽ പകുതിയിലധികവും നിർജീവമാണ്. ആരംഭത്തിൽ വൻതോതിലുള്ള ജനകീയ പിന്തുണ ആർജിച്ച്, പരിപാടികൾ സംഘടിപ്പിക്കുന്ന ക്ലബ്ബുകൾ അങ്ങനെ വരുന്ന സാമ്പത്തിക ബാദ്ധ്യതയിലൂടെ തകരുകയാണ് ചെയ്യുന്നത്. നിരവധി കലാകായിക പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിനും വളർത്തി എടുക്കുന്നതിനും ക്ലബ്ബുകൾക്ക് കഴിഞ്ഞിട്ടുണ്ട്. 1956-ൽ ജെ. എ.എസ്.സി എന്ന പേരിൽ രൂപം കൊണ്ട ക്ലബ്ബ് 1975 -ൽ സി.ബി.എം. ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബായി മാറി. അവിടനല്ലൂരിൻെറ സാമൂഹ്യ സാംസ്കാരിക മേഖലകളിൽ നിറഞ്ഞുനിന്നിരുന്ന ഒരു കലാസമിതി ആയിരുന്നു ഇത്. 1975 മുതൽ ഒരു ദശവർഷക്കാലം സാംസ്കാരിക രംഗത്ത് പഞ്ചായത്തിൽ ഉന്നതമായ പ്രവർത്തനം CBM കാഴ്ചവെച്ചിട്ടുണ്ട്. കേരള സംഗീത നാടക അക്കാദമിയുടെ ഗ്രാൻറു ലഭിച്ചുകൊണ്ടിരുന്ന ക്ലബ്ബായിരുന്നു സി.ബി.എം എന്നു പറയുമ്പോൾ അതിൻെറ പ്രവർത്തനത്തിൻെറ പ്രാധാന്യം നമുക്ക് ബോധ്യപ്പെടും പഞ്ചായത്തിലെ നല്ലൊരു സാമൂഹ്യ പ്രവർത്തകനായിരുന്ന പരേതനായ സി. ഭാസ്കരൻ മാസ്റ്ററുടെ നാമധേയത്തിലാണ് ഈ ക്ലബ്ബ് പ്രവർത്തിക്കുന്നത്.

കോട്ടൂർ പഞ്ചായത്തിലെ സാമൂഹ്യ, കലാകായിക സാംസ്കാരിക രംഗങ്ങളിൽ ശ്രദ്ധേയമായ പ്രവർത്തനം കാഴ്ചവെച്ച ക്ലബ്ബാണ് ''നിരഞ്ജന'' തൃക്കുറ്റിശ്ശേരി. അംഗങ്ങളുടെ പരിശ്രമം കൊണ്ട് സ്വന്തമായ ഒരു സ്ഥലം ഉണ്ടാക്കുവാൻ ക്ലബ്ബിന് കഴിഞ്ഞിട്ടുണ്ട്. കോട്ടൂർ പഞ്ചായത്ത് കേൻസർ വിമുക്തപഞ്ചായത്താക്കാനുള്ള ശ്രമത്തിൻെറ ഭാഗമായി പഞ്ചായത്ത് സംക്ഷരതാസമിതിയുടെ സഹായത്തോടെ വിപുലമായ സർവ്വേ നടത്തുവാനും ഒരു കേമ്പ് സംഘടിപ്പിക്കുവാനും ക്ലബ്ബിന് കഴിഞ്ഞിട്ടുണ്ട്. സാമൂഹിക രംഗത്തെ തിന്മകൾക്കെതിരെ ശക്തമായി പ്രവർത്തിക്കുന്ന ഒരു സാംസ്കാരിക വേദിയാണ് ''സൂസൂസ്'' മൂലാട്. പണംവെച്ച് ചീട്ടുകളിക്കെതിരെ ഇവർ രംഗത്തുവന്നത് ജനശ്രദ്ധ ആകർഷിച്ചിട്ടുണ്ട്. സാഹിത്യസാംസ്കാരിക രംഗങ്ങളിൽ സജീവമായ പ്രവർത്തനം കാഴ്ചവെയ്ക്കുന്ന കൂട്ടാലിടയിലെ മറ്റൊരു ക്ലബ്ബാണ് 'സർഗചിത്ര'. കൈയെഴുത്തുമാസിക പ്രസിദ്ധീകരിച്ചും സാംസ്കാരിക പ്രഭാഷണങ്ങൾ സംഘടിപ്പിച്ചും സർഗചിത്ര ജനമനസ്സുകളിൽ സ്ഥിരപ്രതിഷ്ഠ നേടുകയാണ്. സാംസ്കാരിക രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച് പ്രവർത്തനം തുടരുന്ന മറ്റൊരു സമിതിയാണ് അക്ഷയ കലാസാംസ്കാരിക കായികവേദി വാകയാട്. രക്തപരിശോധന നേത്രപരിശോധന തുടങ്ങിയ ക്യാമ്പുകളും നിറമാർന്ന പരിപാടികളോടെ വാർഷികങ്ങൾ നടത്തിയും കായികപ്രതിഭകളെ കണ്ടെത്താൻ ശ്രമങ്ങൾ നടത്തിയും അക്ഷയ അതിൻെറ പ്രവർത്തനങ്ങൾ മുമ്പോട്ടു കൊണ്ടുപോകുന്നു. സ്വന്തമായ കെട്ടിടമുള്ള വിക്ടറി ആർട്സ് ആൻഡ് സ്പോർട്സ് പൂനത്ത്, നല്ല നിലയിൽ പ്രവർത്തിക്കുന്നു.

ഉദയകലാസമിതി, മൂലാട്; കലാലയ, തിരുവോട്; റെയിൻബോ, തിരുവോട്; ചിത്തിര, വാകയാട്; ഫിനിക്സ്, വാകയാട്; സൂര്യകലാകായികവേദി, പാവുക്കണ്ടി; രശ്മി, ആമയാട്ടുവയൽ; ഉദയം, കുന്നുമ്മൽ പൊയിൽ; ഹിൽസ്റ്റാർ, പാത്തിപ്പാറ എന്നിവയും പഞ്ചായത്തിൻെറ സാംസ്കാരികരംഗങ്ങളിൽ കാര്യമായ സംഭാവനകൾ നൽകിയ കലാസമിതികളാണ്. ഓണാഘോഷങ്ങൾ സംഘടിപ്പിക്കുക, വാർഷികങ്ങൾ നടത്തുക, സാമൂഹ്യപ്രവർത്തനങ്ങൾ സംഘടിപ്പിക്കുക ഇവയെല്ലാം ഈ കലാസമിതികളുടെ പ്രവർത്തനങ്ങളിൽ ചിലതു മാത്രമാണ്.

വോളീബോൾ രംഗത്ത് നല്ലൊരു പാരമ്പര്യം നമ്മൾ നിലനിർത്തിയിരുന്നു. കേരളത്തിലെ പ്രഗത്ഭ ടീമുകളെ പങ്കെടുപ്പിച്ചുകൊണ്ട് ധാരാളം വോളീബോൾ ടൂർണ്ണമെൻറുകൾ ഇവിടെ നടക്കറുണ്ടായിരുന്നു. കായിക രംഗത്ത് കോട്ടൂർ പഞ്ചായത്തിൻെറ യശ്ശസ്സ് ഉയർത്തിപ്പിടിച്ച ക്ലബ്കളാണ് ഫാൽക്കൺസ്, തീരുവോട്, യുവജനകോട്ടൂർ ബ്രദേഴ്സ്, മൂലാട്, ബ്രദേഴ്സ്, വാകയാട്, ജെ. എ.എസ്.സി, അവിടനല്ലൂർ എന്നിവ. ഇന്ത്യൻ എയർഫോഴ്സിന് വേണ്ടി കളിച്ച പി.കെ. നമ്പൂതിരി,

നമ്മുടെ പഞ്ചായത്തിന് ആദ്യകാല വോളിബോൾ താരമാണ് വോളിബോൾ രംഗത്തെ നാഷനൽ കോച്ചും പ്രസസ്തനായ കളിക്കാരനും ദേശീയ അദ്ധ്യാപക അവാർഡ് ജേതാവും ആയ ഇ. അച്ചുതൻ മാസ്റ്ററും സ്പോർട്ട്സ് രംഗത്ത് ഈ നാടിൻെറ സംഭാവനയാണ്

1995ലെ സംസ്ഥാന ജൂനിയർ യൂത്ത് വോളീബോൾ ടീമിലെ അംഗമായ എ. ഇസ്മയിൽ, സ്റ്റേറ്റ് സ്കൂൾ ടീമിലെ അംഗവും ഇപ്പോൾ ആന്ധ്രയിൽ കളിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന സി. കെ. രതീഷ്, ജില്ലാ സബ് ജൂനിയർ താരമായ എൻ. കെ. റഷീദ്, എന്നിവർ ബ്രദേഴ്സ് മുലാടിൻെറ സംഭാവനയാണ്. പഞ്ചായത്തിൽ സ്വന്തമായ കളിസ്ഥലമുള്ള ഒരു ക്ലബ്ബാണ്. ജില്ലാതല ടൂർണമെൻറുകൾ ഇവർ നടത്തി വരുന്നുണ്ട്.

സ്റ്റേറ്റ് വനിതാ വോളീബോൾ താരമായിരുന്ന പി.എൻ. പ്രസീത, സ്റ്റേറ്റ് യൂത്ത് വോളീബോൾ താരമായ മുജീർ എന്നിവർ യുവജന കോട്ടൂരിലൂടെ വളർന്നവന്നരാണ്.

ഫുട്ബോൾ രംഗത്ത് എടുത്തു പറയത്തക്ക പ്രവർത്തനം കാഴ്ചവെച്ച ഏകക്ലബ്ബാണ് മലബാറിലെ പ്രഗത്ഭ ടീമുകളിൽ ഒന്നായ ഫാൽക്കൺസ് തിരുവോട്. മുൻവർഷങ്ങളിൽ കേരളോത്സവങ്ങളിൽ മൂന്നു തവണ സംസ്ഥാനതലമത്സരങ്ങളിൽ കളിക്കാൻ യോഗ്യത നേടിയ ജില്ലയിലെ ഏക ടീമാണ് ഫാൽക്കൺസ് തിരുവോട്. വർഷം തോറും ഫുട്ബോൾ മേളകളും കോച്ചിംഗ് ക്യാമ്പുകളും നടത്തി വരുന്ന ക്ലബ്ബാണ് ഫാൽക്കൺസ്. ഒളിംപ്യൻ റഹ്മാൻ, പ്രേംനാഥ് ഫിലിപ്പ് മുൻ ഇന്ത്യൻ താരമായ അബ്ദുൾ മജീദ് എന്നിവർ ഈ ക്യാമ്പുകളിൽ പരിശീലകരായി പങ്കെടുത്തിട്ടുണ്ട്. KDFA അഫിലിയേഷനുള്ള പഞ്ചായത്തിലെ ഏക ക്ലബ് ഫാൽക്കൺസാണ്. ജില്ലാതലത്തിൽ കളിച്ചുകൊണ്ടിരിക്കുന്ന ഇ. സന്തോഷ് ഫാൽക്കൺസിൻെറ സംഭാവനയാണ്.

പഞ്ചായത്തിലെ വോളീബോൾ താരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അവസരമൊരുക്കി കൊടുക്കുന്നതിനും പഞ്ചായത്തിലെ DYFI എന്ന യുവജനപ്രസ്ഥാനത്തിനുള്ള പങ്ക് അവിസ്മരണീയമാണ്. വർഷംതോറും അവർ നടത്തിവരുന്ന വോളീബോൾ ടൂർണമെൻറായ ''DYFI എവർറോളിംഗ് ടൂർണമെൻറ്'' ഏറെ വോളീബോൾ പ്രേമികളെ ആകർഷിക്കുന്നു. പഞ്ചായത്തുതലത്തിൽ ഏറെ ശ്രദ്ധേയമായ മറ്റൊരു ടൂർണമെൻറാണ് ''പ്രിയദർശിനി എവർ റോളിംഗ് ടൂർണമെൻറ്'' ഈ രണ്ടു ടൂർണമെൻറുകളും പഞ്ചായത്തിൽ വോളീബോൾ പ്രതിഭകളെ കണ്ടെത്തുന്നതിൽ കാര്യമായ പങ്കു വഹിക്കുന്നുണ്ട്.

കഴിഞ്ഞ പത്തു വർഷമായി കോട്ടൂർ പഞ്ചായത്തിൽ നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്ന ഒരു സന്നദ്ധ സംഘമാണ് പുനത്ത് റിലീഫ് കമ്മിറ്റി. വർഷംതോറും മെഡിക്കൽ ക്യാമ്പ്, ബോധവൽക്കരണ ക്യാമ്പുകൾ, നിത്യരോഗികൾക്ക് ചികിത്സാസഹായം ദരിദ്രവിഭാഗങ്ങൾക്ക് ആടുകളെ നൽകൽ, വീടുകെട്ടി മേയാൻ സഹായം, ദന്തരോഗപരിശോധനാക്യാമ്പ്, നിയമബോധവൽക്കരണ ക്യാമ്പ്, രക്തഗ്രൂപ്പ് നിർണയക്യാമ്പ്. പട്ടികജാതി - പിന്നോക്കവിദ്യാർത്ഥികൾക്ക് പാഠപുസ്തക വിതരണം തുടങ്ങിയ ഒട്ടേറെ സേവനപ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ഇതേ സംഘത്തിൻെറ കീഴിൽ തന്നെ ഒരു ടൈലറിംഗ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിച്ചുവരുന്നുണ്ട്.

കോട്ടൂർ പഞ്ചായത്തിലെ എല്ലാ പ്രദേശത്തും മദ്യവിരുദ്ധ ജനകായസമീതികൾ പ്രവർത്തിക്കുന്നുണ്ട്. അവരുടെ പ്രവർത്തനത്തിൻെറ സദ്ഫലങ്ങൾ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു. മുൻകാലങ്ങളിലേതുപോലെ മദ്യപൻമാരുടെ ശല്യം സമൂഹത്തിൽ അത്ര ഗുരുതരമല്ല. മദ്യവിരുദ്ധ ജനകീയ സമിതിയുടെ പ്രവർത്തനം ഏറ്റവും ശക്തമായ തോതിൽ നടന്നുവരുന്നത് 8-ാം വാർഡിലെ കുന്നിക്കുടത്തിലും 10-ാം വാർഡിലെ പാത്തിപ്പാറയിലുമാണ്.

ഉപഭോക്തൃസംസ്കാരത്തിൻെറ സ്വാധീനം വളരെയധികമുള്ള ഈ പഞ്ചായത്തിൽ ശക്തമായി പ്രവർത്തിക്കുന്ന ഒരു ഉപഭോക്തൃ സംരക്ഷണസമിതിയുണ്ട്. സങ്കീർണമായ നിയമക്കുടുക്കുകളിൽ നിന്ന് ഉപഭോക്താക്കൾക്ക് ആശ്വാസം നൽകുന്നതിനും വ്യാപാരികളുടെ ചൂഷണത്തിൽനിന്നും പഞ്ചായത്തിലെ ജനതയെ സംരക്ഷിക്കുന്നതിനും ഇതിൻെറ പ്രവർത്തനം കൊണ്ട് കഴിയുന്നുണ്ട്.

ഉത്തരമലബാറിൻെറ തനതായ സാംസ്കാരിക പ്രത്യേകതയാണ് പണം പയറ്റ് ഏറ്റവും ശക്തമായ നിലയിൽ നിലനിൽക്കുന്ന ഒരു പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്. സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന ജനങ്ങൾ പരസ്പരസഹായത്തിനു വേണ്ടി കണ്ടെത്തിയ ഒരു മാർഗ്ഗമാകണം അത്. അതുകൊണ്ടു തന്നെ വിവാഹം, വീടുവെക്കൽ, ഭൂമിവാങ്ങൽ തുടങ്ങിയ ഏതു കാര്യങ്ങൾക്കു മുമ്പിലും പണം പയറ്റിനു സ്ഥാനമുണ്ട്.

മുൻകാലങ്ങളെ അപേക്ഷിച്ച് പഞ്ചായത്തിലെ സാമൂഹ്യസാംസ്കാരിക കലാകായികരംഗങ്ങളിൽ സ്ത്രീകളും ഇന്ന് കാര്യമായ പങ്കുവഹിക്കുന്നുണ്ട്. അദ്ധ്യാപന രംഗത്ത് പുരുഷന്മാർക്കൊപ്പംതന്നെ സ്ത്രീകളും രംഗത്തുണ്ട്. കുടുംബാന്തരീക്ഷത്തിൽ പുരു

ഷന്മാർക്ക് തുല്യമായ സ്ഥാനം സ്ത്രീകൾക്കും ലഭിക്കുന്നുണ്ട്. വിദ്യാഭ്യാസരംഗത്തും സ്ത്രീകൾ പിന്നിലല്ല. സ്ത്രീകൾക്കെതിരെ വ്യാപകമായ അതിക്രമങ്ങൾ നടക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ പ്രദേശത്ത് അവർ കൂടുതൽ സുരക്ഷിതത്വം അനുഭവിക്കുന്നു.

വൈദ്യുതി എത്താത്ത മേഖലകളിലൊഴികെ മറ്റു മേഖലകളിൽ ഇലക്ട്രോണിക് മാദ്ധ്യമങ്ങളുടെ സ്വാധീനം വർദ്ധിച്ചുവരുന്നുണ്ട്. ഇവ നമ്മുടെ സാംസ്കാരികരംഗത്ത് ചെലുത്തുന്ന സ്വാധീനം ചിലലറയല്ല. നല്ലതു സ്വീകരിച്ച് തീയതിനെ ഒഴിവാക്കുന്ന ഒരു സമീപനം രക്ഷിതാക്കളിൽ നിന്നും ഉണ്ടാവുന്നില്ലെങ്കിൽ നമ്മുടെ ഭാവി തലമുറ വഴി തെറ്റാനുള്ള സാദ്ധ്യത ഏറെയാണ്. യുവജനങ്ങളിൽ ഏറെ സ്വാധീനം ചെലുത്തുന്ന മാധ്യമമാണ് സിനിമ. കോട്ടൂർ പഞ്ചായത്ത് ആസ്ഥാനമായ കുട്ടിലിടയിലാണ് ഈ പഞ്ചായത്തിലെ ഏക സിനിമാശാല സ്ഥിതി ചെയ്യുന്നത്.

പഞ്ചായത്ത് ആസ്ഥാനമായ കുട്ടാലിടയിൽ പ്രവർത്തിക്കുന്ന പാരലൽ കോളേജുകളായ ബോധിയും പ്രതിഭയും ഈ പ്രദേശത്തിന്റെ സാംസ്കാരിക മണ്ഡലത്തിൽ ഗണ്യമായ സ്വാധീനം ചെലുത്തുന്നുണ്ട്. അവർ നടത്തുന്ന വാർഷികാഘോഷങ്ങളും മറ്റു സാമൂഹ്യ സാംസ്കാരിക പ്രവർത്തനങ്ങളും യുവതലമുറയിൽ പുരോഗമനപരമായ മാറ്റങ്ങൾക്ക് പ്രചോദനം നൽകുന്നുണ്ട്. കഴിഞ്ഞ ഇരുപതുവർഷമായി നരയംകുളത്ത് പ്രവർത്തിച്ചുവരുന്ന ജവഹർ ബാലജനസഖ്യം വർഷം തോറും കലോത്സവങ്ങൾ സംഘടിപ്പിക്കാറുണ്ട്. ബാലസംഘം എന്ന സംഘടനയും കലാരംഗത്ത് പ്രവർത്തനങ്ങൾ സംഘടിപ്പിക്കാറുണ്ട്.

പ്രശ്നങ്ങൾ

കോട്ടൂർ പഞ്ചായത്തിൽ കലാസാംസ്കാരിക കായികമണ്ഡലം നേരിടുന്ന പ്രശ്നങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം.

1. വായനശാലകൾക്ക് പരിമിതമായ സ്ഥലസൗകര്യങ്ങളേ ഉള്ളു.
2. വായനശാലകളിൽ വേണ്ടത്ര പുസ്തകങ്ങൾ, ആനുകാലികങ്ങൾ എന്നിവ ലഭ്യമല്ല.
3. യുവാക്കളിൽ വായനാശീലം കുറവും, ഉള്ളവരിലാകട്ടെ കൂടുതലും നിലവാരം കുറഞ്ഞ പുസ്തകങ്ങൾ വായിക്കുന്നവരുമാണ്.
4. സ്ത്രീകൾക്ക് വായനശാലകൾ വേണ്ട വിധത്തിൽ ഉപയോഗിക്കാൻ കഴിയുന്നില്ല.
5. യുവാക്കളിൽ പ്രതികരണശേഷി കുറഞ്ഞുവരുന്നു.
6. ക്ലബ്ബുകൾക്ക് കലാ-കായികരംഗങ്ങളിൽ വേണ്ടത്ര എടുത്തു പറയത്തക്ക പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കാൻ കഴിയുന്നില്ല.
7. സ്വയം വരുത്തിവെക്കുന്ന സാമ്പത്തിക ബാധ്യതകൾ കാരണം ക്ലബ്ബുകൾക്ക് ആരംഭകാലത്തെ പ്രവർത്തനങ്ങൾ നിലനിർത്താൻ കഴിയുന്നില്ല.
8. പ്രാചീനകലാരൂപങ്ങൾ അന്യം നിന്നുപോകുന്നു.
9. വിവാഹരംഗത്തെ ആർഭാടവും ഭവനനിർമ്മാണരംഗത്തെ ആർഭാടവും വർദ്ധിച്ചുവരുന്നു.
10. വിവാഹവീടുകളിലെ മദ്യവിതരണവും ചീട്ടുകളിയും വർദ്ധിച്ചുവരുന്നു.
11. അശ്ലീല പോസ്റ്ററുകൾ പൊതുസ്ഥലത്ത് പ്രദർശിപ്പിക്കുന്നു.
12. വൃദ്ധന്മാരോടുള്ള അവഗണന നിലനില്ക്കുന്നു.
13. സ്കൂളുകളിലെ കായിക പരിശീലനം അശാസ്ത്രീയവും അപര്യാപ്തവുമാണ്.
14. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കായിക പ്രതിഭകൾക്ക് വളരാൻ അവസരം ലഭിക്കുന്നില്ല.
15. കായികപരിശീലനത്തിന് പറ്റിയ കളിസ്ഥലങ്ങളില്ല.
16. വിദ്യാർത്ഥികൾക്ക് ചെറുപ്പത്തിലേ സുകുമാരകലകളിൽ പരിശീലനമോ പ്രോത്സാഹനമോ നൽകാൻ വിദ്യാലയങ്ങളിൽ സംവിധാനമില്ല.

നിർദ്ദേശങ്ങൾ

1. വായനശാലകൾ ഇല്ലാത്ത വാർഡുകളിൽ വായനശാലകൾ സ്ഥാപിക്കേണ്ടതാണ്.
2. വായനശാലകൾ ആധുനികവൽക്കരിക്കേണ്ടതാണ്.
3. പഞ്ചായത്തിന്റെ ആസ്ഥാനമായ കുട്ടാലിടയിൽ പ്രവർത്തിക്കുന്ന വായനശാല മുഴുവൻ സമയവും തുറന്നു പ്രവർത്തിപ്പിക്കുകയും റഫറൻസ് ലൈബ്രറിയായി ഉയർത്തുകയും ചെയ്യുക.
4. പഞ്ചായത്ത് വായനശാല വൈദ്യുതീകരിക്കുകയും വായനക്ക് തടസമുണ്ടാവാത്ത രീതിയൽ ടി.വി. പ്രവർത്തിപ്പിക്കുകയും ചെയ്യുക.
5. തൃക്കുറിശ്ശേരി നരയംകുളം വായന ശാലകളുടെ കെട്ടിടം പുതിക്കിപ്പണിയുക.
6. കോട്ടൂർ യുവജനശാല പഞ്ചായത്ത് ഏറ്റെടുത്ത് കാര്യക്ഷമമാക്കുക.
7. സ്ത്രീകളുടെ വായനാശീലം വളർത്താൻ വായനാശാലകളിൽ വനിതാ കോർണർ സ്ഥാപിക്കുകയും ക്ലബ്ബുകൾ അംഗനവാടികൾ എന്നിവയുടെ സഹായത്തോടെ പുസ്തകങ്ങൾ വീടുകളിൽ വിതരണം നടത്തുക.

8. ക്ലബ്ബുകൾക്ക് പുസ്തകങ്ങൾ, പത്രങ്ങൾ, ആനുകാലികളങ്ങൾ ഇവ വാങ്ങുന്നതിന് സഹായം ലഭ്യമാക്കുക.

9. അനൗപചാരികവിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്ന നിലയിൽ ക്ലബ്ബുകളെ വളർത്തിക്കൊണ്ടുവരിക.

10. വായനശാലകളോടനുബന്ധിച്ചുള്ള ജനവിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനം ഊർജിതപ്പെടുത്തുക. സാക്ഷരതാ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുക.

11. കോട്ടൂർ പഞ്ചായത്ത് വായനശാല, കുന്നുമ്മൽ പൊയിൽ സാംസ്കാരികനിലയം ഇവിടങ്ങളിൽ പ്രവർത്തിക്കുന്ന വായനശാലകളിൽ സ്ഥിരം ലൈബ്രേറിയനെ നിയമിക്കുക.

12. എൻ.എൻ. കക്കാടിന് ഉചിതമായ സ്മാരകം നിർമ്മിക്കുക.

13. സാംസ്കാരികനിലയങ്ങൾ ഇല്ലാത്ത വാർഡുകളിൽ സാംസ്കാരിക നിലയം പണിയുക.

14. കുട്ടികൾക്കു വേണ്ടി കലാസാഹിത്യരചനാ പരിശീലനക്കളരികൾ സംഘടിപ്പിക്കുക.

15. നാടൻ കലാരൂപങ്ങൾ പുനഃരുജ്ജീവിപ്പിക്കാനും വളർത്തിയെടുക്കാനുമുള്ള കേന്ദ്രങ്ങൾ സംഘടിപ്പിക്കുക.

16. മാതൃകാപരമായ സാംസ്കാരിക പ്രവർത്തനം നടത്തുന്ന ക്ലബ്ബുകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.

17. വീടു നിർമ്മാണത്തിലും വിവാഹത്തിലുമുള്ള ആർഭാടങ്ങൾക്കെതിരെ ക്ലബ്ബുകളെ ഉപയോഗപ്പെടുത്തി ബോധവൽക്കരണം നടത്തുക.

18. വിവാഹ വീടുകളിലെ ചീട്ടുകളിക്കും മദ്യപാനത്തിനുമെതിര ക്ലബ്ബുകളുടെ സഹായത്തോടെ പഞ്ചായത്തിനെ ലഹരി വിരുദ്ധ പ്രദേശമാക്കി മാറ്റുക.

19. കായിക പ്രതിഭകളെ ചെറുപ്പത്തിലേ കണ്ടെത്തി പരിശീലനം നൽകുക.

20. ഒൻപതാം വാർഡിലെ മിച്ചഭൂമി ഏറ്റെടുത്ത് കളിസ്ഥലമുണ്ടാക്കുക.

21. മൂലാട് ബ്രദേഴ്സ് ക്ലബ്ബ് ഗ്രൗണ്ടിനോടനുബന്ധിച്ചുള്ള മുന്നേക്രയോളം വരുന്ന പുറമ്പോക്ക് സ്ഥലം ഏറ്റെടുത്ത് മിനിസ്റ്റേഡിയം നിർമ്മിക്കുക.

22. ആറാം വാർഡിൽ വാകയാട് കോട്ടക്കു സമീപം ഒരു മിനിസ്റ്റേഡിയം നിർമ്മിക്കുക.

23. നാലാം വാർഡിലെ പഞ്ചായത്ത് മിനി സ്റ്റേഡിയം വികസിപ്പിക്കുകയും സ്റ്റേഡിയത്തിലേക്ക് പൊതുവഴി നിർമ്മിക്കുകയും ചെയ്യുക.

24. അവിടനല്ലൂർ ഹൈസ്കൂളിനോടനുബന്ധിച്ച് കളിസ്ഥലം നിർമ്മിക്കുക.

25. നടുവണ്ണൂർ ഹൈസ്കൂൾ, വാകയാടിനുള്ള വിശാലമായ ഗ്രൗണ്ടിൽ ക്രിക്കറ്റുൾപ്പെടെ എല്ലാ വിധ കളികളും പരിശീലിക്കുന്നതിനു അനുവാദം നൽകുക.

26. വൃദ്ധരോടുള്ള അവഗണനാപരമായ സമീപനത്തിനെതിരേ വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള യുവജനങ്ങളിൽ ബോധവൽക്കരണം നടത്തുക.

27. പഞ്ചായത്ത് യുവജനോത്സവങ്ങൾ കാര്യക്ഷമമാക്കിയാൽ കലാകായികരംഗങ്ങളിൽ മുന്നേറ്റമുണ്ടാക്കാൻ കഴിയും.

നിമിഷംതോറും സ്ഫോടനാത്മകമായ പുരോഗതിയിലേക്ക് ശാസ്ത്ര സാങ്കേതിക രംഗം കുതിച്ചുകൊണ്ടിരിക്കുമ്പോൾ അവയുടെ നോട്ടങ്ങളിൽ ചെറിയ ഒരു അംശമെങ്കിലും ലഭ്യമാകുന്ന നമ്മുടെ ഗ്രാമവും അതിനോടനുബന്ധമായ സകലമാന ദോഷങ്ങൾക്കും പാത്രമാവുമെന്നത് സത്യമാണ്. നമ്മുടെ മുൻതലമുറ സാമൂഹ്യസാംസ്കാരിക പ്രശ്നങ്ങളിൽ ശക്തമായി ഇടപെടുകയും സാമൂഹ്യബന്ധങ്ങൾ ഊട്ടിയുറപ്പിക്കുന്നതിന് ശ്രമിക്കുകയും ചെയ്തപ്പോൾ യുവതലമുറയിൽ ഒരു വലിയ വിഭാഗം സാമൂഹ്യപ്രവർത്തനങ്ങളിലൊന്നും ഏർപ്പെടാതെ സങ്കുചിതമായ സ്വാർത്ഥത്തിലേക്ക് ഒതുങ്ങിക്കൂടുകയും മനസ്സിന്റെ ഇടനാഴികകളിൽ ഇരുട്ട് നിറച്ച് സാമൂഹ്യതിന്മകളുടെ ആവാസഭൂമിയാക്കി മനസ്സിനെ മാറ്റിയെടുക്കുകയും അതുവഴി പ്രതിലോമശക്തികളുടെ കൈകളിൽ ആയുധമാവുകയും ചെയ്യുന്ന അവസ്ഥ ദയനീയമാണ്.

നിത്യനൂതനങ്ങളായ വാർത്താമാദ്ധ്യമങ്ങളുമായി കമ്പോളശക്തികൾ നമ്മുടെ സാംസ്കാരിക രംഗത്തേക്ക് കടന്നുകയറുകയും ഭാവി തലമുറയിൽ ഏറ്റവും വലിയ സാംസ്കാരിക മൂല്യച്യുതി നടത്തുകയും ചെയ്യും എന്ന ഭീഷണി നിലനിൽക്കുമ്പോൾ അതിനെതിരെ ശക്തമായ പ്രതിരോധ നിര സൃഷ്ടിക്കാൻ ഈ പഞ്ചായത്തിലെ കലാസാംസ്കാരിക സ്ഥാപനങ്ങൾ മുൻകൈ എടുക്കുകയും ഒരുമയുടെ കരുത്തിലേക്ക് ജനതയെ നയിച്ച് നമ്മുടേതായ സംസ്കാരം കാത്തു സൂക്ഷിച്ചുകൊണ്ട് ഇരുപത്തി ഒന്നാം നൂറ്റാണ്ടിലേക്ക് കടക്കുവാൻ നമ്മളെ കരുത്തുള്ളവരാക്കുകയും ചെയ്യുമെന്ന് നമുക്ക് പ്രത്യാശിക്കാം.....

ആനുകാലികപ്രസിദ്ധീകരണങ്ങളുടെ കണക്ക്

മനോരമ	ദിനപത്രം	295
	ആഴ്ചപ്പതിപ്പ്	560
	ദി വീക്ക്	5
	വനിത	30
	ബാലരമ	180
	കളിക്കുടുക്ക	25
	ഭാഷാപോഷിണി	5
	കർഷകശ്രീ	15
	വിജയവീഥി	10
മാതൃഭൂമി	ദിനപത്രം	420
	ആഴ്ചപ്പതിപ്പ്	75
	ഗൃഹലക്ഷ്മി	30
	ബാലഭൂമി	50
	ചിത്രഭൂമി	50
	വിദ്യാരംഗം	12
	തൊഴിൽവാർത്ത	50
ദേശാഭിമാനി	ദിനപത്രം	75
	ആഴ്ചപ്പതിപ്പ്	50

ചന്ദ്രിക	ദിനപത്രം	50
	ആഴ്ചപ്പതിപ്പ്	100
	മഹിളാചന്ദ്രിക	100
	ബാലചന്ദ്രിക	100
	കേരളകൗമുദി ദിനപത്രം	60
	വീക്ഷണം	60
	ദീപിക	60
	രാഷ്ട്രദീപിക	100
	മാധ്യമം	30
	ഇന്ത്യൻ എക്സ്പ്രസ്	25
	ജന്മഭൂമി ദിനപത്രം	25
	കലാകൗമുദി ആഴ്ചപ്പതിപ്പ്	50
	ചിന്ത ആഴ്ചപ്പതിപ്പ്	45
	ഇന്ത്യ ടുഡേ	25
	മംഗളം	120
	യുറീക്ക മാസിക	40
	ശാസ്ത്രകേരളം	10
	ശാസ്ത്രഗതി	6
	കേസരി	30

IV-11

ക്രമ നമ്പർ	പേരും വിലാസവും	വാർഡ്	ആർട്സ്	സ്പോർട്സ്	ആർട്സ് &സ്പോർട്സ്	ഏത് സ്ഥാപനത്തോ അഫിലിയേറ്റ് ചെയ്തിരിക്കുന്നു	പ്രവർത്തനത്തിന്റെ ലഘുവിവരങ്ങൾ
1	സൂസൂസ് കലാസാംസ്കാരിക വേദി മൂലാട്	I			●		വിവാഹവീടുകളിലെ പണംവെച്ചുള്ള ശീട്ടുകളിയും മദ്യപാനവും നിർത്തുവാനുള്ള ബോധവൽക്കരണം. കലാകായിക രംഗങ്ങളിൽ പ്രവർത്തനം, വികസനപ്രവർത്തനങ്ങളിൽ പങ്കെടുക്കൽ
2	ഉദയകലാസമിതി - മൂലാട്	I	●			NYK	വികസനപ്രവർത്തനങ്ങൾ നടത്താറുണ്ട്
3	റെഡ് യംഗ്സ് - മൂലാട്	I	●				
4	ബ്രേദേഴ്സ് - മൂലാട്	I		●			വോളിബോൾ ടൂർണമെൻറ് നടത്താറുണ്ട്. മികച്ച വോളീബോൾ ടീമാണ്
5	സംസ്കൃതി സാംസ്കാരിക വേദി - പെരവച്ചേരി	II	●				മദ്യം, മയക്കുമരുന്നു മുതലായവയ്ക്കെതി പ്രവർത്തിക്കാറുണ്ട്
6	ശാസ്ത്രകലാവേദി - കോട്ടൂർ	II	●				കലാപരിപാടികളിൽ പങ്കെടുക്കാറുണ്ട്
7	ചേതന - കോട്ടൂർ	II	●				
8	യുവജന സ്പോർട്സ് ക്ലബ് - കോട്ടൂർ	II		●			വോളീബോൾ രംഗത്ത് മികച്ചുനിൽക്കുന്നു. അഫിലിയേഷൻ കിട്ടിയിട്ടുണ്ട്.
9	കൂത്തരങ്ങ് - കോട്ടൂർ	II	●				കലാപരിപാടകളിൽ പങ്കെടുക്കാറുണ്ട്
10	കലാലയ - തിരുവോട്	III			●		കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നു. സാമൂഹ്യവികസനപ്രവവർത്തനങ്ങളിൽ പങ്കെടുക്കാറുണ്ട്

ക്രമ നമ്പർ	ഗ്രന്ഥശാലയുടെ പേര്	ഗ്രേഡ്	സ്ഥാപിച്ച വർഷം	അംഗങ്ങളുടെ എണ്ണം			ഗ്രന്ഥങ്ങളുടെ എണ്ണം ഇനം തിരിച്ച്									ആനുകാലികങ്ങൾ				
				സ്ത്രീ	പു	ആകെ	നോവൽ	കഥ കവിതാ	നാടകം	കവിത	ആത്മ കഥ	ജീവ ചരിത്രം	പ്രബന്ധങ്ങൾ ലേഖനങ്ങൾ	ബാല	ആകെ	ദിനപത്രം	വാരിക	മാസിക	ആകെ	പ്രത്യേകം വിതരണം
1	കോട്ടൂർ ഗ്രാമപഞ്ചായത്ത് വായനശാല, കൂട്ടാലിട		1969			104									2043					
2	ജ്ഞാനേയ വായനശാല, മൂലാട്	C	1665	21	231	252	1996	277	262	277	1019	3551				5	12	5	22	35
3	ദേശീയ വായനശാല, വാകയാട്	C	1954	6	172	178									2488				6	25
4	ദേശീയ വായനശാല, തൃക്കുറ്റിശ്ശേരി	C	1952	114	564	678	411	244	154	262			770	144	1985	3	6		9	
5	ഗ്രാമീണ വായനശാല, നരയംകുളം	F	1981	60	85	145	865	70	54	165		30	65	522	1801	2	2	1	5	25
6	സാംസ്കാരിക നിലയം																			
	കുന്നുമ്മൽ പൊയിൽ		1994	9	119	128	291	118	55	95	40	29	203	105	1093	4			4	10
7	ഗ്രാമോദയ വായനശാല,																			
	കുന്നരംവള്ളി	പ്രവർത്തിക്കുന്നില്ല																		
8	ശാസ്താ വായനശാല, കോട്ടൂർ	പ്രവർത്തിക്കുന്നില്ല																		
9	ബാണിബാൾ വായനശാല, തിരുവോട്	പ്രവർത്തിക്കുന്നില്ല.																		
10	യുവജനവായനശാല കോട്ടൂർ	പ്രവർത്തിക്കുന്നില്ല																		

11	മാനവ - തിരുവോട്	III			•		
12	റെയിൻബോ - തിരുവോട്	III			•		കലാകായികരംഗം, വികസനപ്രവർത്തനങ്ങൾ, സ്വാതന്ത്ര്യദിനാഘോഷം
13	ബ്രദേഴ്സ് - പാലോളി	IV		•			ഫുട് ബോൾ മത്സരങ്ങളിൽ പങ്കെടുക്കാറുണ്ട്
14	അക്ഷയ - വാകയാട്	V			•	NYK	കലാകായികമത്സരങ്ങൾ, സാംസ്കാരിക സമ്മേളനങ്ങൾ, ക്വിസ് മത്സരങ്ങൾ, സാമൂഹ്യവികസനപ്രവർത്തനങ്ങൾ
15	തരംഗിണി - വാകയാട്	V	•				കലാപരിപാടികളിൽ പങ്കെടുക്കാറുണ്ട്
16	ബ്രദേഴ്സ് - വാകയാട്	V		•			വോളിബോൾ രംഗത്ത് മികച്ചുനിൽക്കുന്നു. ടൂർണമെൻറ് നടത്താറുണ്ട്. അഫിലിയേഷൻ കിട്ടിയതാണ്
17	സർഗ - വാകയാട്	V	•				
18	ഫാൽക്കൺസ് ആർട്സ് & സ്പോർട്സ് ക്ലബ് -	V			•	KDFA	ഫുട് ബോൾ രംഗത്ത് മികച്ചുനിൽക്കുന്ന ടൂർണമെൻറ് തിരുവോട് നടത്താറുണ്ട്, കോച്ചിംഗ് ക്യാമ്പ് സംഘടിപ്പിക്കാറുണ്ട്, 'അരണി' കൈയെഴുത്തു മാസികയുണ്ട്. കലാകായികമത്സരങ്ങളിൽ പങ്കെടുക്കാറുണ്ട്, സാമൂഹ്യപ്രവർത്തനങ്ങൾ ചെയ്യാറുണ്ട്, ജില്ലയിലെ പ്രമുഖ ഫുട്ബോൾ ടീമാണ്.
19	ശംഖൊലി - വാകയാട്	VI			•	NYK	ചെസ് ടൂർണമെൻറ് നടത്താറുണ്ട്, സാമൂഹ്യവികസനപ്രവർത്തനങ്ങളിൽ പങ്കെടുക്കാറുണ്ട്.
20	സംഘമിത്ര - വാകയാട്	VI			•		വൃകഷത്തൈകൾ വെച്ചുപിടിപ്പിക്കുന്നു, കലാകായികമത്സരങ്ങളിൽ പങ്കെടുക്കുന്നു, വാർഷികം നടത്താറുണ്ട്.
21	ചിത്തിര കലാസാംസ്കാരിക വേദി - വാകയാട്	VI			•	S.S.L.C	ഉന്നതവിജയം നേടിയവർക്ക് പാരിതോഷികം, ഓണാഘോഷം, മദ്യനിരോധനസമിതിയിൽ പ്രവർത്തനം.
22	ഫിനിക്സ് കലാസാംസ്കാരിക വേദി - വാകയാട്	VI	•				രോഗികൾക്ക് ധനസഹായം, SSLC ഉന്നതവിജയികൾക്ക് പാരിതോഷികം ഓണാഘോഷം സ്വാതന്ത്ര്യദിനം, ഗാന്ധിജയന്തി, മറ്റു പുരോഗമനപ്രവർത്തനങ്ങൾ

23	ജോളിബ്രദേഴ്സ് - വാകയാട്	VI			●		
24	നിരഞ്ജന - തൃക്കുറ്റിശ്ശേരി	VII			●	NYK	ക്യാൻസർ സർവെ, കാവുകളുടെ സർവെ, ചെസ്, വോളീബോൾ ടൂർണമെൻറ്, വാർഷികം
25	സൂര്യ കലാകായികവേദി - പാവുകണ്ടി	VII			●		കലാപരിപാടികളിൽ പങ്കെടുക്കാറുണ്ട്. ചാക്യാർകൂത്ത്, തായമ്പക നടത്തിയിട്ടുണ്ട്.
26	രശ്മി - ആമയാട്ടുവയൽ	VII			●		
27	സരിഗ - തൃക്കുറ്റിശ്ശേരി	VII	ഫോറസ്ട്രി			ക്ലബ്	
28	ചിരന്തന - കുന്നുമ്മൽപൊയിൽ	VIII			●		
29	ഉദയം - കുന്നുമ്മൽ പൊയിൽ	VIII			●		
30	നവയുഗ ആർട് - കുന്നുമ്മൽ പൊയിൽ	VIII	●				
31	വിക്ടറി ആർട്സ് & സ്പോർട്സ് ക്ലബ്ബ് പൂനത്ത്	IX			●		കലാകായിക മത്സരങ്ങളിൽ പങ്കെടുക്കാറുണ്ട്
32	C.B.M. ആർട്സ് - കൂട്ടാലിട	X	●				കലാപരിപാടികൾ, വികസനപ്രവർത്തനങ്ങൾ
33	ഹിൽസ്റ്റർ പാത്തിപ്പാറ	X			●		വാർഷികം നടത്താറുണ്ട്, കലാപരിപാടികൾ സംഘടിപ്പിക്കാറുണ്ട്.
34	സർഗചിത്ര - കൂട്ടാലിട	X			●		രക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പ്, ചെസ് ടൂർണമെൻറ് കയ്യെഴുത്തുമാസിക, മറ്റു പുരോഗമനപ്രവർത്തനങ്ങൾ
35	ജനകീയ സ്പോർട്സ് - കൂട്ടാലിട	X		●			

36	കർമ്മാസ് - കൂട്ടാലിട		•				
37	പുലരി ആർട്സ് - നരയംകുളം	XI			•		
38	യാസ - നരയംകുളം	XI			•		രക്തഗ്രൂപ്പ് നിർണയക്യാമ്പ് നടത്തി
39	ശക്തി തൃക്കുറ്റിശ്ശേരി	VII	•				

IV (12) വനിതാക്ഷേമം

സ്വാതന്ത്ര്യം ലഭിച്ച് അര നൂറ്റാണ്ടുണ്ടായിട്ടും ജനസംഖ്യയുടെ പകുതി വരുന്ന സ്ത്രീകൾക്ക് സാമൂഹ്യരാഷ്ട്രീയ സാംസ്കാരിക രംഗങ്ങളിൽ അർഹമായ സ്ഥാനം ലഭിച്ചിട്ടില്ല. തുല്യ ജോലിക്ക് തുല്യവേതനം' എന്ന തത്വം പല മേഖലയിലും പ്രാവർത്തികമായിട്ടില്ല. പുരുഷ മേധാവിത്വം അരക്കിട്ടുറപ്പിക്കുന്ന പരിതഃസ്ഥിതി നിലനില്ക്കുന്നു. പരിമിതമായ തൊഴിൽ മേഖലയിൽ പോലും 20 ശതമാനമേ കോട്ടൂർ ഗ്രാമപഞ്ചായത്തിൽ തൊഴിൽ ചെയ്യാവുന്നവരായുള്ളു. ഇതിനുള്ള കാരണങ്ങൾ പരിശോധിക്കുകയും പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുകയും ചെയ്തുകൊണ്ട് മാത്രമേ വനിതാക്ഷേമം ഉറപ്പുവരുത്തുവാൻ സാധിക്കുകയുള്ളു.

പെൺകുട്ടികളോടുള്ള അവഗണന വീട്ടിൽ തുടങ്ങുന്നു. ആൺകുട്ടികൾക്ക് പ്രത്യേക പരിഗണന ലഭിക്കുന്നത് പെൺകുട്ടികളിൽ അപകർഷബോധം വളർത്തുന്നു. ആൺകുഞ്ഞ് പിറന്നാൽ സന്തോഷവും മറിച്ചു പെൺകുട്ടിയായാൽ അസഹ്യതയും സ്വാഭാവികമായി പ്രകടിപ്പിച്ചുപോകുന്ന അവസ്ഥ നിലനില്ക്കുന്നു. 'അടക്കി പറയുക' 'വേറെ വീട്ടിൽ പൊറുക്കേണ്ടതാണ്' 'ആണുങ്ങളുടെ മുന്നിൽ വർത്തമാനം പറയരുത്' 'ഒറ്റക്ക് നടക്കരുത്' എന്നൊക്കെയാണ് അനുശാസനങ്ങൾ. ഋതുമതിയായാൽ അകത്ത് ദിവസങ്ങൾ ഒറ്റക്ക് കഴിച്ചുകൂട്ടേണ്ട അവസ്ഥ ! വ്രതാനുഷ്ഠാനങ്ങളുള്ള വീട്ടിൽനിന്ന് മാറിത്താമസിക്കേണ്ട സ്ഥിതി! വിവാഹങ്ങൾ പോലും ഒരു കാലത്ത് രാത്രിയിലാണ് നടത്തിയിരുന്നത്, ഒരു അമ്പതു വർഷം മുമ്പുവരെ. അതിന്റെ പേരാകട്ടെ 'പുടമുറി', 'ഒപ്പം പൊറുക്ക' 'സംബന്ധം' എന്നും മറ്റും. മാറുമറയ്ക്കുന്നത് യാത്രചെയ്യുമ്പോൾ മാത്രം ഒരു നേരിയത് ചുമലിലിട്ടുകൊണ്ട്. വിവാഹബന്ധത്തിനാകട്ടെ കുലം, ജാതി, തറവാട് എന്നിവമാത്രം പരിശോധിച്ചാൽ പോര, ജാതകത്തിലെ പൊരുത്തം, ഗൃഹസാമ്യം, ദോഷം എന്നിവ നിഷ്ക്കർഷയോടെ പരിശോധിക്കേണ്ടിയിരുന്നു. ഇതൊക്കെ ഇപ്പോഴും തുടരുകയും ചെയ്യുന്നു

സ്ത്രീകളുടെ ആരോഗ്യം പരിഗണനാവിഷയമായിരുന്നില്ല. എന്നാൽ പ്രസവശുശ്രൂഷ ഇടത്തരക്കാർ പോലും ഭംഗിയായി ആയുർവേദ വിധിപ്രകാരം നിർവ്വഹിച്ചുപോന്നു. ഹരിജൻ സ്ത്രീകളാകട്ടെ പ്രസവത്തിന് ശേഷം ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ ജോലിക്ക് പോകുമായിരുന്നു. കുടുംബാസൂത്രണ സംവിധാനം നടപ്പിലാക്കുന്നതുവരെ 'പടച്ചവൻ തരുന്നത് കൈനീട്ടി വാങ്ങുക' യായിരുന്നു പൊതുവെ സ്ത്രീകൾ.

വിദ്യാഭ്യാസരംഗത്തും ഈ നൂറ്റാണ്ടിന്റെ അറുപതുകളിൽ സ്ത്രീകൾ അവഗണിക്കപ്പെട്ടു. ഈ പഞ്ചായത്തിൽ ഒരു ഹൈസ്കൂൾ 1950-ൽ നിലവിൽ വന്നപ്പോൾ 1954-ലെ ആദ്യ ബാച്ച് എസ്. എസ്. എൽ. സി പരീക്ഷക്കിരുന്നത് മൂന്ന് പെൺകുട്ടികൾ മാത്രം! പിന്നീട് കുറെ വർഷങ്ങളിൽ പത്തിൽ താഴെ മാത്രവും. കാര്യമായ പുരോഗതി ഈ രംഗത്തുണ്ടായത് ചാരിതാർത്ഥ്യജനകമാണ്. വിവാഹിതരാവുന്നത് വരെ വിദ്യാഭ്യാസം എന്ന നയമാണിതിന് പിന്നിലുള്ളതെന്നു കരുതുന്നു.

തൊഴിൽ രംഗത്തും സ്ത്രീകൾ അവഗണിക്കപ്പെടുന്നു. കൂലിയാകട്ടെ പുരുഷന്റേതിന്റെ പകുതിയും. ജോലി ചെയ്യുന്ന സ്ത്രീകൾ വീട്ടിലെ ജോലിയും കൂടി ചെയ്യേണ്ടിവരുമ്പോൾ എട്ട് മണിക്കൂർ ജോലി എന്ന അവകാശം കാറ്റിൽ പറക്കുന്നു. ജോലിയൊന്നുമില്ല എന്ന് പറയുന്ന മിക്ക സ്ത്രീകളും രാവിലെ അഞ്ചു മണി മുതൽ രാത്രി പത്തുമണിവരെ ജോലി ചെയ്യുന്നുവെന്ന് കണക്കുകൾ തെളിയിക്കുന്നു. വീട്ട് ജോലി, ഒരു ജോലിയായി അംഗീകരിക്കപ്പെടുന്നതേയില്ല!

സ്ത്രീധനം വാങ്ങുന്നത് അപമാനമായി കരുതിയിരുന്ന ഒരു കാലം നമുക്കുണ്ടായിരുന്നു. (ഭൂരിപക്ഷമതത്തിൽ) ഇന്നത് അഭിമാനത്തിന്റെ പ്രശ്നമായി മാറുകയാണ്. വിചിത്രമായ ഒരു പുരോഗതി! സ്വർണ്ണമായും, പണമായും, ജോലിയായും, വിസയായും, സ്ഥാവരജംഗമസ്വത്തുക്കളായും സ്ത്രീധനം വേഷം മാറുന്നു.

ഈ അവസ്ഥാവിശേഷത്തിൽ ഗ്രാമസഭകളിൽ നിന്നുയർന്നുവന്ന പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും പരിശോധിക്കേണ്ടയിരിക്കുന്നു.

പ്രശ്നങ്ങൾ

1. വനിതാരംഗത്ത് രൂക്ഷമായ തൊഴിലില്ലായ്മ
2. കുറഞ്ഞ കൂലി - തുല്യ ജോലിക്ക് തുല്യവേതനമില്ല
3. സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സാധിക്കുന്നില്ല.
4. സർക്കാർ സഹായ പദ്ധതികളുടെ വിശദാംശങ്ങൾ അറിയില്ല.
5. ബാങ്കുകളിൽ നിന്ന് ആവശ്യമായ ലോൺ ലഭിക്കുന്നില്ല.
6. സ്ത്രീധനസമ്പ്രദായം പല രീതിയിൽ നിലനില്ക്കുന്നു.

7. ഉത്തരവാദിത്തം ഏറ്റെടുക്കുവാൻ മടിക്കുന്നു, നല്കുവാൻ പുരുഷന്മാരും മടിക്കുന്നു.
8. സാമൂഹ്യസംഭവങ്ങളിലുള്ള അജ്ഞത.
9. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വിദ്യാസമ്പന്നകളിൽപോലും നിലനില്ക്കുന്നു.
10. പാരമ്പര്യവിശ്വാസങ്ങളെ മുറുകെ പിടിക്കുന്നു.
11. അപകർഷബോധം
12. വിവാഹത്തിന്റെ ആർഭാടവും ധൂർത്തും നിലനില്ക്കുന്നു.
13. ജലക്ഷാമവും ഇന്ധനക്ഷാമവും സ്ത്രീകളെ കൂടുതൽ ജോലിയുള്ളവരാക്കുന്നു.
14. തട്ടിപ്പിന് എളുപ്പത്തിൽ ഇരയാവുന്നു.
15. അനുകരണഭ്രമം കൂടുതലാണ്.
16. പരസ്യങ്ങളാൽ ആകർഷിക്കപ്പെടുന്നു.
17. പുരുഷന്മാരുടെ മദ്യാപന ശിലവും ചീട്ടുകളിയും കുടുംബത്തിൽ അപസ്വരങ്ങളും സാമ്പത്തിക തകർച്ചയും ഉണ്ടാക്കുന്നു.

നിർദ്ദേശങ്ങളും സാദ്ധ്യതകളും

1. വനിതാസഹകണസംഘങ്ങൾ സ്ഥാപിക്കുക.
2. പാൽ സംസ്കരണം, കയർ (ചകിരിനാര്) മെഴുകുതിരി നിർമ്മാണം, തയ്യൽ, ബുക്ക് ബൈൻഡിങ്ങ്, ഖാദി എന്നീ രംഗങ്ങളിൽ പുതിയ തൊഴിൽ സൃഷ്ടിക്കുക.
3. സ്വയം തൊഴിൽ കണ്ടെത്തുന്നതിന്, അതിനാവശ്യമുള്ള വിഭവം കണ്ടെത്തുന്നതിനുമുള്ള വിശദാംശങ്ങൾ മനസ്സിലാക്കുന്നതിന് വനിതാവ്യവസായസംരംഭകർക്ക് വേണ്ടി സെമിനാർ സംഘടിപ്പിക്കുക.
4. സ്ത്രീധനസമ്പ്രദായത്തിനെതിരെ പ്രചരണം സംഘടിപ്പിക്കുക.
5. അപകർഷാബോധം അവസാനിപ്പിച്ച് ഉത്തരവാദിത്വമേറ്റെടുക്കുവാൻ ഈ രംഗത്ത് വിജയിച്ചവരുടെ അനുഭവകഥകൾ അപഗ്രഥിക്കുക, പ്രചരിപ്പിക്കുക.
6. താൻ ജീവിക്കുന്ന സമൂഹത്തിലെ സംഭവഗതികൾ മനസ്സിലാക്കുവാൻ വായനാശീലം വളർത്തുക. ചർച്ചാക്ലാസ്സുകൾ ഒരുക്കുക. ഇതുവഴി ഒഴിവാക്കേണ്ട അനാചാരങ്ങളും വിശ്വാസങ്ങളും മാറ്റുക.
7. ശുദ്ധജലക്ഷാമവും ഇന്ധനക്ഷാമവും പരിഹരിക്കുക. ദക്ഷത കൂടിയ അടുപ്പുകൾ പ്രചരിപ്പിക്കുക.
8. വിവാഹത്തിന്റെ ആർഭാടവും ധൂർത്തും ഒഴിവാക്കുവാൻ സ്ത്രീകൾ മുൻകൈ എടുക്കുക.
9. തട്ടിപ്പിനും അനുകരണഭ്രമത്തിനും പരസ്യങ്ങളാൽ ആകർഷിക്കപ്പെടാതിരിക്കുവാനും ആവശ്യമായ ബോധവൽക്കരണം പലതലങ്ങളിൽ നടത്തുക.
10. മദ്യനിരോധനം ജനകീയബോധവൽക്കരണത്തിലൂടെ പ്രാവർത്തികമാക്കുക.
11. പണംവെച്ചുള്ള ചീട്ടുകളി അവസാനിപ്പിക്കുക.



IV (13) സഹകരണം

ജനകീയ ആസൂത്രണത്തിൽ വളരെ പ്രധാനപ്പെട്ട ഒരു മേഖലയാണ് സഹകരണം. കൂട്ടായ്മയിലൂടെ പുരോഗതിയിലേക്ക് എന്ന സന്ദേശം വിജയകരമായി നടപ്പിലാക്കാൻ സഹകരണ പ്രസ്ഥാനം ശക്തിപ്പെടുത്തുന്നതിലൂടെ മാത്രമേ കഴിയുകയുള്ളൂ. മുഴുവൻ ജനങ്ങളിലേക്കും ഇറങ്ങിവരേണ്ട സഹകരണസ്ഥാപനങ്ങൾ അംഗത്വപ്രചാരണം സംഘടിപ്പിച്ച് വിപുലമായി പ്രവർത്തിച്ചാൽ മാത്രമേ ഈ മേഖലയിൽ പുരോഗതി ഉണ്ടാവുകയുള്ളൂ.

നമ്മുടെ പഞ്ചായത്തിന്റെ സാമൂഹിക സാമ്പത്തിക പരിതഃസ്ഥിതി പരിശോധിച്ചാൽ മുമ്പ് ജൻമിത്തം കൊടുകുത്തി വാണിരുന്നതായി കാണാം. ജൻമികൾ പാവപ്പെട്ട കൃഷിക്കാരെ വളരെയേറെ ചൂഷണം ചെയ്തിരുന്നു. കൃഷിക്കാർ കൃഷിക്കും മറ്റ് ആവശ്യങ്ങൾക്കും സമ്പന്നരിൽ നിന്ന് അമിത പലിശയ്ക്ക് പണം കടം വാങ്ങിയിരുന്നു. അന്ന് നിലവിലുണ്ടായിരുന്ന മാർഗ്ഗങ്ങൾ വസ്തു പണയം, കൈവശ പണയം, ചൂണ്ടിപണയം ഉണ്ടറുതി എന്നിവയായിരുന്നു. കൂടാതെ ഉല്പന്നങ്ങൾ 'പൊലു' സമ്പ്രദായത്തിൽ കടം വാങ്ങിയിരുന്നു.

ഈ അവസ്ഥ മാറ്റി എടുക്കുക എന്ന ഉദ്ദേശത്തോടുകൂടി MPCS ന്റെ കീഴിൽ പഞ്ചായത്തിൽ 1920-ൽ ഐക്യനാണയസംഘം എന്ന പേരിൽ 3 സഹകരണ സംഘങ്ങൾ നിലവിൽ വന്നു. പഴയ അവിടനല്ലൂർ ദേശങ്ങളിൽ പ്രവർത്തന പരിധിയുള്ള അവിടനല്ലൂർ സംഘവും മൂലാട്, തിരുവോട്, നരയംകുളം എന്നീ മേഖലകളെ കേന്ദ്രീകരിച്ച് കൊണ്ട് മൂലാട് കേന്ദ്രവും കോട്ടൂർ കുന്നരംവള്ളി, പെരവച്ചേരി, പാലോളി എന്നീ പ്രദേശങ്ങളെ കേന്ദ്രീകരിച്ച് കോട്ടൂർ സംഘവും ആണ് നിലവിലുണ്ടായിരുന്നത്. ഇവയുടെ പരമാധികാരി സെക്രട്ടറിയും പ്രസിഡൻറ് ആയിരുന്നു. 5.25 രൂപയായിരുന്നു ഓഹരി വില. വ്യക്തിഗത ലോണായി 250 രൂപയും വസ്തുപണയത്തിൻമേൽ 500 രൂപയുമായിരുന്നു കൊടുത്തിരുന്നത്. പാവപ്പെട്ടവനെ സഹായിക്കുകയായിരുന്നു ഇതിന്റെ ലക്ഷ്യം. എന്നാൽ ഇതിന്റെ പ്രയോജനം അധികാരികളെ ചുറ്റിപറ്റി നടക്കുന്ന ചില പ്രത്യേക ആളുകൾക്കായിരുന്നു ലഭിച്ചിരുന്നത്. അതുകൊണ്ട് ഈ ഐക്യനാണയസംഘങ്ങൾ കൊണ്ട് സാധാരണക്കാർക്ക് വേണ്ടത്ര പ്രയോജനം ലഭിച്ചില്ല.

മൂന്നു സംഘങ്ങളിൽ മൂലാട്, അവിടനല്ലൂർ പിന്നീട് ലിക്വിഡേറ്റ് ചെയ്തു. എന്നാൽ കോട്ടൂർ ഐക്യനാണയസംഘം അതിന്റെ പ്രവർത്തനപരിധി വ്യാപിപ്പിച്ചുകൊണ്ട് ഈ പഞ്ചായത്തിൽ പൂർണ്ണമായി പ്രവർത്തനപരിധിയുള്ള സർവ്വീസ് സൊസൈറ്റിയായി. അതിന്റെ സ്ഥാപകൻ എന്ന നിലയിൽ ശ്രീ നങ്ങാറത്ത് നാരായണൻ നായർ സ്തുത്യർഹമായ സേവനം ചെയ്തത് പ്രത്യേകം സ്മരണീയമാണ്. തുടക്കത്തിൽ കോട്ടൂർ ഐക്യനാണയസംഘം എന്നായിരുന്നു പേർ. കോട്ടൂർ സർവ്വീസ് സൊസൈറ്റിയുടെ പ്രാരംഭപ്രവർത്തനം നടത്തിയത് കോട്ടൂരിലെ നങ്ങാറത്ത് പീടികയിൽ ആയിരുന്നു. അതിനുശേഷം പടിയക്കണ്ടിയിലേക്കും പിന്നീട് അവറാട്ടു മുക്കിലേക്കും അതിനുശേഷം കോട്ടൂർ പഞ്ചായത്തിന്റെ ആസ്ഥാനമായ കൂട്ടാലിടയിലേക്കും മാറി. 1970-ൽ ബാങ്ക് പ്രവർത്തനം ആരംഭിക്കുമ്പോഴുണ്ടായിരുന്ന മെംബർമാരുടെ എണ്ണം 756 ആയിരുന്നു. ഇപ്പോൾ 8849 മെംബർമാർ ഉണ്ട്.

ഈ പഞ്ചായത്തിൽ മാത്രം പ്രവർത്തനപരിധിയുള്ള ഏക ബാങ്കാണ് കോട്ടൂർ സർവ്വീസ് ബേങ്ക്. പഞ്ചായത്തിൽ മുഴുവനായും പ്രയോജനം ലഭിക്കുന്ന ബാലുശ്ശേരി കാർഷിക വികസന ബേങ്കും ഭാഗികമായി

വർഷം	മെംബർമാരുടെ എണ്ണം.	ഓഹരി എണ്ണം	മൂലധനം	പ്രവർത്തന മൂലധനം	കടം	വായ്പ	നിക്ഷേപം
1970	756	9019	44651	230793	247538	178954	-
1985-86	5301	-	322990	5154854	4261607	4082235	-
1995-96	8842	-	793039	-	8253695	5018454	6778881

95-96 വർഷത്തിൽ ബാങ്ക് കൊടുത്ത കടത്തിന്റെ വിവരം

വളം വാങ്ങൽ	ഹ്രസ്വകാലം	മദ്ധ്യകാലം	ദീർഘകാലം	സ്വർണ്ണപണയം
115500	2194500	425500	131319	2151635

പ്രയോജനം ലഭിക്കുന്ന ബാലുശ്ശേരി അർബൻ കോ. ഓപ്പറേറ്റീവ് ബാങ്കും നടുവണ്ണൂർ റീജിയണർ കോ-ഓപ്പ റേറ്റീവ് ബാങ്കും കൂടാതെ മേപ്പയ്യൂർ ഹൗസിങ്ങ് സർ വ്വീസ് സൊസൈറ്റിയുടെ പരിധി പൂർണ്ണമായും ഈ പഞ്ചായത്തിൽ ഉണ്ട്.

സഹകരണബാങ്ക് കൂടാതെ 3 ആനന്ദ് മാത-കയി ലുള്ള ക്ഷീരവികസനസംഘങ്ങളും, പ്രിയദർശിനി സഹകരണ സംഘം എന്ന പേരിൽ സ്ത്രീകളുടെ ഒരു സഹകരണസംഘവും ഉണ്ട്.

പഞ്ചായത്തിൽ ആദ്യം തുടങ്ങിയ ക്ഷീര ഉല്പാദക സംഘം തൃക്കുറ്റിശ്ശേരിയിലാണ്. പഴയ 6, 7, 9 വാർ ഡുകൾ ഉൾപ്പെട്ട പ്രസ്തുത സംഘത്തിന്റെ തുട ക്കത്തിൽ 259 മെംബർമാർ ഉണ്ടായിരുന്നു. ഇപ്പോൾ അത് 290 ആണ്. ആരംഭത്തിൽ ദിനംപ്രതി 40 ലിറ്റർ പാൽ ലഭിച്ചിരുന്നത് ഇപ്പോൾ 170 ലിറ്റർ പാൽ ആയി വർദ്ധിച്ചിട്ടുണ്ട്. ആദ്യവർഷത്തിൽ സൊസൈറ്റി നഷ് ടത്തിൽ ആയിരുന്നു. എന്നാൽ 92-93 വർഷത്തിൽ 3250 രൂപയും കഴിഞ്ഞ വർഷത്തിൽ 23000 രൂപയും ലാഭം ലഭിച്ചിട്ടുണ്ട്. ഇതിന്റെ കീഴിൽ ഉല്പാദകർക്ക് കാലിത്തീറ്റ വിതരണവും കൃത്രിമ ബീജാദാനകേന്ദ്രവും ഉണ്ട്. കൂടാതെ 61 കന്നുകുട്ടികൾക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണവും നല്കിവരുന്നു. ലാഭത്തിന്റെ 65% ബോണസായി ഉല്പാദകർക്ക് നല്കാ റുണ്ട്. രണ്ടാമത്തെ ക്ഷീരവികസനസംഘം പ്രവർത്തി ക്കുന്നത് വാകയാട് ആണ്. തുടക്കത്തിൽ 51 മെംബ ർമാർ ഉണ്ടായിരുന്നത് ഇപ്പോൾ 98 ആയി. ഇതിന്റെ കീഴിൽ ഉല്പാദകർക്ക് കാലിത്തീറ്റ വിതരണവും കൃത്രിമ ബീജദാനകേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്. കഴിഞ്ഞ വർഷത്തെ ലാഭം കണക്കാക്കിയിട്ടില്ല.

മൂന്നാമത്തെ ക്ഷീരവികസനകേന്ദ്രം പ്രവർത്തി ക്കുന്നത് കോട്ടൂരിലാണ്. ഇപ്പോൾ 92 മെംബർമാർ ഉണ്ട് അതിൽ അതിൽ പട്ടികജാതിയിൽ പെട്ട 4 ഉം 15 വനിതകളും 73 പുരഷൻമാരും ഉണ്ട്. തുടക്കത്തിൽ 9 ലിറ്റർ പാൽ ലഭിച്ചിരുന്നത് ഇപ്പോൾ 56 ലിറ്ററായി വർദ്ധിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ ലാഭം ഏതാണ്ട് 4000 രൂപയാണ്. മെംബർമാർക്ക് ലാഭത്തിന്റെ 65% ബോണസ്സായി നൽകുന്നു. സംഘത്തിന്റെ കീഴിൽ ഉല്പാദകർക്ക് കാലിത്തീറ്റവിതരണവും ബീജാദാ നകേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്. പാവപ്പെട്ട തൊഴിൽ രഹിതരായ സ്ത്രീകൾക്ക് തൊഴിൽ പരിശീലനം കൊടുക്കുക എന്ന ലക്ഷ്യത്തോടുകൂടി 1992-ൽ അവിട നല്ലൂരിൽ സ്ഥാപിച്ചതാണ് പ്രിയദർശിനി തയ്യൽ പരി ശീലനകേന്ദ്രം. ഇപ്പോൾ 241 മെംബർമാർ ഉണ്ട്. ഓഹ രിവില 10 രൂപയാണ്. സ്ഥാപനചെലവ് 24000 രൂപയാണ്. ഇതിന്റെ കീഴിൽ തുന്നൽ പരിശീ ലനകേന്ദ്രം, ടൈപ്പ്റൈറ്റിങ്ങ് സെൻറർ, ഹയർ പർച്ചേ യ്സിങ്ങ് സെൻറർ എന്നിവ പ്രവർത്തിക്കുന്നു. ഇവയാണ് ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ട സഹക രണസംഘങ്ങൾ.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ ഏക സർവ്വീസ് സഹകരണ ബേങ്കായ കോട്ടൂർ സർവ്വീസ് ബേങ്കിലെ അംഗത്വത്തിലെ ആനുപാതിക കുറവ്
2. വായ്പകളുടെ ദൗർലഭ്യം.
3. പുല്ലിന്റെ ദൗർലഭ്യവും അമിതവിലയും
4. കാലിത്തീറ്റയുടെ വിലവർദ്ധനവ്
5. പാലിന് ഉല്പാദനചെലവുമായി ബന്ധപ്പെട്ട വില ലഭിക്കുന്നില്ല.
6. പട്ടികജാതി പട്ടികവർഗ്ഗ സഹകരണസംഘം, നില വിലില്ലാത്തത്.

നിർദ്ദേശങ്ങളും സാധ്യതകളും

1. കാലിവളർത്തലിനു ഉദാരമായ രീതിയിൽ ലോൺ ലഭ്യമാക്കണം.
2. കന്നുകാലി വളർത്തൽ ലാഭകരമാക്കാൻ വേണ്ടി പാൽ വില വർദ്ധിപ്പിക്കുകയും സബ്സിഡി നിര ക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുകയും വേണം.
3. ഉല്പാദകരെ ബോധവൽക്കരിക്കണം.
4. അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരെ ഈ മേഖ ലയുമായി ബന്ധപ്പെടുത്തണം.
5. കാർഷിക മേഖലയിൽ കൂടുതൽ ലോൺ ലഭ്യമാക്കണം
6. എല്ലാ കാലങ്ങളിലും കാർഷിക ഉല്പന്ന സംഭര ണത്തിന് ഒരു കേന്ദ്രം സൊസൈറ്റിയുടെ കീഴിൽ ആരംഭിക്കണം.
7. ലോൺ നയം ഉദാരവൽക്കരിക്കണം.
8. വനിതകൾക്കും, പട്ടികജാതി, പട്ടികവർഗ്ഗത്തിനും മുൻഗണന നൽകണം
9. സമീപപ്രദേശങ്ങളിലെ ഒന്നോ രണ്ടോ പഞ്ചാ യത്തിനെ ഉൾപ്പെടുത്തി ഒരു അർബൻ ബേങ്കിനു സാധ്യതയുണ്ട്
10. പട്ടികജാതി, പട്ടികവർഗ്ഗ സഹകരണസംഘം ആരംഭിക്കണം.
11. കൺസ്യൂമർ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്കും ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കും സാധ്യത ഉണ്ട്.
12. ചെങ്കൽ കരിങ്കൽ തൊഴിലാളികളുടെ സഹകര ണസംഘങ്ങൾക്ക് സാദ്ധ്യതയുണ്ട്.
13. ഭക്ഷ്യ സംസ്കരണത്തിനു പരിശീലനം ലഭിച്ചവർ ചേർന്ന് സഹകരണസംഘം ഉണ്ടാക്കണം.
14. പരമ്പരാഗത രംഗത്തും തൊഴിൽ മേഖലയിലും റെഡിമെയ്ഡു രംഗത്തും സഹകണസംഘങ്ങൾ സ്ഥാപിക്കണം.
15. കോട്ടൂർ സർവ്വീസ് സഹകരണബാങ്കിൽ മെംബർ ഷിപ്പ് മൊബിലൈസേഷൻ നടപ്പിൽ വരുത്തുക.

IV (14) പട്ടികജാതി – പട്ടികവർഗ്ഗം

സാമൂഹ്യ - സാമ്പത്തിക - സാംസ്കാരിക - വിദ്യാഭ്യാസ മേഖലകളിൽ വളരെ പിന്നോക്കം നിൽക്കുന്ന വിഭാഗമാണ് പട്ടികജാതിക്കാർ. അടുത്ത കാലംവരെ അയിത്തം കൽപിച്ച് സമൂഹത്തിൽനിന്നും മാറ്റിനിർത്തപ്പെട്ട ഈ വിഭാഗം ഏറ്റവുമധികം ചൂഷണത്തിന് വിധേയരായവരാണ്. ഉഴുവുകാളയ്ക്കു പകരം മനുഷ്യനെ കെട്ടി ഉഴവുനടത്തിയ സംഭവവും ഉണ്ടായിട്ടുണ്ട്. അൻപതു വർഷങ്ങൾക്കു മുൻപുവരെ ഉച്ചനീചത്വങ്ങൾ കൊടുമ്പിരിക്കൊണ്ട കാലഘട്ടമായിരുന്നു. ഉയർന്ന ജാതിയിൽ പെട്ടവരുടെ വീട്ടിനടുത്തുപോലും പിന്നോക്ക സമുദായക്കാർക്ക് പ്രവേശനം നിഷിദ്ധമായിരുന്നു. നിലത്ത് കുഴികുഴിച്ച് ഇലകളിലായിരുന്നു ഇവർക്ക് ഭക്ഷണം കൊടുത്തിരുന്നത്.

ദൂരെയുള്ളവരെ അറിയിച്ചിരുന്നത്. ഇവരുടെ ഇടയിലുള്ള കൂളികെട്ട്, തെയ്യം എന്നിവ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഇവരുടെ ഇടയിൽ അന്ധവിശ്വാസം പൂർണമായും തുടച്ചുനീക്കപ്പെട്ടിട്ടില്ല.

1991-ലെ സെൻസസ് പ്രകാരം 2087 പുരുഷൻമാരും 1988 സ്ത്രീകളുമടക്കം 4055 പട്ടികജാതിക്കാർ ഈ പഞ്ചായത്തിൽ താമസിക്കുന്നുണ്ട്. ഇത് പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 14.6 ശതമാനം മാത്രമാണ്. പഞ്ചായത്തിലെ ആകെയുള്ള കുടുംബങ്ങളിൽ 12% പട്ടികജാതിയിൽ പെട്ട കുടുംബങ്ങളാണ്. പട്ടികവർഗ്ഗത്തിൽ പെട്ട കുടുംബങ്ങൾ ഈ പഞ്ചായത്തിലില്ല.

മൊത്തം കുടുംബങ്ങൾ (91 ലെ സെൻസസ്)	പട്ടികജാതി കുടുംബങ്ങൾ	പട്ടികജാതി കുടുംബങ്ങളുടെ %	ആകെ ജനസംഖ്യ (91 ലെ സെൻസസ്)	പട്ടികജാതി സ്ത്രീകൾ	പട്ടികജാതി പുരുഷൻമാർ	പട്ടികജാതി അംഗങ്ങളുടെ%
5800	702	12	27682	1988	2067 14.6	പട്ടികജാതി

അയിത്തത്തിനും തൊട്ടുകൂടായ്മയ്ക്കുമെതിരെ ചില ഒറ്റപ്പെട്ട പ്രവർത്തനങ്ങൾ സ്വാതന്ത്ര്യസമര കാലഘട്ടത്തിലും ആത്മവിദ്യാസംഘം പോലെയുള്ള പ്രസ്ഥാനങ്ങളിലൂടെയും നടന്നിട്ടുണ്ടെങ്കിലും വമ്പിച്ച കർഷക മുന്നേറ്റത്തിന്റെ പരിണതഫലമായി കേരളത്തിൽ നടപ്പിലാക്കിയ ഭൂപരിഷ്കരണ നടപടികളാണ് ഈ ദുസ്ഥിതിയ്ക്ക് ഒരു പരിധിവരെ മാറ്റമുണ്ടാക്കാൻ സഹായിച്ചത്. ഉച്ചനീചത്വങ്ങൾ തീർത്തും വേരറ്റുപോയിട്ടില്ലെങ്കിലും ഇന്ന് പൊതു ചടങ്ങുകളിലും മറ്റും മോശമല്ലാത്ത പങ്കാളിത്തം അവർക്ക് ലഭിച്ചുവരുന്നുണ്ട്.

ഇവരുടെ ഇടയിലുള്ള തനതു കലയും സംസ്കാരവും ഇന്ന് അന്യം നിന്നുപോയിരിക്കുന്നു. വാദ്യോപകരണങ്ങളുടെ (തുടി) സഹായത്തോടെ സന്ദേശം നൽകാനുള്ള വിദ്യ സാംബവർ (പറയർ) ശീലിച്ചിരുന്നു. തുടികൊട്ടലിലൂടെയായിരുന്നു ജനനം, മരണം, വിവാഹം മറ്റ് ആഘോഷങ്ങൾ തുടങ്ങിയവ

പട്ടികജാതിയിൽ പെട്ട അംഗങ്ങളുടെ സ്ത്രീപുരുഷ അനുപാതം സ്ത്രീകളുടെ എണ്ണത്തിൽ കുറവു സൂചിപ്പിക്കുന്നു. ഈ വിഭാഗത്തിൽ സ്ത്രീകളിലാണ് മരണനിരക്ക് കൂടുതൽ. രോഗം, പോഷകാഹാരക്കുറവ്, വിദ്യാഭ്യാസ നിലവാരത്തിൽ പിന്നോക്കം തുടങ്ങിയവയും കൂടുതൽ കണ്ടുവരുന്നത് സ്ത്രീകളിലാണ്. പഞ്ചായത്തിലെ മൊത്തം പട്ടികജാതിക്കാരിൽ ഭൂരിഭാഗവും പുലയ സമുദായത്തിൽ പെട്ടവരാണ്. കരിമ്പാല സമുദായത്തിനും അംഗബലമുണ്ട്. മലയരാണ് ഏറ്റവും കുറവ്. ഇവരെ കൂടാതെ കള്ളാടി, സാംബവർ, പരവൻ വണ്ണാൻ, പൊരുമണ്ണാൻ തുടങ്ങിയ സമുദായക്കാരുമുണ്ട്.

മൂന്നു കോളനികൾ കൂടി അംഗീകരിച്ചതോടെ ലക്ഷംവീട് കോളനികളും നാലു സെൻറ് കോളനികളും ഉൾപ്പെടെ പഞ്ചായത്തിൽ മൊത്തം 25 കോളനികളാണുള്ളത്. ഇതിൽ 19 എണ്ണം ഹരിജൻ കോളനികളായി അംഗീകരിച്ചിട്ടുണ്ട്. കോളനികളിൽ താമസിക്കുന്നതിനേക്കാൾ കൂടുതൽ കുടുംബ

ങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ താമസിക്കുന്നുണ്ട്. സർക്കാർ അനുവദിച്ചു വരുന്ന ആനുകൂല്യങ്ങളിൽ ഭൂരിഭാഗവും കോളനിവാസികൾക്ക് മാത്രം ലഭിക്കുന്ന അവസ്ഥ നിലനിൽക്കുന്നു. പരിമിതികളില്ലാതെതന്നെ പട്ടികജാതിയിൽപെട്ട മുഴുവൻ പേർക്കും ആനുകൂല്യങ്ങൾ ലഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

❐ ലഭ്യതയുള്ളത്

X ലഭ്യതയില്ലാത്തത്

▤ പണി നടന്നുവരുന്നത്

= മഴക്കാലത്ത് ഹോസ് വഴി വെള്ളമെത്തുന്നു

● കുഴൽക്കിണർ

ക്രമ നമ്പർ	വാർഡ്	കോളനികളുടെ പേർ	കുടിവെള്ളം	വൈദ്യുതി	റോഡ്	വീട്	അഭിപ്രായം
1	1	പറക്കുന്നത്ത് കോളനി	X	X	❐	X	
2	2	അയ്യപ്പൻ മാക്കുൽ കോളനി	X	X	❐	X	
3	4	പാലോളി ലക്ഷംവീട്	❐	X	❐	❐	
4	5	മേച്ചേരിക്കണ്ടി	X	X	❐	❐	
5	6	കല്ലുവെട്ടുകുന്നുമ്മൽ	X	X	❐	❐	
6	7	വാഴോറമല A	X	▤	❐	❐	
7	7	വാഴോറമല B	X	▤	❐	❐	
8	7	വാഴോറമല C	X	X	❐	▤	
9	7	പുളിയേരി പൊയിൽ	X	X	❐	❐	
10	7	കരുവള്ളിമ്മൽ	X	X	❐	X	
11	9	അങ്കവയൽ	X	X	X	X	
12	9	തുരുത്തുമല പുലിപ്രമീത്തൽ	=	X	❐	X	
13	10	അക്കരമുണ്ട്യാടി 4 സെൻറ്	●	X	❐	X	
14	7	കുറുവട്ടിമല	❐	X	X	❐	
15	10	തുരുത്തമല - കാരിപാറമീത്തൽ	=	X	X	X	
16	11	ചെങ്ങോട്ടുമല	❐	X	X	X	
17	11	കാപ്പുമല	X	X	X	X	
18	11	മുക്കുന്നുമ്മൽ	X	X	X	❐	
19	11	പുളിയാംപൊയിൽ	X	X	X	X	

കോളനികളിൽ അധികവും അനുവദിക്കപ്പെട്ടത് യാതൊരു സൗകര്യങ്ങളുമില്ലാത്ത കുന്നിൻ പ്രദേശങ്ങളിലും മറ്റുമായതിനാൽ കുടിവെള്ളം, വൈദ്യുതി, റോഡ് എന്നീ അടിസ്ഥാനസൗകര്യങ്ങൾ ഒന്നുംതന്നെയില്ല. സർക്കാർ നടപ്പിലാക്കുന്ന പല പദ്ധതികളെപ്പറ്റിയും അറിവില്ലാത്തതുകൊണ്ടും പദ്ധതിയുടെ പ്രയാസമുള്ള നിബന്ധനകൾ കൊണ്ടും ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. എന്നാൽ സർക്കാറിന്റെ സൗജന്യങ്ങൾ ഈ വിഭാഗത്തിന് ഭാഗികമായി പുരോഗിതി നേടാൻ സഹായിച്ചിട്ടുണ്ട്. നിലവിലുള്ള കോളനികളിലെ അടിസ്ഥാനസൗകര്യങ്ങളുടെ ലഭ്യത പട്ടിക IV 14 (2)-ൽ ചേർത്തിരിക്കുന്നു. നാലു സെൻറ് കോളനികളായ തണ്ടപ്പുറം കുറ്റിയുള്ളതിൽ, എന്നിവയും ലക്ഷംവീട് കോളനികളായ മൂലാട്, കുന്നരംവള്ളി ഓച്ചുമ്മൽ, വാകയാട് തുടങ്ങിയവ പഞ്ചായത്തിലെ അംഗീകരിക്കപ്പെടേണ്ട കോളനികളാണ്.

തൊഴിൽ രംഗം

ഈ വിഭാഗത്തിൽ പെട്ട ഭൂരിഭാഗം ആളുകളും തൊഴിലിൽ ഏർപ്പെട്ടിരുന്നത് കാർഷിക മേഖലയിൽ ആയിരുന്നു. കാർഷിക രംഗത്തെ മാന്ദ്യം ഇവർ മറ്റ് തൊഴിൽ മേഖലകൾ അന്വേഷിച്ചുപോകുന്നതിന് കാരണമായിട്ടുണ്ട്. കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ടാണ് ഇവരിലധികവും ഇപ്പോൾ തൊഴിലെടുക്കുന്നത് പാടങ്ങളിൽ പണിയെടുക്കുന്നവർക്ക് പൊതുവെ കൂലി കുറവാണ്. ഞാട്ടി നടൽ, ഞാറു പറിക്കൽ, കള പറിക്കൽ, കാടുവെട്ടൽ മുതലായ ജോലികൾ ചെയ്തുവരുന്നത് സ്ത്രീകളാണ്. ഇവരിപ്പോൾ മെറ്റൽ നിർമ്മാണത്തിലും ചുമട് എടുക്കൽ തുടങ്ങിയ മേഖലകളിലും തൊഴിലെടുക്കുന്നുണ്ട്. മെറ്റൽ നിർമ്മാണ മേഖലയിൽ കൂലി കുറവാണെങ്കിലും സ്ഥിരമായി തൊഴിൽ ലഭിക്കുന്നതുകൊണ്ട് നിരവധി സ്ത്രീകൾ ഇന്ന് ആ മേഖലയിൽ പ്രവർത്തിക്കുന്നു. എന്നാൽ നിത്യവൃത്തിക്കുവേണ്ടി സ്വകാര്യ പണമിടപാടുകാരെ ആശ്രയിക്കേണ്ടിവരുന്നതിനാൽ കടക്കെണിയിൽ നിന്നും കരകയറാൻ കഴിയാത്ത സ്ഥിതി കണ്ടുവരുന്നു. കൂടാതെ വസ്ത്രം തുടങ്ങിയ സാധനങ്ങൾ തവണ വ്യവസ്ഥയിൽ കൂടുതൽ വില കൊടുത്തുവാങ്ങി ബുദ്ധിമുട്ടുന്നവരെയും കാണാം. ഈ അവസ്ഥ പരിഹരിക്കുന്നതിന് ഇവരിൽ ബോധവൽക്കരണം നടത്തേണ്ടത് അത്യാവശ്യമാണ്.

പരമ്പരാഗതതൊഴിലായ പായനെയ്ത്ത്, ചൂടി പിരിക്കൽ, കൊട്ട നിർമ്മാണം തുടങ്ങിയവ ഇന്ന് നാശത്തെ അഭിമുഖീകരിക്കുന്നു. ഇതിനു കാരണം കൈതയോല, ചകിരി, ഈറ്റ, ചൂരൽ തുടങ്ങിയവയുടെ ലഭ്യതയിലുള്ള കുറവാണ്.

വിദ്യാഭ്യാസം

വിദ്യാഭ്യാസ രംഗത്ത് സർക്കാർ വിവിധ ഏജൻസികളിൽ കൂടി ഒട്ടനവധി സഹായങ്ങൾ നൽകുന്നുണ്ടെങ്കിലും വേണ്ടത്ര പുരോഗതി കൈവരിക്കുന്നതിന് കഴിഞ്ഞിട്ടില്ല. വിദ്യാഭ്യാസനിലവാരം പൊതുവെ കുറവാണ്. നിരക്ഷരരായ മാതാപിതാക്കൾ, സാമ്പത്തിക പരാധീനത, പഠിക്കാനുള്ള അടിസ്ഥാനസൗകര്യങ്ങൾ വീടുകളിൽ ഇല്ലാത്ത അവസ്ഥ, ഉപദേശനിർദ്ദേശങ്ങളുടെ അഭാവം, പോഷകാഹാരക്കുറവ് തുടങ്ങിയ കാരണങ്ങളാൽ ഇവരിൽ മഹാഭൂരിപക്ഷത്തിനും ഹൈസ്കൂൾ വിദ്യാഭ്യാസം പോലും നേടാൻ കഴിയാത്ത അവസ്ഥയാണ് ഇന്നുള്ളത്. ചെറുപ്രായത്തിൽതന്നെ കുടുംബം പോറ്റാനുള്ള ബാധ്യതയും പഠനത്തിലെ പീന്നോക്കാവസ്ഥയുടെ മറ്റൊരു കാരണമാണ്.

പട്ടികജാതിയിൽ പെട്ട വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനു വേണ്ടി പഞ്ചായത്തിൽ ഒരു പ്രീ - മെട്രിക് ഹോസ്റ്റൽ പ്രവർത്തിക്കുന്നുണ്ട്. 27 വിദ്യാർത്ഥികളാണ് ഇവിടെ താമസിച്ചു പഠിക്കുന്നത്. നാല് ട്യൂട്ടർമാരുൾപ്പെടെ 9 പേർ ഇവിടെ ജോലി ചെയ്യുന്നു. കുട്ടികൾക്ക് ഭക്ഷണസൗകര്യവും ചികിത്സാസൗകര്യവും ലഭ്യമാണെങ്കിലും ഇപ്പോഴിതിന്റെ നടത്തിപ്പ് തീരെ തൃപ്തികരമല്ല.

പഞ്ചായത്തിൽ 1996-97 വർഷത്തിൽ 16 സ്കൂളുകളിലായി 820 പട്ടികജാതി വിദ്യാർത്ഥികൾ പഠിക്കുന്നു. ഇത് മൊത്തം കുട്ടികളിൽ 15% മാത്രമാണ്. പട്ടിക IV 14 (3) കാണുക

കാണിച്ച പട്ടികയിൽ നിന്നും ഏറ്റവും കൂടുതൽ (%) പട്ടികജാതി വിദ്യാർത്ഥികൾ പഠിക്കുന്നത് അവിടനല്ലൂർ ഏ.എൽ.പി. സ്കൂളിലും (22.8%) കുറവ് വാകയാട് ജി.എൽ.പി സ്കൂളിലും (2.8%) ആണ്.

പാർപ്പിടം

ഇവരിൽ സ്വന്തമായി വാസയോഗ്യമായ വീടുള്ളവരുടെ എണ്ണം പരിമിതമാണ്. വീട് തീരെയില്ലാത്ത കുടുംബങ്ങളുമുണ്ട്. സർക്കാർ വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ഇവരുടെ പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിന് ഒരു പരിധിവരെ സഹായിച്ചിട്ടുണ്ട്. മുമ്പ് കാലത്ത് തീരെ സൗകര്യങ്ങളില്ലാത്ത ചെറ്റക്കുടിലുകളിലാണ് ഇവർ താമസിച്ചിരുന്നത്. ഈ സ്ഥിതിയിൽ മാറ്റം വന്നുകൊണ്ടിരിക്കുകയാണ്.

ചെറ്റക്കുടിലുകളിൽ താമസിക്കുന്നവരെ കണ്ടുപിടിച്ച് നല്ല വീടുകൾ വെയ്ക്കാനുള്ള സാമ്പത്തിക

പട്ടിക.IV - 14 S/C വിദ്യാർത്ഥികളുടെ താരതമ്യപഠനം

ക്രമനമ്പർ	സ്കൂളിന്റെ പേര്	96-97 വർഷത്തെ ആകെ വിദ്യാർത്ഥികൾ			96-97 വർഷത്തെ s/c വിദ്യാർത്ഥികൾ			96-97 വർഷത്തെ s/c %		
		B	G	T	B	G	T	B	G	T
1	AUPS നരയംകുളം	300	318	618	39	43	82	13%	13.5	13.25
2	AUPS കോട്ടൂർ	92	96	188	12	7	19	13	7.25	10.12
3	AUPS വാകയാട്	348	353	701	43	39	82	12.25	11	11.7
4	GUPS തൃക്കുറ്റിശ്ശേരി	296	233	529	68	45	113	23	19.3	21.3
5	PNUPS പൂനത്ത്	281	253	534	36	33	69	12.8	13	12.9
6	AMLPS മൂലാട്	44	46	90	3	4	7	6.9	8.7	7.77
7	HLP മൂലാട്	83	71	154	3	5	8	3.6	7	5.3
8	GLPS പെരവച്ചേരി	54	49	103	7	4	11	13	8.16	10.67
9	GLPS വാകയാട്	57	51	108	2	1	3	3.5	1.96	2.78
10	ALPS തിരുവോട്	45	55	100	8	5	13	17.78	9.1	13
11	ALPS പാലോളി	67	53	120	7	9	16	10.45	17	13.33
12	GLPS നീറോത്ത്	77	60	137	11	6	17	14.29	10	12.4
13	ALPS അവിടനല്ലൂർ	114	127	241	28	27	55	24.6	21.2	22.8
14	MCLP കോളിക്കടവ്	93	69	162	15	5	20	16.13	7.25	12.35
15	NHS വാകയാട്	270	285	555	34	47	81	12.6	16.5	15
16	GHS അവിടനല്ലൂർ	600	614	1214	110	112	224	18.3	18.6	18.5
	ആകെ	2751	2733	5484	426	394	820	15.5	14.42	15%

1. യുദ്ധകാലാടിസ്ഥാനത്തിൽ പദ്ധതികൾ നടപ്പിലാക്കി കുടിവെള്ളക്ഷാമം പരിഹരിക്കണം.
2. മുഴുവൻ കോളനികൾക്കും വൈദ്യുതി, ഗതാഗതസൗകര്യം തുടങ്ങിയവ ലഭിക്കാനുള്ള സംവിധാനം ഘട്ടംഘട്ടമായി നടപ്പിലാക്കണം.
3. പൊതുശ്മശാനം നിർബന്ധമായും പഞ്ചായത്തിൽ അനുവദിക്കണം.
4. കക്കൂസില്ലാത്ത വീടുകൾക്ക് ഉടൻ തന്നെ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ കക്കൂസ് നിർമ്മിച്ചു കൊടുക്കുക.
5. പരമ്പരാഗതതൊഴിൽ മെച്ചപ്പെടുത്താൻ തോടുകൾ, പുഴകൾ എന്നിവയുടെ ഭിത്തി കെട്ടുന്നതിന്റെ പിറകിൽ കൈത വെച്ചു പിടിപ്പിച്ച് സംരക്ഷിക്കുക.
6. കൈതയോലകൊണ്ട് മെച്ചപ്പെട്ട പായ, ബാഗ്, മേശ വിരി, കരകൗശല വസ്തുക്കൾ മുതലായവ നിർമ്മിക്കുന്നതിന് പരിശീലനം നൽകുകയും സാമ്പത്തിക സഹായം ലഭ്യമാക്കുകയും വേണം.
7. മുഴുവൻ കോളനികളും IHDP കോളനികളായി അംഗീകരിക്കണം.
8. IRDP പദ്ധതിയിൽ ഉൾപ്പെടുത്തിയ കോളനികളിലെ പണി ഉടൻ പൂർത്തിയാക്കുക.
9. എല്ലാ പദ്ധതികൾക്കും ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ഗ്രാമപഞ്ചായത്ത്, സമിതി രൂപീകരിക്കുകയും പദ്ധതിയുടെ മേൽനോട്ടം ഈ സമിതിയ്ക്ക് അധികാരപ്പെടുത്തുകയും ചെയ്യുക.
10. പരമ്പരാഗത തൊഴിൽ വ്യാവസായികാടിസ്ഥാനത്തിലാക്കുക.
11. ക്ഷേമപദ്ധതി പ്രവർത്തനങ്ങളെക്കുറിച്ച് അറിവ് ലഭിക്കാൻ ബോധവൽക്കരണം ആവശ്യമാണ്.
12. പട്ടികജാതി കോർപ്പറേഷൻ ഹരിജനക്ഷേമവകുപ്പ് എന്നിവ നടപ്പിലാക്കുന്ന പദ്ധതികൾ ഫലപ്രദമാക്കാൻ നിലവിലുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുക.
13. ക്ഷേമപദ്ധതികൾ മുഴുവൻ ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലൂടെ നടപ്പിലാക്കിയാൽ കൂടുതൽ ഫലപ്രദമാകും.
14. വായ്പ ലഭിക്കുന്നതിന് ലളിതമായ നിബന്ധനകൾ കൂടിയേ തീരൂ.
15. കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കണം.
16. പെൺകുട്ടികൾക്ക് കൈത്തൊഴിൽ പിരശീലനം നൽകുകയും സഹകരണസംഘങ്ങൾ രൂപീകരിച്ച് സാമ്പത്തിക സഹായം അനുവദിക്കുകയും ചെയ്യുക.
17. കൃഷിഭവന്റെ സഹായത്തോടെ പച്ചക്കറി കൃഷി വ്യാപകമായി നടപ്പിലാക്കാനുള്ള ധനസഹായം അനുവദിക്കുക.
18. കോളനികളുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കി ഉടൻ പരിഹാരം നേടുന്നതിനു ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കോളനികൾ സന്ദർശിക്കുന്നതിന് സംവിധാനമുണ്ടാക്കണം.
19. പദ്ധതികളിലൂടെ ലഭിച്ച തുക ലക്ഷ്യമിട്ട കാര്യത്തിന് തന്നെ വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായതടതിനു നൽകുക.
20. ഭവനനിർമ്മാണത്തിനുള്ള സഹായം വർദ്ധിപ്പിക്കുക.
21. വീട് പുതുക്കി പണിയുന്നതിനും ഓട് മേയുന്നതിനും ധനസഹായം ലളിതവ്യവസ്ഥയിൽ ലഭ്യമാക്കുക.
22. വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങളും യൂണിഫോമും വാങ്ങുന്നതിനുള്ള ധനസഹായം അധ്യായനവർഷാരഭത്തിൽ തന്നെ ലഭ്യമാക്കേണ്ടതാണ്.
23. ഉപരിപഠനത്തെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും സൗജന്യ ട്യൂഷൻ സെൻററുകൾ സ്ഥാപിക്കുകയും ചെയ്യുക
24. മത്സര പരീക്ഷകൾക്ക് തയ്യാറെടുപ്പിക്കുന്നതിനു വേണ്ടി പ്രീ- എക്സാമിനേഷൻ സെൻറർ തുടങ്ങുക.
25. കരിമ്പാല സമുദായത്തിന് അനുവദിച്ച എല്ലാ ആനുകൂല്യങ്ങളും കള്ളാടി സമുദായത്തിനും ബാധകമാക്കുക.
26. ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനും ഉപദേശ നിർദ്ദേശങ്ങൾ നൽകുന്നതിനും പ്രവർത്തനം വിലയിരുത്തുന്നതിനും സമിതികൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ രൂപീകരിക്കണം.
27. തനതു കലകളെ പ്രോത്സാഹിപ്പിക്കുകയും അവയെ നിലനിർത്താൻ ആവശ്യമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യേണ്ടതാണ്.
28. പ്രീ-മെട്രിക് ഹോസ്റ്റലിൽ കുട്ടികൾക്ക് അനുവദിക്കുന്ന ചികിത്സാ സഹായം വർദ്ധിപ്പിക്കേണ്ടതാണ്.
29. പ്രീ- മെട്രിക് ഹോസ്റ്റലിലെ വാച്ച്മാനെ പരിശീലനം കൊടുത്ത് ഡെപ്യൂട്ടി വാർഡൻ ആക്കി മാറ്റി രാത്രികാലങ്ങളിൽ ഇവരുടെ സേവനം ലഭ്യമാക്കുക.



ക്രമ നമ്പർ	വാർഡ്	കോളനിയുടെ പേര്	പ്രശ്നങ്ങൾ	സാദ്ധ്യതകൾ
1	1	പറക്കുന്നത്ത് കോളനി	കുടിവെള്ളം, വൈദ്യുതി എന്നിവയില്ല. വീട് ഇല്ലാത്തവരുണ്ട്. കക്കൂസില്ലാത്തവരുണ്ട്. റോഡ് സൗകര്യം തീരെയില്ല	ടാങ്കിനും കിണറിനും സ്ഥലം വിട്ടുകൊടുത്തു. മേൽനടപടികൾ നടന്നില്ല. മൂലാട് ലക്ഷം വീട് കോളനി കൂടുതൽ മെച്ചപ്പെടുത്താം.
2	2	അയ്യപ്പൻ മാക്കൂൽ	അടിസ്ഥാനസൗകര്യങ്ങൾ ഒന്നും തന്നെയില്ല.	റെഡിമെയ്ഡ്, സോപ്പ്, മെഴുകുതിരി യൂണിറ്റുകൾക്ക് സാദ്ധ്യതയുണ്ട്. കുന്നരം വെള്ളി ഭാഗത്ത് കോളനിയ്ക്ക് സാദ്ധ്യതയുണ്ട്.
3	4	പാലോളി ലക്ഷംവീട്	വൈദ്യുതിയില്ല ഗതാഗതസൗകര്യം കുറവാണ്.	കുടിവെള്ളം കൂടുതൽ മെച്ചപ്പെടുത്താം. ഗതാഗതസൗകര്യം വർദ്ധിപ്പിക്കാം.
4	5	മേയച്ചേരിക്കണ്ടി	നിരക്ഷരർ ഉണ്ട്. വെള്ളം, വൈദ്യുതി, കക്കൂസ്, സൗകര്യം കുറവാണ്. വീടില്ലാത്തവർ ഉണ്ട്. മുതുവനതാഴെ കോളനി രൂപീകരിക്കണം.	മുതുവനതാഴെ കോളനിയായി അംഗീകരിക്കാം. സന്നദ്ധസംഘടനകളുടെ സഹായത്തോടെ കക്കൂസുകൾ നിർമ്മിക്കാം.
5	6	കല്ലുവെട്ടുകുന്നുമ്മൽ	കുടിവെള്ളം, വൈദ്യുതി, റോഡ് ഇവയില്ല. കക്കൂസ് ഇല്ല. വീടില്ലാത്തവരുണ്ട്.	സോപ്പ്, തീപ്പെട്ടി, പായനെയ്ത്ത് എന്നിവയ്ക്ക് സാദ്ധ്യതയുണ്ട്. ഒരു കോളനിയ്ക്കു കൂടി സാദ്ധ്യതയുണ്ട്.
6	7	കരുവള്ളീമ്മൽ	പ്രാഥമിക സൗകര്യങ്ങൾ ഒന്നും തന്നെയില്ല.	IRDP-യിൽ ഉൾപ്പെടുത്താം.
7	7	പുളിയേരി പൊയിൽ	പ്രാഥമിക സൗകര്യങ്ങൾ ഒന്നുംതന്നെല്ല. വീടില്ലാത്തവരുണ്ട്	കരിങ്കൽ ചില്ലി നിർമ്മാണത്തിന് സാധ്യതയുണ്ട്.
8 9	7	വാഴോറമല a വാഴോറമല b	പ്രാഥമിക സൗകര്യങ്ങൾ കുറവാണ്. പ്രവർത്തനങ്ങൾ മന്ദഗതിയിലാണ്.	IRDP-പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി മെച്ചപ്പെടുത്താം

10.	7	കറുവട്ടിമല	അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തണം. റോഡ് ഗതാഗതയോഗ്യമാക്കണം.	റോഡ് മെച്ചപ്പെടുത്താം. കുടിവെള്ള വിതരണം മെച്ചപ്പെടുത്താം.
11	8	വാഴോറമല c	IHRDP പ്രവർത്തനം മന്ദഗതിയിലാണ്. കുടിവെള്ളക്ഷാമം രൂക്ഷം.	കാപ്പിക്കുന്നുമ്മൽ ഭാഗത്ത് ടാങ്ക് നിർമ്മിച്ച് വെള്ളമെത്തിക്കാം. കുന്നിക്കുട്ടം ഭാഗത്ത് ടാങ്കിന് സ്ഥല ലഭിക്കും.
12	9	അങ്കവയൽ	പ്രാഥമിക സൗകര്യങ്ങളില്ല. റോഡ് ഗതാഗതയോഗ്യമാക്കണം. ക്കക്കൂസില്ലാത്തവരുണ്ട്.	കയർ നിർമ്മാണത്തിന് സാധ്യതയുണ്ട്.
13	9	പുലിപ്രമീത്തൽ	വൈദ്യുതിയില്ല. വീടില്ലാത്തവരുണ്ട്. കക്കൂസില്ലാത്തവരുണ്ട്	പ്രകൃതി നീരുറവ ലഭ്യത മെച്ചപ്പെടുത്താം. മുകളിൽ ടാങ്കുകെട്ടി വെള്ളമെത്തിക്കാം.
14	10	അക്കരമുണ്ട്യാടി നാലുസെൻറ് കോളനി	വൈദ്യുതിയില്ല. കക്കൂസില്ലാത്തവരുണ്ട്. കോളനിക്ക് പുറത്ത് കുടുംബങ്ങളുണ്ട്.	വൈദ്യുതി ലൈൻ കോളനിക്കടുത്തു കൂടി പോകുന്നതിനാൽ കോളനി വൈദ്യുതീകരിക്കാം. സന്നദ്ധസംഘടനകളുടെ സഹായത്തോടെ കക്കൂസു നിർമ്മിക്കാം. പുതയിൽ തറയങ്കോത്ത് ഭാഗം കോളനികളിൽ ഉൾപ്പെടുത്താം.
15	10	തുരുത്തുമല - കാരിപാറമീത്തൽ	വൈദ്യുതി, റോഡ് ഇല്ല, കക്കൂസ്, വീട് ഇല്ലാത്തവരുണ്ട്	മുകളിൽ ടാങ്ക് നിർമ്മിച്ച് നീരുറവ സംഭരിച്ച് വെള്ളമിത്തെക്കാം. തലപ്പൊയിൽ കുളം ശുചീകരിച്ച് മുകളിൽ ടാങ്ക് കെട്ടി വെള്ളമെത്തിക്കാം. കോട്ടക്കുന്ന് കോളനിയാക്കാം.
16	11	കാപ്പുമല	പ്രാഥമിക സൗകര്യങ്ങളില്ല. റോഡില്ല. വീട്, കക്കൂസ് ഇല്ലാത്തവരുണ്ട്. കുടിവെള്ളമില്ല.	കോളനിയെ അടുത്തുള്ള റോഡുമായി ബന്ധപ്പെടുത്താം.

17	11	ചെങ്ങോടുമല	കുടിവെള്ളം വൈദ്യുതി തീരെയില്ല. റോഡുസൗകര്യം വേണം. കക്കൂസ് വേണം.	നിലവിലുള്ള പൈപ്പ് ജലവിതരണം മെച്ചപ്പെടുത്തിയാൽ മതി. പരമ്പരാഗത തൊഴിൽ മെച്ചപ്പെടുത്താം.
18	11	മുക്കുന്നുമ്മൽ	അടിസ്ഥാനസൗകര്യങ്ങളില്ല. കക്കൂസ്, വീട് ഇല്ലാത്തവരുണ്ട്	കോളിക്കടവ് ഭാഗത്ത് കിണർ കുഴിച്ച് വെള്ളമെത്തിക്കാം.
19	11	പുളിയാംപൊയിൽ	കുടിവെള്ളം, വൈദ്യുതി, റോഡ് ഇല്ല. വീട്, കക്കൂസ് ഇല്ലാത്തവരുണ്ട്.	എരഞ്ഞോളി താഴെ കുളം കുഴിച്ച് - കോളനിയിൽ ടാങ്ക് നിർമ്മിച്ച് വെള്ളമെത്തിക്കാവുന്നതാണ്.

IV-(4)-4

IV (15) സാമൂഹ്യക്ഷേമം

സാമൂഹ്യസാമ്പത്തികരംഗങ്ങളിൽ പുരോഗതി കൈവരിച്ച ഒരു ജനതയാണ് ഏതൊരു രാജ്യത്തിന്റെയും അമൂല്യസമ്പത്ത്. വിദ്യാഭ്യാസ, ആരോഗ്യ, സാംസ്കാരിക മണ്ഡലങ്ങളിൽ വികസിത രാജ്യങ്ങളോട് കിടപിടിക്കത്തക്ക പുരോഗതി കൈവരിക്കാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. സാമൂഹ്യക്ഷേമരംഗത്ത് പ്രവർത്തിക്കുന്ന വിവിധ ഏജൻസികൾ ജനങ്ങളുടെ ദാരിദ്ര്യം നിർമ്മാർജനം ചെയ്യുന്നതിനും, സാമൂഹിക ചുറ്റുപാടുകൾ വിസിപ്പിക്കുന്നതിനും പല വിധ പദ്ധതികളും ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നുണ്ട്. സമഗ്രമായൊരു സർവ്വേയിലൂടെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ കണ്ടെത്തി അവരുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കി വരുന്നുണ്ട്.

വാർഷിക കുടുംബവരുമാനം 11,000 രൂപയിൽ താഴെയുള്ളവരെയാണ് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വരായി കണക്കാക്കുന്നത്. നമ്മുടെ പഞ്ചായത്തിൽ മൊത്തം 5396 കുടുംബങ്ങളിലായി 27,682 പേർ അധിവസിക്കുന്നതായി 1991 ലെ സെൻസസ് റിപ്പോർട്ട് വ്യക്തമാക്കുന്നു. ഇതിൽ 2612 കുടുംബങ്ങൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയാണ്. പട്ടികജാതി പട്ടികവർഗവിഭാഗത്തിൽപ്പെട്ട 702 കുടുംബങ്ങളിൽ 461 കുടുംബങ്ങൾ ഇപ്പോഴും ദാരിദ്ര്യരേഖയ്ക്ക് താഴെ തന്നെ നില്ക്കുന്നു. മൊത്തം ജനസംഖ്യയുടെ 48% കുടുംബങ്ങളും പട്ടികജാതി വിഭാഗത്തിൽപ്പെട്ട 65% കുടുംബങ്ങളും ഇന്ന് ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. ഈ കണക്കുകൾ തന്നെ നമ്മുടെ പഞ്ചായത്തിന്റെ സാമൂഹ്യ, സാമ്പത്തിക പുരോഗതി വ്യക്തമാക്കുന്നതാണ്

പട്ടിക IV - 15 (1)

	ഐ.ആർ.ഡി.പി. ലിസ്റ്റ് പ്രകാരം സഹായവിതരണം				
വില്ലേജ്	ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ	അതിൽ SC/ST	സഹായം ലഭിച്ചവർ	അതിൽ SC/ST	സഹായം കിട്ടിയതിനു ശേഷം രേഖയ്ക്ക് മുകളിൽ വന്ന കുടുംബങ്ങൾ
കോട്ടൂർ	1113	171	246	99	18
അവിടനല്ലൂർ	1499	290	173	133	68
ആകെ	2612	461	419	232	86

അവലംബം : ഡാറ്റാ കലക്ഷൻ

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 2612 കുടുംബങ്ങളിൽ, വിവിധ സാമൂഹിക സാമ്പത്തിക സഹായ വിതരണപദ്ധതി പ്രകാരം 419 കുടുംബങ്ങൾക്ക് സഹായം ലഭ്യമാക്കിയപ്പോൾ വെറും 86 കുടുംബങ്ങളെ മാത്രമേ ദാരിദ്ര്യരേഖയ്ക്ക് മുകളിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടുള്ളു. കഴിഞ്ഞകാല പദ്ധതികളുടെ വിതരണത്തിലും നടത്തിപ്പിലുമുള്ള പോരായ്മയിലേക്കാണിത് വിരൽ ചൂണ്ടുന്നത്. പദ്ധതി പ്രയോജനം ലഭിച്ചവർ തന്നെ അവ കൈകാര്യം ചെയ്യുന്നതിൽ കാണിച്ച കെടുകാര്യസ്ഥതയും ഇതിനു കാരണമാണ്.

നിരവധി ദാരിദ്ര്യനിർമ്മാർജന പദ്ധതികൾ സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ടെങ്കിലും അവയിൽ ഏറിയകൂറും യഥാർത്ഥ ഗുണഭോക്താവിന്റെ കയ്യിൽ എത്തിപ്പെടാത്ത സ്ഥിതി നിലനില്ക്കുന്നു. കേന്ദ്ര - സംസ്ഥാന ഗവൺമെൻറുകൾ തുല്യമായി ചെലവുവഹിക്കുന്ന ഇന്ത്യയിലെ ഏറ്റവും വലിയ ദാരിദ്ര്യനിർമ്മാർജന, പദ്ധതിയായ ഐ.ആർ.ഡി.പി. പോലും കൃത്യമായി വിതരണം ചെയ്യാൻ കഴിയുന്നില്ല. പദ്ധതികളെക്കുറിച്ചുള്ള അജ്ഞതയും, സഹായം ലഭിക്കുന്നതിലുള്ള സാങ്കേതിക ബുദ്ധിമുട്ടും, കാലതാമസവുമെല്ലാം സാധാരണക്കാരന് ഇത് അന്യം നില്ക്കാൻ കാരണമാകുന്നു.

സാമൂഹ്യക്ഷേമബോർഡിന്റെ ആസ്ഥാനം തിരുവനന്തപുരത്തായിരുന്നതുകൊണ്ട് ഇതിന്റെ കീഴിൽ നടക്കുന്ന പ്രവർത്തനങ്ങൾ നമ്മുടെ നാട്ടിൽ പലരും അറിഞ്ഞിരുന്നില്ല. ഇടക്കാലത്ത് ഈ ആപ്പീസ് കോഴിക്കോട്ടേക്ക് മാറ്റിയതുകൊണ്ട് ഈ പോരായ്മ പരിഹരിക്കപ്പെട്ടു തുടങ്ങിയിട്ടുണ്ട്.

സാമൂഹ്യക്ഷേമ പദ്ധതികളെ മൊത്തത്തിൽ രണ്ടായി തിരിക്കാവുന്നതാണ്. ഒന്ന്, കേന്ദ്ര - സംസ്ഥാന ഗവൺമെൻറുകൾ ആവിഷ്ക്കരിച്ചുനടപ്പിലാക്കുന്നവ, രണ്ട് തൊഴിലാളി - തൊഴിലുടമ സഹകരണത്തോടെ നടപ്പാക്കുന്നവ. ഐ. ആർ. ഡി. പി. സാമ്പത്തിക സഹായം, വനിതകളുടെയും കുട്ടികളുടെയും ക്ഷേമത്തിനുള്ള പദ്ധതികൾ (DWCRA, ICDS) തുടങ്ങിയവ ഒന്നാമത്തെ വിഭാഗത്തിലും, ക്ഷേമനിധി തുടങ്ങിയവ രണ്ടാമത്തെ വിഭാഗത്തിലും ഉൾപ്പെടുത്താം.

സമൂഹത്തിൽ അവശതയനുഭവിക്കുന്ന വിവിധ വിഭാഗങ്ങൾക്കു വേണ്ടി ക്ഷേമപദ്ധതികൾ നിലവിലുണ്ട്.

പട്ടിക IV 15 (1)

	പെൻഷൻ വിതരണം 94 – 95							
വില്ലേജ്	കർഷക	ക്ഷയരോഗം തൊഴിലാളി	വികലാംഗം	വിധവ	വാർദ്ധക്യം	കുഷ്ഠം	തൊഴിലില്ലായ്മ വേതനം	സ്വാതന്ത്ര്യ സമരം
കോട്ടൂർ	529	18	81	125	50	5	144	01
	612	90	104	261	90	28	129	07
ആകെ	1141	108	185	386	140	33	273	08

(വില്ലേജ് ഓഫീസുകളിൽ നിന്ന് സംഭരിച്ചത്)

കർഷകത്തൊഴിലാളിപെൻഷനാണ് നമ്മുടെ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ വിതരണം ചെയ്യുന്നത്. ക്ഷയം, കുഷ്ഠം തുടങ്ങിയ രോഗബാധിതർക്കുള്ള പെൻഷനുകളും വിതരണം ചെയ്യുന്നുണ്ട്. കാൻസർ രോഗികൾക്ക് പെൻഷൻ നിലവിലുണ്ടെങ്കിലും ആ വകയിൽ പെൻഷൻ വിതരണം ചെയ്യുന്നതായി വിവരം ലഭിച്ചിട്ടില്ല. തൊഴിലില്ലായ്മ വേതനം 273 പേർക്ക് വിതരണം ചെയ്യുന്നു.

നിർമ്മാണം, ആഭരണം, തയ്യൽ, ബാർബർ, മരംകയറ്റക്കാർ, ബീഡി, വാച്ച്-സൈക്കിൾ റിപ്പയർമാർ, തേങ്ങ വെട്ടി ഉണക്കുന്നവർ, ഫോട്ടോഗ്രാഫർമാർ എന്നിവർക്കൊക്കെ ഇന്ന് ക്ഷേമനിധികൾ നിലവിലുണ്ടെങ്കിലും, ഈ വിഭാഗങ്ങളിൽ പെട്ട ഭൂരിപക്ഷം പേരും ഇന്ന് ക്ഷേമനിധിക്ക് പുറത്താണുള്ളത്. ക്ഷേമനിധിയിൽ അംഗമാവുന്നതിന്റെ പ്രായോഗിക വശങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മയും, തൊഴിലാളി സംഘടനകൾ വേണ്ടത്ര ശ്രദ്ധിക്കാത്തതും ഇതിന് കാരണമാണ്.

ഐ.ആർ.ഡി.പി. സർവ്വേ ലിസ്റ്റിൽ ഉൾപ്പെട്ട പത്ത് സ്ത്രീകളെ ചേർത്ത്, ഓരോ പ്രദേശത്തിന്റെയും, സാധ്യതകൾ ക്കനുസരിച്ചുള്ള തുറകളിൽ സ്വയം തൊഴിൽ സംരംഭങ്ങൾ EWCRAയ്ക്ക് കീഴിൽ ആരംഭിക്കാവുന്നതാണ്. കോട്ടൂർ വി. ഇ, ഒ. സർക്കിളുകളിലായി 92 – 93 സാമ്പത്തികവർഷത്തിൽ രണ്ട് DWCRA യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. രണ്ട്, ഏഴ് വാർഡുകളിലുള്ള ഈ യൂനിറ്റുകൾ 20 വനിതകൾ കരിങ്കല്ലുടയ്ക്കുന്ന പ്രവർത്തിയിൽ ഏർപ്പെട്ടിട്ടുണ്ട്.

ആറു വയസ്സിനു താഴെ പ്രായമുള്ള കുട്ടികളുടെ പോഷണ ആരോഗ്യ നിലവാരം മെച്ചപ്പെടുത്താനും, ശിശുക്കളുടെ മാനസീകവും, ശാരീരികവും, സാമൂഹികവുമായ വികസനത്തിന് അടിസ്ഥാനമിടുവാനും, സ്കൂളിൽ നിന്ന് കുട്ടികൾ കൊഴിഞ്ഞുപോകുന്നതിന്റെ തോത് കുറയ്ക്കാനും, മാതാവിന് പോഷണ വിദ്യാഭ്യാസവും, ആരോഗ്യവിദ്യാഭ്യാസവും നല്കാനുമായി നമ്മുടെ പഞ്ചായത്തിൽ സംയോജിത ശിശുവികസനപദ്ധതിയുടെ കീഴിൽ 27 അങ്കനവാടികൾ പ്രവർത്തിക്കുന്നു. ഇവയിൽ ആറും വാർഡിൽ പ്രവർത്തിച്ചുവന്നിരുന്ന C.No 91-ാം നമ്പർ അംഗനവാടി 96 ഏപ്രിൽ 30 മുതൽ അടച്ചുപൂട്ടിയിട്ടുണ്ട്. ഇവയിൽ 7 എണ്ണത്തിനൊഴികെ മറ്റെല്ലാത്തിനും സ്ഥലം ലഭ്യമായിട്ടുണ്ടെങ്കിലും കെട്ടിടം പണി പൂർത്തിയായത് 4 എണ്ണത്തിന് മാത്രമാണ്. സ്ഥലം ലഭ്യമായ ചില അംഗനവാടികൾക്ക് കെട്ടിടം പണി തുടങ്ങിക്കഴിഞ്ഞിട്ടുണ്ടെങ്കിലും ഗവൺമെൻറിൽ നിന്നും ലഭിച്ച ധനസഹായം പരിമിതമായതുകൊണ്ട് ഇതേവരെ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. കെട്ടിടം നിർമ്മിക്കുന്നതിന് ജനറൽ സെക്ടറിൽ 25,000 രൂപയാണ് ഇപ്പോൾ വിതരണം ചെയ്യുന്നത്. ഏതാണ്ടെല്ലാ സ്ഥലങ്ങളിലും കെട്ടിടമുണ്ടാക്കാനുള്ള സ്ഥലം നാട്ടുകാർ സംഭാവനയായി സ്വരൂപിച്ചതുകൊണ്ട് കെട്ടിടനിർമ്മാണത്തിന് വീണ്ടുമൊരു പിരിവു നടത്താൻ പ്രയാസമുണ്ട്. സ്വന്തമായി കെട്ടിടമുള്ളതിൽ രണ്ടെണ്ണത്തിന് കക്കൂസ് നിർമ്മിക്കാൻ ഫണ്ട് അനുവദിച്ചിട്ടുണ്ട്. അംഗനവാടികൾക്ക് ചുറ്റുമ

തിലുകൾ അത്യാവശ്യമാണ്. ചില പ്രദേശങ്ങളിലെ അംഗനവാടികളിൽ നിന്നും കുട്ടികളെ സമീപപ്രദേശത്തെ സ്കൂളുകളിൽ ഡിവിഷൻ നിലനിർത്താൻ കൊണ്ടുപോകുന്ന പ്രവണതയും കണ്ടുവരുന്നുണ്ട്. അംഗനവാടികൾക്ക് കണ്ടിജൻസ് വാങ്ങുന്നതിനു വേണ്ടി സർക്കാരിൽ നിന്നും അനുവദിക്കുന്ന തുക തീരെ അപര്യാപ്തമായതുകൊണ്ട് മിക്ക അംഗനവാടികളിലും കളിക്കോപ്പുകൾ, ആവശ്യത്തിനുള്ള ഗ്ലാസ്, പ്ലേറ്റ് എന്നിവ ഇല്ല.

അംഗനവാടികളിലൂടെ റജിസ്റ്റർ ചെയ്ത മഹിളാ സമാജങ്ങളിലുള്ള പ്രവർത്തകർക്ക് സാമ്പത്തികവും, വിദ്യാഭ്യാസവും, സാമൂഹികവും, തൊഴിൽപരവുമായ ഉന്നമനത്തിനുവേണ്ടി ഇന്ദിര മഹിള കേന്ദ്ര റജിസ്റ്റർ ചെയ്ത് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിലെ 18 എണ്ണം ഐ.എം.കെ. ആയി പ്രവർത്തിക്കാൻ അനുവാദം ലഭിച്ചിട്ടുണ്ട്.

(അവലംബം: ICDS പ്രൊജക്ട് ഓഫീസ്)

പഞ്ചായത്തിലെ 26 അംഗനവാടികളിൽ വാർഡുമെമ്പർമാർ ചെയർമാന്മാരായി വെൽഫയർ കമ്മിറ്റികൾ നിലവിലുണ്ടെങ്കിലും യോഗങ്ങൾ വിരളമായേ ചേരാറുള്ളൂ. ആയിരം ജനസംഖ്യയ്ക്ക് ഒരംഗൻവാടി എന്ന ലക്ഷ്യം പൂർത്തീകരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. മഹിളാസമാജങ്ങൾ ചില അംഗനവാടികളിൽ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. സി.ബി.സി. എസ്സിനു കഴീൽ ഒന്ന് രണ്ട് വാർഡുകളിൽ പ്രവർത്തിക്കുന്ന ഓരോ അംഗനവാടി മഹിളാഗ്രൂപ്പുകളെ തിരഞ്ഞെടുത്തിട്ടുണ്ട്. ഗ്രാമീണ കൈത്തൊഴിലുകാർക്ക് അവരുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനും വരുമാനം കൂട്ടാനായി നവീന തൊഴിലുപകരണങ്ങൾ നല്കുന്ന പദ്ധതി നിലവിലുണ്ട്. മരപ്പണി, ഇരുമ്പുപണി, സ്വർണപണി, ചെരിപ്പു നിർമ്മാണം തുടങ്ങിയ മേഖലകളിൽ തൊഴിൽ ചെയ്യുന്നവർക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യം നല്കുന്നുണ്ട്.

പട്ടിക IV - 15 (3)

അംഗനവാടികളെ സംബന്ധിച്ച വിവരം

ക്രമനമ്പർ	വാർഡ്	എണ്ണം	അംഗനവാടികളുടെ നമ്പർ	കുട്ടികളുടെ എണ്ണം	സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തവർ	കെട്ടിടം ഉള്ളത്	6 വയസ്സിന് താഴെ പ്രായത്തിൽ മരിച്ച കുട്ടികൾ	IMK ഉള്ളവ
1	I	3	79 80 81	191	1(81)	-	1(80)	2 (79,80)
2	II	3	82 83 84	262	-	1 (84)	-	3
3	III	2	85 87	145	2	-	-	2
4	IV	1	86	110	1	-	-	1
5	V	2	88 89	192	-	1 (88)	-	1 (89)
6	VI	1	90 91	-	1 (90)	-	1	
7	VII	4	92 93 94 99	239	(92) 3 (93) (99)	1 (99)	-	2 (93,94)
8	VIII	2	95 96	204	2	-	-	1 (95)
9	IX	2	97 98	112	2		1(97)	1(98)
10	X	3	100 101 103	220	3	-	2(103)	2(100,101)
11	XI	3	102 104 105	192	1(104)	1(105)		2(104,105)
		26			1958	15	4	18

സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസസന്നിധിയിൽനിന്ന് ചികിത്സാ ചെലവിനുള്ള സഹായം, വിധവകളുടെ പെൺമക്കൾക്ക് വിവാഹചെലവിനുള്ള സഹായം, മരംകയറ്റക്കാർ അപകടത്തിലോ മരണത്തിലോ പെട്ടാലുള്ള സഹായം ഭൂരഹിത കർഷകത്തൊഴിലാളികൾ മരണമടഞ്ഞാലുള്ള ഇൻഷൂറൻസ് സംരക്ഷണം തുടങ്ങിയ പദ്ധതികളും നിലവിലുണ്ട്.

നമ്മുടെ പഞ്ചായത്തിൽ 16 പൊതു വിതരണകേന്ദ്രങ്ങളും, 10-ാം വാർഡിൽ കൂട്ടാലിടയിൽ ഒരു മാവേലിസ്റ്റോറും പ്രവർത്തിക്കുന്നു. ഓണം, വിഷു തുടങ്ങിയ വിശേഷാവസരങ്ങളിൽ സഹകരണസ്ഥാപനങ്ങൾ ചന്തകൾ നടത്തുന്ന പതിവും ഉണ്ട്. സാധാരണക്കാർക്ക് അവശ്യസാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാവുന്ന ഇത്തരം സ്ഥാപനങ്ങൾ വലിയൊരു ആശ്വാസമാണ്.

പ്രശ്നങ്ങൾ

1. ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുമ്പോൾ അർഹതയുള്ളവരെ കണ്ടെത്തുന്നില്ല.
2. ക്ഷേമനിധി ആനുകൂല്യങ്ങൾ ഭൂരിഭാഗം തൊഴിലാളികൾക്കും ലഭിക്കുന്നില്ല.
3. പെൻഷൻ വിതരണം കൃത്യമായി നടക്കുന്നില്ല.
4. തൊഴിലില്ലായ്മവേതനം അനർഹർ കൂടി കൈപ്പറ്റുന്നു.
5. അംഗനവാടികൾക്ക് സ്വന്തമായ കെട്ടിടങ്ങൾ കുറവാണ്.
6. അംഗനവാടികൾക്കുള്ള കെട്ടിടനിർമ്മാണ ഗ്രാൻറ് അപര്യാപ്തമാണ്.
7. അംഗനവാടികളിൽ കക്കൂസ്, ചുറ്റുമതിൽ തുടങ്ങിയവ ആവശ്യമാണ്.
8. രാവിലെ 9 മണി മുതൽ 3.30 വരെ അംഗനവാടിയിലും അതോടൊപ്പം ഫീൽഡ് പ്രവർത്തനവും നടത്തുന്ന ജീവനക്കാരുടെ വേതനനിരക്ക് കുറവാണ്.
9. പൊതു വിതരണകേന്ദ്രങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.
10. റേഷൻ കാർഡുകൾ ഇല്ലാത്തവർ വളരെ കൂടുതലുണ്ട്.
11. സാമൂഹ്യക്ഷേമ വകുപ്പിനു കീഴിലുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല.
12. ട്രൈസം തൊഴിൽ പരിശീലനം ലഭിച്ചവർക്ക് തുടർന്ന് ആ തുറയിൽ ജോലി കണ്ടെത്താൻ കഴിയുന്നില്ല.
13. ദുർബലവിഭാഗങ്ങൾക്ക് വിതരണം ചെയ്യുന്ന വീട്, കക്കൂസ് എന്നിവയുടെ എണ്ണം പരിമിതമാണ്.
14. ഹരിജൻ, ലക്ഷം വീട് കോളനി നിവാസികൾക്കാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കാൻ കഴിഞ്ഞിട്ടില്ല.

നിർദ്ദേശങ്ങളും സാധ്യതകളും

1. ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികളുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാനുള്ള പൂർണ്ണ അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറാവുന്നതാണ്.
2. ക്ഷേമനിധി ഉദ്യോഗസ്ഥർ ഗ്രാമപഞ്ചായത്ത് ഓഫീസിൽ സിറ്റിങ്ങ് നടത്തി അംഗങ്ങളെ ചേർക്കാനുള്ള പ്രവർത്തനം നടത്താവുന്നതാണ്.
3. പെൻഷൻ വിതരണ് പൂർണ്ണമായും പഞ്ചായത്തുകൾക്ക് കൈമാറുകയും, ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാനുള്ള അധികാരം, ഉദ്യോഗസ്ഥർ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവരുൾപ്പെട്ട ഇംപ്ലിമെന്റേഷൻ കമ്മിറ്റികൾക്ക് കൈമാറുകയും ചെയ്യുന്ന കാര്യം പരിഗണിക്കാവുന്നതാണ്.
4. പൊതുവിതരണകേന്ദ്രത്തിലെ വിലയും പരസ്യമാർക്കറ്റിലെ വിലയും തുല്യമാവുമ്പോൾ റേഷൻ സാധനങ്ങൾ കെട്ടിക്കിടക്കാനിടവരുന്നു. റേഷൻ സബ്സിഡി തുടരാവുന്നതാണ്.
5. മുഴുവൻ പേർക്കും റേഷൻ കാർഡുകൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി, വീട്ടുനമ്പർ ഇളവനുവദിച്ചു നല്കാനാവുമോ എന്നാരായേണ്ടതാണ്.
6. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ നടക്കുന്ന വിവരങ്ങളെ പറ്റി പ്രതിപാദിക്കുന്ന വിശദവിവരങ്ങൾ നല്കുന്ന ഇൻഫർമേഷൻ ഗൈഡുകൾ ഗ്രാമപഞ്ചായത്ത് മെമ്പർമാർക്കിടയിൽ വിതരണം ചെയ്യാവുന്നതാണ്.
7. ഐ.ആർ.ഡി.പി. പോലുള്ള ലോണുകൾ നല്കാൻ വാണിജ്യബാങ്കുകൾ വിമുഖത കാണിക്കുന്നതുകൊണ്ട് സഹകരണസ്ഥാപനങ്ങൾ വഴി ഈ ലോണുകൾ വിതരണം ചെയ്യുന്ന കാര്യം ആലോചിക്കാവുന്നതാണ്.
8. IAY, JRY, CRSP പോലുള്ള സ്കീമുകൾ വഴി വീടും, കക്കൂസും, വിതരണം ചെയ്യുമ്പോൾ ഗുണഭോക്താവിന്റെ വിഹിതം കൂടി ഉറപ്പുവരുത്തുക്കൊണ്ട് ജനകീയ സന്നദ്ധ പ്രവർത്തനത്തിലൂടെ നടത്തിയാൽ കുറഞ്ഞ ഫണ്ടിൽ കൂടുതൽ പേർക്ക് അടിസ്ഥാനസൗകര്യം ലഭ്യമാക്കാവുന്നതാണ്.
9. അംഗനവാടി ജീവനക്കാരുടെ വേതനം

വർദ്ധിപ്പിക്കുകയും, പെൻഷൻ ഏർപ്പെടുത്തുകയും ചെയ്യാവുന്നതാണ്.

10. പഞ്ചായത്തുതലത്തിൽ ഗ്രാമപഞ്ചായത്ത് നേരിട്ട് അംഗനവാടി കലാമേളകൾ സംഘടിപ്പിക്കാവുന്നതാണ്.
11. അംഗനവാടികളിൽ റജിസ്റ്റർ ചെയ്യപ്പെട്ട, ഇന്ദിര മഹിള കേന്ദ്രങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടാൻ സാമ്പത്തിക സഹായം അനുവദിക്കാവുന്നതാണ്.
12. ഓരോ അംഗനവാടിയിലേക്കും, കളിക്കോപ്പുകൾ, ഗ്ലാസ്, പ്ലേറ്റ് തുടങ്ങിയ സൗകര്യങ്ങൾ ഉണ്ടാക്കാവുന്ന സഹായങ്ങൾ ചെയ്യാവുന്നതാണ്.
13. നിർമ്മാണചെലവിൽ വന്ന വർദ്ധനവുകൊണ്ട് അംഗനവാടികൾക്ക് നല്കുന്ന കെട്ടിടഗ്രാൻറ് വർദ്ധിപ്പിക്കാവുന്നതാണ്.
14. റേഷൻകടകളിൽ കാര്യക്ഷമമായ പ്രവർത്തനം നടക്കുന്നുവോ എന്ന് പരിശോധിക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തിന് കൈമാറാവുന്നതാണ്.



IV (16) വിഭവസമാഹരണം

നമ്മുടെ പഞ്ചായത്തിൽ പേരിനുപോലും ഒരു വ്യവസായസ്ഥാപനമോ തൊഴിൽ ശാലയോ ഇല്ല. നാമമാത്രമായ ചെറുകിട കുടിൽ വ്യവസായങ്ങളാണ് വ്യവസായമായി പരിഗണിക്കാനുള്ളത്. കോട്ടൂരിൽ വനിതാ സൊസൈറ്റിയുടെ കീഴിൽ ഒരു സോപ്പ് നിർമ്മാണ യൂണിറ്റ് പ്രവർത്തിച്ച് വരുന്നുണ്ട്. ചെറുകിട വ്യവസായങ്ങൾക്ക് ഏറെ സാധ്യതയുള്ള ഒരു പ്രദേശമാണ് നമ്മുടേത്. എങ്കിലും വൈദ്യുതി പ്രതിസന്ധിയും സാമ്പത്തിക പ്രയാസവും ഇതിനെ പ്രതികൂലമായി ബാധിക്കുന്ന മുഖ്യഘടകങ്ങളാണ്. വ്യവസായ രംഗത്തെ അവഗണിച്ചുകൊണ്ടുള്ള ഒരു വിഭവസമാഹരണം തീർത്തും അപ്രായോഗികം തന്നെയാണ്. കാർഷിക മേഖലയിൽ നിന്നും നാളികേരം, റബർ, അടക്ക എന്നിവ ശേഖരിച്ച് സംസ്കരിക്കാനും പുതിയ ഉല്പന്നങ്ങൾ നിർമ്മിക്കാനും ചെറുകിടവ്യവസായയൂണിറ്റുകൾക്ക് കഴിയും. ഇത്തരം കേന്ദ്രങ്ങൾ തുടങ്ങുന്നതിന് സംരംഭകർക്ക് ആവശ്യമായ സാങ്കേതിക സാമ്പത്തിക സഹായങ്ങൾ ചെയ്തുകൊടുക്കാൻ പഞ്ചായത്ത് തലത്തിൽ ഒരു ഗൈഡൻസ് ബ്യൂറോ തുടങ്ങാവുന്നതാണ്.

ചെങ്കല്ല്, കരിങ്കല്ല് മുതലായവയുടെ വൻശേഖരങ്ങൾ പഞ്ചായത്തിലെ വാകയാട്, കോട്ടൂർ, മൂലാട്, പൂനത്ത്, തൃക്കുറ്റിശ്ശേരി, പാലോളി ഭാഗങ്ങളിലുണ്ട്. ഇപ്പോൾതന്നെ ധാരാളം തൊഴിലാളികൾ ഈ മേഖലയിൽ ജോലി ചെയ്യുന്നുണ്ട്. ഇവയൊന്നുംതന്നെ ഏകീകരിച്ച രൂപത്തിലല്ല എന്നുമാത്രം. ഇതിനായി ഒരു സഹകരണസംഘം രൂപീകരിച്ച് പരമാവധി ഉപയോഗപ്പെടുത്താനും തൊഴിൽ സാധ്യത വർദ്ധിപ്പിക്കാനും ഈ മേഖലയിൽ ഇന്നുള്ള ഇടത്തട്ടുകാരെ ഒഴിവാക്കുവാനും കഴിയും.

പഞ്ചായത്തിന്റെ പ്രധാന വരുമാനയിനങ്ങൾ കെട്ടിടനികുതി, തൊഴിൽ നികുതി വസ്തുകൈമാറ്റ നികുതി വിനോദ നികുതി എന്നിവയാണ്. വികസനരംഗത്ത് വളരെ പിന്നിലുള്ള നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ച് ഈ വരുമാനം ഒന്നുമല്ല എന്ന കണക്കുകൾ വ്യക്തമാക്കുന്നു.

JRY സംബന്ധിച്ച വിവരം

	പണിയുടെ പേര്	തുക
1.	വല്ലോറമല പാട്ടർ സപ്ലൈ	1,03,000
2.	തൃക്കുറ്റിശ്ശേരി പതിനൊന്നുകണ്ടി റോഡ്	1,50,000
3.	കോളിക്കടവ് പാത്തിപ്പാറ റോഡ്	1,91,000
4.	പറമ്പിൽതോട് പതിനൊന്നുകണ്ടി റോഡ്	60,000
5.	തൃക്കുറ്റിശ്ശേരി വാകയാട് ഹൈസ്കൂൾ റോഡ്	50,000
6.	പൂനത്ത്, കുട്ടത്തുംകണ്ടി താഴെ നടപ്പാലം	40,000
7.	നരയംകുളം കൂട്ടാലി റോഡ്	55,508
8.	വീട് നിർമ്മാണത്തിന്	2,21,200
9.	കക്കൂസ് നിർമ്മാണം SC/ST	8,000
	ആകെ	8,78,708

വർദ്ധിച്ചുവരുന്ന ചെലവുകളും ഏറെ വികസനം ഇനിയും നടത്തേണ്ടതും നിരവധി പുതിയ നിർദേശങ്ങൾ ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നതുമായ സാഹചര്യത്തിൽ പഞ്ചായത്തിന്റെ ചെലവുമായി താരതമ്യം ചെയ്താൽ നമ്മുടെ സാമ്പത്തിക സ്ഥിതി വ്യക്തമാകും.

വരവ് സംബന്ധിച്ച വിവരം 95 – 96

ഇനം	തുക
കെട്ടിടനികുതി	1,78,880
സർവീസ് ചാർജ്	9,824
തൊഴിൽ നികുതി	85,254
വിനോദനികുതി	68,064
പ്രദർശന നികുതി	2,334
ലൈസൻസ് ഫീസ്	12,205
വസ്തു കൈമാറ്റ നികുതി	48,437
ഡിപ്പോസിറ്റ്	65,362
ആകെ	4,70,360

പ്രധാന വരുമാന മാർഗങ്ങളായ കെട്ടിട തൊഴിൽ, വിനോദ നികുതികൾ വർധിപ്പിച്ചുകൊണ്ട് മാത്രം പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് ഫണ്ട് കണ്ടെത്താനാവില്ലെന്ന് മേൽ കാണിച്ച പട്ടികയിൽ നിന്നും വ്യക്തമാവും. അതുകൊണ്ട് വരുമാനം വർധിപ്പിക്കുന്നതിന് സമഗ്രപദ്ധതി നടപ്പാക്കേണ്ടിയിരിക്കുന്നു. കൂടാതെ നികുതികൾ പൂർണമായും പിരിച്ചെടുക്കുവാനും കഴിയണം. നാമമാത്രമായ ഗവൺമെന്റ് ഗ്രാന്റിനേയും സ്പെഷ്യൽ ഫണ്ടിനേയും ആശ്രയിച്ച് വികസന പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടു പോവുക യെന്ന ഇന്നത്തെ സ്ഥിതി അടിയന്തിരമായും മാറ്റേണ്ടിയിരിക്കുന്നു.

ചെലവ് സംബന്ധിച്ച വിവരം 1995–96

ഇനം	തുക
ഭരണം	5,55,721
പൊതുമരാമത്ത്	4,81,501
വിദ്യാഭ്യാസം	33,646
ജലവിതരണം, പൊതുജനാരോഗ്യം	27,944
വൈദ്യുതി	4,620
ആകെ	11,03,432

കെട്ടിടനികുതി തറവിസ്തീർണ്ണത്തിന് അടിസ്ഥാനമാക്കി കണക്കാക്കുന്ന ഇന്ന് നിലവിലുള്ള രീതി മാറി നിർമ്മാണ ചെലവിന് അനുസൃതമായി കണക്കാക്കാവുന്നതാണ്. ഇതുമൂലം വൻ കൊട്ടാരം പോലെയുള്ള വീടുകൾ നിയന്ത്രിക്കുന്നതിനും വരുമാനം വർധിപ്പിക്കുന്നതിനും കഴിയും. പത്തു ലക്ഷത്തിലധികം മുതൽമുടക്കി വീടുണ്ടാക്കുന്നവരിൽ നിന്നും വാർഷിക സെസ്സ് ഈടാക്കാവുന്നതാണ്. നമ്മുടെ വരുമാനത്തിന്റെ മറ്റൊരു മാർഗമായ തൊഴിൽ നികുതി ഇന്ന് പ്രധാനമായും പഞ്ചായത്തിലെ ഗവ. സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരിൽ നിന്നാണ് ഈടാക്കുന്നത്. എന്നാൽ പഞ്ചായത്തിലെ അസംഖ്യം തൊഴിലാളികളേയും ഇതിന്റെ പരിധിയിൽ കൊണ്ടുവരാവുന്നതാണ്. മൊത്തം തൊഴിലാളികളെ പഞ്ചായത്തിൽ റജിസ്റ്റർ ചെയ്യുകയും ലൈസൻസ് ഏർപ്പെടുത്തുകയും ചെയ്തു തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. കൂടാതെ മരക്കച്ചവടക്കാർ വാഹന, മരബ്രോക്കർമാർ എന്നിവർക്കും ലൈസൻസ് ഏർപ്പെടുത്തുക വഴി തൊഴിൽ നികുതി ഈടാക്കാൻ കഴിയും. തയ്യൽ തൊഴിലാളികൾ, ബാർബർ എന്നീ വിഭാഗങ്ങളേയും ഇതിന്റെ പരിധിയിൽ കൊണ്ടുവരാം. പഞ്ചായത്തിന്റെ ആസ്ഥാനമായ കൂട്ടാലിടയിൽ ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിച്ച് പൊതു ആവശ്യങ്ങൾക്ക് നൽകി വരുമാനം വർധിപ്പിക്കാൻ കഴിയും. ഇനിയും ധാരാളം വികസന സാധ്യതയുള്ള നല്ലൊരു അങ്ങാടിയാണ് നമ്മുടെ പഞ്ചായത്ത് ആസ്ഥാനമായ കൂട്ടാലിട. ഒരു ബസ്സ്റ്റാൻഡ് കം ഷോപ്പിംഗ് കോപ്ലക്സ് കൂട്ടാലിടയിൽ നിർമ്മിച്ചും വലിയ ഒരു തുക സമാഹരിക്കാൻ കഴിയും. നമ്മുടെ പഞ്ചായത്തിൽ സർവീസ് നടത്തുന്ന ടാക്സികൾക്ക് (ജീപ്പ്, ഓട്ടോ) ചെറിയ തുക മാസംതോറും ഈടാക്കാവുന്നതാണ്. ചെങ്കൽ, കരിങ്കൽ ക്വാറികൾക്ക് ലൈസൻസ് ഏർപ്പെടുത്താം. പഞ്ചായത്തിലുള്ള വളർത്തു നായകൾക്ക് ലൈസൻസ് ഏർപ്പെടുത്തുക വഴി പേ വിഷബാധ തടയുന്നതിനും പഞ്ചായത്തിന്റെ വരുമാനം വർധിപ്പിക്കുന്നതിനും കഴിയും.

പഞ്ചായത്തിൽ ഒരു ആഴ്ച ചന്ത തുടങ്ങിയാൽ കർഷകർക്കും മറ്റും അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കാനും ആവശ്യക്കാർക്ക് മിതമായ തോതിൽ സാധനങ്ങൾ വാങ്ങാനും കഴിയും. ഇത് പഞ്ചായത്തിന്റെയും വരുമാന വർധനവിനു കാരണമാകും.

പഞ്ചായത്തിലെ രണ്ടു ബേങ്കുകളാണ് കോട്ടൂർ സർവീസ് സഹകരണ ബേങ്കും, സൗത്ത് മലബാർ ഗ്രാമീൺ ബേങ്കും. ഇവിടെ നിന്നുമാണ് ജനങ്ങൾ പരമാവധി ലോണുകളും മറ്റും ലഭിക്കുന്നത്. 1995–96

വർഷത്തിൽ ഈ രണ്ടു സ്ഥാപനങ്ങൾ 6.75 ലക്ഷം രൂപയോളം വിതരണം ചെയ്തിട്ടുണ്ട്. പഞ്ചായത്തിലെ സഹായ ആവശ്യമുള്ളവരുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ ഈ തുക വളരെ പരിമിതം തന്നെയാണ്. ഈ സ്ഥാപനങ്ങളിൽ നിന്നും കൂടുതൽ ആവശ്യക്കാർക്ക് ലോൺ നൽകുന്നതിനും ഒരു ദേശസാൽകൃത ബാങ്ക് സ്ഥാപിച്ച് വൻകിട കർഷകർക്കും വ്യവസായ സംരഭകർക്കും ലോൺ നൽകുന്നതിനും നടപടിയുണ്ടാവണം. കൂടാതെ പഞ്ചായത്തിലെ ചില വാർഡുകളിലെ ആളുകൾക്ക് ലോൺ നൽകാനുള്ള സൗകര്യം കൂരാച്ചുണ്ടിലെ ബാങ്കിൽ നിന്നും മാറ്റി കൂട്ടാലിട സൗത്ത് മലബാർ ബാങ്കിൽ നിന്നാക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

മത്സ്യമാർക്കറ്റ്, മാംസമാർക്കറ്റ് ഇവയ്ക്കും ലൈസൻസ് ഏർപ്പെടുത്താം. പഞ്ചായത്തിൽ നടക്കുന്ന ക്രയവിക്രയം മൂലം ലഭിക്കുന്ന 'സ്റ്റാമ്പ് ഡ്യൂട്ടി' മുഴുവനായി പഞ്ചായത്തിനു തന്നെ ലഭിക്കുന്നതിന് നടപടിയുണ്ടാകണ്. കച്ചവടക്കാർക്ക് മുതൽ മുടക്കിനനുസരിച്ച് ലൈസൻസ് തരംതിരിച്ച് നൽകാം. അബ്കാരി ലേലം മുഖേനയുള്ള വരുമാനം പഞ്ചായത്തിനു തന്നെ ലഭിക്കണം. RTO മുഖേന ഈടാക്കുന്ന വാഹനനികുതിയുടെ 40% എങ്കിലും പഞ്ചായത്തിനു ലഭിക്കണം. പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങളേയും ദേശീയ സമ്പാദ്യപദ്ധതിയിൻകീഴിൽ കൊണ്ടുവരാൻ 'എല്ലാവർക്കും സേവിംഗ്' എന്ന പദ്ധതി നടപ്പാക്കാം. ഇതിന്റെ കമ്മീഷൻ ഇനത്തിൽ ലഭിക്കുന്ന തുക പഞ്ചായത്തിന് വരുമാനമാകും. വസ്തു കൈമാറ്റ നികുതി കണക്കാക്കുന്നതിന് മാനദണ്ഡം നിശ്ചയിക്കാനുള്ള അധികാരം പഞ്ചായത്തിനു നൽകണം.

ഏറ്റവും വലിയ വിഭവം ആ പ്രദേശത്തെ ജനങ്ങൾ തന്നെയാണ്. ശക്തമായ ദേശീയ കാഴ്ചപ്പാടുള്ള ഒരു യുവതലമുറയെ സൃഷ്ടിച്ച് അവരെ നാടിന്റെ വികസനപ്രവർത്തനങ്ങളിൽ പങ്കാളികളാക്കാൻ കഴിയണം. ഇന്ന് നമ്മുടെ വരുമാനത്തിന്റെ സിംഹഭാഗവും റോഡിനായി ചെലവഴിക്കുന്ന ഒരു അവസ്ഥയാണുള്ളത്. ഇതിന് ഒരു മാറ്റം വരണം. ഉള്ള റോഡുകൾ സംരക്ഷിച്ച് അത്യാവശ്യമുള്ളിടത്തോളം മാത്രം ഗതാഗതസൗകര്യം ഉപയോഗപ്പെടുത്തേണ്ട ഒരു കാഴ്ചപ്പാട് വളർന്നുവരേണ്ടിയിരിക്കുന്നു. പഞ്ചായത്ത് നടത്തുന്ന പ്രവർത്തനങ്ങളിൽ പഞ്ചായത്തിലെ ക്ലബ്, സാംസ്കാരിക സംഘടനകൾ എന്നിവയെ പങ്കെടുപ്പിച്ചുകൊണ്ട് പരമാവധി ജോലി പരിമിതവിഭവം കൊണ്ട് ചെയ്യാൻ കഴിയും. ഇത്തരം സംഘടനകൾക്ക് ടെണ്ടർ നൽകുകയും വാം. ഇത്തരം പ്രവർത്തനങ്ങൾക്ക് മനുഷ്യാധ്വാനം മിക്കവാറും എല്ലാ വാർഡുകളിൽ നിന്നും വാഗ്ദാനം ചെയ്തത് ജനങ്ങളുടെ ഇത്തരം സംരംഭങ്ങളോടുള്ള കാഴ്ചപ്പാട് വ്യക്തമാക്കുന്നു. ഇത്തരം കൂട്ടായ പ്രവർത്തനങ്ങളിലൂടെ ദിശാബോധമുള്ള ഒരു ജനസമൂഹത്തെ വളർത്തിയെടുക്കാമെന്ന് നമുക്ക് പ്രത്യാശിക്കാം.

അനുബന്ധം 1
കോർ ഗ്രൂപ്പ്

1. കൃഷി, ജലസേചനം

1. പി. കെ. ബാലൻ മാസ്റ്റർ(കൺവീനർ)
2. കെ. പി. കൃഷ്ണദാസ്
3. പി. രാജേന്ദ്രൻ

2. ആരോഗ്യം, കുടിവെള്ളം പരിസരശുചിത്വം

1. കെ. രാധൻ (കൺവീനർ)
2. ടി. പി. രാജു
3. ടി. ഷാജു

3. വ്യവസായം

1. എൻ. മുരളീധരൻ (കൺവീനർ)

4. റോഡുകൾ, ഊർജ്ജം, മാർക്കറ്റ്

1. വി. പി. ഗംഗാധരൻ (കൺവീനർ)
2. കെ. സി. ഹമീദ്

5. വിദ്യാഭ്യാസം

1. എൻ. അച്ചുതൻ നായർ (കൺവീനർ)
2. പി. കെ. പ്രദീപ് കുമാർ

6. മൃഗപരിപാലനം

1. ടി. മുരളീധരൻ (കൺവീനർ)
2. യു. മോഹനൻ

7. ഭവന നിർമ്മാണം, ക്ഷേമപ്രവർത്തനം

1. പി. റ്റി. സുരേന്ദ്രൻ (കൺവീനർ)
2. കെ. സി. അല്ക്സാണ്ടർ
3. കെ. കെ. പ്രകാശൻ
4. എം. പി. ഇബ്രാഹിം

8. സഹകരണം

1. ഇ. ഗോപിനാഥൻ (കൺവീനർ)
2. കെ. കുഞ്ഞനന്തൻ മാസ്റ്റർ

9. സംസ്കാരം

1. സി.എച്ച്. കരുണാകരൻ (കൺവീനർ)
2. കെ.പി. ഉണ്ണികൃഷ്ണൻ
3. ഒ. എം. ബാലൻ

10. പട്ടികജാതി, പട്ടികവർഗം

1. പി. സദാശിവൻ (കൺവീനർ)
2. ടി. എച്ച്. ബാലകൃഷ്ണൻ
3. പ.കെ. ശ്രീനി

11. വനിതാക്ഷേമം

1. എം. ലതിക (കൺവീനർ)

12. വിഭവസമാഹരണം

1. ടി.എം സുരേഷ്കുമാർ (കൺവീനർ)

അനുബന്ധം 2
പഞ്ചായത്ത് തല പരിശീലകർ

1. എൻ. അച്ചുതൻ നായർ
2. ടി. പി രാജു
3. പി. റ്റി. സുരേന്ദ്രൻ
4. എൻ. മുരളീധരൻ
5. കെ. രാധൻ
6. കെ. പി. കൃഷ്ണദാസ്
7. പി.കെ. ഗോപാലൻ
8. ടി.വി. സതീശ്കുമാർ
9. എം. വി മോഹനൻ
10. ടി. സന്തോഷ് കുമാർ
11. എൻ. പി. ബാലറാം
12. ഇ. ഗോപിനാഥൻ
13. മുധുകുമാർ രാരാരി
14. സി.കെ. ഉണ്ണികൃഷ്ണൻ നായർ
15. ടി. എ റസ്സാക്ക്
16. യു. മോഹനൻ
17. പി.വി. അബ്ദുൽ ഗഫൂർ
18. ഇ. സുരേഷ്
19. യു. രജീഷ്
20. എം. മുഹമ്മദലി
21. പി. ത്രിഗുണൻ
22. എം. ലതിക
23. ഒ.എം ബാലൻ
24. എം. പി. ഇബ്രാഹിം
25. കെ.പി. ഉണ്ണികൃഷ്ണൻ
26. കെ.കെ. പ്രകാശൻ
27. വി.പി. ഗോവിന്ദൻ കുട്ടി
28. യു.എം സത്യൻ
29. ഇ. സുധാകരൻ
30. കെ. പ്രദീപ് കുമാർ
31. ടി. മുരളീധരൻ
32. കെ.പി. നാരായണൻ
33. കെ. ശങ്കരൻ നമ്പൂതിരി
34. ടി. ഷാജു
35. കെ.വി. പ്രമോദ്
36. പി.കെ. ചന്ദ്രൻ
37. കെ.സി ഹമീദ്
38. പി.കെ. അജിത് കുമാർ
39. എം. ബഷീർ
40. വി.പി. വത്സല
41. എൻ.പി. മൂസ്സക്കോയ
42. ടി. എച്ച് ബാലകൃഷ്ണൻ
43. പി. രാജേന്ദ്രൻ
44. സി. എച്ച് കരുണാകരൻ
45. പി. സദാശിവൻ
46. കെ. മോഹനൻ
47. എം.എം. രുഗ്മിണി
48. വി.പി. ഗംഗാധരൻ
49. കെ.സി അലക്സാണ്ടർ
50. ടി.എം സുരേഷ് ബാബു
51. പി.കെ. ശ്രീനി
52. കെ. കുഞ്ഞനന്തൻ
53. എം. ശ്രീനിവാസൻ
54. പി.കെ. ബാലൻ

അങ്ങേയറ്റം ദാരിദ്ര്യം അനുഭവിക്കുന്നവർക്കുപോലും, ഇത് തങ്ങളുടെ നാടാണെന്നും ഇത് രൂപപ്പെടുത്തുന്നതിൽ തങ്ങൾക്കും മഹത്തായൊരു പങ്കുണ്ടെന്ന് വിശ്വസിക്കുന്ന ഒരു ഭാരതത്തിനുവേണ്ടി, ഉയർന്ന വർഗവും താണവർഗ്ഗവുമില്ലാത്ത ഒരു ഭാരതത്തിനുവേണ്ടി, എല്ലാ സമുദായങ്ങളും തികഞ്ഞ മൈത്രിയിൽ വർത്തിക്കുന്ന ഒരു ഭാരതത്തിനുവേണ്ടി, ഞാൻ പ്രയത്നിക്കും.

-മഹാത്മാഗാന്ധി

അധികാരം ജനങ്ങളിലേക്ക്
ഒമ്പതാം പദ്ധതി ജനകീയപദ്ധതി

❑

ഒമ്പതാം പദ്ധതിയുടെ 35-40 ശതമാനം തുക
പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക്

❑

ആസൂത്രണം താഴെത്തട്ടിൽ നിന്ന് മുകളിലേക്ക്

❑

ആസൂത്രണത്തിലും നിർവ്വചനത്തിലും
വിപുലമായ ജനപങ്കാളിത്തം

❑

ജനലക്ഷങ്ങൾ ഒത്തൊരുമയോടെ കർമ്മരംഗത്തേക്ക്

❑

ജനപ്രതിനിധികളും വിദഗ്ധരും ഉദ്യോഗസ്ഥരും
അണിചേരുന്നു.

ജനനമരണ രജിസ്ട്രേഷൻ

സ്കൂൾ പ്രവേശനത്തിന്, ഉദ്യോഗത്തിന്, വസ്തുക്കളിൽ അവകാശം സ്ഥാപിക്കുന്നതിന്, പൗരത്വം സ്ഥാപിക്കുന്നതിന്, പാസ്പോർട്ടിന്, വോട്ട വകാശം സ്ഥാപിക്കുന്നതിന്, റേഷൻകാർഡിൽ പേര് ചേർക്കുന്നതിന്,

വയസ്സ് തെളിയിക്കുന്ന കൃത്യമായ രേഖ വേണം –
– ജനനം രജിസ്റ്റർ ചെയ്തുവെന്ന് ഉറപ്പുവരുത്തുക

അവകാശികൾക്ക് സ്വത്തവകാശം സ്ഥാപിക്കുന്നതിന്, ഇൻഷൂറൻസ് തുക ലഭിക്കുന്നതിന്, മരണാനന്തരം ആനുകൂല്യങ്ങൾ വാങ്ങുന്നതിന്,

മരണം തെളിയിക്കുന്ന കൃത്യമായ രേഖ വേണം –
– മരണം യഥാസമയം രജിസ്റ്റർ ചെയ്തുവെന്ന് ഉറപ്പുവരുത്തുക.

ജനനവും മരണവും 21 ദിവസത്തിനകം
രജിസ്റ്റർ ചെയ്യാൻ ഓർമ്മിക്കുക.
ഇത് നിർബന്ധമാണ്.

Printed at MANGALAM offset press Kallai ,Calicut,Ph. 300063